നം.കെ.എസ്.എ(എച്ച്.യു)ജി2-300/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കേരള ആരോഗ്യ സർവ്വകലാശാല ഓഡിറ്റ് കാര്യാലയം

മെഡിക്കൽ കോളേജ് .പി.ഒ., 680 596
E-mail : healthuty.ksad@kerala.gov.in

ഫോൺ നം : 0487-2207698

തീയതി : 01.03.2024

ജോയിന്റ് ഡയറക്ടർ

രജിസ്ട്രാർ,

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല

സർ,

**വിഷയം : കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്.**

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ം വകുപ്പ്, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ അനുസരിച്ച് കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ 2021-22 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) പ്രകാരം ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള കുറവുകൾ/അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും പരിഹാരനടപടി റിപ്പോർട്ട് തയ്യാറാക്കേണ്ടതും സർവ്വകലാശാലയുടെ മുഖ്യനിർവ്വഹകനായ വൈസ് ചാൻസലറുടെ ഉത്തരവാദിത്തം ആണ്. 2010 ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലാ നിയമം 23(xii) പ്രകാരം ഓഡിറ്റ് റിപ്പോർട്ട് പരിഗണിക്കേണ്ടത് ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങളിൽ ഉൾപ്പെടുന്ന കർത്തവ്യമാണ്. ആയതിനാൽ ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം നിയമാനുസൃത നടപടികൾ പൂർത്തിയാക്കി ഗവേണിംഗ് കൗൺസിൽ അംഗീകരിച്ച പരിഹാരനടപടി റിപ്പോർട്ട് സർക്കാരിനും ഈ കാര്യാലയത്തിനും ലഭ്യമാക്കണം എന്ന് അഭ്യർത്ഥിക്കുന്നു. (സർവ്വകലാശാലാ നിയമം, വകുപ്പ് 68(7), ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) .

രണ്ട് മാസത്തിന് ശേഷം ഈ റിപ്പോർട്ടിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമവും ചട്ടവും അനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കാൻ ഈ കാര്യാലയം ബാധ്യസ്ഥമാണ് എന്ന വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ.

പകർപ്പ്

1) സെക്രട്ടറി, സംസ്ഥാന ആരോഗ്യകുടുംബക്ഷേമ വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം(ഉപരിപത്രംസഹിതം)
2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) ഓഫീസ് കോപ്പി

നം.കെ.എസ്.എ(എച്ച്.യു)ജി2- 300/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കേരള ആരോഗ്യ സർവ്വകലാശാല ഓഡിറ്റ് കാര്യാലയം

മെഡിക്കൽ കോളേജ് .പി.ഒ., 680 596

ഇ.മെയിൽ:-healthuty.ksad@kerala.gov.in

തീയതി : 01.03.2024

**കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ 2021-22 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട്.**

*(1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ് , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ , ചട്ടം 18 , 2010 ലെ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലനിയമം 68(4) വകുപ്പ് എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

**ആമുഖം**

കേരള സംസ്ഥാനത്ത് ആധുനിക വൈദ്യശാസ്ത്രം, ഹോമിയോപ്പതി, ആയുർവേദവും സിദ്ധയും യോഗയും പ്രകൃതിചികിത്സയും യുനാനിയും അനുബന്ധശാസ്ത്രങ്ങളും ഉൾപ്പെടെയുള്ള ഭാരതീയ ചികിത്സാ സമ്പ്രദായം എന്നിവയ്ക്ക് മാത്രമായി ശരിയായതും ക്രമപ്രകാരമുള്ളതുമായ ബോധനം, അദ്ധ്യാപനം, പരിശീലനം, ഗവേഷണം എന്നിവ ഉറപ്പുവരുത്തുന്ന ആവശ്യത്തിലേയ്ക്ക് 07.12.2009 ന് വിളംബരപ്പെടുത്തിയ 'കേരള ആരോഗ്യത്തിനും അനുബന്ധശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ഓർഡിനൻസ്, 2010, 22.01.2011 ന് വിളംബരപ്പെടുത്തിയ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല നിയമം, 2010' എന്നിവ പ്രകാരം കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല നിലവിൽവന്നു. സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ട് 2013-ൽ സർക്കാർ ഉത്തരവ്(അ)നം.125/2013/ആ.കു.ക്ഷേ.വ./തീയതി 04.04.2013 പ്രകാരം പ്രാബല്യത്തിലായി. പ്രസ്തുത സ്റ്റാറ്റ്യൂട്ട് അസാധുവാക്കിക്കൊണ്ട് 20.04.2018 ലെ സ.ഉ(അ)നം.44 /2018/ആ.കു.ക്ഷേ.വ. പ്രകാരം (SRO 253/2018) പുതിയ പ്രഥമ സ്റ്റാറ്റ്യൂട്ട് തയ്യാറാക്കിയിട്ടുണ്ട്. ആയതിനു ശേഷം ടി സ്റ്റാറ്റ്യൂട്ട് അസാധുവാക്കി കൊണ്ട് 6.2.19 ലെ ജി.ഒ(പി) നം.3/2019/H& FWD പ്രകാരം (SRO No.112/19 ) ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 2019 തയ്യാറാക്കിയിട്ടുണ്ട്. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല പരീക്ഷാ മാന്വൽ 21.06.2018 മുതൽ പ്രാബല്യത്തിൽ വന്നു. സർവ്വകലാശാലയുടെ അധികാര പരിധി കേരള സംസ്ഥാനം മുഴുവൻ വ്യാപിച്ചിട്ടുള്ളതും ആസ്ഥാനം തൃശ്ശൂരും ആണ്.

**1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 3(1) പ്രകാരമുള്ള പട്ടികയിലെ ക്രമ നമ്പർ 5 ആയി സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും ഉൾപ്പെടുന്നുണ്ട്. 2010ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലാ നിയമം വകുപ്പ് 68(1) ലെ വ്യവസ്ഥയനുസരിച്ച് സർവ്വകലാശാലയുടെ ഓഡിറ്റിനായി ജി.ഒ**

**(എം.എസ്) നം. 586/2011/ധനം തിയതി 03.12.2011 നമ്പർ ഉത്തരവ് പ്രകാരം ഈ വകുപ്പിനെ സർക്കാർ ചുമതലപ്പെടുത്തി.**

**സർവ്വകലാശാലയുടെ ചുമതലകൾ**

സർവ്വകലാശാലയുടെ പ്രധാനപ്പെട്ട ചുമതലകൾ താഴെ പറയുന്നവയാണ്.

1. വൈദ്യശാസ്ത്രവും അനുബന്ധ ശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട, സർവ്വകലാശാല യുക്തമെന്ന കരുതുന്ന, അങ്ങനെയുള്ള പഠനശാഖകളിൽ ബോധനവും പരിശീലനവും നല്കുക;
2. വൈദ്യശാസ്ത്രത്തിലും അനുബന്ധ ശാസ്ത്രങ്ങളിലും ഗവേഷണത്തിനു വേണ്ടിയും അറിവിന്റെ ഉന്നമനത്തിനും വ്യാപനത്തിനും വേണ്ടിയും വ്യവസ്ഥ ചെയ്യുക
3. ബിരുദങ്ങളും, ഡിപ്ലോമകളും, സർട്ടിഫിക്കറ്റുകളും മറ്റ് അക്കാഡമിക് ബഹുമതികളും ഏർപ്പെടുത്തുകയും നൽകുകയും ചെയ്യുക (കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ നിയമം, 2010 വകുപ്പ് 6 കാണുക.)

**സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ [ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമം 2010, വകുപ്പ് 5]**

1. വൈദ്യശാസ്ത്ര ഗവേഷണം പരിപോഷിപ്പിച്ചുകൊണ്ടും പ്രോത്സാഹിപ്പിച്ചുകൊണ്ടും വൈദ്യശാസ്ത്രങ്ങളുടെയും അനുബന്ധ മേഖലകളിലെയും പഠനവും അറിവും പുരോഗമിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുക ;
2. വൈദ്യശാസ്ത്ര മേഖലയിലെ പുരോഗതികളുടെ അടിസ്ഥാനത്തിലുള്ള പുതിയ പാഠ്യക്രമങ്ങളും പാഠ്യപദ്ധതികളും തയ്യാറാക്കുക;
3. അഫിലിയേറ്റ് ചെയ്ത കോളേജുകളുടെയോ സ്ഥാപനങ്ങളുടെയോ അക്കാഡമിക് നിലവാരം ക്രമപ്പെടുത്തുക ;

   i. ആരോഗ്യത്തിന്റെ പ്രതിരോധവും പ്രോത്സാഹനവും സംബന്ധിച്ച കാര്യങ്ങൾ മെച്ചപ്പെടുത്തുക ;

   ii. സമൂഹത്തിന്റെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പദ്ധതികൾ സംഘടിപ്പിക്കുക ;
4. സംസ്ഥാനത്ത് വൈദ്യശാസ്ത്ര മാനവശേഷി വികസനത്തിന് നേതൃത്വം നൽകുക ;
5. സംസ്ഥാനത്തിനുവേണ്ടി ആരോഗ്യാസൂത്രണത്തിനും ആരോഗ്യ നയരൂപീകരണത്തിനും നേതൃത്വം നൽകുക ;
6. സാംക്രമികരോഗപഠനത്തിനും സംസ്ഥാനത്ത് വ്യാപകമായിട്ടുള്ള രോഗങ്ങൾ നിരീക്ഷിക്കുന്നതിനും ജാഗ്രതയോടെയുള്ള മേൽനോട്ടം വഹിക്കുന്നതിനുമുള്ള സംവിധാനത്തിന് ഊന്നൽ നൽകുക ;
7. മറ്റ് ദേശീയവും അന്തർദേശീയവുമായ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിന് നോഡൽ ഏജൻസിയായി പ്രവർത്തിക്കുക;
8. വിവിധ വൈദ്യശാസ്ത്ര സമ്പ്രദായങ്ങൾ തമ്മിലുള്ള സംവാദത്തിനുള്ള ഒരു വേദി ഒരുക്കുക ;
9. വിവിധ വൈദ്യശാസ്ത്ര സമ്പ്രദായങ്ങൾ തമ്മിലുള്ള കൂട്ടായ ഗവേഷണ പരിപാടികൾക്കും സമന്വയത്തിനുമുള്ള അവസരങ്ങൾ ആരായുക ;
10. വൈദ്യശാസ്ത്രത്തിന്റെയും അനുബന്ധ ശാസ്ത്രങ്ങളുടെയും വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളുടെ നീതിപൂർവ്വകമായ വിതരണം പ്രോത്സാഹിപ്പിക്കുക ;

11. ദ്രുതഗതിയിൽ വികസിച്ചുകൊണ്ടും മാറിക്കൊണ്ടുമിരിക്കുന്ന സമൂഹത്തിൽ അറിവ് ആർജ്ജിക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും പഠിക്കുന്ന ഒരു സമൂഹത്തിന് ഉചിതമായ ആധുനിക ആശയ വിനിമയ മാധ്യമങ്ങളും സാങ്കേതിക വിദ്യയും ഉപയോഗിച്ചുകൊണ്ട് വൈദ്യശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ ശൃംഖല സ്ഥാപിച്ചുകൊണ്ട് മാനുഷിക പരിശ്രമത്തിന്റെ എല്ലാ മേഖലകളിലും നൂതന രീതികളുടെയും ഗവേഷണത്തിന്റെയും കണ്ടുപിടുത്തത്തിന്റെയും പശ്ചാത്തലത്തിൽ അറിവ് വർദ്ധിപ്പിക്കുന്നതിനും പരിശീലനം നല്കുന്നതിനും വൈദഗ്ദ്ധ്യ വികസനത്തിനും തുടർച്ചയായ അവസരങ്ങൾ നല്കുകയും ചെയ്യുക ;

12. ഗവേഷണങ്ങളും ബന്ധപ്പെട്ട മേഖലയിലെ മറ്റ് അക്കാദമിക് പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിച്ചുകൊണ്ട് ഭാരതീയ ചികിത്സാസമ്പ്രദായത്തിന്റെയും അതിന്റെ എല്ലാ ശാഖകളുടെയും ഹോമിയോപ്പതിയുടെയും വികസനത്തിനായി കൂടുതൽ ഊന്നൽ നല്കുക.

**<u>ഓഡിറ്റിന്റെ വ്യാപ്തി/ഓഡിറ്റ് മാനദണ്ഡം</u>**

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ഈ റിപ്പോർട്ടിന്റെ വിവിധ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള സർക്കാർ/സർവ്വകലാശാല ഉത്തരവുകൾ, സർക്കുലറുകൾ, മറ്റ് നിയമ വ്യവസ്ഥകൾ, ചട്ടങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് ഓഡിറ്റ് നടത്തിയിട്ടുള്ളത്.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

| | | |
|---|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ** | **1.ശ്രീമതി.സോഫി.എ. ,ജോയിന്റ് ഡയറക്ടർ** | 15.11.2022 മുതൽ 05.06.2023 FN വരെ |
| | **2.ശ്രീ.ഹരികുമാർ.ജി, ജോയിന്റ് ഡയറക്ടർ** | 05.06.2023 FN മുതൽ 27.06.2023 വരെ |
| | **3.ശ്രീ. റഫി ജോൺ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) (അധിക ചുമതല)** | 28.06.2023 മുതൽ 04.07.2023 വരെ |
| | **4.ശ്രീ. ബാബു റിയാസുദ്ധീൻ, ജോയിന്റ് ഡയറക്ടർ** | 05.07.2023 മുതൽ 05.08.2023 വരെ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | **15.11.2022 മുതൽ 05.08.2023 വരെ** | |

**<u>ഓഡിറ്റ് ചെയ്ത ഉദ്യോഗസ്ഥർ</u>**

| | |
|---|---|
| ശ്രീ. രാം മനോഹർ<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) | 15.11.2022 മുതൽ 30.05.2023 വരെ |
| ശ്രീ. റഫി ജോൺ<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) | 12.06.2023 മുതൽ 05.08.2023 വരെ |
| ശ്രീമതി. ഷാജിത.കെ.എം<br>അസി.ഓഡിറ്റ് ഓഫീസർ | 15.11.2022 മുതൽ 05.08.2023 വരെ |
| ശ്രീമതി. ജോസി.കെ.ജെ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ | 15.11.2022 മുതൽ 05.08.2023 വരെ |
| ശ്രീമതി.സഫന.എൻ.എസ്<br>ഓഡിറ്റർ | 08.03.2023 മുതൽ 06.07.2023 വരെ |
| ശ്രീമതി. രമ്യ കെ.കെ<br>ഓഡിറ്റർ | 28.11.2022 മുതൽ 25.02.2023 വരെ |
| ശ്രീ. ഫ്ലെമിൻ. പി .പി<br>ഓഡിറ്റർ | 06.07.2023 മുതൽ 05.08.2023 വരെ |

<u>**സർവ്വകലാശാല അധികാരികൾ**</u>

| | | |
|---|---|---|
| വൈസ് ചാൻസലർ | പ്രൊ. ഡോ.മോഹനൻ<br>കുന്നമ്മൽ | 01.04.2021 മുതൽ<br>31.03.2022 വരെ |
| പ്രൊ.വൈസ് ചാൻസലർ | പ്രൊ. ഡോ.സി.പി.വിജയൻ | 01.04.2021 മുതൽ<br>31.03.2022 വരെ |
| രജിസ്ട്രാർ | പ്രൊ. ഡോ. എ.കെ മനോജ്<br>കുമാർ | 01.04.2021 മുതൽ<br>31.03.2022 വരെ |
| കൺട്രോളർ ഓഫ്<br>എക്സാമിനേഷൻ | ഡോ.എസ്.അനിൽകുമാർ | 01.04.2021 മുതൽ<br>31.03.2022 വരെ |

| | | |
|---|---|---|
| **ഫിനാൻസ് ഓഫീസർ** | **ശ്രീ.രാജേഷ്.കെ.പി.** | **01.04.2021 മുതൽ 31.03.2022 വരെ** |

**ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ**

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ 2021-2022 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2021 മുതൽ 31.03.2022 വരെയുള്ള സർവ്വകലാശാലയുടെ തനതു വരുമാനം, സർക്കാരിൽ നിന്ന് ലഭിച്ച ഫണ്ടുകൾ എന്നിവയുടെ വരവ്, അവയുടെ ഒടുക്കൽ, പിൻവലിക്കൽ എന്നിവയും പരിശോധനക്കു വിധേയമാക്കുകയുണ്ടായി.

നിലവിൽ സർവ്വകലാശാല ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ള ഫിനാൻസ് സ്യൂട്ട് സോഫ്റ്റ് വെയറിൽ ഡിഡികൾ പ്രകാരമുള്ള വരവ്, അവയുടെ ഒടുക്ക്, പണം പിൻവലിക്കൽ, എന്നിവ മാത്രമാണ് പരിശോധിക്കാനാവുന്നത്. കൂടാതെ ഓൺലൈൻ രസീതി വരവ് പരിശോധിക്കാനായി സജ്ജമാക്കി നൽകിയ ഓൺലൈൻ വെബ് പോർട്ടൽ മുഖേന 01.04.2021 മുതൽ 31.03.2022 വരെയുള്ള ഓൺലൈൻ രസീതികൾ പരിശോധിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ മാന്വൽ രസീതി പ്രകാരമുള്ള വരവ് 10.10.2022 മുതൽ 06.06.2023 വരെയുള്ളവയും പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. സർവ്വകലാശാലക്ക് വിവിധ ആവശ്യങ്ങൾക്കായി സംസ്ഥാന സർക്കാരിൽ നിന്നും ധനസഹായം ലഭിച്ചതിന്റെ കണക്കുകളും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സർവ്വകലാശാലയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 ഓഡിറ്റ് റിക്വിസിഷനുകളും 38 ഓഡിറ്റ് എൻക്വയറികളും നൽകിയതിൽ 38 എൻക്വയറികൾക്കും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നം. | വിഷയം |
|---|---|---|
| | | **ഭാഗം 1 – ഓഡിറ്റ് റിപ്പോർട്ട്** |
| 1 | 1-1 | പൊതുവായ വിവരങ്ങൾ |
| 2 | 1-1-1 | സർവ്വകലാശാലയുടെ സംഘടനാ രൂപം |
| 3 | 1-1-2 | സർവ്വകലാശാലയിലെ അധികാരസ്ഥാനങ്ങളും മറ്റു വിവരങ്ങളും |
| 4 | 1-2 | ധനകാര്യം |
| 5 | 1-2-1 | ബജറ്റ് |
| 6 | 1-2-2 | അക്കൗണ്ടിങ് സമ്പ്രദായം, ബഡ്ജറ്റ് അംഗീകരിക്കേണ്ട വിധം - റൂൾസ് തയ്യാറാക്കിയിട്ടില്ല |

| | | |
|---|---|---|
| 7 | 1-2-3 | വാർഷിക ധനകാര്യപത്രിക ലഭിച്ചതിന്റെ വിവരങ്ങൾ |
| 8 | 1-2-4 | വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവ് വിശദാംശം |
| 9 | 1-2-5 | പദ്ധതി ധനസഹായം |
| 10 | 1-2-6 | സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതി ധനസഹായം |
| 11 | 1-2-7 | സർക്കാർ ഇതര പദ്ധതി ധനസഹായം |
| 12 | 1-2-8 | സ്ഥിര നിക്ഷേപങ്ങൾ |
| 13 | 1-2-9 | സാമ്പത്തിക നില |
| 14 | 1-2-10 | വിനിയോഗ സാക്ഷ്യപത്രങ്ങൾ |
| 15 | 1-2-11 | എൻഡോവ്മെന്റുകൾ/ചെയറുകൾ എന്നിവയുടെ വിവരം |
| 16 | 1-2-12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 17 | 1-2-13 | തനത് വരുമാനം |
| 18 | 1-2-14 | സർവ്വകലാശാലയുടെ തനത് ഫണ്ട്- വരവ് ചെലവ് വിവരങ്ങൾ |
| 19 | 1-2-15 | പരീക്ഷാ വിഭാഗത്തിലെ കോൺഫിഡൻഷ്യൽ ഇനങ്ങൾ- ഓഡിറ്റിന് ലഭ്യമാക്കാത്തവയുടെ വിവരങ്ങൾ |
| 20 | 1-2-16 | ആസ്തി രജിസ്റ്റർ ശരിയായി പരിപാലിച്ചിട്ടില്ല |
| 21 | 1-2-17 | അക്കൗണ്ടിംഗ് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല |
| 22 | 1-3 | ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 23 | 1-3-1 | സർവ്വകലാശാലയുടെ ഓൺലൈൻ രശീതി സമ്പ്രദായം- അവലോകനം |
| 24 | 1-3-2 | ഓൺലൈൻ രശീതി വരവ് - സ്ഥാപനത്തിന്റെ പേര് ഓൺലൈൻ പോർട്ടൽ Search fee ഓപ്ഷനിൽ ലഭ്യമല്ല |

| | | |
|---|---|---|
| 25 | 1-3-3 | വാർഷിക കണക്ക് -അപാകതകൾ |
| 26 | 1-3-4 | ഡിഡി ഫോർവേഡിംഗ് രജിസ്റ്ററുകൾ-കൈകാര്യം ചെയ്യുന്നതിൽ ഉദാസീനത- നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 27 | 1-3-5 | സർവ്വകലാശാലയിലെ വരവിനങ്ങളുടെ ഡിമാന്റ്, വാർഷിക കണക്ക്, ഡി സി ബി പത്രികകൾ പൊരുത്തപ്പെടുന്നില്ല. |
| 28 | 1-3-6 | ജനറൽ ഫണ്ട് പാർക്കിങ് അക്കൗണ്ടിൽ നിന്നും ബാങ്ക് ഈടാക്കിയ തുകകൾ തിരികെ ലഭിച്ചിട്ടില്ല |
| 29 | 1-3-7 | സർവ്വകലാശാല കെട്ടിടങ്ങൾ - ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ ലഭിച്ചിട്ടില്ല |
| 30 | 1-3-8 | യൂട്ടിലിറ്റി ബിൽഡിങ്ങിലെ SBI ബാങ്കിന്റെ വാടക - ജി.എസ്.ടി ഈടാക്കുന്നില്ല |
| 31 | 1-3-9 | സ്ഥാപന ഡയറക്ടറുടെ അണ്ടർടേക്കിങ്ങിന്റെ അടിസ്ഥാനത്തിൽ അഫിലിയേഷൻ തുടർച്ചാനുമതി അനുവദിച്ചു - അപാകതകൾ പരിഹരിക്കപ്പെടുന്നില്ല. |
| 32 | 1-3-10 | കേന്ദ്ര – ആയുഷ് മന്ത്രാലയത്തിന്റെ അനുമതി പത്രം - അനുമതി പത്രം ഹാജരാക്കുന്നതിനു മുമ്പെ അഫിലിയേഷൻ തുടർച്ചാനുമതി അനുവദിച്ചു |
| 33 | 1-3-11 | ഗവേണിംഗ് കൗൺസിലിന്റെ തീരുമാനങ്ങൾക്ക് ആധാരമായ വസ്തുതകൾ നൽകുന്നതിലെ അപര്യാപ്തത |
| 34 | 1-3-12 | റീഫണ്ടബിൾ ഡെപ്പോസിറ്റ് - വാർഷിക കണക്കിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല |
| 35 | 1-3-13 | റീഫണ്ടബിൾ ഡെപ്പോസിറ്റ് – നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ നിന്നും പുതിയ കോളേജിനുള്ള റീഫണ്ടബിൾ ഡെപ്പോസിറ്റ് ഈടാക്കി കൃത്യത ഉറപ്പു വരുത്തേണ്ടതാണ്. |

| | | |
|---|---|---|
| | | |
| 36 | 1-3-14 | റീഫണ്ടബിൾ ഡെപ്പോസിറ്റ്- പുതിയ കോഴ്സിനുള്ള തുക യഥാസമയം ഈടാക്കുകയോ, ഈടാക്കിയ തുക വാർഷിക കണക്കുകളിൽ കൃത്യമായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. |
| 37 | 1-3-15 | സീറ്റ് വർദ്ധനവിനുള്ള റീഫണ്ടബിൾ ഡെപ്പോസിറ്റ് - അപേക്ഷയിൻമേലുള്ള തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 38 | 1-3-16 | സ്ഥിരമായ അടച്ചു പൂട്ടൽ/സീറ്റുകൾ കുറവ് ചെയ്യൽ – റീഫണ്ടബിൾ ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കിയില്ല |
| 39 | 1-3-17 | ഇന്റേണൽ എക്സാമിനർമാരുടെ കുറവ് – ഫൈൻ ഈടാക്കിയിട്ടില്ല |
| 40 | 1-3-18 | സർവ്വകലാശാല പ്രവർത്തനത്തിന് ആവശ്യമായ ജലലഭ്യത – തുടർ നടപടി ഉറപ്പുവരുത്തേണ്ടതാണ് |
| 41 | 1-3-19 | സർവ്വകലാശാല വാല്യുവേഷൻ സെന്ററിലെ Passenger lift -ലൈസൻസ് പുതുക്കിയിട്ടില്ല |
| 42 | 1-3-20 | ക്ലിനിക്കൽ സിമുലേഷൻ ലാബ് സ്ഥാപിക്കൽ- അപാകതകൾ |
| 43 | 1-3-21 | മുൻകൂറുകളുടെ ക്രമീകരണം- രജിസ്റ്ററുകൾ അപൂർണ്ണമാണ് |
| 44 | 1-3-22 | വാല്യുവേഷൻ ക്യാമ്പ് നടത്തിപ്പിനായി ക്യാമ്പ് ഓഫീസർമാർക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല |
| 45 | 1-3-23 | പരീക്ഷാ നടത്തിപ്പിന് കോളേജുകൾക്ക് നൽകിയ മുൻകൂറുകൾ- കോളേജുകൾ സെറ്റിൽ മെന്റ് ബില്ലുകൾ സമർപ്പിച്ചിട്ടും മുൻകൂറുകൾ ക്രമീകരിക്കുന്നതിൽ കാലതാമസം |

| | | |
|---|---|---|
| 46 | 1-3-24 | സർവ്വകലാശാലയിലെ ഗവേഷണ പ്രൊജക്ടുകൾ-പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്. |
| 47 | 1-3-25 | സർവ്വകലാശാല ഗവേഷണ പ്രവർത്തനങ്ങൾ- പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 48 | 1-3-26 | സർവ്വകലാശാല യാത്രാബത്ത വ്യവസ്ഥകൾ- സർവ്വീസ് ചട്ടങ്ങൾക്ക വിരുദ്ധമായി ഉത്തരവുകൾ പുറപ്പെടുവിച്ച് ബത്തകൾ അനുവദിക്കുന്നത് |
| 49 | 1-3-27 | പരീക്ഷാ ഡ്യൂട്ടിയ്ക്ക് നിയമിതരാകുന്ന സർവ്വകലാശാല ജീവനക്കാർക്ക് വിവിധ ബത്തകൾ അനുവദിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കിയില്ല |
| 50 | 1-3-28 | പരീക്ഷ നടത്തിപ്പ് - യു.ജി.സി അദ്ധ്യാപകർക്ക് പരീക്ഷാ ജോലികൾക്ക് പ്രതിഫലം നൽകുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്. |
| 51 | 1-3-29 | ഫാക്കൽറ്റി എൻറോൾമെന്റ് പ്രോഗ്രാം - വിവരശേഖരണത്തിൽ അപാകതകൾ |
| 52 | 1-3-30 | എക്സാമിനേഷൻ സെന്റർ പദവി റദ്ദ് ചെയ്ത സ്ഥാപനത്തിൽ വീണ്ടും എക്സാം നടത്തി-ഗവേണിംഗ് കൗൺസിൽ തീരുമാനങ്ങളിൽ യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല |
| 53 | 1-3-31 | ഇയർമാർക്ക്ഡ് ഫണ്ട് - വിനിയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടില്ല |
| 54 | 1-3-32 | SC/ST/OEC/EE/SEBC വിദ്യാർത്ഥികളുടെ പരീക്ഷാ ഫീസ് -വിശദാംശം ലഭ്യമാക്കിയില്ല |

| | | |
|---|---|---|
| 55 | 1-3-33 | ഡിഗ്രി സർട്ടിഫിക്കറ്റുകൾ- സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല |
| **ഭാഗം 2 – വരവിനങ്ങളിലെ വ്യക്തമായ നഷ്ടം** | | |
| | – | – |
| **ഭാഗം 3 – ചെലവിനങ്ങളിലെ വ്യക്തമായ നഷ്ടം** | | |
| 56 | 3-1 | സ്കൂൾ ഓഫ് ഫണ്ടമെന്റൽ റിസർച്ച് ഇൻ ആയുർവേദ- ഒന്നാം ഘട്ട കെട്ടിട നിർമ്മാണ പ്രവൃത്തി-നിർവ്വഹണത്തിലെ അപാകതകൾ |
| 57 | 3-2 | സ്കൂൾ ഓഫ് ഫണ്ടമെന്റൽ റിസർച്ച് ഇൻ ആയുർവേദ- രണ്ടാം ഘട്ട കെട്ടിട നിർമ്മാണ പ്രവൃത്തി-നിർവ്വഹണത്തിലെ അപാകതകൾ |
| 58 | 3-3 | യാത്രാബത്ത ബില്ലുകളിൽ മൈലേജ് അലവൻസിനു പുറമെ ഇൻസിഡന്റൽ എക്സ്പെൻസസ് നൽകി - അനർഹമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് |
| **ഭാഗം 4 – ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും** | | |
| 59 | 4-1 | ഓഡിറ്റ് ചാർജ്ജ് |
| 60 | 4-2 | പൊരുത്തൽപ്പെടുത്തൽ പത്രിക |
| 61 | 4-3 | 31.03.2022 ലെ ട്രഷറി/ബാങ്ക് നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ |
| 62 | 4-4 | ഓഡിറ്റ് പ്രത്യവലോകനം |
| 63 | 4-5 | ഓഡിറ്റ് റിക്കവറി |
| 64 | 4-6 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 65 | അനുബന്ധം – 1 | സ്ഥിര നിക്ഷേപങ്ങൾ |

# ഭാഗം -1

# പൊതു അവലോകനം

## 1-1 പൊതുവായ വിവരങ്ങൾ

സർവ്വകലാശാലയുടെ സംഘടനാരൂപം, വിവിധ തരത്തിലുള്ള അനുബന്ധ സ്ഥാപനങ്ങളുടെ വിവരം, മറ്റ് പ്രസക്തമായ വിവരങ്ങൾ.

### 1-1-1. സർവ്വകലാശാലയുടെ സംഘടനാരൂപം

സർവ്വകലാശാലാ നിയമം 4-ാം വകുപ്പനുസരിച്ച് സർവ്വകലാശാലയുടെ ഘടന താഴെപറയും പ്രകാരമാണ്.

(എ) സർവ്വകലാശാലയുടെ സ്ഥാപനങ്ങൾ

1. കാലാകാലങ്ങളിൽ സർവ്വകലാശാല തീരുമാനിക്കുന്ന മേഖലകളിലെ പഠനത്തിനും ഗവേഷണത്തിനുമുള്ള സ്കൂളുകൾ
2. സർവ്വകലാശാല നേരിട്ടു നടത്തുന്ന, അണ്ടർ ഗ്രാജ്വേറ്റും പോസ്റ്റ് ഗ്രാജ്വേറ്റും അദ്ധ്യാപനത്തിൽ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള കോൺസ്റ്റിറ്റ്യൂവന്റ് കോളേജുകൾ

(ബി) സർക്കാർ മേഖലയിലും സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺ എയ്ഡഡ് മേഖലകളിൽ രണ്ടിലും അഫിലിയേറ്റ് ചെയ്ത കോളേജുകൾ.

(സി) അംഗീകൃത സ്ഥാപനങ്ങൾ

സർവ്വകലാശാലയുടെ കീഴിൽ 2021-22വർഷത്തിൽ അഫിലിയേറ്റഡ് കോളേജുകൾ

മാത്രമാണുള്ളത്.അംഗീകൃത സ്ഥാപനങ്ങൾ നിലവിൽ ഇല്ല. അഫിലിയേറ്റഡ് കോളേജുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

**സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന അഫിലിയേറ്റഡ് കോളേജുകളുടെ എണ്ണം**

| അഫിലിയേറ്റഡ് സ്ഥാപനങ്ങൾ | ഗവൺമെന്റ് (എണ്ണം) | എയ്ഡഡ് (എണ്ണം) | സ്വാശ്രയ സ്ഥാപനങ്ങൾ (എണ്ണം) | ആകെ (എണ്ണം) |
|---|---|---|---|---|
| മെഡിക്കൽ കോളേജുകൾ | 10 | _ | 19 | 29 |
| ആയുർവ്വേദ കോളേജുകൾ | 3 | 2 | 12 | 17 |
| ഹോമിയോ മെഡിക്കൽ കോളേജുകൾ | 3 | 3 | 0 | 6 |
| ഡെന്റൽ കോളേജുകൾ | 6 | _ | 19 | 25 |
| സിദ്ധ കോളേജുകൾ | _ | _ | 1 | 1 |
| യുനാനി കോളേജുകൾ | _ | _ | 1 | 1 |
| നഴ്സിംഗ് കോളേജുകൾ | 8 | _ | 116 | 124 |
| പാരാമെഡിക്കൽ കോളേജുകൾ | 6 | _ | 49 | 55 |
| ഫാർമസി കോളേജുകൾ | 5 | _ | 53 | 58 |
| ആകെ | 41 | 5 | 270 | 316 |

**1.1.2 സർവ്വകലാശാലയിലെ അധികാര സ്ഥാനങ്ങളും മറ്റു വിവരങ്ങളും**

| |
|---|
| സെനറ്റ് |
| അക്കാദമിക്ക് കൗൺസിൽ |
| പരീക്ഷാ ബോർഡ് |
| പഠന ബോർഡ് |
| ഫാക്കൽറ്റികൾ |
| ഫിനാൻസ് കമ്മിറ്റി |

| |
|---|
| **പ്ലാനിംഗ് കമ്മിറ്റി** |
| **റിസർച്ച് കൗൺസിൽ** |
| **യൂണിവേഴ്സിറ്റി ക്വാളിറ്റി അഷ്വറൻസ് കൗൺസിൽ** |
| **എത്തിക്സ് കമ്മിറ്റി** |
| **സ്റ്റുഡൻസ് കൗൺസിൽ** |
| **സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന മറ്റു നികായങ്ങൾ** |

| നം | അധികാര സ്ഥാനത്തിന്റെ പേര് | ആകെ അംഗങ്ങളുടെ എണ്ണം | ക്വാറം (കുറഞ്ഞത്) | നിർബന്ധമായി ചേരേണ്ട വാർഷിക യോഗങ്ങളുടെ എണ്ണം | ചേർന്ന യോഗങ്ങളുടെ തീയതി | പങ്കെടുത്ത അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|
| **1,** | **സെനറ്റ്** | 96 | 24 | സർവ്വകലാശാല നിയമം 2010 അനുസരിച്ച് ഒരു വർഷത്തിൽ കുറഞ്ഞത് 2 സെനറ്റ് യോഗങ്ങളെങ്കിലും ചേർന്നിരിക്കണമെന്നും അതിലൊന്ന് വാർഷിക യോഗ മാവണമെന്നുമുണ്ട് | 04.10.2021 | 38 |
| | | | | | സെനറ്റ് രൂപീകൃതമാകുവാൻ താമസമുണ്ടായിരുന്നതിനാൽ ഒരു യോഗം മാത്രമാണ് നടന്നിട്ടുള്ളത് | |
| 2, | **ഗവേണിംഗ് കൗൺസിൽ** | 17 | 9 | 4 | 23.04.2021 | 15 |
| | | | | | 17.08.2021 | 12 |
| | | | | | 16.11.2021 | 12 |
| | | | | | 30.12.2021 | 15 |
| 3, | **അക്കാദമിക് കൗൺസിൽ** | 75 | ആകെ അംഗങ്ങളുടെ 1/5 ഭാഗം അല്ലെങ്കിൽ 10, അതിൽ ഏതാണോ കുറവ് | വർഷത്തിൽ ചുരുങ്ങിയത് 3 തവണ | 09.08.2021 (ഓൺലൈൻ) | 72 |
| | | | | | 18.12.2021 | 50 |

| | | | | | | |
|---|---|---|---|---|---|---|
| 4, | **പരീക്ഷാ ബോർഡ്** | 14 | ആകെ അംഗങ്ങളുടെ പകുതി | വർഷത്തിൽ ചുരുങ്ങിയത് 2 തവണ | 30.07.2021 | 14 |
| | | | | | 30.11.2021 | 13 |
| | | | | | 30.03.2022 | 13 |
| 5.1 | **പഠന ബോർഡ്** ഡെന്റൽ (യു.ജി.) | 11 | ആകെ അംഗങ്ങളുടെ പകുതി | വർഷത്തിൽ ഒരിക്കൽ, കൂടാതെ വൈസ് ചാൻസലറുടെ നിർദ്ദേശാനുസരണം അത്യാവശ്യം വരുന്ന അവസരത്തിൽ കൂടുതൽ യോഗങ്ങൾവിളിച്ച ചേർക്കാവുന്നതാണ്. | 14.07.2021 | 11 |
| 5.2 | **പഠന ബോർഡ്** ഡെന്റൽ (പി.ജി.) | 11 | ആകെ അംഗങ്ങളുടെ പകുതി | വർഷത്തിൽ ഒരിക്കൽ, കൂടാതെ വൈസ് ചാൻസലറുടെ നിർദ്ദേശാനുസരണം അത്യാവശ്യം വരുന്ന അവസര ത്തിൽ കൂടുതൽ യോഗങ്ങൾ വിളിച്ച ചേർക്കാവുന്നതാണ്. | 14.07.2021 | 11 |
| | | | | | 30.07.2021 | 11 |
| | | | | | 23.11.2021 | 11 |
| 5.4 | **പഠന ബോർഡ്** ആയുർവ്വേദ ക്ലിനിക്കൽ (യു.ജി.) | 11 | “ ” | “ ” | 23.11.2021 | 22 |
| | | | | | 19.03.2022 | 15 |
| 5.5 | **പഠന ബോർഡ്** ആയുർവ്വേദ പി.ജി. (പ്രീ ക്ലിനിക്കൽ, മെഡിക്കൽ, സർജിക്കൽ) | 11 | “ ” | “ ” | 12.10.2021 | 24 |
| 5.6 | **പഠന ബോർഡ്** ആയുർവ്വേദ സർജിക്കൽ (പി.ജി.) | 11 | “ ” | “ ” | 14.07.2021 | 10 |
| 5.7 | **പഠന ബോർഡ്** ആയുർവ്വേദ പ്രീ ക്ലിനിക്കൽ (യു.ജി.) | 11 | “ ” | “ ” | 23.11.2021 | 22 |
| | | | | | 19.03.2022 | 15 |
| 5.8 | **പഠന ബോർഡ്** | 11 | “ ” | “ | 13.07.2021 | 11 |

| | | | | | | |
|---|---|---|---|---|---|---|
| | ഹോമിയോപ്പതി (യു.ജി.) | | | | 04.12.2021 | 9 |
| | | | | | 22.03.2022 | 11 |
| 5.9 | **പഠന ബോർഡ്** ഹോമിയോപ്പതി (പി.ജി) | 11 | “ ” | “ ” | 13.07.2021 | 11 |
| | | | | | 04.12.2021 | 11 |
| | | | | | 22.03.2022 | 7 |
| 5.10 | **പഠന ബോർഡ്** സിദ്ധ | 8 | “ ” | “ ” | ---------- | ---- |
| | | | | | --------- | ------ |
| 5.11 | **പഠന ബോർഡ്** യുനാനി | 8 | “ ” | “ ” | -------- | ------- |
| | | | | | -------- | ------- |
| 5.12 | **പഠന ബോർഡ്** (മെഡിക്കൽ) ക്ലിനിക്കൽ യു.ജി. | 11 | “ ” | “ ” | 09.07.2021 | 9 |
| | | | | | 23.07.2021 | 11 |
| 5.13 | **പഠന ബോർഡ്** (മെഡിക്കൽ) പ്രീ ക്ലിനിക്കൽ യു.ജി. | 11 | “ ” | “ ” | 05.04.2021 | 8 |
| | | | | | 09.07.2021 | 10 |
| | | | | | 28.07.2021 | 11 |
| 5.14 | **പഠന ബോർഡ്** (മെഡിക്കൽ) പി.ജി. | 11 | “ ” | “ ” | 08.07.2021 | 10 |
| 5.15 | **പഠന ബോർഡ്** (മെഡിക്കൽ) സർജിക്കൽ പി.ജി. | 11 | “ ” | “ ” | 08.07.2021 | 9 |
| 5.16 | **പഠന ബോർഡ്** (മെഡിക്കൽ) പ്രീ ക്ലിനിക്കൽ പി.ജി. | 11 | “ ” | “ ” | 08.07.2021 | 10 |
| 5.17 | **പഠന ബോർഡ്** (മെഡിക്കൽ) സൂപ്പർ സ്പെഷ്യാലിറ്റി സർജിക്കൽ പി.ജി. | 11 | “ ” | “ ” | 08.07.2021 | 9 |
| 5.18 | **പഠന ബോർഡ്** (മെഡിക്കൽ) സൂപ്പർ | 11 | “ ” | “ ” | 05.05.2021 | 7 |
| | | | | | 08.07.2021 | 9 |

| | | | | | | |
|---|---|---|---|---|---|---|
| | സ്പെഷ്യാലിറ്റി | | | | | |
| 5.19 | **പഠന ബോർഡ്** നഴ്സിംഗ് (യു.ജി.) | 11 | “ ” | “ ” | 12.01.2021<br>14.09.2021<br>03.11.2021 | 7<br>11<br>10 |
| 5.20 | **പഠന ബോർഡ്** നഴ്സിംഗ്(പി.ജി.) | 11 | “ ” | “ ” | 14.01.2021<br>14.09.2021 | 10<br>7 |
| 5.21 | **പഠന ബോർഡ്** ഫാർമസി (യു.ജി.) | 11 | “ ” | “ ” | 12.07.2021<br>23.07.2021<br>01.12.2021<br>04.01.2022 | 10<br>10<br>10<br>10 |
| 5.22 | **പഠന ബോർഡ്** ഫാർമസി (പി.ജി.) | 11 | “ ” | “ ” | 12.07.2021<br>23.07.2021<br>01.12.2021<br>04.01.2022 | 10<br>10<br>10<br>10 |
| 5.23 | **പഠന ബോർഡ്** പാരാ മെഡിക്കൽ (MLT) | 11 | “ ” | “ ” | 09.07.2021<br>27.08.2021<br>17.03.2022 | 11<br>10<br>8 |
| 5.24 | **പഠന ബോർഡ്** പാരാമെഡിക്കൽ (Physio therapy) | 11 | “ ” | “ ” | 09.07.2021<br>06.09.2021<br>16.02.2022 | 11<br>10<br>11 |
| 5.25 | **പഠന ബോർഡ്** പാരാമെഡിക്കൽ (Rehabilitation) | 11 | “ ” | “ ” | 09.07.2021<br>17.09.2021<br>17.02.2022 | 11<br>11<br>9 |
| 5.26 | **പഠന ബോർഡ്** പാരാമെഡിക്കൽ (Clinical Allied UG) | 9 | “ ” | “ ” | 13.07.2021<br>06.09.2021<br>10.02.2022 | 9<br>7<br>7 |
| 5.27 | **പഠന ബോർഡ്** പാരാമെഡിക്കൽ (Radiation & imaging Sciences) | 11 | “ ” | “ ” | 13.07.2021<br>16.09.2021<br>22.03.2022 | 11<br>9<br>10 |
| 5.28 | **പഠന ബോർഡ്** പാരാമെഡിക്കൽ (Clinical Allied PG) | 10 | “ ” | “ ” | 13.07.2021<br>14.09.2021<br>14.02.2022 | 10<br>10<br>9 |
| 6.1 | **ഫാക്കൽറ്റി** | 6 | ആകെ അംഗങ്ങളുടെ | വർഷത്തിൽ ഒരിക്കൽ, കൂടാതെ വൈസ് | 10.12.2021 | 4 |

| | | | | | | |
|---|---|---|---|---|---|---|
| | **(ഡെന്റൽ)** | | പകുതി | ചാൻസലറുടെ നിർദ്ദേശാനുസരണം അത്യാവശ്യം വരുന്ന അവസരത്തിൽകൂടുതൽ യോഗങ്ങൾ വിളിച്ച് ചേർക്കാവുന്നതാണ്. | | |
| 6.2 | **ഫാക്കൽറ്റി** (ആയുർവ്വേദ) | 14 | " " | " " | 14.12.2021 | 9 |
| 6.3 | **ഫാക്കൽറ്റി** ഹോമിയോപ്പതി | 6 | " " | " " | 04.12.2021 | 4 |
| | | | | | 22.03.2022 | 4 |
| 6.4 | **ഫാക്കൽറ്റി** മെഡിക്കൽ | 16 | " " | " " | 05.05.2021 | 13 |
| | | | | | 29.07.2021 | 15 |
| | | | | | 29.03.2022 | 14 |
| 6.5 | **ഫാക്കൽറ്റി** നഴ്സിംഗ് | 6 | " " | " " | 12.10.2021 | 6 |
| | | | | | 03.12.2021 | 5 |
| 6.6 | **ഫാക്കൽറ്റി** (ഫാർമസി) | 6 | " " | " " | 16.07.2021 | 4 |
| | | | | | 03.08.2021 | 4 |
| | | | | | 03.12.2021 | 4 |
| | | | | | 04.01.2022 | 4 |
| 6.7 | **ഫാക്കൽറ്റി** പാരാമെ ഡിക്കൽ & അലൈഡ് ഹെൽത്ത് സയൻസ് | 12 | " " | " " | 07.10.2021 | 10 |
| 7, | **ഫിനാൻസ് കമ്മിറ്റി** | 7 | 4 | 4 | 11.08.2021 | 6 |
| | | | | | 27.12.2021 | 6 |
| 8, | **പ്ലാനിംഗ് കമ്മിറ്റി** | 14 | ആകെ അംഗങ്ങളുടെ 1/3 ഭാഗം | 3 | ഈ വർഷം യോഗം ചേർന്നിട്ടില്ല | - |
| 9, | **റിസർച്ച് കൗൺസിൽ** | 8 | സ്റ്റാറ്റ്യൂട്ടിൽ പ്രതിപാദിച്ചിട്ടില്ല | സ്റ്റാറ്റ്യൂട്ടിൽ പ്രതിപാദിച്ചിട്ടില്ല | 28.12.2021 | 08 |
| 10, | **യൂണിവേഴ്സിറ്റി ക്വാളിറ്റി അഷ്വറൻസ് കൗൺസിൽ** | 11 | യൂണിവേഴ്സിറ്റി ആക്റ്റിലോ സ്റ്റാറ്റ്യൂട്ടിലോ പ്രതിപാദിച്ചിട്ടില്ല | യൂണിവേഴ്സിറ്റി ആക്റ്റിലോ സ്റ്റാറ്റ്യൂട്ടിലോ പ്രതിപാദിച്ചിട്ടില്ല | 2021-22 സാമ്പത്തിക വർഷത്തിൽ നടന്നിട്ടില്ല | - |
| 11, | **യൂണിവേഴ്സിറ്റി എത്തിക്സ് കമ്മിറ്റി** | 14 | 5 | 4 | 17.06.2021 | 13 |
| | | | | | 28.10.2021 | 9 |

| | | | | | | |
|---|---|---|---|---|---|---|
| 12, | **സ്റ്റുഡന്റ്സ് കൗൺസിൽ** | 20 | ആകെ അംഗങ്ങളുടെ ¼ ഭാഗം | 2 | 2021-22 സാമ്പത്തിക വർഷത്തിൽ നടന്നിട്ടില്ല | - |

## 1-2-1 ബജറ്റ്

ബജറ്റ് തയ്യാറാക്കൽ, പാസ്സാക്കൽ, നിർവ്വഹണം എന്നിവ സംബന്ധിച്ച് സർവ്വകലാശാല നിയമത്തിലെ വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്.

| | |
|---|---|
| വകുപ്പ് 23(iv) | സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സർവ്വകലാശാലയുടെ ബജറ്റും ധനപരമായ കണക്കും പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്യുക (ഗവേണിംഗ്കൗൺസിലിന്റെ അധികാരങ്ങൾ) |
| വകുപ്പ് 23(xix) | ഫിനാൻസ് കമ്മിറ്റി ശുപാർശ പ്രകാരം ലഭിച്ച ബജറ്റ് എസ്റ്റിമേറ്റ് അതിന്റേതായ ഭേദഗതികൾ എന്തെങ്കിലും ഉണ്ടെങ്കിൽ, അവയോടുകൂടി അംഗീകരിക്കുക (ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങൾ) |
| വകുപ്പ് 32(2)(i) | സർവ്വകലാശാലയുടെ ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെലവിന്റെ കണക്കുകൾ പുനരവലോകനം ചെയ്യുകയും ഗവേണിംഗ് കൗൺസിലിന് ശുപാർശ നടത്തുകയും ചെയ്യുക (ഫിനാൻസ് കമ്മിറ്റിയുടെ അധികാരങ്ങൾ) |
| വകുപ്പ് 66(1) | അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള സർവ്വകലാശാലയുടെ വാർഷിക ബജറ്റ് എസ്റ്റിമേറ്റുകൾ, ധനവിവരപത്രികയോടൊപ്പം ഫിനാൻസ് ഓഫീസർ വൈസ് ചാൻസലറുടെ നിർദ്ദേശപ്രകാരം സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന തീയതിക്ക് മുമ്പ് തയ്യാറാക്കേണ്ടതും ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിച്ചശേഷം ആയത് സെനറ്റിൽ ചർച്ചക്ക് ഹാജരാക്കേണ്ടതാണ്. |
| ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് വകുപ്പ് 248 | ഫിനാൻസ് കമ്മിറ്റി തയ്യാറാക്കിയ വരുമാനത്തിന്റെയും ചെലവിന്റെയും അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് പരിശോധിക്കേണ്ടതും ഭേദഗതികൾ എന്തെങ്കിലും ഉണ്ടെങ്കിൽ അല്ലെങ്കിൽ അനുയോജ്യമെന്നു തോന്നുന്ന മാറ്റങ്ങളോടുകൂടി എല്ലാ വർഷവും ജനുവരി ഒന്നാം തിയ്യതിക്ക് മുൻപ് ഗവേണിംഗ് കൗൺസിൽ അംഗീകരിക്കേണ്ടതാണ്. |

2021-22 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഫിനാൻസ് കമ്മിറ്റി ശുപാർശ ചെയ്ത അജണ്ട നം./ തീയ്യതി | ഗവേണിങ്ങ് കൗൺസിൽ അംഗീകരിച്ച അജണ്ട നം./ തീയ്യതി |
|---|---|---|
| ബജറ്റ് എസ്റ്റിമേറ്റ് | 51.2.1/21.12.2020 | 62.48/26.12.2020 |

| | | |
|---|---|---|
| പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് | 54.6.1/27.12.2021 | 67.34/30.12.2021 |

| | ബജറ്റ് എസ്റ്റിമേറ്റ് | | പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് | |
|---|---|---|---|---|
| | വരവ് | ചെലവ് | വരവ് | ചെലവ് |
| നോൺപ്ലാൻ | 98,75,57,000 | 78,62,08,000 | 82,53,98,000 | 63,54,01,000 |
| പ്ലാൻ | 13,96,43,680 | 26,83,43,680 | 12,00,00,000 | 24,87,00,000 |
| ആകെ | 1,12,72,00,680 | 1,05,45,51,680 | 94,53,98,000 | 88,41,01,000 |

ഫിനാൻസ് കമ്മിറ്റിയുടെ മിനിറ്റ്സ് അംഗീകരിക്കുക എന്നതല്ലാതെ ബജറ്റ് അംഗീകരിക്കുക എന്ന നടപടി ഗവേണിങ്ങ് കൗൺസിൽ മീറ്റിങ്ങിൽ നടന്നതായി കാണുന്നില്ല. കൂടാതെ ബജറ്റുമായി ബന്ധപ്പെട്ട ചർച്ചകളൊന്നും തന്നെ ഗവേണിങ്ങ് കൗൺസിൽ മീറ്റിങ്ങിൽ നടന്നിട്ടില്ലെന്ന് മിനിറ്റ്സിൽ നിന്നും കാണുന്നു. ബജറ്റ് തയ്യാറാക്കലും അവതരിപ്പിക്കലും എന്ന പ്രക്രിയ ഫലവത്താകുന്നത് അതിൽ ഉൾപ്പെടുത്തിയ വരവുകൾ പൂർണ്ണമായി സമാഹരിക്കുകയും ഉൾപ്പെടുത്തിയ ചെലവ് നിയന്ത്രിച്ച് ലക്ഷ്യങ്ങൾ നേടുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുമ്പോഴാണ്.

## 1-2-2 അക്കൗണ്ടിങ് സമ്പ്രദായം, ബഡ്ജറ്റ് അംഗീകരിക്കേണ്ട വിധം - റൂൾസ് തയ്യാറാക്കിയിട്ടില്ല

2010 ലെ സർവ്വകലാശാല നിയമം, വകുപ്പ് 40 (2)(xxi) പ്രകാരം അക്കൗണ്ടിംഗ് സമ്പ്രദായവും ബജറ്റ് തയ്യാറാക്കി അംഗീകരിക്കേണ്ട വിധവും സ്റ്റാറ്റ്യൂട്ടിനാൽ വ്യവസ്ഥ ചെയ്യപ്പെടേണ്ടതാണ്. സർവ്വകലാശാലയുടെ ആദ്യ സ്റ്റാറ്റ്യൂട്ട് എസ്.ആർ.ഒ.നം. 112/19 (ജി.ഒ (പി) നം. 3/19/ഹെൽത്ത് & ഫാമിലി വെൽഫെയർ ഡിപ്പാർട്ട്മെന്റ് തിയ്യതി 06.02.2019) പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആദ്യ സ്റ്റാറ്റ്യൂട്ടിലെ ക്ലോസ് 250 പ്രകാരം ആവശ്യമായ റൂൾസും, ഓർഡേഴ്സും പുറപ്പെടുവിക്കാനുള്ള അധികാരം ഗവേണിങ് കൗൺസിലിൽ നിക്ഷിപ്തമാണ്. എന്നാൽ നാളിതുവരെ ഇത് സംബന്ധിച്ച റൂൾ തയ്യാറാക്കിയിട്ടില്ല.

## 1-2 ധനകാര്യം

:

## 1-2-3 വാർഷിക ധനകാര്യപത്രിക ലഭിച്ചതിന്റെ വിവരങ്ങൾ

| **വാർഷിക ധനകാര്യ പത്രിക സർവ്വകലാശാല അംഗീകരിച്ച തീയതി** | **വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് ലഭിക്കേണ്ട തീയതി** | **വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് ലഭിച്ച തീയതി** | **അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി** | **അപാകത പരിഹരിച്ച് ലഭിച്ച തീയതി** |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 26.07.2022 | 31.07.2022 | 16.08.2022 | --- | ---- |

## 1-2-4 വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവ് വിശദാംശം

| **ഭാഗം** | **വരവ്** | **ചെലവ്** |
|---|---|---|
| തനത് ഫണ്ട് | 70,99,47,629.50 | 48,09,14,354.00 |
| പദ്ധതി & പദ്ധതിയിതരം | 12,71,34,600.00 | 6,82,85,953.00 |
| ഇയർ മാർക്ക്ഡ് ഫണ്ടുകൾ | ---- | ---- |
| ഋണശീർഷകം | 6,52,95,617.00 | 3,84,90,333.00 |
| **ആകെ** | 90,23,77,846.50 | 58,76,90,640.00 |

## 1-2-5 പദ്ധതി ധനസഹായം

2021-22 സാമ്പത്തികവർഷം പദ്ധതി ധനസഹായമിനത്തിൽ 85117300/- രൂപ സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സർക്കാർ ഉത്തരവ് നം/ തിയതി | തുക (ലക്ഷത്തിൽ) | ട്രഷറി അക്കൗണ്ടിൽ വരവ് വെച്ച തിയതി | പദ്ധതി കാലയളവ്/ വിനിയോഗ കാലയളവ് |
|---|---|---|---|---|
| 1 | ജി.ഒ(ആർ.ടി) നം. 87/2022/H&FWD dt 11.01.2022 | 348.827 | 25.01.2022 | 2021-22 |
| 2 | ജി.ഒ(ആർ.ടി) നം. 530/2022/H&FWD dt 09.03.2022 | 502.346 | 16.03.2022 | 2021-22 |
| | **ആകെ** | **851.173** | | |

## 1-2-6 സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതി ധനസഹായം

| **ക്രമ നം.** | **പ്രൊജക്ട്** | **അനുവദിച്ച തുക ₹ (രൂപ ലക്ഷത്തിൽ)** | **ചെലവഴിച്ച തുക ₹ (രൂപ ലക്ഷത്തിൽ)** | |
|---|---|---|---|---|
| | | | **സർക്കാരിൽ സമർപ്പിച്ച കണക്ക്** | **യഥാർത്ഥ കണക്ക്** |
| 1 | setting up fully equipped laboratory under SFRA | 348.827 | ----- | ----- |
| 2 | Compound Wall | | ----- | ----- |
| 3 | providing lining rain water harvesting pond | | 125 | 125 |

| | | | | |
|---|---|---|---|---|
| | | | | |
| 4 | SFRA-Phase II(Recoupment) | 502.346 | 502.346 | 502.346 |
| | **ആകെ** | **851.173** | | **627.346** |

അവശേഷിക്കുന്ന 2,23,82,700 രൂപ സർക്കാർ തിരിച്ചു പിടിച്ചു.

## 1-2-7 സർക്കാർ ഇതര പദ്ധതി ധനസഹായം

1-2-7.1. യു.ജി.സി ധനസഹായം

തൻവർഷം യു.ജി.സി ധനസഹായം ലഭിച്ചിട്ടില്ല

1-2-7.2. പ്രത്യേക ആവശ്യങ്ങൾക്കുള്ള ധനസഹായം

ലഭിച്ചിട്ടില്ല

1-2-7.3. മറ്റ് ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള ധനസഹായം-

ലഭിച്ചിട്ടില്ല

## 1-2-8 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,90,30,00,000.00 |
| തൻവർഷം നിക്ഷേപിച്ച തുക | 32,00,00,000.00 |
| ആകെ | 2,22,30,00,000.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2,22,30,00,000.00 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ സംക്ഷിപ്തവിവരം

| ക്രമ നം | സ്ഥാപനം | സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളുടെ എണ്ണം | സ്ഥിരനിക്ഷേപത്തിന്റെ മൂല്യം |
|---|---|---|---|
| 1 | ട്രഷറി | 192 | 2,22,30,00,000.00 |
| 2 | ട്രഷറി | 1 (ജയറാം പണിക്കർ എൻഡോവ്മെന്റ് ) | 300000.00 |

സ്ഥിരനിക്ഷേപത്തിന്റെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-2-9 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 2,11,22,03,429.00 |
| വരവ് | 90,23,77,846.00 |
| ആകെ | 3,01,45,81,275.00 |
| ചെലവ് | 58,76,90,640.00 |

| | |
|---|---|
| നീക്കിയിരിപ്പ് | 2,42,68,90,635.00 |

## 1-2-10 വിനിയോഗ സാക്ഷ്യപത്രങ്ങൾ

തൻവർഷം നൽകിയ വിനിയോഗ സാക്ഷ്യപത്രങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ടിംഗ് ഏജൻസിയുടെ ഉത്തരവ് നം./ തീയതി | ലഭിച്ച ധനസഹായം (ലക്ഷത്തിൽ) | വിനിയോഗിച്ച തുക (ലക്ഷത്തിൽ) | ഉദ്ദേശ്യം | വിനിയോഗ സാക്ഷ്യപത്രം നൽകിയ തിയ്യതി | പദ്ധതി/ പ്രത്യേക ഉദ്ദേശം | പദ്ധതി കാലയളവ്/ വിനിയോഗ കാലയളവ് |
|---|---|---|---|---|---|---|---|
| 1 | ജി.ഒ (ആർ.ടി) നം. 2428/ 2021/H&FWD തിയ്യതി. 05.11.2021 | 198 | 198 | നോൺ പ്ലാൻ സാലറി | 17.01.2022 | നോൺ പ്ലാൻ സാലറി | 2021-22 |
| 2 | ജി.ഒ (ആർ.ടി) നം. 431/ 2022/H&FWD തിയ്യതി. 23.02.2022 | 198 | 198 | നോൺ പ്ലാൻ സാലറി | 24.06.2022 | നോൺ പ്ലാൻ സാലറി | 2021-22 |
| 3 | ജി.ഒ (ആർ.ടി) നം. 2428/ 2021/H&FWD തിയ്യതി. 05.11.2021 | 124 | 124 | നോൺ പ്ലാൻ – നോൺ സാലറി | 18.01.2022 | നോൺ പ്ലാൻ – നോൺ സാലറി | 2021-22 |
| 4 | ജി.ഒ (ആർ.ടി) നം. 513/ 2021/H&FWD തിയ്യതി. 06.03.2022 | 124 | 124 | നോൺ പ്ലാൻ – നോൺ സാലറി | 24.06.2022 | നോൺ പ്ലാൻ – നോൺ സാലറി | 2021-22 |

## 1-2-11 എൻഡോവ്മെന്റുകൾ/ചെയറുകൾ എന്നിവയുടെ വിവരം

| ക്രമ നം. | എൻഡോവ്മെന്റിന്റെ പേര്/ ഉദ്ദേശ്യം | ഫിക്സഡ് ഡെപ്പോസിറ്റ് നം./തീയതി | തുക | അഭിപ്രായം |
|---|---|---|---|---|
| 1 | ഡോക്ടർ ജയറാം പണിക്കർ എൻഡോവ്മെന്റ് അവാർഡ് | 40108490857 തീയതി 31.03.2021 | 3,00,000.00 | -------- |

## 1-2-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് നടത്തിയ ഏജൻസി | ഓഡിറ്റ് നടത്തിയ കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| 1 | അക്കൗണ്ടന്റ് ജനറൽ (ജി &എസ്എസ്എ) | 01.09.2020 മുതൽ 31.05.2022 വരെ | 04.08.2022 |

## 1-2-13 തനത് വരുമാനം

മുൻവർഷത്തേക്കാൾ തൻവർഷം തനതു വരുമാനത്തിലുണ്ടായ വ്യത്യാസം ചുവടെ ചേർക്കുന്നു. തനതു വരുമാനത്തിൽ തൻവർഷം 31.12% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| തനത് വരവിനം | മുൻവർഷം (2020-21) | തൻവർഷം (2021-22) | മുൻവർഷത്തെ അപേക്ഷിച്ച് തൻവർഷ വരവ് വ്യത്യാസം (+/-%) |
|---|---|---|---|
| അക്കാദമിക് ഫീസ് | 13,21,00,626.00 | 14,49,49,599.00 | 1,28,48,973.00 (+9.73%) |
| പരീക്ഷാഫീസ് | 15,38,03,039.00 | 30,62,23,189.00 | 15,24,20,150.00 (+99.10 %) |
| അഫിലിയേഷൻ വരവ് | 10,55,93,748.00 | 9,56,60,625.00 | (-)99,33,123.00 (-9.4%) |
| പലിശ വരവ് | 14,75,62,823.00 | 15,84,37,190.00 | 1,08,74,367.00 (+7.37%) |
| മറ്റ് വരവ് | 20,02,315.00 | 40,02,049.50 | 19,99,734.50 (+99.87%) |
| സർവ്വകലാശാലയുടെ കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള വരവ് | 3,74,402.00 | 6,74,977.00 | 3,00,575.00 (+80.28%) |
| **ആകെ** | **541436953.00** | **709947629.50** | **168510676.50 (+31.12%)** |

അഫിലിയേഷൻ വരവിനത്തിൽ തൻവർഷം മുൻവർഷത്തേക്കാൾ 9.4% കുറവാണ് വരവു ലഭിച്ചിട്ടുള്ളത്. ഇപ്രകാരം കുറവ് വരാനുണ്ടായ സാഹചര്യം പരിശോധിച്ച് കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2-14 സർവ്വകലാശാലയുടെ തനത് ഫണ്ട്- വരവ് ചെലവ് വിവരങ്ങൾ

2021-22 സാമ്പത്തികവർഷത്തെ സർവ്വകലാശാലയുടെ തനത് ഫണ്ട്- വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവ് | | |
|---|---|---|
| ക്രമ നം | ഇനം | തുക |

| | | |
|---|---|---|
| 1 | അക്കാദമിക് ഫീസ് | 14,49,49,599.00 |
| 2 | പരീക്ഷാ ഫീസ് | 30,62,23,189.00 |
| 3 | അഫിലിയേഷൻ ഫീസ് | 9,56,60,625.00 |
| 4 | പലിശ | 15,84,37,190.00 |
| 5 | മറ്റു വരവുകൾ | 40,02,049.50 |
| 6 | സ്വാശ്രയസ്ഥാപനങ്ങൾ | ----- |
| 7 | ഘടകസ്ഥാപനങ്ങളിൽ നിന്നുള്ള വരവ് | 6,74,977.00 |
| 8 | സർക്കാർ ഗ്രാന്റ് -നോൺപ്ലാൻ | 64400000.00 |

| ചെലവ് | | | |
|---|---|---|---|
| ക്രമ നം | ഇനം | തുക | |
| 1 | ശമ്പളം& ഹോണറേറിയം | സ്ഥിരം | 18,22,01,625.00 |
| | | കരാർ | 1,91,64,194.00 |
| | | ദിവസവേതനം | 14204965.00 |
| | | ടെർമിനൽ ലീവ് സറണ്ടർ | 88911.00 |
| 2 | പെൻഷൻ (എൻ.പി.എസ്) | 8727164.00 | |
| 3 | പരീക്ഷാ നടത്തിപ്പ് | 210366788.00 | |
| 4 | അക്കാദമിക് ചെലവുകൾ | 33,91,521.00 + 1,89,778.00 | |
| 5 | ഭരണചെലവുകൾ | 38167694.00 | |
| 6 | വിദ്യാർത്ഥിക്ഷേമം | 2362152.00 | |
| 7 | സ്കോളർഷിപ്പ് | ------ | |
| 8 | പൊതുമരാമത്ത് | ------ | |
| 9 | സ്വാശ്രയസ്ഥാപനങ്ങൾ | ------ | |
| 10 | ചെയർ & എൻഡോവ്മെന്റ് | ------ | |
| 11 | ഘടകസ്ഥാപനങ്ങൾ | 85,77,355.00 | |

## 1-2-15 പരീക്ഷാ വിഭാഗത്തിലെ കോൺഫിഡൻഷ്യൽ ഇനങ്ങൾ- ഓഡിറ്റിന് ലഭ്യമാക്കാത്തവയുടെ വിവരങ്ങൾ

**ബോർഡ് ഓഫ് എക്സാമിനേഷൻസ് - 4/6/2020- 26-ാമത് മീറ്റിംഗ്**

**ഗവേണിംഗ് കൗൺസിൽ– 25/7/2020- 60-ാമത് മീറ്റിംഗ്**

**U.O.No.66/2020, Exam 11/08/2020**

ഗവേണിംഗ് കൗൺസിലിന്റെ 25/7/2020 തീയ്യതിയിലെ 60-ാമത് യോഗത്തിൽ (U.O.No.66/2020, Exam 11/8/2020) പരീക്ഷയെ സംബന്ധിക്കുന്ന താഴെ ചേർക്കുന്ന രേഖകളെ രഹസ്യ സ്വഭാവമുള്ളവയായി പരിഗണിച്ച് തീരുമാനമെടുത്തിട്ടുണ്ട്. ആയവ ചുവടെ ചേർക്കുന്നു.

1. The files & registers containing the details of Question Paper setters, Question Paper Scrutinizers, Examiners, Evaluators
2. The files, registers and minutes of Exam Committees, Pass board
3. The Tabulation Register
4. The remuneration registers in respect of Question Paper setters.
5. The details Processing of Answer books before the conduct of evaluation process
6. The details of despatch of Theory Answer books of PG Courses for Evaluation
7. Details of Thesis Evaluators
8. The details of the security features incorporated in the printed Answer Books, Certificate and Marklists.
9. The mark secured by a candidate both in theory and practical examinations his/her attendance, marks in internal exams and such other details are confidential and these information cannot be disclosed to any one other than the candidate.
10. The files and registers relating to result processing, retotalling fresh valuation etc. and such other files and Registers as may be ordered confidential from time to time. In case of any dispute, the particular item may be decided and settled on a case to case basis
11. CCTV recordings of conducts of Theory Examinations at affiliated colleges
12. M&LEC Minutes and related registers.

രഹസ്യസ്വഭാവമുള്ള രേഖകളായതിനാൽ പ്രസ്തുത രേഖകളെ അടിസ്ഥാനമാക്കിയുള്ള വിഷയങ്ങളെ സംബന്ധിച്ച് സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് ഓഡിറ്റിന് നിർവ്വാഹമില്ല. ആയതിനാൽ അത്തരം വിഷയങ്ങളിൽ സർവ്വകലാശാല സ്വീകരിക്കുന്ന നടപടികളിൽ ഓഡിറ്റ് വിഭാഗത്തിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല .

## 1-2-16 ആസ്തി രജിസ്റ്റർ ശരിയായി പരിപാലിച്ചിട്ടില്ല

സർവ്വകലാശാലയുടെ കൈവശമുള്ള ഭൂമിയുടേയും സൃഷ്ടിക്കപ്പെട്ട മറ്റ് ആസ്തികളായ കെട്ടിടങ്ങൾ, വാഹനങ്ങൾ, റോഡുകൾ, മെഷീനറികൾ, കുളങ്ങൾ, മറ്റ് ഉപകരണങ്ങൾ എന്നിവയെല്ലാം രേഖപ്പെടുത്തുന്ന രജിസ്റ്ററായ ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. സർവ്വകലാശാലയിൽ കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ മാത്രമേ സൂക്ഷിച്ചിട്ടുള്ളൂ. ഇതിൽതന്നെ നിർമ്മിച്ച വർഷം, വിസ്തൃതി തുടങ്ങിയ വിവരങ്ങൾ ചേർത്തിട്ടില്ല. അറ്റകുറ്റ പണികൾ നടത്തിയതിന്റെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. ഭൂമി, വാഹനങ്ങൾ, റോഡുകൾ, മെഷീനറികൾ, കുളങ്ങൾ എന്നിവയൊന്നും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിന്റെ എല്ലാവിധ ആസ്തികളും അതിന്റെ ആകെ വിസ്തീർണ്ണം, നിർമ്മിച്ച/ വാങ്ങിയ വർഷം, തിയതി, അറ്റകുറ്റ പണികൾ നടത്തിയതിന്റെ വിവരങ്ങൾ, വാഹനങ്ങളുടെ നമ്പർ, പേര് എന്നിവയെല്ലാം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. സർവ്വകലാശാലയുടെ ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് 2019-ലെ ക്ലോസ് 502- പ്രകാരം അസറ്റ് രജിസ്റ്റർ പരിപാലിക്കുന്നതിനുള്ള ഉത്തരവാദിത്തം ഫിനാൻസ് ഓഫീസറിൽ നിക്ഷിപ്തമാണ്.

## 1-2-17 അക്കൗണ്ടിംഗ് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല

സ്വയംഭരണ സ്ഥാപനമായ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നാളിതുവരെ അക്കൗണ്ടിംഗ് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. സർവ്വകലാശാല ഓരോ വർഷവും അക്കൗണ്ടിംഗ് പോളിസി തയ്യാറാക്കി വാർഷിക കണക്ക് തയ്യാറാക്കുകയാണ് ചെയ്യുന്നത്. 2010-11 മുതൽക്ക് അക്രൂവൽ സമ്പ്രദായത്തിലാണ് വാർഷിക കണക്ക് തയ്യാറാക്കിയിട്ടുള്ളത്. സർവ്വകലാശാലയിൽ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ - **സ്യൂട്ട്** 2013-14 മുതൽ നിലവിൽ വന്നിട്ടുണ്ട്. നിലവിലെ രീതിയിൽ ദൈനംദിന സാമ്പത്തിക ഇടപാടുകളുടെ രേഖപ്പെടുത്തൽ അപൂർണ്ണമാണ്. സർവ്വകലാശാലയുടെ അടിസ്ഥാന രജിസ്റ്ററുകൾ, സാമ്പത്തിക ഇടപാടുകളുടെ രേഖപ്പെടുത്തലുകൾ, വാർഷിക കണക്ക് തയ്യാറാക്കൽ എന്നിവ ഉൾക്കൊള്ളുന്ന വിശദമായ അക്കൗണ്ടിംഗ് ചട്ടങ്ങൾ രൂപപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

## 1-3-1 സർവ്വകലാശാലയുടെ ഓൺലൈൻ രസീതി സമ്പ്രദായം- അവലോകനം

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നൽകുന്ന വിവിധ സേവനങ്ങൾക്ക് പ്രതിഫലമായി ലഭിക്കുന്ന വരവുകൾ 3 തരത്തിൽ രസീതിയാക്കപ്പെടുന്നു.

1. മാന്വൽ രസീതി

2. ഡിമാന്റ് ഡ്രാഫ്റ്റ്/ ചെക്ക് മുഖേന

3. ഓൺലൈൻ സമ്പ്രദായം

സർവ്വകലാശാല ഓൺലൈനായി ഈടാക്കുന്ന ഫീസ് വരവുകൾ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തുന്നതു വരെയുള്ള നടപടികൾ പരിശോധിച്ചത് പ്രകാരമുള്ള പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

ഓൺലൈൻ സമ്പ്രദായം

ഫീസ് വരവ് ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട് സർവ്വകലാശാല പുറപ്പെടുവിച്ച വിവിധ ഉത്തരവുകൾ താഴെ ചേർക്കുന്നു.

1. U.O.No.809/2019/Finance dtd.1.11.2019, 26.11.2019

2. U.O.No.11/2020/Finance dtd. 03.01.2020

3. U.O.No.164/2020/Finance dtd. 29.2.2020

മേൽ ഉത്തരവുകൾ പ്രകാരം ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റിയ വിവിധ ഫീസിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.(ഇനം - തിയ്യതി എന്ന ക്രമത്തിൽ )

| ക്രമ നം | ഇനം | ആദ്യത്തെ ഓൺലൈൻ പേയ്മെന്റ് തീയതി |
|---|---|---|
| 1. | Fee for photocopy of answer book | 01.11.2019 |
| 2. | Fee for photocopy of score sheet | 01.11.2019 |
| 3 | Affiliation certificate | 26.03.2021 |
| 4 | Annual adminisration fee-arrear | --- |
| 5 | Annual fee | 02.03.2020 |
| 6 | Application fee for provisional affiliation -arrear | ---- |
| 7 | Application fee for provisional affiliation -new college | 15.08.2020 |
| 8 | Application fee for provisional affiliation -new course/enhancement of seats | 22.06.2020 |
| 9 | Application fee for provisional affiliation new course/enhancement of seatsEWS Quota | 05.01.2021 |
| 10 | Attempt certificate | 17.06.2020 |
| 11 | Bonafide certificate | 12.08.2020 |
| 12 | Building charge | 23.03.2020 |
| 13 | Cancellation of student registration fee | 05.03.2020 |
| 14 | College name change | 09.03.2021 |
| 15 | Compulsory rotatory residential internship | 06.03.2020 |

| | | |
|---|---|---|
| 16 | Condonation of break of study | 10.03.2020 |
| 17 | Continuation of affiliation | 17.03.2020 |
| 18 | Continuation of affiliation-arrear | ---- |
| 19 | Continuation of affiliation-additional | 03.02.2021 |
| 20 | Duplicate ID card | ----- |
| 21 | Duplicate certificate fee | ----- |
| 22 | equivalency certificate | 21.05.2020 |
| 23 | Exam miscellaneous fee | 29.03.2023 |
| 24 | Exam registration fee | 01.11.2019 |
| 25 | Examination fee testing | ----- |
| 26 | Expansion of initials | 25.06.2020 |
| 27 | Fee for answer book retotal | 01.11.2019 |
| 28 | Fee for attendance condonation | 29.11.2019 |
| 29 | Fee for dissertation | 04.11.2019 |
| 30 | Fee for eligibility | 29.11.2019 |
| 31 | Fee for eligibility (balance fees) | ----- |
| 32 | Fee for mercy chance | 04.11.2019 |
| 33 | Fee for migration | 17.09.2020 |
| 34 | Fee for migration (examination software). | 05.03.2020 |
| 35 | Fee for provisional affiliation (arrear) | ----- |
| 36 | Fee for provisional affiliation (Enhancement of Seat) | 17.09.2020 |
| 37 | Fee for provisional affiliation (New Application) | 04.01.2021 |
| 38 | For Certificate verification | 12.06.2019 |
| 39 | For RTI Additional payment | ---- |
| 40 | For RTI Application Fee | ---- |

| | | |
|---|---|---|
| 41 | Medium of Instruction | 28.04.2020 |
| 42 | Mphil Epidemiology – Students Registration | 11.05.2020 |
| 43 | Mphil Epidemiology – Caution Deposit | 11.05.2020 |
| 44 | Mphil Epidemiology – Course Fee | 11.05.2020 |
| 45 | Mphil Epidemiology – Course Fee II year | 23.09.2021 |
| 46 | Mphil Epidemiology – Entrance Application Fee | 21.09.2019 |
| 47 | Mphil Translational Ayurveda Entrance Application Fee | 28.07.2021 |
| 48 | Mphil Translational Ayurveda (Part time) Admission Fee | 21.10.2021 |
| 49 | Mphil Translational Ayurveda (Part time) Caution Deposit | 21.10.2021 |
| 50 | Mphil Translational Ayurveda (Part time) Course Fee (First Year) | 21.10.2021 |
| 51 | Mphil Translational Ayurveda (Part time) Course Fee (Second Year) | 26.12.2022 |
| 52 | Online Certificate Course Registration Fee | 28.02.2022 |
| 53 | Online Certificate Course Registration Fee - SFRA | 24.03.2022 |
| 54 | Online Certificate Course Registration Fee - SFRA | ---- |
| 55 | Parent Hospital Change | ----- |
| 56 | Ph. D Application Fee For Registration | 28.08.2020 |
| 57 | Ph. D Fee for Conversion of full time Ph.D to Part time and Vice Versa | 11.10.2022 |

| | | |
|---|---|---|
| 58 | Ph. D Research Fee (Deemed to be full time) First Year | 13.09.2021 |
| 59 | Ph. D Research Fee (Deemed to be full time) Second Year | 30.12.2022 |
| 60 | Ph. D Research Fee (Deemed to be full time) Third Year | --- |
| 61 | Ph. D Research Fee (Deemed to be full time) Fourth Year | ---- |
| 62 | Ph. D Research Fee (Part time) First Year | 06.10.2020 |
| 63 | Ph. D Ph. D Research Fee (Part time) Second Year | ---- |
| 64 | Ph. D Ph. D Research Fee (Part time) Third Year | ---- |
| 65 | Ph. D Ph. D Research Fee (Part time) Fourth Year | ---- |
| 66 | Ph. D Retention Fee | 05.08.2020 |
| 67 | Ph. D Late Fee for submission of thesis | ---- |
| 68 | Ph. D Entrance Fee | 01.07.2021 |
| 69 | Ph. D Exam Registration Fee | 15.11.2022 |
| 70 | Ph. D Guideship Application Fee | 17.08.2021 |
| 71 | Ph. D Registration Fee | 05.08.2020 |
| 72 | QAS Accreditation Fee | ---- |
| 73 | Reinspection Fee | 05.03.2020 |
| 74 | Refundable Deposit - Arrear | ---- |
| 75 | Refundable Deposit for enhancement of seats (Payable at the time of affiliation) | 17.09.2020 |

| | | |
|---|---|---|
| | | |
| 76 | Refundable Deposit – new application | 05.01.2021 |
| 77 | Registration fee for phd guideship | 10.08.2020 |
| 78 | Senate electoral roll free | ---- |
| 79 | Student college transfer | 24.09.2020 |
| 80 | Student registration fee | 02.03.2020 |
| 81 | Student registration fee(arrear) | ---- |
| 82 | Syllabus attestation | 30.10.2020 |
| 83 | Title& amp,synopsis proposal submission | 03.03.2020 |
| 84 | Transcript attestation -UG | 07.03.2020 |
| 85 | Transcript attestation ~~-PG~~ | 25.05.2020 |
| 86 | Transcript of marks | 24.06.2020 |
| 87 | Transcript online payment | ---- |
| 88 | Traslation certificate | 10.06.2021 |
| 89 | Unclassified purposes (college-misc) | 09.03.2021 |
| 90 | Unclassified purposes (misc) | 08.05.2021 |
| 91 | University union fee - arrear | ---- |

**<u>ഓൺലൈൻ രസീതി സംവിധാനത്തിലെ വിവിധ ഘട്ടങ്ങൾ</u>**

- സ്ഥാപനങ്ങൾ/വ്യക്തികൾ ഓൺലൈനായി അടവാക്കുന്ന ഫീസിന്റെ ഓരോ ദിവസത്തെയും എല്ലാ ഇടപാടു വിവരങ്ങളും (Successful/Failed ) SBI-epay website ലൂടെ ഫിനാൻസ് വിഭാഗം ഉദ്യോഗസ്ഥന് ലഭ്യമാകുന്നു.

- ഇതിൽ 'success' ആകുന്ന ഇടപാടുകൾ മാത്രം സ്വയമേവ തന്നെ ഫിനാൻസ് വിഭാഗം സ്യൂട്ടിൽ (സർവ്വകലാശാല സോഫ്റ്റ്‌വെയർ) ലഭ്യമാകുന്നു. (മാനുവൽ രേഖപ്പെടുത്തലുകൾ ഒരു ഘട്ടത്തിലും സാധ്യമാകുന്നില്ല)

- പരീക്ഷ സംബന്ധമായ ഫീസുകൾ KUHS Examination Fee (A/C No.31768842875)ലും അക്കാദമിക് സംബന്ധമായ ഫീസുകൾ KUHS General Fund (A/C No.31547327832)ലും സ്റ്റുഡന്റ് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഫീസുകൾ KUHS Student Registration Fee (A/C.No.31340212316) ലും നേരിട്ട് നിക്ഷേപിക്കുന്നു.

- സ്യൂട്ടിൽ ലഭ്യമായ (successful ആയ) ഇടപാടുകൾ പൂർണ്ണമാകുന്ന മുറയ്ക്ക് (cleared transaction) രസീതിയാക്കുകയും അവ ദിനംപ്രതി രസീതി വൗച്ചറാക്കുകയും ചെയ്യുന്നു.

- ഒരു ദിവസം മേൽപറഞ്ഞ 3 ബാങ്ക് അക്കൗണ്ടുകളിലായി നിക്ഷേപിക്കപ്പെടുന്ന (cleared transactions) വിവിധയിനം ഫീസുകളിൽ ഓരോ ഇനത്തിന്റെയും ആകെ തുകയ്ക്ക് സ്യൂട്ടിൽ ഓരോ രസീതി വൗച്ചർ തയ്യാറാക്കുന്നു.

- SBI-epay യുമായി ഉണ്ടാക്കിയ ധാരണാപത്ര പ്രകാരവും റിസർവ് ബാങ്കിന്റെ ചട്ടപ്രകാരവും അടച്ച തീയതി മുതൽ പരമാവധി രണ്ട ദിവസത്തിനുള്ളിൽ തുക "Beneficiary Account"ൽ ലഭ്യമാകണം. ഇപ്രകാരം വിവിധയിനങ്ങളിലുള്ള ഫീസുകൾ ബന്ധപ്പെട്ട സർവ്വകലാശാല ബാങ്ക് അക്കൗണ്ടിൽ " Bulk Posting" ആയി നിക്ഷേപിക്കപ്പെടുന്നു.

**സർവ്വകലാശാല ജീവനക്കാർക്ക് സ്യൂട്ടിൽ ലഭ്യമായ പോർട്ടലുകൾ**

സർവ്വകലാശാല ഓൺലൈൻ പോർട്ടലിൽ രസീതികളുടെ ഇടപാടുകൾ നടത്തുന്ന ജീവനക്കാരന് സർവ്വകലാശാല പോർട്ടലിൽ താഴെ പറയുന്നവ പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ട്.

**Online Receipts, purpose map, E-Receipts, compare passbook, compare passbook new, send mail (Receipts), view mail, view register, Unconverted transactions, Search Fee, For date, Data take up to, Search Reference Number, Bank excel upload, E-Pay Report, view failed transactions.**

വിവിധ സേവനങ്ങൾക്കായി ഇടപാടുകാർ തുക അടവാക്കുന്നതു മുതൽ പ്രസ്തുത തുക സർവ്വകലാശാല കാഷ്ബുക്കിൽ വരവു വെയ്ക്കുന്നതു വരെയുള്ള കാലയളവിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ വിശദവിവരം ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സർവ്വകലാശാല അറിയിച്ചത് ചുവടെ ചേർക്കുന്നു.(ഓഡിറ്റ് എൻക്വയറി നം.15/05.07.2023)

സർവ്വകലാശാല വെബ്സൈറ്റിൽ ഫീസ് അടവാക്കുന്ന ഇടപാടുകാർക്ക് അതേ സമയം തന്നെ Acknowledgement നൽകുന്നുണ്ട്. ഫീസ് അടവ് വിജയകരമായി പൂർത്തിയാക്കുന്ന ഇടപാടുകൾക്ക് (cleared transactions) മാത്രമാണ് Acknowledgement നൽകുന്നത്. വിജയകരമായ ഇടപാടിനു ശേഷം SBI GATEWAY യിലേക്ക് ആയത് സംബന്ധിച്ച വിവരങ്ങൾ കൈമാറ്റം ചെയ്യപ്പെടുകയും പ്രസ്തുത വിവരങ്ങൾ KUHS ഡാറ്റാബേസിൽ അപ്ഡേറ്റ് ചെയ്യുന്നതിനനുസൃതമായി ഇടപാടുകാരന് Acknowledgement ലഭ്യമാകുകയും ചെയ്യുന്നു.

Acknowledgement ൽ ആപ്ലിക്കേഷൻ നമ്പർ, ഇടപാട് നടന്ന തീയതി, സിസ്റ്റം ജനറേറ്റഡ് ഇ-ചലാൻ നമ്പർ, KUHS റഫറൻസ് നമ്പർ, SBI E-PAY Reference number, Bank Referance number, അടച്ച തുക എന്നീ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. Acknowledgement ൽ രസീതി നമ്പർ ചേർക്കുന്നില്ല. കാരണം Transactions നടക്കുന്ന അതേ സമയം തന്നെ Acknowledgement നൽകുന്നുണ്ടെങ്കിലും, തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു എന്നുറപ്പു വരുത്തിയതിനു ശേഷം മാത്രമാണ് രസീതി നൽകപ്പെടുന്നത്.

ഒരു ദിവസത്തെ ഇടപാടുകൾ എല്ലാം പൂർണ്ണമാകുന്ന മുറയ്ക്ക് സർവ്വകലാശാല അക്കൗണ്ടുകളിൽ തുക ക്രെഡിറ്റ് ചെയ്യപ്പെടുന്നു. ശേഷം അന്നേ ദിവസത്തെ തുകകൾ കാഷ്ബുക്കിൽ വരവ് വെയ്ക്കുകയും ഇടപാടുകാർക്ക് ഇ-മെയിൽ മുഖാന്തിരം രസീത് നൽകുകയും ചെയ്യുന്നു.

2020-21 സാമ്പത്തിക വർഷം മുതൽ സർവ്വകലാശാലയുടെ ഓൺലൈൻ രസീതുകളുടെ വിശദാംശങ്ങൾ കാണുന്നതിനും ആയത് പരിശോധിക്കുന്നതിനും വേണ്ടി ഈ കാര്യാലയത്തിൽ 'ഫിനാൻസ് ഓൺലൈൻ' പോർട്ടൽ (http:10.199.110.122/finnew/login.php) സജ്ജമാക്കി ഓൺലൈൻ വരവിനങ്ങളുടെ പരിശോധന സാധ്യമാക്കിയിട്ടുണ്ട്.

ഓൺലൈൻ സമ്പ്രദായവുമായി ബന്ധപ്പെട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കിയ ഓൺലൈൻ പോർട്ടലിൽ രസീതി പരിശോധനയ്ക്കായി താഴെ പറയുന്നവയാണ് സജ്ജമാക്കിയിട്ടുള്ളത്..

1) View Register

2) Search Fee

3) Search Reference Number

4) E Pay Report

5) failed transactions (ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി ലഭ്യമാക്കിയത്)

ഓൺലൈൻ രസീതി പരിശോധനയ്ക്ക് ഓൺലൈൻ സ്യൂട്ടിൽ മേൽ പ്രകാരം ലഭ്യമാക്കിയ ഓപ്ഷനുകൾ, ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, കാഷ്ബുക്ക് എന്നിവയോടൊപ്പം ഫിനാൻസ് സ്യൂട്ട് എന്നിവ കൂടി പരിശോധിക്കുകയുണ്ടായി. മേൽപ്പറഞ്ഞവ പരിശോധിച്ചതു പ്രകാരം ഓൺലൈൻ രസീതിയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>SBI – E PAY Website ൽ നിന്നും സർവ്വകലാശാലയുടെ Online Payment Portal ൽ ലഭ്യമായ വിവരങ്ങൾ രസീതി വൗച്ചറാക്കുന്നത് വരെയുള്ള പ്രക്രിയകളുടെ സൂക്ഷ്മ പരിശോധന</u>

സ്ഥാപനങ്ങൾ/വ്യക്തികൾക്കുള്ള രസീതികൾ ബന്ധപ്പെട്ട സെക്ഷനിൽ നിന്നു നേരിട്ട് ജനറേറ്റ് ചെയ്ത് ഇ-മെയിൽ മുഖേന നൽകുന്നതിന് ഓഫീസ് ഓർഡർ പ്രകാരം ബന്ധപ്പെട്ട സീറ്റിലെ സെക്ഷൻ അസിസ്റ്റന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ രസീതികളുടെ സൂക്ഷ്മ പരിശോധനയ്ക്കും, ഇപ്രകാരമുള്ള ഓരോ ഇടപാടുകൾ പരിശോധിക്കുന്നതിനും, അംഗീകരിക്കുന്നതിനും സർവ്വകലാശാലയിൽ പ്രത്യേക സംവിധാനമില്ല എന്നു കാണുന്നു. രസീതി വൗച്ചറുകൾ ഉദ്യോഗസ്ഥ ശ്രേണി അനുസരിച്ച് പരിശോധിക്കുകയും

അംഗീകരിക്കുകയും ചെയ്യുന്നു എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.രശീതികളുടെ ഇടപാടുകൾ ബന്ധപ്പെട്ട സെക്ഷൻ അസിസ്റ്റന്റ് കൂടാതെ മേലുദ്യോഗസ്ഥ തലത്തിൽ സൂക്ഷ്മ പരിശോധന നടത്തേണ്ടത് അനിവാര്യമാണ്.ഇപ്രകാരമുള്ള ഉദ്യോഗസ്ഥതല ഉത്തരവാദിത്വങ്ങൾ നിർണ്ണയിച്ച് നൽകുന്നതിന് ആവശ്യമായ ഉത്തരവുകൾ സർവ്വകലാശാല പുറപ്പെടുവിക്കേണ്ടതാണ്.

2. **<u>രസീതി റിപ്പോർട്ട്</u>**

ഓൺലൈൻ മുഖേന ലഭിച്ച വരവുകളുടെ രസീതി റിപ്പോർട്ട് E-PAY REPORT എന്ന പേരിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും നിലവിൽ പ്രസ്തുത റിപ്പോർട്ട് ഒരു സാമ്പത്തികവർഷത്തിൽ പൂർണ്ണമാകുന്ന (successful) എല്ലാ ഇടപാടുകളുടെയും രസീതി റിപ്പോർട്ടാണ്. ആയത് ഒരു സാമ്പത്തികവർഷത്തിൽ നടക്കുന്ന എല്ലാ ഇടപാടുകളുടെയും (failed & successful) രസീതി റിപ്പോർട്ടാക്കി മാറ്റി സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ജനറേറ്റ് ചെയ്യാനുള്ള സംവിധാനം നടപ്പാക്കേണ്ടതാണ്.

3.. SBI E Pay യിലെ Successful ആയ ഇടപാടുകൾ പൂർണ്ണമാക്കുന്ന മുറയ്ക്ക് (cleared transactions) ഫിനാൻസ് വിഭാഗം രസീതി വൗച്ചറുകൾ തയ്യാറാക്കുന്നു എന്നാണ് സർവ്വകലാശാല വാക്കാൽ അറിയിച്ചിട്ടുള്ളത്. രസീതി വൗച്ചറുകൾ System generated ആണ്. എന്നാൽ 2021 ഏപ്രിൽ മാസത്തിൽ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുകകൾക്ക് 2021 മാർച്ചിൽ തന്നെ രസീതി വൗച്ചറുകൾ തയ്യാറാക്കിയതായി കാണുന്നു.

ഉദാ:- 26/03/21, 28/03/21, 31/03/21 തിയ്യതികളിൽ നടന്ന transactions 03/04/21 ലാണ് clear / ബാങ്കിൽ ക്രെഡിറ്റ് ആയിട്ടുള്ളത്.

ഓൺലൈൻ ആയി ലഭിച്ച തുകകൾ cleared ആയതിനു ശേഷം മാത്രമാണ് രസീതി വൗച്ചർ തയ്യാറാക്കുന്നത് എന്ന സർവ്വകലാശാലയുടെ നയം മാർച്ച് മാസത്തെ ഇടപാടുകൾ അക്കൗണ്ട് ചെയ്യുന്നതിൽ പാലിക്കുന്നതായി കാണുന്നില്ല.

ഒരു സാമ്പത്തികവർഷത്തെ എല്ലാ വരവിനങ്ങളും അതേ സാമ്പത്തികവർഷം തന്നെ അക്കൗണ്ടിൽ വരവു വെയ്ക്കുന്നതിനായി ACCOUNT PREVIOUS എന്ന ലിങ്ക് ലഭ്യമാക്കുകയും മാർച്ച് 31 വരെയുള്ള ഇടപാടുകൾ പൂർണ്ണമാകുന്ന മുറയ്ക്ക് പ്രസ്തുത ലിങ്കിലൂടെ മാർച്ച് 31 തീയതിയിൽ വരവ് വെയ്ക്കുകയും ചെയ്യുന്നു എന്നാണ് സർവ്വകലാശാല മറുപടി നൽകിയിട്ടുള്ളത്.

4. **failed transactions**

Online suite ലെ View register ൽ രസീതി നമ്പറുകൾ തുടർച്ചയായ ക്രമത്തിലാണ് ഉള്ളത്. എന്നാൽ gateway Id number തുടർച്ചയായുള്ളതല്ല. ഒരു transaction ആരംഭിക്കുന്ന സമയത്ത് തന്നെ gateway Id number create ചെയ്യപ്പെടുന്നുണ്ട്. success/Failure ആകുന്ന transactions നുകൾക്ക് എല്ലാം തന്നെ gateway Id number create ചെയ്യപ്പെടുന്നുണ്ട്. View register ൽ Failure transactions ഉൾക്കൊള്ളിക്കാതിരുന്നതിനാലാണ് gateway Id number ൽ missing വരുന്നതെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. ഇപ്രകാരം failure ആകുന്ന transactionsന് create ചെയ്യുന്ന gateway Id കളുടെ report പരിശോധിക്കുന്നതിനുള്ള സംവിധാനം ഈ കാര്യാലയം ആവശ്യപ്പെട്ടതു പ്രകാരം നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്.

5. SBI Epay Website ൽ ക്രെഡിറ്റ് ചെയ്ത മുഴുവൻ തുകകളും സർവ്വകലാശാല ബാങ്ക് അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്നു എന്നുറപ്പാക്കുന്നതിന് ബാങ്ക് അക്കൗണ്ടുകളുടെ റികൺസിലിയേഷനാണ് നടത്തപ്പെടുന്നത്.

6. സർവ്വകലാശാലയിൽ Online transactions success ആകുന്ന അതേ സമയം തന്നെ രസീതി issue ചെയ്യുകയും ആയത് അതോടൊപ്പം cash book ൽ update ചെയ്യുന്നതിനും നിലവിലുള്ള സംവിധാനം അപര്യാപ്തമാണെന്ന് കാണുന്നു. മേൽപ്പറഞ്ഞ രീതിയിലേക്ക് പ്രസ്തുത സംവിധാനം മാറ്റുന്നതിന് സർവ്വകലാശാല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച സർവ്വകലാശാലയുടെ മറുപടി ചുവടെ ചേർക്കുന്നു.

"ഓൺലൈൻ ഇടപാടുകൾ പൂർണ്ണമാകുന്ന സമയം തന്നെ ക്യാഷ്ബുക്കിൽ അപ്ഡേറ്റ് ചെയ്യുകയും രസീതി നൽകുകയും ചെയ്യുന്നതിന് ഓരോ ദിവസത്തേയും ഇടപാടുകൾ പലതവണയായി അക്കൗണ്ട് ചെയ്യേണ്ടിവരും. എന്നാൽ മതിയായ എണ്ണം ജീവനക്കാരില്ലാത്തതിനാൽ നിലവിലുള്ള സംവിധാനം തുടരുന്നതിനാണ് സർവ്വകലാശാലയ്ക്ക് നിർവ്വാഹമുള്ളൂ.""

7. ഫീസുകൾ ഓൺലൈനിലേക്ക് മാറ്റിയതിനു ശേഷവും മറ്റു രീതിയിൽ വരവുകൾ സർവ്വകലാശാലയിൽ സ്വീകരിക്കപ്പെടുന്നുണ്ട് എന്നു കാണുന്നു. പരീക്ഷാ വിഭാഗവുമായി ബന്ധപ്പെട്ട് സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട വരവുകൾ പൂർണ്ണമായും ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി RTI ഒഴികെയുള്ള സേവനങ്ങൾക്ക് DD സ്വീകരിക്കുന്നതല്ല എന്ന് സൂചിപ്പിച്ചു കൊണ്ടുള്ള നോട്ടിഫിക്കേഷൻ സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (നോട്ടിഫിക്കേഷൻ നം.2023/4087/A1/Ex-Gen/KUHS dt 8.8.23)

8. നിലവിൽ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റാനുള്ള വരവിനങ്ങൾ

വിവരാവകാശ അപേക്ഷാ ഫീ, ഇ-ടെണ്ടർ ഒഴികെയുള്ള ടെണ്ടറുകളുടെ ടെണ്ടർ ഫീ, നിരതദ്രവ്യം, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റിയിട്ടില്ല.

9. ഓൺലൈൻ സമ്പ്രദായവുമായി ബന്ധപ്പെട്ട വിഷയത്തിൽ സ്ഥാപനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഫീസ് അടവാക്കുന്നത് സംബന്ധിച്ച് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ

സർവ്വകലാശാല വെബ്സൈറ്റിൽ Students Corner-Online Payments for Examination related Service-Instruction for Online Payment എന്ന ക്രമത്തിൽ ഫീസ് അടവാക്കുന്നത് സംബന്ധിച്ച് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**10. ഓൺലൈൻ പോർട്ടലിൽ പ്രവേശിക്കുന്നതിനുള്ള അധികാരം**

സർവ്വകലാശാലയുമായി ബന്ധപ്പെട്ട കോളേജുകളും, വിദ്യാർത്ഥികളുമാണ് പ്രധാനമായി ഓൺലൈൻ പേയ്മെന്റ് സംവിധാനം ഉപയോഗിക്കുന്നത്. കൂടാതെ സർട്ടിഫിക്കറ്റ് സാധുത പരിശോധനയ്ക്കായി ഏജൻസികൾക്കും എലിജിബിലിറ്റി സർട്ടിഫിക്കറ്റ്, ഈക്വലൻസി സർട്ടിഫിക്കറ്റ് തുടങ്ങിയവയ്ക്ക് അപേക്ഷിക്കുന്നതിന് മറ്റു സർവ്വകലാശാല വിദ്യാർത്ഥികൾക്കും സംവിധാനമുണ്ട്. എല്ലാവർക്കും ഒരേ പോലെ സർവ്വകലാശാല പോർട്ടലിൽ ഫീ അടവാക്കുന്നതിന് സാധ്യമല്ല.

11. ഓൺലൈനിൽ നടക്കുന്ന ഇടപാടുകൾ SBI E Pay Website ൽ നിന്നും success ആകുന്ന മുറയ്ക്ക് ഫിനാൻസ് സ്യൂട്ടിൽ ലഭ്യമാക്കുന്നു. Transaction നടന്ന് തുക ക്രെഡിറ്റ് ആയി എന്നുറപ്പ് വരുത്തിയതിനു ശേഷം cleared ആയ തുകകൾ ഓരോ ഇനം തിരിച്ച് രസീതി വൗച്ചറാക്കുന്നു. ഒരു ദിവസത്തെ transactions മുഴുവൻ cleared ആയതിനു ശേഷം മാത്രമാണ് രസീതി വൗച്ചർ തയ്യാറാക്കുന്നത്. ആയതിനാൽ തന്നെ ഒരു ഇടപാടിന് താഴെ പറയുന്ന വിധത്തിൽ വ്യത്യസ്ത തീയ്യതികൾ രേഖപ്പെടുത്തുന്നുണ്ട്.

Transaction date>cleared date>settlement date.

Transactions cleared ആയി വരുന്നത് വരെ രസീതി വൗച്ചർ തയ്യാറാക്കാത്തതിനാൽ ആയതിനു ശേഷമുള്ള ഓരോ ഘട്ടങ്ങൾക്കും സമയ ദൈർഘ്യം അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ ഓരോ ട്രാൻസാക്ഷൻസും നടക്കുന്ന അതേ ദിവസം തന്നെ രസീതികൾ ജനറേറ്റ് ചെയ്യാനുള്ള സാഹചര്യം ഉണ്ടാകണം. അതേ സമയം തന്നെ ഫീസിനങ്ങളുടെ ഓരോ ഹെഡിലും പോസ്റ്റിങ് നടത്താനുള്ള സാഹചര്യവും ഉണ്ടാകണം. ബാങ്ക് അക്കൗണ്ടിൽ bulk posting എന്നതിൽ ഉൾപ്പെടുന്ന ഓരോ തുകയും അതാത് രസീതികളുടെ അടിസ്ഥാനത്തിൽ ക്യാഷ് ബുക്കിൽ വരവ് വെക്കുന്നതിന് സർവ്വകലാശാല അഭിമുഖീകരിക്കുന്ന പ്രശ്നം സംബന്ധിച്ച് സർവ്വകലാശാലയുടെ മറുപടി ചുവടെ ചേർക്കുന്നു.

ഓരോ തുകയും അതാത് രസീതികളുടെ അടിസ്ഥാനത്തിൽ ക്യാഷ് ബുക്കിൽ വരവ് വെക്കുമ്പോൾ അത്രയും എണ്ണം വൗച്ചറുകൾ തയ്യാറാക്കേണ്ടി വരികയും ആയത് സമയനഷ്ടവും പേപ്പർ നഷ്ടവും ഉണ്ടാകാൻ ഇടയാവുകയും ചെയ്യും.

**<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>**

1. ഓഡിറ്റ് കാലയളവിൽ ഓഡിറ്റ് കാര്യാലയത്തിന് Access അനുവദിച്ചിരുന്നത് Success ആയ transaction ന് രസീതി വൗച്ചർ തയ്യാറാക്കിയത് പരിശോധിക്കാൻ മാത്രമാണ്. എന്നാൽ ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം സർവ്വകലാശാലയുമായി ബന്ധപ്പെട്ട എല്ലാ transactions നും (Success/failure) പരിശോധിക്കാൻ സംവിധാനമൊരുക്കി നൽകിയിട്ടുണ്ട്. ഓൺലൈൻ പോർട്ടലിലെ ഓരോ ഓപ്ഷനിലും ഒരേ ഇനത്തിന് വ്യത്യസ്ത പേരുകൾ നൽകിയിട്ടുണ്ടെങ്കിലും അതെല്ലാം ഒരേ നമ്പർ തന്നെയാണെന്ന് കാണുന്നു.

| ഓപ്ഷൻ | പേര് |
|---|---|
| Acknowledgement | KUHS Reference Number |
| View Register | Gateway Reference Number |
| Search Fee | KUHS Gateway ID |
| E-Pay Report | Merchant ID |

ഇപ്രകാരം വിവിധ പേരുകൾ നൽകിയത് വിവിധ പ്രൊഗ്രാമർമാർ പല കാലങ്ങളിൽ ചെയ്ത പ്രോഗ്രാമായതിനാലാണ് എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഓരോ ഓപ്ഷനിലും ഒരേ

പേര് വരുന്ന വിധത്തിൽ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. <u>രസീതികൾ റദ്ദാക്കൽ</u>

സർവ്വകലാശാല നൽകിയ രസീതികൾ റദ്ദ് ചെയ്യേണ്ട സാഹചര്യം നാളിതുവരെ സർവ്വകലാശാലയിൽ ഉണ്ടായിട്ടില്ല എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. എന്നാൽ ഏതെങ്കിലും സന്ദർഭത്തിൽ സ്ഥാപനം/ വ്യക്തിക്ക് നൽകിയ രസീതി ക്യാൻസൽ ചെയ്യേണ്ട സാഹചര്യം വന്നാൽ രസീതികൾ ക്യാൻസൽ ചെയ്യുന്നത് സംബന്ധിച്ച് നിർദ്ദേശം പുറപ്പെടുവിക്കേണ്ടതാണ്.

ഇപ്രകാരം ക്യാൻസൽ ചെയ്ത രസീതികളുടെ Cancellation Report System ൽ നിന്നും ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതാണ്.(ഓൺലൈൻ രസീതികൾ ക്യാൻസലേഷൻ റിപ്പോർട്ട്)

സർവ്വകലാശാല അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്തതിനു ശേഷം മാത്രമാണ് രസീതി ജനറേറ്റ് ചെയ്യപ്പെടുന്നത് എന്നതിനാൽ രസീതികൾ ക്യാൻസൽ ചെയ്യേണ്ടി വരുന്ന സന്ദർഭത്തിൽ അത്തരം ഇടപാടുകൾ വാർഷിക കണക്കുകളിൽ ക്രമീകരിക്കപ്പെടുന്നത് എപ്രകാരമെന്നും വിശദീകരിച്ചിട്ടില്ല.
3. 30.3.2015 ലെ 24ാമത് ഗവേണിംഗ് കൗൺസിലിൽ (അജണ്ട നം.24.06) താഴെ നൽകും പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്.
“The GC decided to discuss the modalities for conducting software audit review with IT Mission, Kerala”. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ IT ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓൺലൈൻ രസീതികളുടെ transactions success ആകുന്ന അതേ സമയം തന്നെ രസീതി ഇഷ്യൂ ചെയ്യുകയും ആയത് അതോടൊപ്പം തന്നെ ഓരോ രസീതികളിലൂടെ കാഷ്ബുക്കിൽ അപ്ഡേറ്റ് ചെയ്യുന്ന രീതിയിലേക്ക് ഓൺലൈൻ സംവിധാനത്തിലെ ഇടപാടുകൾ മാറ്റേണ്ടതിലേക്ക് സർവ്വകലാശാലയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-3-2 ഓൺലൈൻ രസീതി വരവ് - സ്ഥാപനത്തിന്റെ പേര് ഓൺലൈൻ പോർട്ടൽ Search fee ഓപ്ഷനിൽ ലഭ്യമല്ല

ഓൺലൈൻ പരിശോധനയ്ക്കായി ഓഡിറ്റ് കാര്യാലയത്തിൽ ലഭ്യമാക്കിയ ഓൺലൈൻ ഫിനാൻസ് സ്യൂട്ടിലെ Search fee ഓപ്ഷനിൽ Refundable Deposit For Enhancement of Seats, Refundable Deposit (New Application) എന്ന ഇനത്തിന്റെ വരവുമായി ബന്ധപ്പെട്ട ഓൺലൈൻ രസീതി പരിശോധിച്ചതിൽ തുക അടവാക്കിയത് ഏതു സ്ഥാപനമാണെന്ന് വ്യക്തമല്ല. സ്ഥാപനത്തിന്റെ പേരിന്റെ സ്ഥാനത്ത് NA എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മേൽ പ്രസ്താവിച്ച പ്രകാരമുള്ള വരവുകൾ ഏതു സ്ഥാപനങ്ങളുടെ പേരിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത് എന്ന ഓഡിറ്റ് എൻക്വയറി നം. 32/01.08.2023 ന് സർവ്വകലാശാല തുക അടവാക്കിയ സ്ഥാപനങ്ങളുടെ വിവരം ഉൾക്കൊള്ളിച്ചുകൊണ്ട് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**<u>1) Refundable Deposit For Enhancement of Seats</u>**

| ക്രമ നം. | രസീതി വൗച്ചർ നം./ തിയ്യതി | രസീതി നമ്പർ | തുക | സ്ഥാപനം |
|---|---|---|---|---|
| 1. | R 3544/06.11.2021 | 16551 | 2,20,600.00 | ഡോ. മൂപ്പൻസ് നഴ്സിങ് കോളേജ് മേപ്പാടി, വയനാട് |
| 2. | R 4609/18.12.2021 | 21181 | 2,20,600.00 | കെ എം സി റ്റി കോളേജ് ഓഫ് നഴ്സിങ്,കോഴിക്കോട് |
| | | | | |

| | | | | |
|---|---|---|---|---|
| 3. | R5454/05.02.2022 | 25484 | 661600.00 | കെ എം സി റ്റി മെഡിക്കൽ കോളേജ്, കോഴിക്കോട് |
| 4. | R 6733/31.03.2022 | 30995 | 220600.00 | ശ്രീ ആഞ്ജനേയ കോളേജ് ഓഫ് നഴ്സിങ്, കോഴിക്കോട് |

2) **Refundable Deposit (New Application)**

| ക്രമ നം. | രസീതി വൗച്ചർ നം./ തിയ്യതി | രസീതി നമ്പർ | തുക | സ്ഥാപനം |
|---|---|---|---|---|
| 1. | R 4393/10.12.2021 | 20796 | 8,26,900.00 | കെ എം സി റ്റി മെഡിക്കൽ കോളേജ്, കോഴിക്കോട് |
| 2. | R5612/10.02.2022 | 27186 | 8,26,900.00 | മൗണ്ട് സിയോൺ മെഡിക്കൽ കോളേജ്, പത്തനംത്തിട്ട |

ഓരോ സ്ഥാപനത്തിന്റെയും കണക്കുകളിൽ ഇവ ഉൾപ്പെടുത്തിയത് രേഖപ്പെടുത്തിയ റീഫണ്ടബിൾ ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. റീഫണ്ടബിൾ ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കേണ്ടതും , സ്ഥാപനങ്ങളുടെ പേരിനു പകരം NA എന്ന് വരാനുണ്ടായ സാഹചര്യം പരിശോധിച്ച് Search fee ഓപ്ഷനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്.

## 1-3-3 വാർഷിക കണക്ക് -അപാകതകൾ

സർവ്വകലാശാലയുടെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**എ)വാർഷികകണക്കിനോടൊപ്പം ഡിമാന്റ് കളക്ഷൻ ബാലൻസ് പത്രികകൾ ലഭ്യമാക്കിയിട്ടില്ല**

സ.ഉ.(കൈ)നം.79/2017/ധന. തീയതി 14.2.2017 ഉത്തരവിൽ 'കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടെയും വാർഷിക കണക്കുകൾ AIMS ലൂടെ ഓഡിറ്റിനു സമർപ്പിക്കുന്നതോടൊപ്പം 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം,1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം എന്നിവ അനുശാസിക്കുന്ന പ്രകാരവും കെ.എഫ്.സി വാല്യം 1 ,ആർട്ടിക്കിൾ 209,210 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും വാർഷിക ധനകാര്യപത്രിക ഏകീകൃത ഫോർമാറ്റിൽ നിർബന്ധമായും സമർപ്പിക്കേണ്ടതാണെന്ന് പറയുന്നു.1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ ചട്ടം 15(1) (സി) പ്രകാരം സർവ്വകലാശാല ഓഡിറ്റിന് സമർപ്പിക്കേണ്ട വാർഷികകണക്കുകളിൽ താഴെ പറയുന്ന സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടുത്തേണ്ടതാണെന്ന്' വ്യക്തമാക്കിയിട്ടുണ്ട്.

1. A Demand Collection Balance statement of examination fee collected by the controller

2. A Demand Collection Balance statement of University Union Fee and sports affiliation fee to be collected by the principals of affiliated colleges and remitted to university fund .

എന്നാൽ മുൻവർഷങ്ങളിലെപ്പോലെ 2021-22-ലും ഹാജരാക്കിയ വാർഷിക കണക്കിനോടൊപ്പം ഡിമാന്റ് കളക്ഷൻ ബാലൻസ് പത്രികകൾ ലഭ്യമാക്കിയിട്ടില്ല.

വാർഷിക കണക്കിലെ വരവിനങ്ങളായ അക്കാദമിക് ഇൻകം, എക്സാമിനേഷൻ ഇൻകം, അഫിലിയേഷൻ ഫീ, Income from Constituent Instistution, Other Income, Debt head വരവുകൾ തുടങ്ങി എല്ലാ വരവിനങ്ങളുടെയും രജിസ്റ്ററുകളിൽ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ഡിമാന്റ് തുക, രസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള കളക്ഷൻ തുക, ബാലൻസ് ഷീറ്റ് പ്രകാരമുള്ള ലഭിക്കാനുള്ള തുക എന്നിവയുടെ സംക്ഷിപ്തം രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി

ഹാജരാക്കേണ്ടതാണ്. ഓൺലൈനായി തയ്യാറാക്കുന്ന വരവിനങ്ങളിൽ 2021-22 സാമ്പത്തിക വർഷത്തെ സംക്ഷിപ്തം പ്രിന്റ് എടുത്ത് രജിസ്റ്ററിൽ പതിച്ച് സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതുമാണ്.

**ബി) മുൻകൂറുകളുടെ രേഖപ്പെടുത്തൽ കൃത്യമല്ല**

വാർഷിക കണക്കിന്റെ ഷെഡ്യൂൾ 9 പ്രകാരം 31.3.2022ന് താഴെ പറയുന്ന മുൻകൂറുകൾ ക്രമീകരിക്കാനുള്ളതായി കാണുന്നു.

| ക്രമ നമ്പർ | | **വാർഷിക കണക്കിന്റെ ഷെഡ്യൂൾ 9 പ്രകാരം തുക** | **ഓഡിറ്റ്എൻക്വയറിയ്ക്കുള്ള മറുപടി പ്രകാരം ക്രമീകരിക്കാനുള്ള തുക(രജിസ്റ്ററുകൾ പരിശോധിച്ചതായി സൂചിപ്പിച്ചുകൊണ്ട് നൽകിയത്)** |
|---|---|---|---|
| 1 | ഡീൻ റിസർച്ച് | 100500.00 | ഇല്ല |
| 2 | ഡീൻ സ്റ്റുഡന്റ് അഫയർ | 1500114.00 | ഇല്ല |
| 3 | മറ്റ് സ്റ്റാഫ് | 84805.00 | ഇല്ല |
| 4 | Purchase of Computer | 792520.00 | ഇല്ല |
| 5 | SHPP | 30000.00 | 30000 |
| 6 | Conduct of Exam- ആയുർവ്വേദ | 312900.00 | ഇല്ല |
| 7 | Conduct of Exam ഡെന്റൽ | 1629694.00 | ഇല്ല |
| 8 | Conduct of Exam- ഹോമിയോ | 404089.00 | ഇല്ല |
| 9 | Conduct of Exam- മെഡിക്കൽ | 5357451.00 | 456145 |
| 10 | Conduct of Exam-നഴ്സിംഗ് | 1533490.00 | ഇല്ല |
| 11 | Conduct of Exam- ഫാർമസി | 5072391.00 | ഇല്ല |

| | | | |
|---|---|---|---|
| 12 | Conduct of Exam- സിദ്ധ | 47850.00 | ഇല്ല |
| 13 | വാല്യുവേഷൻ ക്യാമ്പ് | 972500.00 | ഇല്ല |
| 14 | Advance to suppliers | 32225209 | ലഭ്യമല്ല |

മുൻകൂർ റജിസ്റ്ററുകളിൽ മുൻവർഷത്തെ ക്രമീകരിക്കാത്ത മുൻകൂറുകൾ എടുത്തെഴുതുക, തൻവർഷം നൽകിയ തുകകൾ ചേർക്കുക, ഇപ്രകാരം ആകെ നൽകിയ മുൻകൂർ തുക, ,തൻവർഷം ആകെ ക്രമീകരിച്ച തുക, ക്രമീകരിക്കാൻ ബാക്കി നിൽക്കുന്ന തുക എന്ന രീതിയിലുള്ള രേഖപ്പെടുത്തലുകൾ ഓഡിറ്റിൽ ഹാജരാക്കിയ മുൻകൂർ രജിസ്റ്ററുകളിലില്ലാത്തതാണ്. ആയതിനാൽ തന്നെ വാർഷികകണക്കുകളിൽ ക്രമീകരിക്കുന്നതിന് ബാക്കി നിൽക്കുന്ന തുകയായി മേൽ പട്ടിക പ്രകാരം രേഖപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് നിലവിലെ രജിസ്റ്ററുകളിലെ രേഖപ്പെടുത്തൽ പര്യാപ്തമല്ല. എന്നാൽ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടി പരിശോധിച്ചതിൽ ക്രമനം. 5 ,9 ഒഴികെയുള്ള എല്ലാ മുൻകൂറുകളും ക്രമീകരിച്ചതായാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. മറുപടി പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വാർഷികകണക്കുകളിൽ പ്രതിഫലിക്കാതിരുന്നതിന് കാരണം വ്യക്തമല്ല. രജിസ്റ്ററുകൾ കൃത്യതയോടെ തയ്യാറാക്കി കണക്കുകൾ കൃത്യമാക്കിയതിനു ശേഷം മാത്രമാണ് വാർഷികകണക്കുകൾ തയ്യാറാക്കേണ്ടത് എന്നിരിക്കെ ഇപ്രകാരം അപാകത സംഭവിച്ചതിന് മതിയായ വിശദീകരണം നൽകേണ്ടതാണ്.

മുൻകൂർ തുകകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ പ്രത്യേകം ഖണ്ഡികയായി ചേർത്തിട്ടുണ്ട്..

**സി) ഇംപ്രസ്റ്റ് അക്കൗണ്ടുകൾ**

വാർഷിക കണക്കിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 9 പ്രകാരം വിവിധ ഇംപ്രസ്റ്റ് അക്കൗണ്ടുകളിലെ 31.03.2022 ലെ നീക്കിയിരിപ്പ് തുകയും ഇംപ്രസ്റ്റ് രജിസ്റ്ററുകളിലെ 31.03.2022 ലെ നീക്കിയിരിപ്പ് തുകയും തമ്മിൽ വ്യത്യാസം കാണുന്നു.

| ക്രമ നം. | ഇനം | ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | ഇംപ്രസ്റ്റ് രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|---|---|
| 1. | ജനറൽ ഫിനാൻസ് | 10100.00 | 278.00 | ഇംപ്രസ്റ്റ് രജിസ്റ്റർ പ്രകാരം impress 10,000/- രൂപ |
| 2. | CE ഫിനാൻസ് | 20000.00 | 6117.00 | - |
| 3. | ഫ്യുവൽ | 20000.00 | 16500.00 | - |
| 4. | വർക്ക്സ് | 10000.00 | 7166.00 | - |
| 5. | പർച്ചേസ് | 10000.00 | 0 | Settlement and Recoupment of 10000 sanctioned on 16.04.2022 |
| 6. | സ്കൂൾ ഓഫ് ഹെൽത്ത് പോളിസി & | 10000.00 | 530.00 | - |

| | | | | |
|---|---|---|---|---|
| | പ്ലാനിങ്(School of Public Health) | | | |
| 7. | സ്കൂൾ ഓഫ് ഫണ്ടമെന്റൽ റിസർച്ച് ഇൻ ആയുർവേദ (SFRA) | 10000.00 | 4461.00 | |

31.03.2022 വരെയുള്ള ഇംപ്രസ്റ്റ് രജിസ്റ്റർ പ്രകാരമുള്ള ചെലവുകൾ കൂടി വാർഷിക കണക്കിൽ ഉൾപ്പെടുത്തി ഇംപ്രസ്റ്റ് രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് തുക വാർഷിക കണക്ക് ബാലൻസ് ഷീറ്റ് പ്രകാരമുള്ള ഇംപ്രസ്റ്റ് നീക്കിയിരിപ്പും രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതാണ്.

ഡി)വാർഷിക കണക്കിൽ ഉൾപ്പെടാത്ത ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ

| ക്രമ നം | ട്രഷറി/ബാങ്ക്/ മറ്റുള്ളവ | അക്കൗണ്ട് നം | ഉദ്ദേശം | സംക്ഷിപ്തം | |
|---|---|---|---|---|---|
| 1 | എസ് ബി ഐ, തിരുവനന്തപുരം | 37853871815<br>Savings Bank Account | Office expence and academic activities( Professor in charge, School of Public Health, Thiruvananthapuram) | മുന്നിരിപ്പ് | 83167.45 |
| | | | | വരവ് | 156109.00 |
| | | | | ചെലവ് | 218668.00 |
| | | | | നീക്കിയിരിപ്പ് | 20608.45 |
| 2 | എസ് ബി ഐ, തിരുവനന്തപുരം | 38223672300<br>Current Account | KUHS Project (KUHS Family Health Study)<br>Account Closed | മുന്നിരിപ്പ് | 41042.74 |
| | | | | വരവ് | 0 |
| | | | | ചെലവ് | 41042.74 |
| | | | | നീക്കിയിരിപ്പ് | 0 |
| 3 | എസ് ബി ഐ, തിരുവനന്തപുരം | 40052117294<br>Current Account | KUHS Project.<br>(Breastfeeding rate and determinations KUHS) | മുന്നിരിപ്പ് | 9983.87 |
| | | | | വരവ് | 454420.00 |
| | | | | ചെലവ് | 327098.50 |
| | | | | നീക്കിയിരിപ്പ് | 137305.37 |
| 4 | എസ് ബി ഐ, തിരുവനന്തപുരം | 40700761154<br>Current Account | KUHS Project. (Professional Health workforce for Kerala determinants) | മുന്നിരിപ്പ് | 0 |
| | | | | വരവ് | 300000.00 |
| | | | | ചെലവ് | 29970.51 |
| | | | | നീക്കിയിരിപ്പ് | 270029.49 |
| 5 | എസ് ബി ഐ, തിരുവനന്തപുരം | 40799942013<br>Current Account | KUHS Project. (Capacity building for strengthening management informa) | മുന്നിരിപ്പ് | 10000.00 |
| | | | | വരവ് | 230000.00 |
| | | | | ചെലവ് | 94.54 |

| | | | | | |
|---|---|---|---|---|---|
| | | | | നീക്കിയിരിപ്പ് | 239905.46 |
| 6 | എസ് ബി ഐ, തൃപ്പൂണിത്തുറ | 37853694970<br>Current Account | Office expenses and academic activities | മുന്നിരിപ്പ് | 21792.00 |
| | | | | വരവ് | 162602.00 |
| | | | | ചെലവ് | 168886.00 |
| | | | | നീക്കിയിരിപ്പ് | 15508.00 |
| 7 | എസ് ബി ഐ, തൃപ്പൂണിത്തുറ | 38447113936<br>Current Account | For the project of SFRA | മുന്നിരിപ്പ് | 163461.83 |
| | | | | വരവ് | 69740.00 |
| | | | | ചെലവ് | 227649.00 |
| | | | | നീക്കിയിരിപ്പ് | 5552.83 |
| 8 | എസ് ബി ഐ,<br>കെ.യു.എച്ച്.എസ് ബ്രാഞ്ച് | 40598768176<br>Saving Bank Account | For the project" development and validation of a composit scale to assess healthy ageing and to develop an interdesciplinary guideline on healthy ageing in kerala"<br>Dr.Subhadra.K.T<br>Assoc.professor | മുന്നിരിപ്പ് | 0 |
| | | | | വരവ് | 433108.00 |
| | | | | ചെലവ് | 144010.00 |
| | | | | നീക്കിയിരിപ്പ് | 289098.00 |
| 9 | എസ് ബി ഐ | 33725005252<br>Saving Bank Account | NSS ഗ്രാന്റ് ഇൻ എയ്ഡ് വിതരണം ചെയ്യുന്നതിന് | മുന്നിരിപ്പ് | 572231.00 |
| | | | | വരവ് | 2874119.00 |
| | | | | ചെലവ് | 2009733.00 |
| | | | | നീക്കിയിരിപ്പ് | 1436617.00 |
| 10 | എസ് ബി ഐ | 37939700901<br>Current Account | NSS ഓഫീസിന്റെ ഭരണപരമായ ചെലവുകൾ നടത്തുന്നതിന് വേണ്ടി | മുന്നിരിപ്പ് | 2375123.57 |
| | | | | വരവ് | 251280.00 |
| | | | | ചെലവ് | 60782.00 |
| | | | | നീക്കിയിരിപ്പ് | 2565621.50 |

| | | | | | |
|---|---|---|---|---|---|
| 11 | എസ് ബി ഐ | 34397307743<br><br>അക്കൗണ്ട് തരം ലഭ്യമല്ല | ഗവേഷണ ആവശ്യങ്ങൾക്ക് | മുന്നിരിപ്പ് | 455461.25 |
| | | | | വരവ് | 11935.00 |
| | | | | ചെലവ് | 300000.00 |
| | | | | നീക്കിയിരിപ്പ് | 167396.25 |
| 12 | എസ് ബി ഐ | 32644539099<br><br>അക്കൗണ്ട് തരം ലഭ്യമല്ല | സർവ്വകലാശാലയിലെ കായികകലാ മത്സരങ്ങൾക്കുള്ള ചെലവുകൾ | മുന്നിരിപ്പ് | 1,29,938.21 |
| | | | | വരവ് | 1991619.00 |
| | | | | ചെലവ് | 2093519.00 |
| | | | | നീക്കിയിരിപ്പ് | 28038.21 |
| 13 | എസ് ബി ഐ | 36272021387<br><br>അക്കൗണ്ട് തരം ലഭ്യമല്ല | ഡീൻ അക്കാദമിക് ഓഫീസ് ചെലവുകൾക്കായി | മുന്നിരിപ്പ് | 14842.25 |
| | | | | വരവ് | 40562.00 |
| | | | | ചെലവ് | 40000.00 |
| | | | | നീക്കിയിരിപ്പ് | 15404.25 |

മേൽപ്പറഞ്ഞ ബാങ്ക് അക്കൗണ്ടുകൾ വാർഷികകണക്കുകളിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, തുടർ വർഷങ്ങളിലെ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തേണ്ടതുമാണ്. വിവിധ ആവശ്യങ്ങൾക്കു വേണ്ടി സർവ്വകലാശാലയിൽ നിന്നും അനുവദിച്ച തുകകൾ ചെലവഴിക്കാതെ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്ന നടപടി ക്രമത്തിലല്ല. ചെലവഴിക്കാതെ സൂക്ഷിച്ചിട്ടുള്ള തുകകൾ സർവ്വകലാശാല ജനറൽ ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഇ)** സർവ്വകലാശാലക്ക് ലഭിക്കേണ്ടതായ വിവിധതരം ഫീസുകൾ due ആകുന്ന തീയ്യതിയിൽ തന്നെ കണക്കിൽ ഉൾപ്പെടുത്തേണ്ടതാണെങ്കിലും സാമ്പത്തികവർഷത്തിന്റെ അവസാനമാണ് (31.03.2022) കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഉദാഹരണം: 1) Certificate verification fee

2) Continuation of provisional affiliation Fee

3) Annual Administration fees

എഫ്). സർവ്വകലാശാലക്ക് വിവിധ ഇനങ്ങളിലായി ലഭിക്കേണ്ട ഫീസുകൾ ഡിമാന്റ് ചെയ്യുന്ന ജേണൽ വൗച്ചറുകൾ ഫിനാൻസ് സ്യൂട്ടിൽ ഓൺലൈനായി ലഭ്യമാണെങ്കിലും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കുന്നില്ല.

ജി) വാർഷികകണക്കിനോടൊപ്പം ലഭ്യമാക്കിയ Notes to accounts-ലെ ക്രമ നം.7-ൽ പ്രസ്താവിച്ചതുപോലെ ആസ്തി രജിസ്റ്ററും ആസ്തികളുമായി ബന്ധപ്പെട്ട ഷെഡ്യൂളും പൊരുത്തപ്പെടുത്തിയിട്ടില്ല.

എച്ച്) സർവ്വകലാശാലയിൽ വിവിധ ആവശ്യങ്ങൾക്കായി സ്വീകരിക്കുന്ന വിവിധ ഇനം ഡെപ്പോസിറ്റുകൾക്ക് രശീതി നൽകുന്നതായി കാണുന്നില്ല. രജിസ്റ്ററിൽ ഓരോ സാമ്പത്തിക വർഷത്തെയും സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്താത്തതിനാൽ വാർഷിക കണക്കിൽ നൽകിയ വിവിധ ഇനം ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ്, വരവ്, തിരികെനൽകിയത്, നീക്കിയിരിപ്പ് മുതലായ വിവരങ്ങളുടെ പരിശോധന സാധ്യമായിട്ടില്ല.

ഐ) സർവ്വകലാശാലക്ക് വിവിധസ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന റീഫണ്ടബിൾ ഡെപ്പോസിറ്റ് ( Refundable deposit for new course, Refundable deposit for new college, Refundable deposit for enhancement of seat) കളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ ഹാജരാക്കാത്തതിനാൽ വാർഷിക കണക്കിൽ ഈ ഇനത്തിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. ഇത്തരം വിവരങ്ങളടങ്ങിയ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ജെ) ജനറൽ ഫണ്ട് പാർക്കിംഗ് അക്കൗണ്ട്-തിരികെ വന്ന ചെക്കുകൾ പ്രകാരമുള്ള തുക Liability in Respect of Stale Cheque ഇനത്തിലേക്ക് മാറ്റിയിട്ടില്ല. ജനറൽ ഫണ്ട് പാർക്കിങ് അക്കൗണ്ടിന്റെ(എസ്.ബി.ഐ അക്കൗണ്ട് നം.33547893871) 31.03.2022 ലെ റിക്കൺസിലിയേഷനിൽ TA credited, but not yet Accounted എന്ന ശീർഷകത്തിൽ 53,698/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് സർവ്വകലാശാലയിലെ വിവിധ മീറ്റിങ്ങുകളുമായി ബന്ധപ്പെട്ട യാത്രാബത്ത/ഹോണറേറിയം/പ്രതിഫല തുക,സ്കൂട്ടിനി/ സിനോപ്സിസ് ഇൻസ്പെക്ഷൻ തുടങ്ങിയവയുമായി ബന്ധപ്പെട്ട യാത്രാബത്ത/ പ്രതിഫല തുക എന്നിവയിലേതെങ്കിലും തുകകൾ അക്കൗണ്ട് സംബന്ധിയായ തകരാറുകൾ മൂലം ഇടപാടുകൾ പൂർത്തിയാക്കാൻ സാധിക്കാതെ ജനറൽ ഫണ്ട് പാർക്കിങ് അക്കൗണ്ടിലേക്ക് തിരികെ വന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറിക്ക്(നം.35/5.8.23) മറുപടിയായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. ആയതിൽ താഴെ പറയുന്ന ചെക്കുകൾ പ്രകാരമുള്ള തുക നാളിതുവരെ മേൽ പ്രകാരം നിയമിതരായവർക്ക് അനുവദിച്ചതായി കാണുന്നില്ല.

| ക്രമ നം. | ചെക്ക് നം./ തിയ്യതി | തുക | പാർക്കിംഗ് അക്കൗണ്ടിൽ ക്രെഡിറ്റായ തീയതി |
|---|---|---|---|
| 1. | 661457/25.08.2017 | 848.00 | 28.08.2017 |
| 2. | 661457/25.08.2017 | 1638.00 | 28.08.2017 |
| 3. | 661457/25.08.2017 | 988.00 | 28.08.2017 |
| 4. | 661698/24.10.2017 | 1500.00 | 25.10.2017 |
| 5. | 661698/24.10.2017 | 1500.00 | 30.10.2017 |
| 6. | 662332/22.12.2017 | 3586.00 | 30.12.2017 |
| 7. | 356450/17.09.2019 | 3126.00 | 19.09.2019 |
| 8. | 356458/18.09.2019 | 800.00 | 20.09.2019 |
| 9. | 356458/18.09.2019 | 400.00 | 20.09.2019 |

മേൽ പ്രകാരം നൽകിയ ചെക്കുകൾ ബന്ധപ്പെട്ട അക്കൗണ്ടുടമകൾക്ക് നൽകുന്നതിനുള്ള നടപടികൾ ബാങ്കുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതും, മുൻവർഷങ്ങളിലെ പ്രസ്തുത ചെക്കുകൾ Liability in Respect of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റേണ്ടതുമാണ്.

സാമ്പത്തികവർഷം അവസാനിച്ച് നിശ്ചിത സമയത്തിനുള്ളിൽ എല്ലാ രജിസ്റ്ററുകളും കണക്കുകളും കൃത്യമാക്കിയതിന് ശേഷം വാർഷികകണക്കുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും ഓഡിറ്റിൽ ഹാജരാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നമ്പർ. 29 / 31.7.23 )

## 1-3 ഓഡിറ്റ് നിരീക്ഷണങ്ങൾ

.

## 1-3-4 ഡിഡി ഫോർവേഡിംഗ് രജിസ്റ്ററുകൾ-കൈകാര്യം ചെയ്യുന്നതിൽ ഉദാസീനത- നടപടികൾ സ്വീകരിക്കേണ്ടതാണ്

2021-22 സാമ്പത്തികവർഷത്തെ എക്സാമിനേഷൻ തപാൽ വിഭാഗം ഡി.ഡി. ഫോർവേഡിങ് രജിസ്റ്ററും, സർവ്വകലാശാലയുടെ ഫിനാൻസ് സ്യൂട്ടും പരിശോധിച്ചതിൽ താഴെ നൽകിയിട്ടുള്ള ഡി.ഡി.കൾ സർവ്വകലാശാല അക്കൗണ്ടിൽ (സ്യൂട്ടിൽ) വരവു വെച്ചതായി കണ്ടില്ല. ആയതിനാൽ സർവ്വകലാശാലയുടെ വാർഷിക കണക്കിൽ ഈ തുകകൾ ഉൾപ്പെട്ടതായി കണക്കാക്കാൻ നിർവ്വാഹമില്ല എന്നതിനാൽ ആയതിന് കാരണം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/01.02.23, 03/03.02.23) മറുപടിയായി സർവ്വകലാശാലയിൽ ലഭ്യമായ ഡിഡി നമ്പറുകളുടെ വിശദാംശം ഹാജരാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രജിസ്റ്റർ | വ്യക്തികൾ/ സ്ഥാപനം | രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം ഡിഡി നം./ തീയതി | തുക | ഡിഡികൾ തപാലിൽ സ്വീകരിച്ച തീയതി | സർവ്വകലാശാലയുടെ മറുപടി പ്രകാരം സർവ്വകലാശാലയിൽ ലഭിച്ച ഡിഡി നം./തിയ്യതി |
|---|---|---|---|---|---|---|
| 1 | Exam – Book No.3 | അഖിൽ വർഗീസ് ജോയ് | 991143/ 26.04.2021 | 10.00 | 20.5.21 | 991144/ 26.04.2021 |
| 2 | Exam – Book No.3 | സ്വാതി മേരി ജോൺ | 283344/ 12.04.2021 | 505.00 | 19.04.21 | 283314/ 12.04.2021 |
| 3 | Exam – Book No.4 | അക്ഷയ് ബി എസ് | 113915/ 07.06.2021 | 445.00 | 21.6.21 | 013915/ 07.06.2021 |
| 4 | Exam – Book No.4 | ജയലക്ഷ്മി പി ആർ | 532359/ 28.04.2021 | 3335.00 | 21.6.21 | 532329/ 28.04.2021 |
| 5 | Exam – Book No.4 | അക്ഷയ് ബി എസ് | 031880/ 23.06.2021 | 660.00 | 25.6.21 | 013880/ 23.06.2021 |
| 6 | Exam – Book No.4 | അഖിൽ വർഗീസ് ജോയ് | 864771/ 09.07.2021 | 116.00 | 14.07.2021 | തുക 416/- രൂപ.ഡിഡിയുടെ സാധുത അവസാനിച്ചതിനാൽ ആയത് പുനർ സാധൂക രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | | | | |
|---|---|---|---|---|---|---|
| 7 | Exam – Book No.5 | ഷെബിൻ ആർ | 000026000/ 18.08.2021 | 300.00 | 28.8.21 | 646244/ 18.08.2021 |
| 8 | Exam – Book No.5 | ഓസ്റ്റിൻ ഉമ്മച്ചൻ | 458638/ 27.08.2021 | 300.00 | 3.9.21 | 458656/ 10.09.2021 |
| 9 | Exam – Book No.5 | സിബിൻ കെ യോഹന്നാൻ | 475025/ 13.08.2021 | 3955.00 | 7.9.21 | 5450/- രൂപ.<br>718469/ 20.09.2021 |
| 10 | Exam – Book No.6 | മുഹമ്മദ് ഹഫീഫ് റഹ്മാൻ | 095766/ 13.09.2021 | 445.00 | 23.9.21 | 095716/ 13.09.2021 |
| 11 | Exam – Book No.7 | ഡോ. കെ ഹരികൃഷ്ണൻ | 826385/ 28.10.2021 | 250.00 | 5.11.21 | 876385/ 28.10.2021 |
| 12 | Exam – Book No.7 | ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 282726/ 27.10.2021 | 445.00 | 8.11.21 | 862726/ 27.10.2021 |
| 13 | Exam – Book No.7 | ഡോ. സന്തോഷ് വി | 858491/ 01.12.2021 | 1330.00 | 4.12.21 | 658491/ 1.12.2021 |
| 14 | Exam – Book No.8 | M.P Board of AUSMN | 075139/ 26.11.2021 | 100.00 | 28.12.2021 | ഡിഡിയുടെ സാധുത അവസാനിച്ചതിനാൽ ആയത് പുനർ സാധൂ കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 15 | Exam – Pharmacy Book No.1 | ഷബ്നാസ് അബൂബക്കർ | 315351/ 10.02.2022 | 1150.00 | 16.02.2022 | 315354/ 10.02.2022 |
| 16 | Exam – Medical Book No.1 | ഡോ. ബാലകൃഷ്ണ .എ | 055226/ 05.02.2022 | 225.00 | 16.02.2022 | 055256/ 05.02.2022 |

ഇപ്രകാരം തപാൽ വിഭാഗത്തിൽ ലഭ്യമായ ഡി.ഡി കളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തിയ നമ്പറും, സ്യൂട്ടിൽ രേഖപ്പെടുത്തിയ ഡി.ഡി കളുടെ നമ്പറും വ്യത്യസ്തമായതിനാൽ തന്നെ യഥാർത്ഥത്തിൽ ലഭ്യമായ ഡി.ഡി കൾ ഏതാണെന്ന് ഒരു ആശയക്കുഴപ്പം നിലവിലുണ്ട്. ആയതിനാൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

എക്സാമിനേഷൻ തപാൽ വിഭാഗം ഡി.ഡി. ഫോർവേഡിങ് രജിസ്റ്ററും, സർവ്വകലാശാല ഫിനാൻസ് സ്യൂട്ടും പരിശോധിച്ചതിൽ താഴെ നൽകിയിട്ടുള്ള ഡി.ഡി. തുകകളിൽ പൊരുത്തക്കേടുകൾ ഉള്ളതായി കാണുന്നു..

| ക്രമ നം. | രജിസ്റ്റർ | വ്യക്തികൾ/ സ്ഥാപനം | ഡിഡി നം./ തീയതി | സ്യൂട്ട് - തുക | ഡി.ഡി ഫോർവേഡിങ്ങ് രജിസ്റ്റർ പ്രകാരം തുക | ഡിഡികൾ തപാലിൽ സ്വീകരിച്ച തീയതി |
|---|---|---|---|---|---|---|
| 1 | Exam – Book No.3 | കൃഷ്ണപ്രിയ ജയൻ | 612276/03.04.2021 | 106.00 | 100.00 | 09.03.2021 |
| 2 | Exam – Book No.4 | ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം | 111741/29.04.2021 | 445.00 | 45.00 | 02.06.2021 |
| 3 | Exam – Book No.5 | വിൻഷ സുരേഷ് | 006821/23.07.2021 | 445.00 | ഡിഡി രജിസ്റ്ററിൽ തുക രേഖപ്പെടുത്തി യിട്ടില്ല | 30.07.2021 |
| 4 | Exam – Book No.5 | മിഥുൻ പ്രവീൺ | 022440/06.08.2021 | 7434.00 | 1434.00 | 06.08.2021 |
| 5 | Exam – Book No.5 | അഷിത അലക്സ് | 326315/11.08.2021 | 9735.00 | 735.00 | 19.08.2021 |
| 6 | Exam – Book No.5 | ടീനു എലിസബത്ത് | 290484/24.08.2021 | 11345.00 | 1345.00 | 08.09.2021 |
| 7 | Exam – Book No.5 | ഡോ. അനുപമ എസ് | 022606/03.09.2021 | 450.00 | 45.00 | 14.09.2021 |
| 8 | Exam – Book No.7 | ശ്രുതി. വി. എസ് | 518202/25.10.2021 | 1335.00 | 335.00 | 30.10.2021 |

ഓഡിറ്റ് എൻക്വയറിക്ക് **(നമ്പർ.2/21-22 തീയതി. 01.02.2023)** മറുപടിയായി ഡി.ഡി ഫോർവേഡിങ് രജിസ്റ്ററിൽ തിരുത്തലുകൾ വരുത്തിയതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

തപാലിൽ ലഭിക്കുന്ന ഡിഡികൾ രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ വരുത്തുമ്പോൾ തന്നെ ആയത് ഉത്തരവാദപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തിയതിനു ശേഷം മാത്രം തുടർ നടപടികൾ സ്വീകരിക്കാവുന്ന രീതിയിലേക്ക് നിലവിലെ സമ്പ്രദായത്തിൽ മാറ്റം വരുത്തേണ്ടതാണ്. നിലവിൽ മിക്ക ഫീസിനങ്ങളും

ഓൺലൈൻ മുഖേന അടവാക്കുന്നതിനാൽ ഓൺലൈൻ പേയ്മെന്റ് സാധ്യമാകാത്തവ മാത്രമാണ് ഡിഡിയായി തപാൽ സെക്ഷനിൽ ലഭ്യമാക്കുന്നത്. ആയതിനാൽ രജിസ്റ്ററുകളിലെ രേഖപ്പെടുത്തൽ കുറ്റമറ്റ രീതിയിലാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-3-5 സർവ്വകലാശാലയിലെ വരവിനങ്ങളുടെ ഡിമാന്റ്, വാർഷിക കണക്ക്, ഡി സി ബി പത്രികകൾ പൊരുത്തപ്പെടുന്നില്ല.

സർവ്വകലാശാലയുടെ 2021-2022 വാർഷിക കണക്കിലെ അക്കൗണ്ടിങ്ങ് പോളിസി ക്രമ നം.1 പ്രകാരം "Financial statement are prepared on historical cost convention and an accrual basis unless otherwise stated" പ്രകാരമാണെങ്കിലും ഫീസിനങ്ങളിലുള്ള വരുമാനം അക്കൗണ്ട് ചെയ്തിരിക്കുന്നത് അക്കൗണ്ടിങ്ങ് പോളിസി ക്രമ നം. 6 ൽ സൂചിപ്പിച്ചത് പ്രകാരമാണ്. ആയത് ചുവടെ ചേർക്കുന്നു. "Income accrued but not received during the year from fee are accounted on accrual basis, based on the fee actually received as per cash book and fee receivable based on the information furnished by the respective branches. Such fee during the years prior to 2018-2019 were accounted on cash basis and as such the fee receivable during the said period will be accounted for during the year of their receipt, in order to be prudent and conservative".

2021-2022 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം ഡിമാന്റ് കണക്കാക്കാവുന്ന വരവിനങ്ങൾക്ക് തൻവർഷത്തെ ഡിമാന്റ് രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തൻ വർഷത്തെ കളക്ഷൻ | മുൻ വർഷം ലഭിക്കാനുള്ളതിൽ തൻ വർഷം ലഭിച്ച തുക | തൻ വർഷം കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുക | വാർഷിക കണക്ക് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം ഡിമാന്റ് |
|---|---|---|---|---|---|
| 1 | ആന്വൽ അഡ്മിനിസ്ട്രേഷൻ ഫീസ് | 101034750.00 | 3500.00 | 94649700.00 | 195680950.00 |
| 2 | അഫിലിയേഷൻ തുടർച്ചാനുമതി ഫീസ് | 45404225.00 | 194200.00 | 212675.00 | 45422700.00 |
| 3 | സ്റ്റുഡന്റ്സ് രജിസ്ട്രേഷൻ ഫീ | | | | |
| | a) സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ ഫീ | 12811770.00 | - | 12778220.00 | 25589990.00 |
| | b) സ്റ്റുഡന്റ്സ് ID കാർഡ് ഫീ | 890265.00 | - | - | 890265.00 |
| | c) സ്റ്റുഡന്റ്സ് യൂണിവേഴ്സിറ്റി യൂണിയൻ ഫീ | 3881850.00 | - | - | 3881850.00 |

| | | | | | |
|---|---|---|---|---|---|
| | **d)** സ്റ്റുഡന്റ്സ് സ്പോർട്സ് ഫീ | 3880250.00 | - | - | 3880250.00 |
| | | 21464135.00 | | 12778220.00 | 34242355.00 |

വാർഷിക കണക്കിൽ വരവിനങ്ങളിൽ രേഖപ്പെടുത്തിയ ഡിമാന്റ് തുകകളുടെ കൃത്യത ഉറപ്പാക്കുന്നതിനായി സർവ്വകലാശാല 2021-2022 ലെ ഡിമാന്റ് കളക്ഷൻ ബാലൻസ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ട്. ആയതിനോടൊപ്പം 2021-2022 വർഷത്തിൽ സർവ്വകലാശാലയിലെ അഫിലിയേറ്റ് സ്ഥാപനങ്ങളുടെ ലിസ്റ്റും, അവയിലെ കോഴ്സുകളുടെയും അനുവദിച്ച സീറ്റുകളുടെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

സർവ്വകലാശാലയുടെ 22.11.2019 ലെ നം. 9038/2019/Ac1/Gen A2/KUHS ഫീസ് നിർണ്ണയ ഉത്തരവു പ്രകാരം 2020-2021 അക്കാദമിക വർഷം മുതൽ നിലവിലെ ഫീസിൽ 5% വർദ്ധനവ് വരുത്തി ഉത്തരവായിട്ടുണ്ട്. 2021-2022 ലും ഫീസിന്റെ കാര്യത്തിൽ മേൽ ഉത്തരവ് ബാധകമാണ്.

ഓഡിറ്റിൽ ഹാജരാക്കിയ DCB പത്രികയിൽ ഓരോ കോളേജുകളിലും അംഗീകരിച്ച കോഴ്സുകളിൽ അനുവദിക്കപ്പെട്ട സീറ്റുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല.

സർവ്വകലാശാല ഹാജരാക്കിയ ഡി.സി.ബി പത്രികയിൽ ചുവടെ ചേർത്ത ഇനങ്ങൾക്ക് ഡിമാന്റ് തുക രേഖപ്പെടുത്തിയത് താഴെ ചേർക്കുന്നു. ആയത് വാർഷിക കണക്കിലെ ഡിമാന്റ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

| **ഇനം** | **ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഡിമാന്റ്** | **ഹാജരാക്കിയ ഡി.സി.ബി പത്രിക ഡിമാന്റ്** | **വ്യത്യാസം** |
|---|---|---|---|
| ആന്വൽ അഡ്മിനിസ്ട്രേഷൻ ഫീ | 195680950.00 | 99553400.00 | 96127550.00 |
| അഫിലിയേഷൻ തുടർച്ചാനുമതി ഫീ | 45422700.00 | 45055500.00 | 367200.00 |
| സ്റ്റുഡന്റ്സ് രജിസ്ട്രേഷൻ ഫീ | 34242355.00 | 21203680.00 | 13038675.00 |

ഇപ്രകാരം വാർഷിക കണക്കിലും സർവ്വകലാശാല സെക്ഷനുകൾ തയ്യാറാക്കിയ കണക്കുകളിലും കാണപ്പെടുന്ന വ്യത്യാസത്തിന് കാരണം വ്യക്തമല്ല.

സർവ്വകലാശാലയുടെ 2021-2022 ലെ കോഴ്സ് ലിസ്റ്റ്, ഇൻടേക്ക്, ഫീസ് നിർണ്ണയ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ ഇനങ്ങളിൽ ഡിമാന്റ് ചെയ്യപ്പെടേണ്ട തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| **സ്കീം** | **ആന്വൽ അഡ്മിനിസ്ട്രേഷൻ ഫീ** | **അഫിലിയേഷൻ തുടർച്ചാനുമതി ഫീ** | **സ്റ്റുഡന്റ്സ് രജിസ്ട്രേഷൻ ഫീ** |
|---|---|---|---|
| മെഡിക്കൽ | 64699819.00 | 26115100.00 | 16411000.00 |
| ഡെന്റൽ | 25856900.00 | 9590000.00 | 6042320.00 |

| | | | |
|---|---|---|---|
| പാരാമെഡിക്കൽ | 4437000.00 | 4501600.00 | 2898840.00 |
| ഫാർമസി | 8965400.00 | 6719300.00 | 6193740.00 |
| നഴ്സിങ് | 22947700.00 | 10525800.00 | 9103290.00 |
| ആയുർവ്വേദം | 7276800.00 | 3731300.00 | 3748480.00 |
| യുനാനി | 441000.00 | 55200.00 | 151200.00 |
| സിദ്ധ | 441000.00 | 55200.00 | 126000.00 |
| ഹോമിയോ | 0 | 662500.00 | 1064960.00 |
| | 135065619.00 | 61956000.00 | 45739830.00 |

മേൽ പ്രകാരമുള്ള ഡിമാന്റും വാർഷിക കണക്കിലെ ഡിമാന്റും പൊരുത്തപ്പെടുന്നില്ല.

| | **വാർഷിക കണക്ക്** | **മേൽ പട്ടിക പ്രകാരം** | **വ്യത്യാസം** |
|---|---|---|---|
| ആന്വൽ അഡ്മിനിസ്ട്രേഷൻ ഫീസ് | 195680950.00 | 135065619.00 | 60615331.00 |
| അഫിലിയേഷൻ തുടർച്ചാനുമതി ഫീസ് | 45422700.00 | 61956000.00 | 16533300.00 |
| സ്റ്റുഡന്റ്സ് രജിസ്ട്രേഷൻ ഫീ | 34242355.00 | 45739830.00 | 11497475.00 |

ഇപ്രകാരം സർവ്വകലാശാല വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകയും ഡിമാന്റ് ചെയ്യപ്പെടേണ്ട തുകയും തമ്മിൽ പൊരുത്തപ്പെടാത്തതിന് കാരണം അറിയിക്കുന്നതിന് നൽകിയ **ഓഡിറ്റ് എൻക്വയറി നമ്പർ.4/21-22 തീയതി. 14.02.2022 ന്** സർവ്വകലാശാല ലഭ്യമാക്കിയ മറുപടിയിൽ അക്കാദമിക് വിഭാഗം 2021-22 സാമ്പത്തികവർഷം തയ്യാറാക്കിയ ഡിസിബി പത്രികയുടെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്.

PROVISIONAL DCB STATEMENT 2021-22 (അക്കാദമിക് വിഭാഗം തയ്യാറാക്കിയത്)

| **ഇനം** | **മുൻബാക്കി** | **ഡിമാന്റ് 2021-22** | **കളക്ഷൻ 2021-22** | **നീക്കിയിരിപ്പ് 2021-22** | **2018-19 മുതൽ 2020-21 വരെയുള്ള കുടിശ്ശിക വരവ്** | **നീക്കിയിരിപ്പ്** |
|---|---|---|---|---|---|---|
| അഫിലിയേഷൻ തുടർച്ചാനുമതി ഫീസ് | 8166800.00 | 45055500.00 | 44842825.00 | 212675.00 | 194200.00 | 8185275.00 |

| | | | | | | |
|---|---|---|---|---|---|---|
| ആന്വൽ അഡ്മിനിസ്ട്രേഷൻ ഫീസ് | 93279240.00 | 194200000.00 | 99550300.00 | 94649700.00 | 3500.00 | 187925440.00 |
| സ്റ്റുഡന്റ്സ് രജിസ്ട്രേഷൻ ഫീ | 19895290.00 | 33900000.00 | 21121780.00 | 12778220.00 | ---- | 32673510.00 |

എന്നാൽ വാർഷികകണക്കിലെ രേഖപ്പെടുത്തലുകളും സർവ്വകലാശാലയുടെ മറുപടിയിൽ രേഖപ്പെടുത്തിയതും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | **വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്** | **ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ രേഖപ്പെടുത്തിയത് പ്രകാരമുള്ള ഡിമാന്റ്** | **വ്യത്യാസം** |
|---|---|---|---|
| ആന്വൽ അഡ്മിനിസ്ട്രേഷൻ ഫീസ് | 195680950.00 | 194200000.00 | 1480950.00 |
| അഫിലിയേഷൻ തുടർച്ചാനുമതി ഫീസ് | 45422700 | 45055500 | 367200 |
| സ്റ്റുഡന്റ്സ് രജിസ്ട്രേഷൻ ഫീസ് | 34242355 | 33900000 | 342355 |

1. 2021-22 അക്കാദമിക് വർഷത്തെ സ്റ്റുഡന്റ്സ് രജിസ്ട്രേഷൻ ഫീസ് കണക്കാക്കേണ്ടത് ഇൻടേക്കിന്റെ അടിസ്ഥാനത്തിലല്ല എന്നും അലോട്ടഡ് സ്റ്റുഡന്റിന്റെ അടിസ്ഥാനത്തിലാണെന്നും സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. എന്നാൽ അലോട്ടഡ് സ്റ്റുഡന്റിന്റെ വിവരം ഈ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തന്നെ ഈ ഇനത്തിലെ യഥാർത്ഥ ഡിമാന്റ് കണക്കാക്കുന്നതിന് സാധ്യമായിട്ടില്ല.

2. 2020 അക്കാദമിക് വർഷത്തെ താഴെ പറയുന്ന കോഴ്സുകളുടെ കട്ട് ഓഫ് ഡേറ്റ് 2021 വർഷത്തിലായതിനാൽ പ്രസ്തുത കോഴ്സുകളുടെ ഡിമാന്റ് തുകയും 2021-22 സാമ്പത്തികവർഷത്തിലാകുമെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

| **കോഴ്സ്** | **കട്ട് ഓഫ് ഡേറ്റ്** |
|---|---|
| ആയുർവേദ (യു.ജി)/പി.ജി) | 31.03.2021 |
| ഹോമിയോ (യു.ജി)/പി.ജി) | 31.03.2021 |
| പാരാമെഡിക്കൽ (യു.ജി) | 31.03.2021& 24.09.2021 |
| പാരാമെഡിക്കൽ (പി.ജി) | 30.07.2021 |
| സിദ്ധ (യു.ജി) | 31.03.2021 |
| യുനാനി (യു.ജി) | 31.03.2021 |

| | |
|---|---|
| ഫാർമസി.(പി.ജി) | 16.08.2021 |
| ബി.ഫാം (ലാറ്ററൽ എൻട്രി) | 16.08.2021 |

ഇപ്രകാരമുള്ള വ്യത്യാസങ്ങൾ നിലനിൽക്കുന്നതായി സർവ്വകലാശാല അറിയിച്ചിട്ടും സർവ്വകലാശാല തയ്യാറാക്കിയ വാർഷികകണക്കും അതാതു സെക്ഷനുകളിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അതാതു സെക്ഷനുകളിൽ നിന്നും കൃത്യമായ കണക്കുകൾ തയ്യാറാക്കി ആധികാരികമാക്കിയതിനു ശേഷം മാത്രം വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-3-6 ജനറൽ ഫണ്ട് പാർക്കിങ് അക്കൗണ്ടിൽ നിന്നും ബാങ്ക് ഈടാക്കിയ തുകകൾ തിരികെ ലഭിച്ചിട്ടില്ല

ജനറൽ ഫണ്ട് പാർക്കിങ്ങ് അക്കൗണ്ടിന്റെ (SBI അക്കൗണ്ട് നം. 33547893871) 31.03.2022 ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ഈ അക്കൗണ്ടിൽ നിന്നും മുൻ വർഷങ്ങളിൽ വിവിധ തിയ്യതികളിലായി താഴെ ചേർത്തിട്ടുള്ള തുകകൾ ബാങ്ക് ഈടാക്കിയതായി കാണുന്നു. ശ്രുതി. വി.

| ക്രമ നം. | വർഷം | ബാങ്ക് ഈടാക്കിയ തുക |
|---|---|---|
| 1. | 2014-15 | 311.00 |
| 2. | 2015-16 | 48.00 |
| 3. | 2016-17 | 736.00 |
| 4. | 2017-18 | 3998.50 |
| **ആകെ** | | **5093.50** |

മേൽ തുക സർവ്വകലാശാലയ്ക്ക് തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ അറിയിക്കുന്നതിനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.35/5.8.23) നൽകിയിരുന്നു.സർവ്വകലാശാലയുടെ 26.8.22 ലെ നം.2197/2022/C1/FIN-GEN/KUHS കത്തു പ്രകാരം പ്രസ്തുത വിഷയം എസ്.ബി.ഐ അധികാരികളെ അറിയിച്ചിട്ടുണ്ട് എന്നും ,എന്നാൽ തുക സർവ്വകലാശാല അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നാളിതു വരെ ലഭിച്ചിട്ടില്ല എന്നും സർവ്വകലാശാല മറുപടി നൽകിയിട്ടുണ്ട്.ആയതിനാൽ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-3-7 സർവ്വകലാശാല കെട്ടിടങ്ങൾ - ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ ലഭിച്ചിട്ടില്ല

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്കു വേണ്ടി സർവ്വകലാശാല കോമ്പൗണ്ടിൽ

1. അഡ്മിനിസ്ട്രേഷൻ ബിൽഡിംഗ്

2. ഇവാല്യുവേഷൻ സെന്റർ

3. യൂട്ടിലിറ്റി ബിൽഡിംഗ്

4. അക്കാദമിക് സ്റ്റാഫ് കോളേജ്/പരീക്ഷാ ഭവൻ

5. സ്റ്റാഫ് ക്വാർട്ടേഴ്സുകൾ – 3 എണ്ണം

എന്നിവയുടെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങൾക്ക് അവണൂർ ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ ലഭിച്ചതിന്റെ വിശദാംശം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/21.6.23ന് സർവ്വകലാശാല മറുപടി ലഭ്യമാക്കിയിട്ടുണ്ട്.ആയതു പ്രകാരം യൂട്ടിലിറ്റി ബിൽഡിംഗിന് 4/14A, 4/14B, 4/14 C എന്നീ കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ട് എന്നും, കൂടാതെ യൂട്ടിലിറ്റി ബിൽഡിംഗിന് വസ്തുനികുതി ഡിമാന്റ് ചെയ്തതിനാൽ 2021-22 സാമ്പത്തികവർഷത്തിൽ വസ്തു നികുതി അടവാക്കിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മറ്റ് കെട്ടിടങ്ങൾക്കൊന്നിനും കെട്ടിടനമ്പർ ലഭിച്ചിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. 03.05.2020 ലെ നം. ആർ.സി.2/100/2020/തസ്വഭവ പ്രകാരം ഒക്യുപൻസി നൽകുന്ന തിയ്യതി മുതൽ വസ്തു നികുതി ഈടാക്കേണ്ടതാണെന്ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങൾ ഉടമ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതും, തദ്ദേശ ഭരണ സ്ഥാപനം ഒക്യുപൻസി നൽകേണ്ടതുമാണ്. അപ്രകാരം കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ഗ്രാമ പഞ്ചായത്തിനെ അറിയിക്കാത്തതിനാലാണോ ഒക്യുപൻസിയും, കെട്ടിട നമ്പറും ലഭിക്കാത്തതെന്ന് വ്യക്തമല്ല. കെട്ടിട നമ്പർ ഇല്ലാത്തതിനാൽ വസ്തു നികുതി ഡിമാന്റും ഇല്ലായെന്ന് കാണുന്നു. അനധികൃത കെട്ടിടങ്ങൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒഴിവാക്കേണ്ടതാണ്.

സർവ്വകലാശാല കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി നൽകിയിട്ടുള്ളതായി സർവ്വകലാശാല മറുപടിയിൽ രേഖപ്പെടുത്തിയിട്ടില്ല. യൂട്ടിലിറ്റി ബിൽഡിംഗ് ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിടനമ്പറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3-8 യൂട്ടിലിറ്റി ബിൽഡിങ്ങിലെ SBI ബാങ്കിന്റെ വാടക - ജി.എസ്.ടി ഈടാക്കുന്നില്ല

2021-22 സാമ്പത്തിക വർഷത്തിൽ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ യൂട്ടിലിറ്റി ബിൽഡിങ്ങിൽ എസ്.ബി.ഐ ക്ക് വാടകയ്ക്ക് നൽകിയ മുറികൾക്ക് പ്രതിമാസം 57,000/- രൂപ വാടക ഈടാക്കിയിട്ടുണ്ട്. എന്നാൽ സർവ്വകലാശാല രജിസ്ട്രാറും SBI റീജനൽ മാനേജറും തമ്മിൽ 17.10.2018 ൽ ഒപ്പുവെച്ച ധാരണാപത്രം പ്രകാരം പ്രതിമാസ വാടകയായി നിശ്ചയിച്ചിട്ടുള്ള തുക 57,000/- + GST യാണ്. 2021-22 സാമ്പത്തിക വർഷത്തിൽ പ്രതിമാസ വാടകയോടൊപ്പം ബാങ്ക് GST അടവാക്കിയതായി കാണുന്നില്ല. 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് എൻക്വയറിക്ക് (നം.53/22.7.22 )മറുപടിയായി പെർമനന്റ് കെട്ടിട നമ്പർ ലഭ്യമാവുന്ന മുറയ്ക്ക് ബാങ്കുമായി കരാറിലേർപ്പെടുന്നതാണെന്നും, വാടക പുതുക്കി നിശ്ചയിക്കുന്നതുമാണെന്നാണ് അറിയിച്ചിരുന്നത്.

1. 2021-22 സാമ്പത്തികവർഷത്തിൽ ജി.എസ്.ടി ഇനത്തിൽ ഈടാക്കുന്നതിനുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| **വർഷം** | **ഈടാക്കിയ വാടക** | **ഈടാക്കേണ്ട ജി.എസ്.ടി** |
|---|---|---|
| 4/2021 മുതൽ 3/22 വരെ | 57000x12= 684000.00 | 684000x18%= 123120.00 |

അവണൂർ ഗ്രാമപഞ്ചായത്തിൽ നിന്നും യൂട്ടിലിറ്റി ബിൽഡിംഗിന് കെട്ടിട നമ്പർ അനുവദിച്ചു നൽകിയിട്ടുണ്ട്.എസ്.ബി.ഐ ബാങ്കുമായി കരാറിലേർപ്പെട്ടിട്ടുണ്ടോ എന്നതിന്റേയും വാടക പുതുക്കി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതിന്റേയും വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/1.8.23) സർവ്വകലാശാല നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

എസ്.ബി.ഐ ബാങ്കുമായി കരാറിലേർപ്പെടുന്ന നടപടികൾ അവസാനഘട്ടത്തിലാണെന്നും കരാറിലേർപ്പെടുന്ന മുറയ്ക്ക് GST കുടിശ്ശിക അടവാക്കുന്നതാണെന്നും ബാങ്ക് അറിയിച്ചിട്ടുണ്ട്.

SBI യുമായി കരാർ ചമച്ച് കരാർ വ്യവസ്ഥ പ്രകാരമുള്ള വാടകയും ജി.എസ്.ടി യും തുടർ മാസങ്ങളിൽ ഈടാക്കേണ്ടതും, ജി.എസ്.ടി ഇനത്തിലെ കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-3-9 സ്ഥാപന ഡയറക്ടറുടെ അണ്ടർടേക്കിങ്ങിന്റെ അടിസ്ഥാനത്തിൽ അഫിലിയേഷൻ തുടർച്ചാനുമതി അനുവദിച്ചു - അപാകതകൾ പരിഹരിക്കപ്പെടുന്നില്ല.

അഫിലിയേഷൻ തുടർച്ചാനുമതി നടപടികളുമായി ബന്ധപ്പെട്ട സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ നിലവിലുള്ള നിയമം, സ്റ്റാറ്റ്യൂട്ട് ,സർവ്വകലാശാല ഉത്തരവുകൾ എന്നിവയനുസരിച്ചാണ് നടത്തേണ്ടത്. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമം, നിയമത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ആദ്യ സ്റ്റാറ്റ്യൂട്ട്, കോളേജുകളുടെ അഫിലിയേഷൻ നടപടികൾക്കായി ഗവേണിംഗ് കൗൺസിലിന് അനുവദിച്ചു നൽകിയിട്ടുള്ള അധികാരങ്ങളുടെ പിൻബലത്തോടെ സർവ്വകലാശാല തന്നെ തയ്യാറാക്കിയ പ്രൊവിഷണൽ അഫിലിയേഷൻ തുടർച്ചാനുമതിയ്ക്കായുള്ള നടപടിക്രമങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് അഫിലിയേഷൻ നടപടിക്രമങ്ങൾ സർവ്വകലാശാല പൂർത്തീകരിക്കേണ്ടത്. G.O(P)No.3/2019/H&FWD dtd 06.02.19 പ്രകാരം അംഗീകരിച്ച ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 2019 അദ്ധ്യായം XXI-ൽ അഫിലിയേഷൻ സംബന്ധിച്ച വ്യവസ്ഥകൾ വ്യക്തമാക്കിയിട്ടുണ്ട്.

- ഖണ്ഡിക 385 പ്രകാരം [385(I) മുതൽ 385 (XX)വരെ] അഫിലിയേഷൻ അനുമതിയ്ക്കായുള്ള വ്യവസ്ഥകൾ രേഖപ്പെടുത്തിയതിൽ പ്രസ്തുത വ്യവസ്ഥകളെല്ലാം തന്നെ പാലിക്കപ്പെടുന്നുണ്ടോ എന്നത് പരിശോധിക്കുന്നതിന് സർവ്വകലാശാല ഒരു ഇൻസ്പെക്ഷൻ ടീമിനെ നിയോഗിക്കുകയും പ്രസ്തുത ടീം സമർപ്പിക്കുന്ന ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരം അഫിലിയേഷൻ സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു [ഖണ്ഡിക391(1),(2)].
- ഇൻസ്പെക്ഷൻ കമ്മിറ്റി റിപ്പോർട്ട് സർവ്വകലാശാല സ്ക്രൂട്ടിനി കമ്മിറ്റി പരിശോധിച്ച് അഫിലിയേഷൻ സംബന്ധിച്ച ശുപാർശ ഗവേണിംഗ് കൗൺസിലിന് ലഭ്യമാക്കുകയും ചെയ്യുന്നു.

അഫിലിയേറ്റഡ് കോളേജുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി, NMC, INC തുടങ്ങിയവ പ്രസിദ്ധീകരിച്ച റെഗുലേഷനുകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയ ഇൻസ്പെക്ഷൻ പ്രോഫോർമകളും സർവ്വകലാശാല ഉത്തരവുകളുമാണ് മാനദണ്ഡമാക്കുന്നത്. ഇതു പ്രകാരം ഒരു അഫിലിയേറ്റഡ് കോളേജിൽ ഉണ്ടായിരിക്കേണ്ട Minimum Standard Requirements (MSR) നിശ്ചയിച്ചിട്ടുണ്ട്. ഇവ പാലിച്ചുകൊണ്ടാണ് അഫിലിയേഷൻ തുടർച്ചാനുമതി നല്കേണ്ടത്. എന്നാൽ ഈ നിലവാര നിഷ്കർഷകൾ പാലിക്കാതെ അഫിലിയേഷൻ തുടർച്ചാനുമതി നല്കുന്നതായി കാണുന്നു.

സർവ്വകലാശാല നോട്ടിഫിക്കേഷൻ നം. 25494/2019/AC1/Gen/A2/KUHS തിയ്യതി. 4.8.20 പ്രകാരം 2021-22 വർഷത്തെ അഫിലിയേഷൻ തുടർച്ചാനുമതിക്ക് അപേക്ഷ നൽകിയ താഴെ പറയുന്ന നഴ്സിങ് കോളേജുകളിൽ ഇൻസ്പെക്ഷൻ നടത്തുകയും, സ്ക്രൂട്ടിനി കമ്മിറ്റി ആയത് ഗവേണിങ് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ഗവേണിങ് കൗൺസിൽ തീരുമാനം - 66.20/16.11.21

| ക്രമ നം. | കോളേജ് | കോഴ്സ് & സീറ്റുകൾ | KNMC ഉത്തരവ് നം. | ന്യൂനതകൾ |
|---|---|---|---|---|
| 1. | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിങ് സയൻസ് & റിസർച്ച് – മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി | ബി.എസ്.സി നഴ്സിങ് – 40 | G.70504/17/NC dated. 21.06.2021 for 40 seats | 5 അധ്യാപകരുടെ എണ്ണത്തിലുള്ള കുറവ്, 4 അധ്യാപകരെ താല്ക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്നു. MSR 2.6.8 (VIII) പ്രകാരം ഒരു കോളേജിന് ആവശ്യമായ മൊത്തം അധ്യാപകരുടെ എണ്ണം |

| | | | | |
|---|---|---|---|---|
| | | | | കണക്കാക്കുന്നതിന് പാർട്ട് ടൈം വിഭാഗത്തിലുള്ള നഴ്സിങ്/ പുറത്തുനിന്നുള്ള അധ്യാപകരുടെ എണ്ണം കണക്കാക്കില്ല. |
| 2. | SIMET College of Nursing, Palluruthy | ബി.എസ്.സി നഴ്സിങ് – 60<br>പോസ്റ്റ് ബേസിക് ബി.എസ്.സി നഴ്സിങ് – 30 | G.9124/10/NC dated. 21.06.2021 | അധ്യാപകരുടെ എണ്ണത്തിലുള്ള കുറവ് |
| 3. | SIMET College of Nursing, Malampuzha | ബി.എസ്.സി നഴ്സിങ്-60 പോസ്റ്റ് ബേസിക് ബി.എസ്.സി നഴ്സിങ് – 30 | G.6885/09/NC dated. 30.06.2021 | വൈസ് പ്രിൻസിപ്പൽ ഉൾപ്പെടെയുള്ള അധ്യാപകരുടെ എണ്ണത്തിലുള്ള കുറവ് |
| 4. | SIMET College of Nursing, Kasargod | ബി.എസ്.സി നഴ്സിങ് – 60 പോസ്റ്റ് ബേസിക് ബി.എസ്.സി നഴ്സിങ് – 40 | G.9123/09/NC dated. 21.06.2021 | 1) വൈസ് പ്രിൻസിപ്പാൾ ഉൾപ്പെടെ 7 അധ്യാപകരുടെ എണ്ണത്തിലുള്ള കുറവ്<br>2) ലൈബ്രറിയിൽ ആവശ്യത്തിന് പുസ്തകങ്ങൾ ഇല്ല<br>3) ഹോസ്റ്റൽ സൗകര്യം ഇല്ല |

മേൽപട്ടികയിൽ സൂചിപ്പിച്ച മലബാർ കാൻസർ സെന്റർ, തലശ്ശേരിയ്ക്ക് സ്കൂട്ടിനി കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിലും, SIMET സ്ഥാപനങ്ങളുടെ കാര്യത്തിൽ 2021-22 അക്കാദമിക് വർഷത്തെ ക്ലാസുകൾ ആരംഭിക്കുന്നതിനു മുമ്പെ ഒഴിവുകൾ നികത്താമെന്ന അഡീഷണൽ ചീഫ് സെക്രട്ടറി നൽകിയ ഉറപ്പിന്റെയും, SIMET സ്ഥാപന ഡയറക്ടർ നൽകിയ ഡിക്ലറേഷന്റെയും അടിസ്ഥാനത്തിൽ നിബന്ധനകളോടെയുള്ള അഫിലിയേഷൻ തുടർച്ചാനുമതി അനുവദിക്കുന്നതിനും, കോളേജുകളുടെ ലിസ്റ്റ് അലോട്ട്മെന്റ് നടപടികൾക്കായി LBS സെന്ററിന് അയച്ചു നൽകാനും തീരുമാനിച്ചിരുന്നു. വൈസ് ചാൻസലറുടെ മേൽ തീരുമാനം ഗവേണിംഗ് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും മുകളിൽ പറഞ്ഞ 4 സ്ഥാപനങ്ങൾക്കും 2021-22 അക്കാദമിക് വർഷത്തിൽ അഫിലിയേഷൻ തുടർച്ചാനുമതി അനുവദിക്കുന്നതിനും തീരുമാനിച്ചു.(GC-66.20/16.11.2021)

2018-19, 2019-20, 2020-21 അക്കാദമിക് വർഷങ്ങളിലെല്ലാം തന്നെ SIMET സ്ഥാപനങ്ങളിൽ അധ്യാപകരുടെ കുറവ് രേഖപ്പെടുത്തുകയും, ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിലും, SIMET ഡയറക്ടറുടെ ഉറപ്പിൻമേലും അഫിലിയേഷൻ തുടർച്ചാനുമതി അനുവദിച്ചു വരികയും ചെയ്തിട്ടുണ്ട്.തുടർച്ചയായ 4 വർഷങ്ങളിൽ ഇപ്രകാരം അധ്യാപകരുടെ കുറവ് രേഖപ്പെടുത്തിയിട്ടും വീണ്ടും അതേ അപാകത ചൂണ്ടിക്കാണിച്ച് അഫിലിയേഷൻ തുടർച്ചാനുമതി അനുവദിച്ചിട്ടുണ്ട്.

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് (G.O (P) No. 3/2019/H&FWD തിയ്യതി. 06.02.2019) ചാപ്റ്റർ XXI, ഖണ്ഡിക 392 ൽ " If the Conditions are not fulfilled by the end of the period fixed, the affiliation shall cease automatically" എന്നു രേഖപ്പെടുത്തി കാണുന്നു. അപ്രകാരം സ്റ്റാറ്റ്യൂട്ടിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരിക്കാനുള്ള കാരണം എൻക്വയറി മുഖേന

ആവശ്യപ്പെട്ടതിന് സർവ്വകലാശാല ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.( **എൻക്വയറി നം. 26/26.7.23)**

സർവ്വകലാശാലയുടെ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ കോളേജുകളെയും, നേരിട്ട് സർക്കാരിനെയും പലതവണകളിലായി അറിയിച്ചിട്ടുണ്ട്. സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വരുന്നവയാണ് സിമെറ്റ് നഴ്സിങ് കോളേജുകൾ. പ്രസ്തുത കോളേജുകളിൽ 50% മെറിറ്റ് സീറ്റുകളും LBS അലോട്ട്മെന്റ് നടത്തുന്നവയുമാണ്. ആയതിനാൽ പ്രസ്തുത കോളേജുകൾക്ക് അഫിലിയേഷൻ നിരസിക്കുന്നത് മുഖേന 120 ഓളം വിദ്യാർത്ഥികൾക്ക് മെറിറ്റ് വ്യവസ്ഥയിൽ ബി.എസ്.സി നഴ്സിങ് പഠനം നടത്തുന്നതിനുള്ള അവസരം നഷ്ടപ്പെടുകയും പ്രസ്തുത വിദ്യാർത്ഥികൾക്ക് മറ്റ് സ്വാശ്രയ കോളേജുകളിൽ ചേർന്ന് ഭീമമായ തുക ചെലവഴിച്ച് പഠനം നടത്തേണ്ട അവസ്ഥയും വരുന്നതാണ്. എന്നിരുന്നാലും പ്രസ്തുത പോരായ്മകൾ വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കുന്നതാണ് എന്ന കാര്യം പരിഗണിച്ച് പോരായ്മകൾ അടിയന്തിരമായി പരിഹരിക്കുവാൻ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അപാകതകൾ ആവർത്തിച്ചുവരുമ്പോൾ **"നിബന്ധനകളോടെ അഫിലിയേഷൻ തുടർച്ച"** അനുവദിച്ചതിനുശേഷം നിശ്ചിത സമയപരിധിക്കകം അപാകതകൾ പരിഹരിക്കുന്നുണ്ടോ എന്നത് സർവ്വകലാശാല പരിശോധിക്കുന്നില്ല. അപാകതകളിൻമേൽ തുടർനടപടികൾ സ്വീകരിച്ചതു സംബന്ധിച്ച വിശദാംശങ്ങൾ അടുത്ത അധ്യയന വർഷത്തേക്കുള്ള അഫിലിയേഷൻ തുടർച്ച നല്കുന്നതിനായുള്ള ഇൻസ്പെക്ഷനിലാണ് പരിശോധിക്കപ്പെടുന്നത്. ഓരോ അധ്യയന വർഷത്തേക്കും ഇൻസ്പെക്ഷൻ കമ്മിറ്റി നടത്തുന്ന പരിശോധനകളിൽ കണ്ടെത്തുന്ന പോരായ്മകൾ അതേ അധ്യയന വർഷം തന്നെ പരിഹരിക്കുന്നതിനായുള്ള നടപടികൾ സർവ്വകലാശാലയുടെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതാണ്. സർവ്വകലാശാലയുടെ പരിമിതമായ പരിശോധനയിൽ കണ്ടെത്തുന്ന അപാകതകൾ പോലും പരിഹരിക്കാതെ അഫിലിയേറ്റഡ് കോളേജുകൾക്ക് അഫിലിയേഷൻ തുടർച്ചാനുമതി അനുവദിക്കുന്ന കീഴ്വഴക്കം സർവ്വകലാശാലയുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ നിലവാര തകർച്ചക്ക് കാരണമായേക്കാം. ഈ വിഷയത്തിൽ ഉത്തരവാദിത്തപ്പെട്ടവരുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.ഈ സ്ഥാപനങ്ങളിൽ ഫാക്കൽറ്റി കുറവ് പരിഹരിക്കുന്നതിന് സർവ്വകലാശാലാ തലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട രേഖകളോടൊപ്പം ഹാജരാക്കേണ്ടതാണ്.

## 1-3-10 കേന്ദ്ര – ആയുഷ് മന്ത്രാലയത്തിന്റെ അനുമതി പത്രം - അനുമതി പത്രം ഹാജരാക്കുന്നതിനു മുമ്പെ അഫിലിയേഷൻ തുടർച്ചാനുമതി അനുവദിച്ചു

സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത വിവിധ ആയുർവേദ കോളേജുകൾക്ക് 2021-22 അക്കാദമിക് വർഷത്തേക്കുള്ള അഫിലിയേഷൻ തുടർച്ചാനുമതി അനുവദിക്കുന്നതിന് നോട്ടിഫിക്കേഷൻ നം. 25494/2019/AC-1/Gen/A2/KUHS തിയ്യതി. 4.8.20 പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു.

11.2.2015 ലെ ഗവേണിങ് കൗൺസിൽ തീരുമാനം 23.19 പ്രകാരം UG/PG/Superspeciality കോഴ്സുകളിലെ ആദ്യ ബാച്ച് പാസ് ഔട്ട് ആകുന്നതു വരെ എല്ലാ വർഷങ്ങളിലും, അല്ലാത്ത കോളേജുകളിൽ 2 വർഷത്തിലൊരിക്കലും ഇൻസ്പെക്ഷൻ നടത്തിയതിനു ശേഷം മാത്രം അഫിലിയേഷൻ തുടർച്ചാനുമതി അനുവദിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ കോവിഡ്-19 ന്റെ സാഹചര്യത്തിൽ സർവ്വകലാശാല ഉത്തരവ് നം. 8/2021/academic/KUHS Dated. 6.1.21 പ്രകാരം ഈ തീരുമാനത്തിൽ ഭേദഗതി വരുത്തുകയുണ്ടായി. ഭേദഗതി വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. ഒരു കോളേജിലെ എല്ലാ കോഴ്സുകളിലെയും ആദ്യ ബാച്ച് പാസ് ഔട്ട് ആകുകയും, അതോടൊപ്പം 2019-20 അഫിലിയേഷൻ തുടർച്ചാനുമതിക്കായി ഇൻസ്പെക്ഷൻ നടത്തി മേജർ/മൈനർ പോരായ്മകൾ ചൂണ്ടിക്കാണിച്ചിട്ടില്ലെങ്കിലും, 2020-21 അക്കാദമിക് വർഷം അഫിലിയേഷൻ തുടർച്ചാനുമതിക്കായി ഇൻസ്പെക്ഷൻ നടത്തുന്നതുമായ സ്ഥാപനങ്ങൾ.
2. 2020-21 അക്കാദമിക് വർഷം അഫിലിയേഷൻ തുടർച്ചാനുമതിയ്ക്കായി ഇൻസ്പെക്ഷൻ നടത്തി പോരായ്മകൾ ഒന്നും തന്നെ ചൂണ്ടിക്കാണിക്കാത്ത സ്ഥാപനങ്ങൾ.

3. ഇതിലേതെങ്കിലും ഒരു വ്യവസ്ഥ പാലിക്കുന്ന സ്ഥാപനങ്ങൾക്ക് അഫിലിയേഷൻ തുടർച്ചാനുമതി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ക്രമ നമ്പർ (3) ലെ വ്യവസ്ഥ പാലിച്ച താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ആയുഷ് മന്ത്രാലയത്തിൽ നിന്നുള്ള letter of permission ഇല്ലാതെ തന്നെ അഫിലിയേഷൻ തുടർച്ചാനുമതി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. (ഗവേണിംഗ് കൗൺസിൽ തീരുമാനം-64.23/28.04.2021) പിന്നീട് വിവിധ തിയ്യതികളിൽ നിബന്ധനകളോടെയുള്ള permission ലഭ്യമായതായി സർവ്വകലാശാല ഉത്തരവുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| **സ്ഥാപനം** | **കോഴ്സ്** | **Clause by which one time exemption is eligible** | **Letter of conditional permission from Ayush Department** |
|---|---|---|---|
| അഹല്യ ആയുർവേദ മെഡിക്കൽ കോളേജ്, പാലക്കാട് | BAMS – 60 Seat | 2 | Ref.no.4-133/2021–AY<br>23.08.21 |
| KMCT ആയുർവേദ മെഡിക്കൽ കോളേജ്, കോഴിക്കോട് | BAMS – 60 Seat | 2 | Ref.no.4-83/2021–AY<br>04.02.22 |
| മന്നം ആയുർവേദ കോപ്പറേറ്റീവ് മെഡിക്കൽ കോളേജ്, പന്തളം | BAMS – 60 Seat | 2 | Ref.no.4-121/2021–AY<br>19.08.21 |
| നങ്ങേലിൽ ആയുർവേദ മെഡിക്കൽ കോളേജ്, കോതമംഗലം | BAMS – 60 Seat | 2 | Ref.no.4-51/2021–AY 11.09.21 |
| PN പണിക്കർ സൗഹൃദ ആയുർവേദ മെഡിക്കൽ കോളേജ്, കാസർഗോഡ് | BAMS – 50 Seat | 2 | Ref.no.4-126/2021–AY 23.08.21 |
| MVR ആയുർവേദ മെഡിക്കൽ, കോളേജ്, പറശ്ശിനിക്കടവ് | BAMS – 60 Seat<br>B Pharm (Ayurveda) – 50 Seat<br>Bsc Nursing (Ayurveda) – 50 Seat | 2 | - |
| ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജ്, പാലക്കാട് | BAMS – 50 Seat | 2 | Ref.no.4-50/2021–AY<br>23.08.21 |
| വിഷ്ണു ആയുർവേദ മെഡിക്കൽ കോളേജ്, | BAMS – 60 Seat | 2 | Ref.no.4-52/2021–AY dt.26.10.21 |

| | | | |
|---|---|---|---|
| ഷൊർണ്ണൂർ | | | |

National Commission for Indian Systems of Medicine (NCISM) വിവിധ തിയ്യതികളിൽ ലഭ്യമാക്കിയ മേൽ Conditional permission ലെ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. കോളേജ് സമർപ്പിച്ച അണ്ടർടേക്കിങ്/ഇൻഡെംനിറ്റി ബോണ്ടിൽ വ്യക്തമാക്കിയ വ്യവസ്ഥകളുടെ പൂർത്തീകരണം.

2. കോളേജ്/ആശുപത്രികളിലെ അധ്യാപക അനധ്യാപക ജീവനക്കാർക്ക് ഇ.പി.എഫ്, ഇ.എസ്.ഐ സൗകര്യങ്ങൾ നൽകുന്നതിന്റെയും ജീവനക്കാരുടെ വ്യവസ്ഥകൾക്കനുസരിച്ച് സ്ഥിരമായി ശമ്പളം നൽകുന്നതിന്റെയും വിശദാംശങ്ങൾ. പ്രൊവിഡന്റ് ഫണ്ടും മറ്റ് വ്യവസ്ഥകളും നിയമം 1952 & ഇ.എസ്.ഐ ആക്ട് 1948, പ്രസക്തമായ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വിശദീകരിക്കുന്ന സത്യവാങ്മൂലം ഒരു മാസത്തിനകം കോളേജ് സമർപ്പിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി Conditional Permission ലഭ്യമായതിന്റെ രേഖകളാണ് ഹാജരാക്കിയത്. എന്നാൽ NCISM നിഷ്കർഷിച്ച മേൽ വ്യവസ്ഥകൾ സ്ഥാപനങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് സർവ്വകലാശാല പരിശോധിച്ച് ഉറപ്പു വരുത്തിയതിന്റെയോ , NCISM ൽ നിന്നും സ്ഥാപനങ്ങൾക്ക് പിന്നീട് Letter of Permission ലഭിച്ചതിന്റെയോ, സ്ഥാപനങ്ങൾ ആയവ സർവ്വകലാശാലയിൽ ഹാജരാക്കിയതിന്റെയോ രേഖകൾ ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. സ്ഥാപനങ്ങൾ NCISM നിർദ്ദേശിച്ച വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്നത് തുടർ പരിശോധനകളിൽ ഉറപ്പുവരുത്തുന്നതിന് സർവ്വകലാശാല ശ്രദ്ധിക്കേണ്ടതാണ്.(ഓഡിറ്റ് **എൻക്വയറി നം. 21/26.07.23)**

## 1-3-11 ഗവേണിംഗ് കൗൺസിലിന്റെ തീരുമാനങ്ങൾക്ക് ആധാരമായ വസ്തുതകൾ നൽകുന്നതിലെ അപര്യാപ്തത

ഗവേണിങ് കൗൺസിലിന്റെ 16.11.21 തിയ്യതിയിലെ 66.03 തീരുമാന പ്രകാരം ഗവൺമെന്റ് ആയുർവേദ കോളേജ്, കണ്ണൂർ, ഗവൺമെന്റ് ആയുർവേദ കോളേജ്, തിരുവനന്തപുരം എന്നീ കോളേജുകളിലെ UG/PG/PG Diploma കോഴ്സുകൾക്ക് 2021-22 അക്കാദമിക് വർഷം അഫിലിയേഷൻ തുടർച്ചാനുമതി അനുവദിക്കാൻ തീരുമാനിച്ചിരുന്നു.

| സ്ഥാപനം | കോഴ്സ് | Intake (Including EWS) |
|---|---|---|
| ഗവൺമെന്റ് ആയുർവേദ കോളേജ്, കണ്ണൂർ | BAMS | 75 |
| | ആയുർവേദ വചസ്പതി ക്രിയശരീര | 9 |
| | ആയുർവേദ വചസ്പതി രോഗനിദാന | 8 |
| | ഡിപ്ലോമ ഇൻ രോഗനിദാൻ വിധി | 2 |
| ഗവൺമെന്റ് ആയുർവേദ കോളേജ്, | BAMS | 88 |

| | | | |
|---|---|---|---|
| | തിരുവനന്തപുരം | ആയുർവേദ വചസ്പതി ദ്രവ്യഗുണ വിജ്ഞാന | 8 |
| | | ആയുർവേദ വചസ്പതി രസ ശാസ്ത്ര ഏവം ഭൈഷജ്യ കൽപ്പന | 13 |
| | | ആയുർവേദ വചസ്പതി സ്വസ്തവ്യ | 8 |
| | | ആയുർവേദ ധന്വന്തരി പ്രസ്തുതി ഏവം സ്ത്രീ രോഗ | 8 |
| | | ആയുർവേദ വചസ്പതി - കായ ചികിത്സ | 8 |
| | | ആയുർവേദ ധന്വന്തരി - ശല്യ | 9 |
| | | ആയുർവേദ ധന്വന്തരി - ശാലക്യ | 5 |
| | | ആയുർവേദ വചസ്പതി - പഞ്ചകർമ | 6 |
| | | ആയുർവേദ വചസ്പതി - ആഗതന്ത്ര | 6 |
| | | ആയുർവേദ വചസ്പതി - കൗമാര ഭൃത്യ | 6 |
| | | ആയുർവേദ വചസ്പതി - ആയുർവേദ സംഹിത ഏവം സിദ്ധാന്ത് | 8 |
| | | ഡിപ്ലോമ ഇൻ ദ്രവ്യഗുണ | 3 |
| | | ഡിപ്ലോമ ഇൻ ക്ഷാരകർമ്മ | 2 |
| | | ഡിപ്ലോമ ഇൻ രസ ശാസ്ത്ര | 2 |
| | | ഡിപ്ലോമ ഇൻ സ്വസ്താവൃത്ത & യോഗ | 3 |
| | | | |

| | | |
|---|---|---|
| | ഡിപ്ലോമ ഇൻ രസായൻ & വാചീകൺ | 2 |
| | ഡിപ്ലോമ ഇൻ പ്രസൂതി & സ്ത്രീ രോഗ | 3 |
| | ഡിപ്ലോമ ഇൻ നേത്ര രോഗ വിജ്ഞാൻ | 3 |
| | ഡിപ്ലോമ ഇൻ ബാൽ രോഗ | 2 |

മേൽ സ്ഥാപനങ്ങൾ അപേക്ഷകളോടൊപ്പം ആവശ്യമായ രേഖകൾ ഹാജരാക്കിയെങ്കിലും ആവശ്യമായ ഫീ അടവാക്കിയിട്ടില്ല എന്നു മിനിറ്റ്സിൽ രേഖപ്പെടുത്തി കാണുന്നു. എന്നിരുന്നാലും അഫിലിയേഷൻ തുടർച്ചാനുമതി അനുവദിക്കാൻ ഗവേണിങ് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങൾ അഫിലിയേഷൻ തുടർച്ചാനുമതി ഫീ അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി 24/26.07.23 നൽകിയിരുന്നു.

22.11.2019 ലെ സർവ്വകലാശാലയുടെ U.O No. 9038/2019/AC1/Gen A2/KUHS ഫീസ് നിർണ്ണയ ഉത്തരവു പ്രകാരം ഗവൺമെന്റ് കോളേജുകളിലെ BAMS കോഴ്സിന് 60 സീറ്റിനു മുകളിൽ 22100/- രൂപയും, PG in Indian Systems of Medicine ന് ഓരോ subject നും 55200/- രൂപയുമാണ്.

ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സ്ഥാപനങ്ങൾ 3/2021 ൽ തുക അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. 3/2021 ൽ തുക അടവാക്കിയെങ്കിൽ പിന്നീട് നടന്ന ഗവേണിംഗ് കൗൺസിൽ യോഗത്തിൽ ഫീസ് അടവാക്കിയിട്ടില്ല എന്ന് രേഖപ്പെടുത്തിയതിന്റെ സാംഗത്യം വ്യക്തമാകുന്നില്ല.

ഗവേണിംഗ് കൗൺസിലിന്റെ തീരുമാനങ്ങൾക്ക് ആധാരമായ വസ്തുതകൾ നൽകുന്നതിൽ ഇപ്രകാരമുള്ള തെറ്റുകൾ സംഭവിക്കാനുള്ള സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 1-3-12 റീഫണ്ടബിൾ ഡെപ്പോസിറ്റ് - വാർഷിക കണക്കിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല

സർവ്വകലാശാലയിൽ നിന്നും നൽകുന്ന വിവിധ സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസിനങ്ങൾ 2020-21 സാമ്പത്തിക വർഷം മുതൽ ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറ്റിയിട്ടുണ്ട്. റീഫണ്ടബിൾ ഡെപ്പോസിറ്റ് ഇനം ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറ്റിയ തിയ്യതി ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറ്റിയ തിയ്യതി |
|---|---|---|
| 1. | റീഫണ്ടബിൾ ഡെപ്പോസിറ്റ് (പുതിയ അപേക്ഷ) | 05.01.2021 |
| 2. | സീറ്റുവർദ്ധനവിനുള്ള റീഫണ്ടബിൾ ഡെപ്പോസിറ്റ് (അഫിലിയേഷൻ സമയത്ത് ഈടാക്കുന്നത്) | 17.09.2020 |

ഓൺലൈൻ രസീതി പരിശോധനയ്ക്കായി ഓഡിറ്റ് കാര്യാലയത്തിൽ ലഭ്യമാക്കിയ പോർട്ടലിൽ (ഓൺലൈൻ ഫിനാൻസ്) Search fee എന്ന ഓപ്ഷനിൽ റീഫണ്ടബിൾ ഡെപ്പോസിറ്റ് (പുതിയ അപേക്ഷ) എന്ന ഒരു ഇനം മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിരിക്കുന്നത്. Online Portal റീഫണ്ടബിൾ ഡെപ്പോസിറ്റ് (പുതിയ അപേക്ഷ) എന്ന ഇനം പരിശോധിച്ചതിൽ പുതിയ കോഴ്സിനും പുതിയ കോളേജിനും തുക അടവാക്കിയിട്ടുണ്ട്.

എന്നാൽ ഫിനാൻസ് സ്യൂട്ട് സോഫ്റ്റ് വെയറിൽ റീഫണ്ടബിൾ ഡെപ്പോസിറ്റ്(പുതിയ കോളേജ്), റീഫണ്ടബിൾ ഡെപ്പോസിറ്റ് (പുതിയ കോഴ്സ്) എന്നിങ്ങനെ 2 ഇനം ഉൾപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ വഴി റീഫണ്ടബിൾ ഡെപ്പോസിറ്റ് അടവാക്കുമ്പോൾ ഒരൊറ്റ ഇനത്തിലാണ് എല്ലാ തുകയും രേഖപ്പെടുത്തിവരുന്നത്.

ഇപ്രകാരം രേഖപ്പെടുത്തിയതിനാൽ വാർഷികകണക്കിൽ ഈ ഇനങ്ങളിലെ രേഖപ്പെടുത്തലുകളിൽ വ്യത്യാസം നിലനിൽക്കുന്നു.

1. റീഫണ്ടബിൾ ഡെപ്പോസിറ്റ്(പുതിയ കോളേജ്),

   2021-22 സാമ്പത്തികവർഷത്തിൽ പുതിയ കോളേജിനുള്ള റീഫണ്ടബിൾ ഡെപ്പോസിറ്റ് ആയി KVM College of Nursing - രസീതി നം. 13340/29.09.2021 പ്രകാരം 8,26,900/- രൂപ അടവാക്കിയിട്ടുണ്ട്. കൂടാതെ ഫിനാൻസ് സ്യൂട്ടിൽ പുതിയ കോളേജിനുള്ള റീഫണ്ടബിൾ ഡെപ്പോസിറ്റ് ആയി ചെക്ക് നം. 787679/27.03.2022 പ്രകാരം PIMS College of Nursing, Palakkad - Bsc Nursing 2021-22, 8,26,900/- രൂപ അടവാക്കിയിട്ടുണ്ട്. ഇപ്രകാരം 2021-22 അക്കാദമിക് വർഷത്തേക്ക് 2 പുതിയ കോളേജുകൾ മാത്രമാണ് പുതിയ കോളേജിനുള്ള റീഫണ്ടബിൾ ഡെപ്പോസിറ്റ് എന്ന ഇനത്തിൽ തുക അടവാക്കിയിരിക്കുന്നത്. എന്നാൽ 2021-22 സാമ്പത്തികവർഷത്തെ വാർഷിക കണക്കിൽ പുതിയ കോളേജിനുള്ള റീഫണ്ടബിൾ ഡെപ്പോസിറ്റ് എന്ന ഇനത്തിലെ വരവായി രേഖപ്പെടുത്തിയിരിക്കുന്നത് 2,95,13,900/- രൂപയാണ്.

2. റീഫണ്ടബിൾ ഡെപ്പോസിറ്റ് (പുതിയ കോഴ്സ്)

   പുതിയ കോഴ്സിനുള്ള റീഫണ്ടബിൾ ഡെപ്പോസിറ്റ് എന്ന ഇനത്തിൽ 7400000/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | ഇനം | വാർഷിക കണക്ക് | യഥാർത്ഥത്തിൽ ഈ ഇനത്തിലെ വരവ് |
|---|---|---|---|
| 1. | റീഫണ്ടബിൾ ഡെപ്പോസിറ്റ് (പുതിയ കോളേജ്) | 2,95,13,900.00 | 16,53,800<br>(2X8,26,900) |
| 2. | റീഫണ്ടബിൾ ഡെപ്പോസിറ്റ് (പുതിയ കോഴ്സ്) | 74,00,000.00 | 29513900-1653800<br>=27,860,100+7400000 |

ഇപ്രകാരം വാർഷികകണക്കുകളിലെ രേഖപ്പെടുത്തലുകളിൽ കൃത്യതയില്ലായ്മക്ക് കാരണം വിശദീകരിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.28/27.7.23). എന്നാൽ റീഫണ്ടബിൾ ഡെപ്പോസിറ്റുകളുടെ പേയ്മെന്റിനായി കോളേജുകൾക്കുള്ള ഓൺലൈൻ പേയ്മെന്റ് സൗകര്യം കോളേജ് ലോഗിനിൽ ചുവടെ ചേർത്തിരിക്കും പ്രകാരം ലഭ്യമാണെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

1. Refundable Deposit (interest free) for new college (payable at the time of affiliation (UG)

2. Refundable Deposit (interest free) for new course (payable at the time of affiliation (UG)

3. Refundable Deposit (interest free) for new college (payable at the time of affiliation (PG)

4. Refundable Deposit (interest free) for new course (payable at the time of affiliation (PG)

മേൽ പ്രകാരമുള്ള വിഭജനം ഓൺലൈൻ പോർട്ടലിലെ Search Fee Option ൽ കൂടി ലഭ്യമാക്കേണ്ടതാണ്. വാർഷിക കണക്കിലെ രേഖപ്പെടുത്തലുകൾ കൃത്യതയുള്ളതാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3-13 റീഫണ്ടബിൾ ഡെപ്പോസിറ്റ് - നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ നിന്നും പുതിയ കോളേജിനുള്ള റീഫണ്ടബിൾ ഡെപ്പോസിറ്റ് ഈടാക്കി - കൃത്യത ഉറപ്പു വരുത്തേണ്ടതാണ്

2021-22 സാമ്പത്തിക വർഷത്തിൽ പുതിയ കോളേജിനുള്ള റീഫണ്ടബിൾ ഡെപ്പോസിറ്റ് ആയി KVM College of Nursing – രസീതി നം. 13340/29.09.2021 പ്രകാരം 8,26,900/- രൂപ അടവാക്കിയിട്ടുണ്ട്. കൂടാതെ ഫിനാൻസ് സ്യൂട്ടിൽ പുതിയ കോളേജിനുള്ള റീഫണ്ടബിൾ ഡെപ്പോസിറ്റ് ആയി ചെക്ക് നം. 787679/27.03.2022 പ്രകാരം PIMS College of Nursing, Palakkad – Bsc Nursing 2021-22, 8,26,900/- രൂപ അടവാക്കിയിട്ടുണ്ട്. ഇപ്രകാരം 2021-22 അക്കാദമിക് വർഷത്തേക്ക് 2പുതിയ കോളേജുകൾ മാത്രമാണ് പുതിയ കോളേജിനുള്ള റീഫണ്ടബിൾ ഡെപ്പോസിറ്റ് എന്ന ഇനത്തിൽ തുക അടവാക്കിയിരിക്കുന്നത്. 2021-22 അക്കാദമിക് വർഷത്തിൽ 2 പുതിയ നഴ്സിങ് കോളേജുകൾക്ക് അഫിലിയേഷൻ അനുവദിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും പുതിയ കോളേജ് ആരംഭിക്കുന്നതിനുള്ള റീഫണ്ടബിൾ ഡെപ്പോസിറ്റ് മാത്രമാണ് ഈടാക്കിയിട്ടുള്ളത്. പുതിയ കോഴ്സ് ആരംഭിച്ചതിനുള്ള റീഫണ്ടബിൾ ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

സർവ്വകലാശാല ഫീസ് നിർണ്ണയ ഉത്തരവ് നം. 9038/2019/AC1/Gen A2/KUHS Dated. 22.11.2019 പ്രകാരം നഴ്സിങ് കോളേജുകൾക്ക് താഴെ പറയുംവിധം Refundable Deposit ഈടാക്കേണ്ടതാണ്.

| ക്രമ നം. | ഇനം | UG | PG |
|---|---|---|---|
| 1. | Refundable Deposit For New College (Payable at the time of affiliation) – Interest free | 826900.00 | NIL |
| 2. | Refundable Deposit For New Course | 551300.00 | 330800.00 |

എന്നാൽ PIMS College of Nursing, Palakkad , KVM College of Nursing ,ചേർത്തല എന്നീ സ്ഥാപനങ്ങൾ പുതിയ കോഴ്സിനുള്ള റീഫണ്ടബിൾ ഡെപ്പോസിറ്റ് അടവാക്കിയിട്ടില്ല. മേൽ പ്രകാരം പുതിയ കോഴ്സിനുള്ള റീഫണ്ടബിൾ ഡെപ്പോസിറ്റ് ഈടാക്കാതിരുന്നതിന് കാരണം അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/27.07.2023) സർവ്വകലാശാല നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

പുതിയ കോളേജുകളിൽ നിന്നും റീഫണ്ടബിൾ ഡെപ്പോസിറ്റ് ഈടാക്കുന്നത് സംബന്ധിച്ച് 30.01.2020തീയതിയിലെ 14193/2019/ACI/GEN/A2/KUHS നമ്പർ യൂണിവേഴ്സിറ്റി ഉത്തരവ് പ്രകാരം താഴെ പറയും വിധം വ്യക്തത വരുത്തിയിട്ടുണ്ട്.

"Since a college cannot exist without a course , the term new college is clarified as a new college plus one course.thus a new course shall be collected at the rate specified for new college " ആയത് പ്രകാരം Refundable Deposit For New College (Payable at the time of affiliation) അതായത് new college with a course എന്ന നിലയിലാണ് ടി കോളേജുകളിൽ നിന്നും റീഫണ്ടബിൾ ഡെപ്പോസിറ്റ് ആയി 826900/- രൂപ ഈടാക്കിയിട്ടുള്ളത്".

എന്നാൽ സർവ്വകലാശാലയുടെ 2021-22 ലെ സ്ഥാപനലിസ്റ്റ് പരിശോധിച്ചതിൽ KVM College of Nursing,cherthala എന്ന സ്ഥാപനത്തിൽ Bsc Nursing 30 സീറ്റുകളിൽ നിന്നും 50 സീറ്റുകളാക്കി വർദ്ധനവ് നടത്തിയിട്ടുള്ളതായും ( ഫയൽ നം.2020/18757 തീയതി.25.09.21. PA granted with enhanced seats for the year 2021-22, subject to obtaining permission from INC& out come of SLP filed in sc) മറ്റ് Msc നഴ്സിംഗ് കോഴ്സുകളുടെ സീറ്റുകൾ റദ്ദു ചെയ്തതായും കാണുന്നു.. ആയതിനാൽ തന്നെ KVM College of Nursing,cherthala എന്ന സ്ഥാപനത്തെ പുതിയ കോളേജായി പരിഗണിച്ചതിനുള്ള കാരണം വ്യക്തമാകുന്നില്ല.

KVM College of Nursing,cherthala യ്ക്ക് സീറ്റു വർദ്ധനവ് അനുവദിച്ചുകൊണ്ട് പ്രൊവിഷണൽ അഫിലിയേഷൻ നൽകിയതാണെങ്കിൽ പുതിയ കോളേജായി പരിഗണിച്ച് സ്ഥാപനത്തിൽ നിന്നും റീഫണ്ടബിൾ ഡെപ്പോസിറ്റ് ഈടാക്കിയതിനു കാരണം അറിയിക്കേണ്ടതാണ്. മേൽപ്പറഞ്ഞ വിഷയത്തിൽ വ്യക്തത വരുത്തി അതിനനുസൃതമായ തുക ഈടാക്കുകയോ, ഈടാക്കിയ തുക ക്രമീകരിക്കുകയോ ചെയ്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.28/27.07.23)

## 1-3-14 റീഫണ്ടബിൾ ഡെപ്പോസിറ്റ്- പുതിയ കോഴ്സിനുള്ള തുക യഥാസമയം ഈടാക്കുകയോ, ഈടാക്കിയ തുക വാർഷിക കണക്കുകളിൽ കൃത്യമായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല

2021-22 സാമ്പത്തികവർഷത്തെ വാർഷികകണക്ക് പ്രകാരം Refundable Deposit For New Course എന്ന ഇനത്തിൽ 7400000/- രൂപ വരവു ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഈടാക്കിയ തുക | ആവശ്യകത |
|---|---|---|---|
| 1. | ജൂബിലി മിഷൻ മെഡിക്കൽ കോളേജ് | 1000000/- (DD No.584981/ 17.03.2022) | പുതിയ കോഴ്സിനുള്ള റീഫണ്ടബിൾ ഡെപ്പോസിറ്റ് – Pending Fee – MS General Surgery വർഷം രേഖപ്പെടുത്തിയിട്ടില്ല |
| 2. | ജൂബിലി മിഷൻ മെഡിക്കൽ കോളേജ് | 1000000/- (DD No.584982/ 17.03.2022) | പുതിയ കോഴ്സിനുള്ള റീഫണ്ടബിൾ ഡെപ്പോസിറ്റ് – Pending Fee – MD Physiology വർഷം രേഖപ്പെടുത്തിയിട്ടില്ല |
| 3. | ജൂബിലി മിഷൻ മെഡിക്കൽ കോളേജ് | 1000000/- (DD No.584980/ 17.03.2022) | പുതിയ കോഴ്സിനുള്ള റീഫണ്ടബിൾ ഡെപ്പോസിറ്റ് – Pending Fee – MD Psychiatry വർഷം രേഖപ്പെടുത്തിയിട്ടില്ല |
| 4. | ആഞ്ജനേയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ സയൻസ് | 500000/- (DDNo.486679/ 22.03.2022) | പുതിയ കോഴ്സിനുള്ള റീഫണ്ടബിൾ ഡെപ്പോസിറ്റ് – 2013-14 |
| 5. | അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് | 3600000/- [illegible] | പുതിയ കോഴ്സിനുള്ള റീഫണ്ടബിൾ ഡെപ്പോസിറ്റ് – 2013-14 |

| | | | |
|---|---|---|---|
| | | (DDNo.463212/ 24.03.2022) | |
| 6. | ലിറ്റിൽ ഫ്ലവർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്& റിസർച്ച് സെന്റർ | 300000/- (DDNo.290128/ 21.03.2022) | പുതിയ കോഴ്സിനുള്ള റീഫണ്ടബിൾ ഡെപ്പോസിറ്റ് – 2014-15 |
| **ആകെ** | | **7400000** | |

(എ) – <u>റീഫണ്ടബിൾ ഡെപ്പോസിറ്റ് – യഥാസമയം ഈടാക്കിയിട്ടില്ല</u>

മേൽ പട്ടിക പ്രകാരം മുൻ വർഷങ്ങളിൽ അടവാക്കേണ്ട തുകകളാണ് തൻവർഷം അടവാക്കിയിരിക്കുന്നത്. മുൻ വർഷങ്ങളിൽ (2013-14, 2014-15) ഈ സ്ഥാപനങ്ങളിൽ നിന്നും റീഫണ്ടബിൾ ഡെപ്പോസിറ്റ് ഈടാക്കാതിരുന്നതിനുള്ള കാരണം ഓഡിറ്റ് എൻക്വയറി നം.28/27.7.23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്,(ജി.ഒ.(പി)നം.3/2019/H&FWD തീയതി.6.2.19 പ്രകാരം പുറപ്പെടുവിച്ചത് ) ചാപ്റ്റർ XXI ,Affiliation of colleges, ഖണ്ഡിക 384 പ്രകാരം" Applications for affiliation of a college for affiliation in additional subjects or affiliation for enhancement of seats or for consent of affiliation shall be adressed to the Registrar ,and shall be forwarded to whom on or before the date fixed by the university from time to time " എന്നു വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സർവ്വകലാശാലയുടെ 22.11.2019 ലെ U.O No. 9038/2019/AC1/Gen A2/KUHS ഫീസ് നിർണ്ണയ ഉത്തരവ് പ്രകാരം റീഫണ്ടബിൾ ഡെപ്പോസിറ്റ് ഈടാക്കുന്നത് അഫിലിയേഷൻ നൽകുന്ന സമയത്താണ്. അഫിലിയേഷൻ നൽകുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങളിൽ നിന്നു ഈടാക്കുന്ന ഫീസുകളോടൊപ്പം തന്നെ ഈടാക്കേണ്ട പ്രസ്തുത തുക വർഷങ്ങൾക്കു ശേഷം ഈടാക്കിയത് സർവ്വകലാശാലയുടെ നയങ്ങൾക്ക് വിരുദ്ധമാണ്. ഈ വിഷയത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

2021-22 സാമ്പത്തികവർഷത്തിൽ ഇപ്രകാരം മുൻവർഷങ്ങളിലെ തുക അടവാക്കുവാനുണ്ടായ സാഹചര്യവും വ്യക്തമാക്കേണ്ടതാണ്.

(ബി) <u>റീഫണ്ടബിൾ ഡെപ്പോസിറ്റ്- മുൻവർഷങ്ങളിൽ ഈടാക്കേണ്ട തുക 2021-22 ൽ ഈടാക്കി-കുടിശ്ശിക വരവ് - കുടിശ്ശികയിനത്തിൽ വാർഷികകണക്കുകളിൽ ചേർത്തിട്ടില്ല</u>

വാർഷികകണക്കുകളിൽ ഫീ റിസീവബിൾ എന്ന ഹെഡിൽ ഈ ഇനത്തിലെ 2021-22 വർഷത്തേക്കുള്ള കുടിശ്ശിക വരവായി രേഖപ്പെടുത്തിയിട്ടുള്ളത് 194200/- രൂപയാണ്. മേൽപട്ടിക പ്രകാരം 7400000/- രൂപ കുടിശ്ശിക ഇനത്തിൽ വരവു വന്നിട്ടുണ്ടെന്നിരിക്കെ ആയത് വാർഷികകണക്കിൽ ഉൾപ്പെടുത്താതിരുന്നതിന് കാരണം വിശദീകരിച്ചിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം.28/27.07.2023) വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ 9) 'ഫീ റിസീവബിൾ' എന്ന ഹെഡിൽ ചേർത്ത 23,44,60,798/- രൂപയുടെ കൃത്യത പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ തുടർവർഷങ്ങളിൽ വരുത്തേണ്ടതാണ്.

## 1-3-15 സീറ്റു വർദ്ധനവിനുള്ള റീഫണ്ടബിൾ ഡെപ്പോസിറ്റ് - അപേക്ഷയിൻമേലുള്ള തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

സർവ്വകലാശാലയുടെ 4.8.20 ലെ നോട്ടിഫിക്കേഷൻ നം.25494/ACI/GENA2/2019/KUHS പ്രകാരം വിവിധ സ്കീമുകളുടെ UG/PG കോഴ്സുകളുടെ സീറ്റു വർദ്ധനവിനുള്ള പ്രൊവിഷണൽ അഫിലിയേഷന് അപേക്ഷ ക്ഷണിച്ചിരുന്നു. ഗവേണിങ് കൗൺസിലിന്റെ 16.11.2021 ലെ 66-ാം യോഗത്തിൽ Bsc നഴ്സിങ് കോഴ്സുകൾ നടത്തുന്ന നഴ്സിങ് കോളേജുകൾക്ക് 2021-22 അക്കാദമിക് വർഷത്തേക്ക് പ്രൊവിഷണൽ അഫിലിയേഷനും, സീറ്റ് വർദ്ധനവിനുള്ള അനുമതിയും ലഭ്യമാക്കുന്നതിന് തീരുമാനിച്ചിരുന്നു (തീരുമാനം നം. 66.18) എന്നാൽ മേൽ ലിസ്റ്റിൽ ഉൾപ്പെട്ട ലിറ്റിൽ ഫ്ലവർ കോളേജ് ഓഫ് നഴ്സിങ്, അങ്കമാലി എന്ന സ്ഥാപനം 100 പുതിയ

സീറ്റിന് അപേക്ഷിച്ചെങ്കിലും സ്ക്രൂട്ടിനി കമ്മിറ്റി, ഗവേണിങ് കൗൺസിൽ സബ് കമ്മിറ്റി എന്നിവ ആയത് നിരസിച്ചിട്ടുണ്ട്. 4 എണ്ണം അധിക സീറ്റ് അനുവദിക്കുന്നതിനുള്ള Inpatient strength മാത്രമെ നിലവിലുള്ളു എന്നാണ് കാരണം രേഖപ്പെടുത്തിയിരുന്നത്.കൂടാതെ സ്ഥാപനം പുതിയ അപേക്ഷ നൽകുകയാണെങ്കിൽ സ്ഥാപനത്തിന്റെ Inpatient strength ഉൾപ്പെടെയുള്ള സൗകര്യങ്ങൾ പൂർണ്ണമായി വിലയിരുത്തിയതിനു ശേഷം 2022-23 ൽ പരിഗണിക്കാമെന്നും തീരുമാനിച്ചിരുന്നു.

2021-22 ൽ നിലവിലെ 50 സീറ്റിന് മാത്രം അഫിലിയേഷൻ അനുവദിക്കുന്നതിനുള്ള സ്ക്രൂട്ടിനി കമ്മിറ്റിയുടെ ശുപാർശ ഗവേണിങ് കൗൺസിൽ പരിഗണിച്ചിട്ടുണ്ട്.

എന്നാൽ R4583/18.12.2021 പ്രകാരം ഈ സ്ഥാപനം (രസീതി നം. 20968) 3,30,900/- രൂപ Refundable Deposit For Enhancement of Seats നു വേണ്ടി അടവാക്കിയിട്ടുണ്ട്. നിലവിൽ സീറ്റു വർദ്ധനവ് ഗവേണിങ് കൗൺസിൽ അനുവദിക്കാത്ത സാഹചര്യത്തിൽ ഫീസ് ഈടാക്കിയതിന് കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.32/1.8.23 ന് നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

21.4.22 ലെ ഗവേണിംഗ് കൗൺസിലിന്റെ തീരുമാനം നമ്പർ 66.08 പ്രകാരം ,7.12.2021 ന് നടന്ന ഗവേണിംഗ് കൗൺസിലിന്റെ സബ്കമ്മിറ്റി യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2021-2022 അക്കാദമിക് വർഷത്തിൽ ലിറ്റിൽ ഫ്ലവർ കോളേജ് ഓഫ് നഴ്സിങ്, അങ്കമാലി എന്ന സ്ഥാപനത്തിൽ നടത്തിവരുന്ന Bsc നഴ്സിങ് കോഴ്സിന്റെ സീറ്റുകൾ 50 ൽ നിന്നും 75 ആക്കി വർദ്ധിപ്പിക്കാൻ അനുമതി നൽകിയിട്ടുണ്ട്. (സർവ്വകലാശാല ഉത്തരവ് നം. 580/22/അക്കാദമിക്/കെ.യു.എച്ച്.എസ് തീയതി.4.6.22)

സ്ഥാപനത്തിന്റെ പുതിയ അപേക്ഷ, സ്ഥാപനത്തിന്റെ Inpatient strength ഉൾപ്പെടെയുള്ള സൗകര്യങ്ങൾ പൂർണ്ണമായി വിലയിരുത്തിയതിനു ശേഷം നൽകിയ ഇൻസ്പെക്ഷൻ റിപ്പോർട്ട് ,സ്ക്രൂട്ടിനി കമ്മിറ്റി റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-3-16 സ്ഥിരമായ അടച്ചു പൂട്ടൽ/സീറ്റുകൾ കുറവ് ചെയ്യൽ – റീഫണ്ടബിൾ ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കിയില്ല

സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത നഴ്സിങ് കോളേജുകളിലെ സീറ്റുകൾ കുറവു ചെയ്യുന്നതിനും, കോഴ്സ് നിർത്തലാക്കുന്നതിനുമുള്ള സ്ഥാപന അധികാരികളുടെ അപേക്ഷ പരിഗണിച്ച് താഴെ പറയുന്ന സ്ഥാപനത്തിലെ കോഴ്സ് നിർത്തലാക്കുന്നതിന് ഗവേണിങ് കൗൺസിൽ 16.11.2021 ലെ 66.17 നമ്പർ പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

| സ്ഥാപനം | കോഴ്സ് | ഇൻടേക്ക് |
|---|---|---|
| ഹോളി ഫാമിലി കോളേജ് ഓഫ് നഴ്സിങ്, ഇടുക്കി | പോസ്റ്റ് ബേസിക് ബി.എസ്.സി നഴ്സിംഗ് | 20 |

ഗവേണിങ് കൗൺസിലിന്റെ 01.03.2019 ലെ തീരുമാനം നമ്പർ 51.21 പ്രകാരം സീറ്റുകൾ കുറവു ചെയ്യുകയോ, കോഴ്സുകൾ നിർത്തലാക്കുകയോ ചെയ്യുന്ന സ്ഥാപനങ്ങൾക്ക് റീഫണ്ടബിൾ ഡെപ്പോസിറ്റ് തുക തിരികെ നൽകുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ 4 പരിശോധിച്ചതിൽനിന്നും മേൽ തുക റീഫണ്ട് ചെയ്തതിന്റെ രേഖപ്പെടുത്തൽ ഇല്ലാത്തതാണ്. മേൽപ്പറഞ്ഞ സ്ഥാപനം, റീഫണ്ടബിൾ ഡെപ്പോസിറ്റ് സർവ്വകലാശാലയിൽ അടവാക്കിയതിന്റെയും 16.11.2021 ലെ ഗവേണിങ് കൗൺസിൽ തീരുമാനത്തെ തുടർന്ന് സ്ഥാപനത്തിന് തുക റീഫണ്ട് ചെയ്ത് നൽകിയതിന്റെയും രേഖപ്പെടുത്തൽ പരിശോധിക്കുന്നതിനായി റീഫണ്ടബിൾ ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22 /26.7.23 നുള്ള മറുപടിയായി, റീഫണ്ടബിൾ ഡെപ്പോസിറ്റ് സ്ഥാപനം ആവശ്യപ്പെടുന്ന മുറയ്ക്കാണ് അനുവദിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ

റീഫണ്ടബിൾ ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ആയതിനാൽ സർവ്വകലാശാലയുടെ വരവിനങ്ങളിൽ ഒന്നായ റീഫണ്ടബിൾ ഡെപ്പോസിറ്റ്, അഫിലിയേറ്റഡ് സ്ഥാപനങ്ങൾ സർവ്വകലാശാലയിൽ അടവാക്കുന്നതും തിരികെ നൽകുന്നതും പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. റീഫണ്ടബിൾ ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-3-17 ഇന്റേണൽ എക്സാമിനർമാരുടെ കുറവ് – ഫൈൻ ഈടാക്കിയിട്ടില്ല

സർവ്വകലാശാല പരീക്ഷാ നടത്തിപ്പിന്റെ ഭാഗമായി ചുമതലപ്പെടുത്തുന്ന ഇന്റേണൽ എക്സാമിനർമാരുടെ വിഷയത്തിൽ 19.09.2018 ലെ സർവ്വകലാശാല ഉത്തരവ് നം. 255/2018/exam gen പ്രകാരം വ്യവസ്ഥകൾ ചുവടെ ചേർക്കുന്നവയാണ്.

1. The first time default in providing adequate number of internal examiners shall be penalised with a fine of Rs. 1 Lakh for Medical, Dental and Ayush and 50000 for other streams.

2 . if the College/centre fails in providing adequate number of internal examiners for a second time, the fine imposed was doubled.

3. Government Colleges under DME, DAME/PCO shall be exempted from the fine.

30.11.2021 ലെ ബോർഡ് ഓഫ് എക്സാമിനേഷൻ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ പരീക്ഷാ ഡ്യൂട്ടിക്ക് എക്സാമിനർമാരെ ലഭ്യമാക്കാത്ത സാഹചര്യത്തിൽ സ്ഥാപനങ്ങളിൽ നിന്നും സർവ്വകലാശാല ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ഫൈൻ ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയത് 30.12.2021 ലെ ഗവേണിംഗ് കൗൺസിൽ തീരുമാനം നം. 67.20 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | പരീക്ഷ | വിഷയം | ഫൈൻ ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1. | ഗവൺമെന്റ് മെഡിക്കൽ കോളേജ്, പാലക്കാട് | I$^{st}$ Year MBBS (S) Say Practical Exam 8/2021 | അനാട്ടമി & ഫിസിയോളജി (2 സബ്ജക്ട്) | 100000x2 = 200000.00 |
| 2. | കണ്ണൂർ മെഡിക്കൽ കോളേജ്, അഞ്ചരക്കണ്ടി കണ്ണൂർ | I$^{st}$ Year MBBS (S) Practical Exam 9/2021 | ബയോകെമിസ്ട്രി – 1 | 100000.00 |
| | ആകെ | | | 300000.00 |

2021-22 സാമ്പത്തിക വർഷം ഈ ഇനത്തിൽ 1800000/- രൂപ ഫൈനായി ഈടാക്കിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(എൻക്വയറി നം. 25/26.07.2023 )** സർവ്വകലാശാല ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | പരീക്ഷ | വിഷയം | മറുപടി |
|---|---|---|---|---|
| 1. | ഗവൺമെന്റ് മെഡിക്കൽ കോളേജ്, പാലക്കാട് | I$^{st}$ Year MBBS (S) Say Practical | അനാട്ടമി & ഫിസിയോളജി (2 സബ്ജക്ട്) | ലെറ്റർ നം.2022/13539/1/B1/ExMed/KUHS dt22.11.2022 പ്രകാരം 200000/- രൂപ അടവാക്കിയിട്ടുണ്ട്.എന്നാൽ ഫിസിയോളജി സബ്ജക്ടിന് ഇന്റേണൽ എക്സാമിനറുടെ കുറവില്ല എന്ന സ്ഥാപനത്തിന്റെ റിപ്പോർട്ട് |

| | | | | |
|---|---|---|---|---|
| | | Exam 8/2021 | | പരിഗണിച്ച് സർവ്വകലാശാല റെക്കോർഡുകൾ പരിശോധിച്ച് ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| 2. | കണ്ണൂർ മെഡിക്കൽ കോളേജ്, അഞ്ചരക്കണ്ടി കണ്ണൂർ | I$^{st}$ Year MBBS (S) Practical Exam 9/2021 | ബയോകെമിസ്ട്രി-1 | ലെറ്റർ നം.2022/13539/1/B1/ExMed/KUHS dt22.11.2022 പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ട്.എന്നാൽ സ്ഥാപനം തുക അടവാക്കിയിട്ടില്ല. |

ക്രമ നമ്പർ 2 ൽ സൂചിപ്പിച്ച സ്ഥാപനത്തിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിന്നും അധികമായി ഈടാക്കിയ തുക ക്രമീകരിച്ച വിവരം അറിയിക്കേണ്ടതാണ്.

## 1-3-18 സർവ്വകലാശാല പ്രവർത്തനത്തിന് ആവശ്യമായ ജലലഭ്യത – തുടർ നടപടി ഉറപ്പുവരുത്തേണ്ടതാണ്.

ഫയൽ നം: 9372/works/A1/2021/KUHS, 3481/2011/works/KUHS

വൗച്ചർ നം/തിയതി : 1231/22.3.22

(ചെക്ക് നം. 1892846/22.3.22) = 1.25 കോടി രൂപ

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല 2021-2022 സാമ്പത്തിക വർഷത്തിൽ മേൽ വൗച്ചർ പ്രകാരം 1.25 കോടി രൂപ CPWD-യിൽ "Providing lining to the rain water harvesting pond in KUHS campus Thrissur" എന്ന പ്രവർത്തനത്തിനായി ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ 01.08.2021 ലെ GO(Rt) നം. 1632/21/H&FWD. ഉത്തരവ് പ്രകാരം ഭരണാനുമതി കിട്ടി അനുവദിച്ച പ്ലാൻ വിഹിതമാണ് ഇപ്രകാരം CPWD-യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. 22.03.2022 ന് സർവ്വകലാശാലയും, CPWD-യും തമ്മിൽ ഒപ്പുവെച്ച Memorandum of understanding പ്രകാരം Project management, Supervision and related services എന്നിവ നൽകേണ്ടത് CPWD-യുടെ ബാധ്യതയാണ്. CPWD തയ്യാറാക്കുന്ന എസ്റ്റിമേറ്റിനനുസരിച്ച് ഫണ്ട് പൂർണ്ണമായും ഉറപ്പാക്കേണ്ടത് സർവ്വകലാശാലയുടെ ബാധ്യതയാണ്. CPWD-യ്ക്ക് എസ്റ്റിമേറ്റ് പ്രകാരം തയ്യാറാക്കിയ കോസ്റ്റിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കാനുള്ള ബാധ്യത ഇല്ലാത്തതും ആവശ്യമായ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കാൻ അർഹത ഉണ്ടായിരിക്കുന്നതുമാണ്. സർവ്വകലാശാല ആവശ്യമായ ഫണ്ട് ഉറപ്പ് വരുത്തി ഭരണാനുമതിയും, ചെലവനുവാദവും നൽകേണ്ടതും ആണ്. പൂർത്തീകരണ കാലാവധി Memorandum of understanding വ്യക്തമാക്കിയിട്ടില്ലാത്തതുമാണ്.

ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകൾ പരിഹരിയ്ക്കുവാൻ തുടർനടപടി സ്വീകരിയ്ക്കേണ്ടതും വിവരം ലഭ്യമാക്കേണ്ടതും ആണ്.

I) CPWD സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിക്കായി ആകെ 2,08,28,600 രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്. എന്നാൽ സർക്കാരിൽ നിന്നും പ്ലാൻ വിഹിതമിനത്തിൽ 01.08.2021 ൽ 1.25 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. സർക്കാരിൽ നിന്നും അനുമതി ഉത്തരവ് ലഭിച്ച ശേഷമാണ് സർവ്വകലാശാല

പ്രവൃത്തിക്കാവശ്യമായ സാങ്കേതിക സഹായം CWRDM-നോട് അപേക്ഷിച്ചിട്ടുള്ളതും, അതനുസരിച്ച് ലഭ്യമായ specification നുകൾ പ്രകാരം CPWD- എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും. എന്നാൽ 1.25 കോടി രൂപയുടെ ഭരണാനുമതി കഴിച്ച് ബാക്കി തുകയ്ക്ക് സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചതായി ഫയലിൽ രേഖകൾ കാണുന്നില്ല. ഫയലിലെ രേഖപ്പെടുത്തൽ പ്രകാരം CPWD- വർക്ക് ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പ്രവൃത്തിക്കാവശ്യമായ മുഴുവൻ തുകയ്ക്കും ഭരണാനുമതി ലഭിച്ച (ആവശ്യമായ ഫണ്ട് അനുവദിച്ച) എന്നു ഉറപ്പുവരുത്തുന്നതിന് മുൻപു തന്നെ പ്രവൃത്തി ടെണ്ടർ ചെയ്ത് ആരംഭിച്ചതായാണ് കാണുന്നത്. ഈ അപാകതയ്ക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം. 1/18.1.23) മറുപടി ലഭ്യമാക്കുകയുണ്ടായി. ഏതൊരു പ്രവൃത്തിയ്ക്കും ആവശ്യമായ മുഴുവൻ തുകയ്ക്കുമുള്ള ഭരണാനുമതി ലഭ്യമായതിനു ശേഷം മാത്രമല്ല പ്രവൃത്തി ടെണ്ടർ ചെയ്യുന്നതെന്നും, ഘട്ടം ഘട്ടമായി ചെയ്യുന്ന പല പ്രവൃത്തികൾക്കും മുഴുവൻ തുകയ്ക്കുമുള്ള ഭരണാനുമതി ലഭിച്ച ശേഷമല്ല പ്രവൃത്തി ആരംഭിയ്ക്കാറുള്ളത് എന്നും ആ ഘട്ടത്തിന് മാത്രമുള്ള ഭരണാനുമതി വാങ്ങിയാണ് പ്രവൃത്തി ആരംഭിയ്ക്കാറുള്ളത് എന്നുമാണ് ലഭ്യമാക്കിയ മറുപടി പ്രകാരം അറിയിച്ചിട്ടുള്ളത്. ഈ മറുപടി താഴെ ചേർക്കുന്ന കാരണങ്ങളാൽ തന്നെ പരിഗണനാർഹമല്ല.

2012 ലെ KPWD Manual സെക്ഷൻ 1801.1.2 ലെ ഖണ്ഡിക – 4 ൽ ചേർത്തിട്ടുള്ള വാചകം താഴെ ചേർക്കുന്നു.

“Technical sanction shall be issued only based on the Administrative sanction for the work and the amount of Technical sanction for any work shall not exceed the amount of Administrative Sanction by more than 15%. Before Administrative sanction is issued availability of funds shall be ensured for execution of the work either through budget provision or through diversion from other works under the prescribed rules for such diversion or by deposit in the case of deposit works”.

ഈ പ്രവൃത്തിയിൽ 1.25 കോടിയുടെ ഭരണാനുമതി മാത്രമാണ് സർക്കാരിൽ നിന്നും ലഭിച്ചത്. എന്നാൽ CPWD സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 2,08,28,600 (2.08286 കോടി) രൂപയുടെ ചെലവ് പ്രവൃത്തിയ്ക്കാവശ്യമായി വരും. ഇതനുസരിച്ചാണ് സാങ്കേതികാനുമതി ലഭിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുള്ളത്. CPWD-യുടെ 19.10.2022 ലെ നം. 23(140)/EE-TCR/2022/1183(H) കത്ത് പ്രകാരം പ്രവൃത്തിക്കാവശ്യമായ ബാക്കി തുക ഡെപ്പോസിറ്റ് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ഡെപ്പോസിറ്റ് ചെയ്യാൻ ആവശ്യമായ 83,28,600 രൂപ (2,08,28,600 – 1,25,00,000) യൂണിവേഴ്സിറ്റിയുടെ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് ഡെപ്പോസിറ്റ് ചെയ്യുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് 27.12.2022 ലെ ഗവേണിംഗ് കൗൺസിലിന് 72.46 ആയി അജണ്ട വെച്ചുവെങ്കിലും ഗവേണിംഗ് കൗൺസിൽ വിഷയം ടെക്നിക്കൽ കമ്മിറ്റിയോട് പുന:പരിശോധിയ്ക്കാൻ ആവശ്യപ്പെടുകയാണ് ചെയ്തിട്ടുള്ളത്. 2022 23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത തുക വകയിരുത്തിയതായി കാണുന്നില്ല. മാത്രമല്ല 01.03.2023 ലാണ് 9372/Works/A1/2021/KUHS കത്തു പ്രകാരം പുതുക്കിയ ഭരണാനുമതിക്കായി സർക്കാരിനോട് അപേക്ഷിച്ചിരിക്കുന്നത്. അതിനാൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ തുടർനടപടി ഉറപ്പാക്കേണ്ടതും ആണ്.

II) പ്രവൃത്തിയ്ക്കാവശ്യമായ സാങ്കേതിക സഹായം നൽകിയ CWRDM (ജല വിഭവ വികസന വിനിയോഗ കേന്ദ്രം) 04.02.2022 ൽ നൽകിയ ഇടക്കാല റിപ്പോർട്ടിലെ ഖണ്ഡിക 2-6 താഴെ ചേർക്കുന്നു.

“All associated structures including water delivery points, distribution networks, piping and other fittings, drains etc should be constructed and possible commissioning to be completed prior to the lining works”.

ഈ ശിപാർശ അനുസരിച്ച് rain water harvesting pond ലൂടെ ലഭ്യമാകുന്ന ജലം ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സർവ്വകലാശാല lining works പൂർത്തീകരിയ്ക്കുന്നതിന് മുൻപ് തന്നെ സ്വീകരിയ്ക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് സർവ്വകലാശാല എന്തെങ്കിലും നടപടി സ്വീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തൽ ഇല്ലാത്തതാണ്. ആവശ്യമായ പൂരകനടപടികളുടെ അഭാവത്തിൽ rain water harvesting pond- ലൂടെ ലഭ്യമാകുന്ന ജലം സർവ്വകലാശാല എപ്രകാരം ഉപയോഗപ്പെടുത്തും എന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം. 1/18.1.23) മറുപടി ലഭ്യമാക്കുകയുണ്ടായി. ഇതനുസരിച്ച്, മഴവെള്ള സംഭരണകുളത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞാൽ

ആദ്യ ഘട്ടം എന്ന നിലയിൽ ജലം പൂന്തോട്ട പരിപാലനത്തിനായി ഉപയോഗിയ്ക്കാം എന്നാണ് തീരുമാനിച്ചിട്ടുള്ളതെന്നും, അതിനുശേഷം ജലദൗർലഭ്യം വിലയിരുത്തി രണ്ടാം ഘട്ടമായി ടോയിലറ്റുകളിലെ ഫ്ലഷ് ടാങ്കുകളിലേയ്ക്ക് ജലം ഉപയോഗപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പൂന്തോട്ട പരിപാലനത്തിന് വേണ്ടിയുള്ള പൈപ്പ് കണക്ഷനുകൾ എല്ലാം തന്നെ ഇതിനോടകം പൂർത്തിയാക്കിയിട്ടുള്ളതാണെന്നും അതെല്ലാം സർവ്വകലാശാലയുടെ പ്രധാന വാട്ടർലൈനിൽ നിന്നാണ് ബന്ധിപ്പിച്ചിരിക്കുന്നതെന്നും സംഭരണകുളത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ച് കഴിഞ്ഞാൽ മോട്ടോർ ഇറക്കി പൂന്തോട്ടത്തിലേയ്ക്കുള്ള പ്രധാന വാട്ടർലൈൻ മാറ്റി കുളത്തിലേയ്ക്കുള്ള ലൈൻ ബന്ധിപ്പിയ്ക്കുന്ന പ്രവൃത്തി മാത്രമായിരിക്കും ബാക്കിയുണ്ടാകുന്നത് എന്നും അറിയിച്ചിട്ടുണ്ട്.

16.5 ദശലക്ഷം ലിറ്റർ ജല സംഭരണ ശേഷിയുള്ള മഴവെള്ള സംഭരണകുളത്തിന്റെ പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതോടൊപ്പം പ്രസ്തുത ജല സംഭരണിയുടെ ശേഷി പൂർണ്ണ തോതിൽ പ്രയോജനപ്പെടുത്തുന്നതിന് ഉതകുമാറ് ആവശ്യമായ തുടർനടപടികൾ ഇനിയും ഉണ്ടാകേണ്ടതായാണ് സർവ്വകലാശാല അറിയിച്ച മറുപടിയിലും വ്യക്തമാക്കിയിട്ടുള്ളത്. അതിനാൽ മഴവെള്ള സംഭരണകുളത്തിന്റെ ശേഷി സർവ്വകലാശാലയ്ക്ക് അനുയോജ്യമായ വിധത്തിൽ പൂർണ്ണ തോതിൽ പ്രയോജനപ്പെടുത്തുന്നതിന് ജല വിഭവ വികസന വിനിയോഗ കേന്ദ്രം (CWRDM) 4.2.22 – ന് നൽകിയ ഇടക്കാല റിപ്പോർട്ടിലെ ഖണ്ഡിക 2-6 ലെ നിർദ്ദേശങ്ങൾ പ്രകാരം ആവശ്യമായ തുടർ പ്രവർത്തനം സംഘടിപ്പിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

III) CWRDM- സർവ്വകലാശാലയ്ക്ക് ആവശ്യമായ ഒരു Water Resources Development plan തയ്യാറാക്കി 2012 ജൂലൈയിൽ തന്നെ ഒരു ഫൈനൽ റിപ്പോർട്ട് സമർപ്പിച്ചതായാണ് 3481/2011/works/KUHS എന്ന ഫയലിൽ നിന്നും ബോധ്യപ്പെടുന്നത്. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ വിശദമായ പഠനം നടത്തിയ CWRDM പ്രതിദിനം 6,00,000 ലിറ്റർ ജലം സർവ്വകലാശാലയ്ക്ക് ആവശ്യമായി വരും എന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശ അനുസരിച്ച് സർവ്വകലാശാലയ്ക്ക് ആവശ്യമായ ജലം താഴെ പ്രതിപാദിക്കുന്ന രീതിയിൽ കണ്ടെത്താൻ കഴിയും എന്നാണ് ശിപാർശ ചെയ്തിട്ടുള്ളത്.

1) ഭൂഗർഭ ജലത്തിന്റെ വികസനത്തിലൂടെ

2) മഴവെള്ള സംഭരണത്തിലൂടെ

3)ഉപയോഗിച്ച ജലത്തിന്റെ പുനരുപയോഗത്തിലൂടെ

4)വാട്ടർ അതോറിറ്റിയിൽ നിന്നും ജലം വാങ്ങുന്നതിലൂടെ

ഇതിൽ rain water harvesting സംബന്ധിച്ച പ്രവൃത്തിക്കാവശ്യമായ സാങ്കേതിക സഹായം ആണ് CWRDM-ൽ 2021-2022 ൽ നൽകിയിട്ടുള്ളത്. ഇപ്രകാരം സഹായം നൽകുമ്പോൾ CWRDM തയ്യാറാക്കിയ ഇടക്കാല റിപ്പോർട്ടിൽ സർവ്വകലാശാലയ്ക്ക് ഒരു ദിവസത്തേയ്ക്ക് ആവശ്യമായ ജലത്തിന്റെ അളവായി ചേർത്തിട്ടുള്ളത് 1,50,000 ലിറ്റർ ജലമാണ്. അതായത് 2012 ൽ CWRDM തന്നെ വിശദമായ പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിലെ ജലത്തിന്റെ ആവശ്യകതയുടെ 1/4 ഭാഗം മാത്രമാണ് ഇടക്കാല റിപ്പോർട്ട് തയ്യാറാക്കുമ്പോൾ CWRDM പരിഗണിച്ചിട്ടുള്ളൂ.

മേൽ വിവരിച്ച സാഹചര്യത്തിൽ സർവ്വകലാശാല അതിനാവശ്യമായ ജലലഭ്യത ഉറപ്പാക്കുന്നതിന് 2012 ലെ CWRDM- റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ അവലോകനം ചെയ്ത് കഴിഞ്ഞ 10 വർഷത്തിനിടെ ഉണ്ടായ പുരോഗതി വിലയിരുത്തി ബാക്കി ലക്ഷ്യങ്ങൾ നേടുന്നതിലേയ്ക്കായി ഉചിതമായ തുടർനടപടികൾ (പ്രത്യേകിച്ചും ജലം പുനഃരുപയോഗത്തിന് വേണ്ടി STP നിർമ്മിക്കാനുള്ള പ്രവൃത്തി CPWD-യെ ഏൽപ്പിച്ചതിനാൽ) കൈക്കൊണ്ട് വിവരം ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ചേർക്കേണ്ടതാണ്.

## 1-3-19 സർവ്വകലാശാല വാല്യൂവേഷൻ സെന്ററിലെ Passenger lift -ലൈസൻസ് പുതുക്കിയിട്ടില്ല

**ഫയൽ നം. 490/Works/KUHS/2018 Comprehensive AMC for Evaluation Centre Lift**

PWD Electrical wing മെഡിക്കൽ കോളേജ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ 17.11.17 ലെ കത്ത് നം. EWMC 01/HU/2017 പ്രകാരം സർവ്വകലാശാലയുടെ വാല്യൂവേഷൻ സെന്ററിലെ Passenger lift 24.11.16 ൽ കമ്മീഷൻ ചെയ്തിട്ടുള്ളതാണെന്നും ആയതിന്റെ വാറന്റി പിരീയിഡും, free servicing ഉം 23.11.17ൽ അവസാനിയ്ക്കുന്നതാണെന്നും സർവ്വകലാശാല രജിസ്ട്രാറെ അറിയിക്കുകയുണ്ടായി. ഇതനുസരിച്ച് PWD വിഭാഗവും M/s Omega Elevators, Banerji Road Kochi എന്ന സ്ഥാപനവും തമ്മിൽ ലിഫ്റ്റുമായി ബന്ധപ്പെട്ട് ഏർപ്പെട്ട AMC യുടെ പകർപ്പ് സർവ്വകലാശാലയ്ക്ക് നൽകുകയും ആയത് പ്രകാരം AMC യ്ക്ക് വർക്ക് ഓർഡർ നൽകാൻ അഭ്യർത്ഥിയ്ക്കുകയും ചെയ്തു.

ഫയലിൽ ലഭ്യമായ AMC കരാർ പ്രകാരം M/s Omega Elevators, Banerji Road Kochi എന്ന സ്ഥാപനം ഓരോ വർഷത്തേയ്ക്കും quote ചെയ്ത നിരക്ക് താഴെ ചേർക്കുന്നു.

| | |
|---|---|
| ആദ്യ വർഷം | Free Service |
| രണ്ടാം വർഷം | 86040.00 രൂപ |
| മൂന്നാം വർഷം | 94640.00 രൂപ |
| നാലാം വർഷം | 104100.00രൂപ |
| അഞ്ചാം വർഷം | 114510.00 രൂപ |
| ആറാം വർഷം | 125960.00രൂപ |

സർവ്വകലാശാല 20.11.2021 ലെ No. 1202/2021/അഡ്മിൻ/കേ.ആ.സ ഉത്തരവ് പ്രകാരം, 24.11.21 മുതൽ 23.11.22 വരെയുള്ള വാർഷിക പരിപാലന കരാർ M/s Omega Elevators മായി പുതുക്കി നിശ്ചയിക്കുന്നതിന് നികുതികളടക്കം 1,48,633 രൂപയ്ക്ക് (125960+18% GST) ഭരണാനുമതി ഉത്തരവായി.

21.1.22 ലെ U.O No. 95/2022/Admn/KUHS ഉത്തരവ് പ്രകാരം സർവ്വകലാശാല ഇവാല്യൂവേഷൻ സെന്ററിൽ സ്ഥാപിച്ച ലിഫ്റ്റിന്റെ 19.11.20 മുതൽ 18.11.21 വരെയുള്ള വാർഷിക പരിപാലന കരാർ തുകയായ (അഞ്ചാം വർഷത്തെ) 1,35,122 രൂപ (114510+18% GST) അനുവദിച്ച് ഉത്തരവായി. ഇത് പ്രകാരം M/s Omega Elevators -ന് 132831 രൂപ (2% ആദായ നികുതി കിഴിച്ച് ) വൗച്ചർ നം. 992/24.1.22 പ്രകാരം നൽകുകയും ചെയ്തു.

ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(i) AMC നൽകിയ ലിഫ്റ്റിന് 2012 ലെ Kerala Lifts and Escalators Rules പ്രകാരം ലൈസൻസ് ലഭിച്ചതിന്റേയോ/ലൈസൻസ് പുതുക്കിയതിന്റേയോ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

(ii) ആവശ്യമായ ലൈസൻസ് എടുത്തിട്ടില്ലെങ്കിൽ AMC തുക അനുവദിച്ചത് ക്രമ പ്രകാരമല്ല.

(iii) Omega Elevators Kochi യുമായി Comprehensive AMC യാണ് നിലനിൽക്കുന്നത്. ഇതനുസരിച്ച് പണം അനുവദിച്ച കാലയളവിലെ Routine Service സ്ഥാപനം നടത്തിയതിന്റെ വിശദാംശത്തിന്റെ പകർപ്പ് ഫയലിൽ ലഭ്യമാണെങ്കിലും ഈ കാലയളവിൽ സ്ഥാപനം Safety Inspection ഒന്നും തന്നെ നടത്തിയതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/30.5.23) സർവ്വകലാശാല ലഭ്യമാക്കിയ മറുപടി /രേഖകൾ ചുവടെ ചേർക്കുന്നു.

രജിസ്ട്രാറുടെ 8.2.23 ലെ 38677/2022/A4/works/KUHS കത്തു പ്രകാരം ലിഫ്റ്റ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ തൃശ്ശൂർ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഇൻസ്പെക്ടർക്ക് നൽകിയിട്ടുണ്ട്. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയിൽ മുൻപ് ലൈസൻസ് അനുവദിച്ചത് No.590/EIR/1 dt 19.11.2016 ൽ ആണെന്ന് കാണുന്നു.ആയതിനാൽ തന്നെ AMC നില നിന്നിരുന്ന കാലയളവിൽ ലിഫ്റ്റിന്റെ പ്രവർത്തനം ലൈസൻസില്ലാതെയാണെന്ന് വ്യക്തമാകുന്നു. ലൈസൻസ് പുതുക്കി ലഭിച്ചതിനു ശേഷം മാത്രം വാർഷിക പരിപാലന കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3-20 ക്ലിനിക്കൽ സിമുലേഷൻ ലാബ് സ്ഥാപിക്കൽ- അപാകതകൾ

സർവ്വകലാശാലാ ആസ്ഥാനത്ത് സ്ഥാപിക്കുന്ന സിമുലേഷൻ ലാബിലേക്കുള്ള ഉപകരണങ്ങൾ Kerala Medical Services Corporation (KMSCL)-ൽ നിന്നും വാങ്ങുന്നതിന് 24.07.17-ലെ 40-ാം ഗവേണിങ്ങ് കൗൺസിൽ തീരുമാനപ്രകാരം അനുമതി നല്കി. G.O.(Rt.)No.2303/2018/H&FWD തീ.20.07.2018 പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. 01.03.2019-ൽ ചേർന്ന 51-ാം ഗവേണിങ്ങ് കൗൺസിൽ തീരുമാന പ്രകാരം സിമുലേഷൻ ഉപകരണങ്ങൾ വാങ്ങുന്നതിനും അനുബന്ധ മരാമത്ത് പ്രവൃത്തികൾക്കുമായി 15,37,27,739 രൂപയുടെ ഭരണാനുമതി സർവ്വകലാശാല നൽകിയതിൽ 10 കോടി രൂപ സർക്കാർ ഗ്രാന്റും ശേഷിക്കുന്നത് സർവ്വകലാശാലയുടെ തനത് ഫണ്ടുമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വൗച്ചർ നം.1242/30.03.22 പ്രകാരം KMSCL-ന് 3,20,71,755രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ ലാബ് ഉപകരണങ്ങളൊന്നും തന്നെ ലഭിച്ചിട്ടില്ല.

മേൽ ഇടപാടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിഷയങ്ങളിലുള്ള മറുപടി നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.38/5.8.23) പരാമർശം ഒഴിവാക്കുന്നതിനാവശ്യമായ മറുപടി ലഭിച്ചില്ല.

1. G.O.(Rt.)No.2303/2018/H&FWD Dt.20.07.2018പ്രകാരം കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ ഭരണ കാര്യാലയം പ്രവർത്തിക്കുന്ന കെട്ടിടത്തിൽ ഒരു ക്ലിനിക്കൽ സിമുലേഷൻ ലാബ് സ്ഥാപിക്കുന്നതിനുള്ള 10 കോടി രൂപയുടെ ഭരണാനുമതി സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായി സർക്കാരിൽ നിന്നും ഈ ഇനത്തിൽ തുകയൊന്നും തന്നെ സർവ്വകലാശാലക്ക് ലഭിച്ചിട്ടില്ല.

2. ഗവേണിംഗ് കൗൺസിലിന്റെ 01.03.2019-ലെ തീരുമാനം നം.51.50 പ്രകാരം സിമുലേഷൻ ഉപകരണങ്ങൾ വാങ്ങുന്നതിനും ആവശ്യമായ മരാമത്ത് പ്രവൃത്തികൾക്കുമായി 15,37,27,739 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വാങ്ങലിന് ആവശ്യമായ ഫണ്ടും ഭരണാനുമതിയും ഉണ്ടെന്ന് വാങ്ങൽ നടത്തുന്ന ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണെന്നും (ഖണ്ഡിക 6.5), വകുപ്പ് തലവന്മാർക്കും ഇക്കാര്യത്തിനായി അധികാരപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥന്മാർക്കും തങ്ങളുടെ സാമ്പത്തികാധികാര പരിധിക്കുള്ളിലെ എല്ലാ വാങ്ങലുകൾക്കും ഭരണാനുമതി നൽകുവാൻ അധികാരമുണ്ടെന്നും ഉയർന്ന മൂല്യമുള്ള വാങ്ങലുകൾക്ക് സർക്കാരിന്റെ അനുമതി ആവശ്യമാണെന്നും (ഖണ്ഡിക 6.6) 2013 സ്റ്റോർ പർച്ചേസ് മാനുവൽ നിഷ്കർഷിക്കുന്നു. സർക്കാർ നൽകിയ ഭരണാനുമതി 10 കോടി രൂപയാണെന്നിരിക്കെ ഗവേണിങ്ങ് കൗൺസിൽ അതിൽ കൂടുതൽ തുകയുടെ ഭരണാനുമതി നൽകിയതിന്റെ സാംഗത്യം വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ടിരുന്നുവെങ്കിലും സർവ്വകലാശാല ലഭ്യമാക്കിയ മറുപടിയിൽ ഭരണാനുമതി നൽകുന്നതിന് ഗവേണിങ്ങ് കൗൺസിലിനെ പ്രാപ്തമാക്കുന്ന നിയമവ്യവസ്ഥ നൽകിയതിൽ അവ്യക്തതയുണ്ട്.

3. 2021-22സാമ്പത്തിക വർഷത്തെ ബജറ്റിലും പുതുക്കിയ ബജറ്റിലും ഈ ഇനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ബജറ്റിൽ തുക വകയിരുത്താതെ തുക

ചെലവഴിക്കുന്നത് കേരള ബഡ്ജറ്റ് മാന്വൽ ഖണ്ഡിക 5(3) പ്രകാരം ക്രമപ്രകാരമല്ലാത്തതാണ്.

4. ഗവേണിങ്ങ് കൗൺസിലിന്റെ 24.07.17-ലെ തീരുമാനം നം.40.39 പ്രകാരം 5 ഘട്ടങ്ങളുള്ള സിമുലേഷന്റെ ആദ്യ 2ഘട്ടങ്ങൾ. അഫിലിയേറ്റഡ് സ്ഥാപനങ്ങളിലും തുടർന്നുള്ള 3ഘട്ടങ്ങൾ ഒരു അപെക്സ് സെന്ററായി വിഭാവനം ചെയ്തിരിക്കുന്ന KUHS സെന്റർ ഫോർ റിസർച്ച് ഇൻ മെഡിക്കൽ സിമുലേഷനിലും നിറവേറ്റാൻ കഴിയും. ഇത്തരത്തിൽ അഫിലിയേറ്റഡ് സ്ഥാപനങ്ങളിൽ സിമുലേഷന്റെ ആദ്യ രണ്ടു ഘട്ടങ്ങൾ ഉറപ്പാക്കുന്നതരത്തിൽ പരിശോധനാ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ പകർപ്പ് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ടിരുന്നതിന് മറുപടിയൊന്നും ലഭിച്ചില്ല.

5. ആന്ധ്രാപ്രദേശിലെ രാജമുണ്ട്രി GSL മെഡിക്കൽ കോളേജിൽ വെച്ച് 2019 ഡിസംബർ മാസം 13,14 തീയ്യതികളിലായി നടന്ന നാഷണൽ സിമുലേഷൻ കോൺഫറൻസിൽ പങ്കെടുത്ത ആരോഗ്യ സർവ്വകലാശാല സിമുലേഷൻ സെന്റർ അസോ.പ്രൊഫസർ ശ്രീമതി ഡോ.മേഴ്സി P.J. സമർപ്പിച്ച റിപ്പോർട്ടിൽ, സിമുലേഷൻ സെന്ററിന്റെ പ്രസക്തിയെ സംബന്ധിച്ചുള്ള ഭാഗത്ത് താഴെ കൊടുത്തിട്ടുള്ള നിരീക്ഷണങ്ങൾ നൽകിയിട്ടുണ്ട്.

i)To establish a Simulation based medical education curriculum.

ii)Reorient the examination system using simulation skills especially the practical examination [OSCE] Objective Structured Clinical examination.

മേൽ നിരീക്ഷണങ്ങൾക്കനുസൃതമായി പാഠ്യപദ്ധതിയിലും പരീക്ഷാ സമ്പ്രദായത്തിലും ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുള്ള നടപടികൾ കൈക്കൊണ്ടതിന്റെ വിവരങ്ങൾ നല്കേണ്ടതാണെന്നാവശ്യപ്പെട്ടതിന് 15.02.2022 തീയ്യതിയിലെ 66/2022/ schools and center/KUHS നം.ഉത്തരവ് പ്രകാരം സർട്ടിഫിക്കറ്റ് പ്രോഗ്രാമിന്റെയും TOT പ്രോഗ്രാമിന്റെയും പാഠ്യപദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭിച്ചത്. എന്നാൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

6. INDIAN CONTRACT ACT, 1872-ലെ വകുപ്പ് 25-ൽ An agreement made without consideration is void എന്ന് നിഷ്കർഷിക്കുന്നുണ്ട്. KMSCL-മായി ഒപ്പുവെച്ച കരാറിൽ സ്ഥാപനവുമായുള്ള ഇടപാട് തുക രേഖപ്പെടുത്തിയിട്ടില്ല എന്നതിനാൽ തന്നെ കരാറിന് നിയമസാധുതയുണ്ടോ എന്ന വിഷയം പരിശോധിക്കേണ്ടതാണ്.

7. കേരള ഫിനാൻസ് ആക്റ്റ്, 2018 പ്രകാരം 2018-19 വർഷം മുതൽ മരാമത്ത് പ്രവൃത്തികൾക്കും സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഓരോ 1000 രൂപക്കും 1 രൂപ വീതം എന്ന നിരക്കിൽ കുറഞ്ഞത് 200രൂപയും പരമാവധി 1ലക്ഷം രൂപയുമായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ സർവ്വകലാശാല, KMSCL-മായി ഒപ്പുവെച്ച കരാർ, മേൽ നിരക്കിനനുസൃതമായുള്ളതല്ല. 200രൂപയുടെ മുദ്രപത്രത്തിലാണ് കരാർ തയ്യാറാക്കിയിരിക്കുന്നത്. KMSCL-മായി ഒപ്പുവെച്ച കരാർ സേവനസ്വഭാവമുള്ളതാകയാൽ മേൽനിരക്ക് ബാധകമാണെന്നിരിക്കെ സർക്കാർ ഫണ്ടിന് 99,800 രൂപ (100,000 – 200) നഷ്ടം വന്നിട്ടുള്ളതായി കാണുന്നു.

8. KMSCL-മായി കരാർ ഒപ്പുവെച്ചിട്ടുള്ളത് 04.05.2022-നാണ്. എന്നാൽ 30.03.22-ന് സ്ഥാപനം ആവശ്യപ്പെട്ട തുക കരാർ ഒപ്പുവെക്കുന്നതിനു മുൻപുതന്നെ കൈമാറിയതായി കാണുന്നു.

9. സപ്ലയറിൽ നിന്ന് മേല്പറഞ്ഞ ഉപകരണങ്ങളുടെ invoice ഉം അതോടൊപ്പം Service charge ന്റെ invoice ഉം ലഭ്യമാക്കാൻ KMSCL നോട് ആവശ്യപ്പെട്ടതായി ഫയലിൽ കാണുന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിൽ ഇത്തരം രേഖകൾ ലഭ്യമാക്കിയിട്ടില്ല.

10. KMSCL മായി ഒപ്പുവെച്ച കരാറിലെ 1.5വ്യവസ്ഥയനുസരിച്ച് The equipment supplied by KMSCL shall be maintained by KMSCL during warranty period and CAMC agreement shall be executed directly with suppliers by KUHS after warranty period. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും വിതരണം ചെയ്ത സാമഗ്രികളുടെ വാറന്റിയെ സംബന്ധിച്ച പരാമർശങ്ങളില്ല.

11. കരാറിലെ 1.6 വ്യവസ്ഥയനുസരിച്ച് The supplier shall arrange training to the staff of KUHS on the items supplied at the time of installation. ഇത്തരത്തിൽ പരിശീലനം നൽകിയിട്ടുണ്ടെങ്കിൽ വിവരം നൽകേണ്ടതാണെന്നാവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി നൽകിയില്ല.

12. സിമുലേഷൻ സെന്റർ പ്രവർത്തനസജ്ജമായിട്ടുണ്ടെങ്കിൽ പരിശീലകരുടെ നിയമനം, ഇതുവരെ നടത്തിയ പരിശീലനങ്ങൾ, വിവിധ പരിശീലനങ്ങളിൽ പങ്കെടുത്തവർ, സ്ഥാപനത്തിന്റെ ദൈനംദിന ഭരണനിർവ്വഹണം സുഗമമാക്കുന്നതിനായി തയ്യാറാക്കിയ നിയമാവലി തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല.

13. ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

14. കരാറിലെ വ്യവസ്ഥ നം.6 പ്രകാരമുള്ള completion certificate, സ്ഥാപനം (KMSCL)ഹാജരാക്കിയിട്ടില്ല.

മേൽ വിഷയങ്ങളിൽ തൃപ്തികരമായ മറുപടി ലഭിക്കുന്നതുവരേക്ക് ചെലവു തുക 3,20,71,755രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-3-21 മുൻകൂറുകളുടെ ക്രമീകരണം- രജിസ്റ്ററുകൾ അപൂർണ്ണമാണ്

ജി.ഒ (പി) 419/2011/ധനം തീയ്യതി 4.10.2011 പ്രകാരം മുൻകൂറുകൾ 3 മാസത്തിൽ ക്രമീകരിക്കേണ്ടതും മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിച്ചില്ലെങ്കിൽ അനുവദിച്ച മുഴുവൻ തുകയും തിരിച്ച് പിടിക്കേണ്ടതും തിരിച്ച് പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ച് പിടിക്കുന്ന ദിവസംവരെ 18% നിരക്കിൽ പലിശ ഈടാക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. സർവ്വകലാശാല മുൻകൂർ ക്രമീകരിക്കുന്നതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. <u>മുൻകൂർ രജിസ്റ്ററുകളിൽ യഥാവിധി രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല</u>

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I,അനുഛേദം 66 പ്രകാരം ഓരോ ഓഫീസ് തലവനും ഫോറം 5 പ്രകാരമുള്ള അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. 2021-22 വാർഷിക കണക്ക്, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 9, Advances and other current Assets എന്ന ഹെഡിൽ Advance to other staff ഇനത്തിൽ 84,405/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ഈ തുകയുടെ കൃത്യത ഉറപ്പാക്കുന്ന വിധത്തിൽ യാതൊരു തരത്തിലുള്ള രേഖപ്പെടുത്തലുകളും ഇല്ലാത്തതാണ്. ഈ തുകയുടെ കൃത്യത ഉറപ്പാക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം.14/27.6.23) രേഖപ്പെടുത്തലുകൾ വരുത്തിയ മുൻകൂർ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

2. <u>സ്പോർട്സ് കോൺവെക്കേഷൻ 2020- മുൻകൂർ ക്രമീകരിച്ചിട്ടും വാർഷികകണക്കിൽ ആയത് പ്രതിഫലിപ്പിച്ചിട്ടില്ല</u>

സർവ്വകലാശാലയിലെ ഡീനിന് (സ്റ്റുഡൻഡ്സ് അഫയേഴ്സ്) (Dr. ഇക്ബാൽ V.M) സ്പോർട്സ് കോൺവെക്കേഷൻ 2020 - ന്റെ നടത്തിപ്പിനായി വൗച്ചർ നം- 1156/17.2.2021 (ചെക്ക്.നം. 475850/17.2.21) പ്രകാരം 15000/- രൂപ അഡ്വാൻസ് അനുവദിച്ചിരുന്നു. സർവ്വകലാശാല ഉത്തരവ് നം.66/2021/dsa/kuhs dt 12.5.21 പ്രകാരം ആയത് ക്രമീകരിച്ചതായി ഓഡിറ്റ് എൻക്വയറി നം.14/27.6.23 നുള്ള മറുപടിയായി അറിയിച്ചിരുന്നു. എന്നാൽ വാർഷിക കണക്ക്, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 9, Advances and other current

assets എന്ന ഹെഡിൽ Advance to Dean (സ്റ്റുഡൻഡ്സ് അഫയേഴ്സ്) എന്നതിൽ ക്രമീകരിക്കാനവശേഷിക്കുന്ന അഡ്വാൻസായി രേഖപ്പെടുത്തിയ 11500114/- രൂപയിൽ മേൽ തുക കൂടി ഉൾപ്പെട്ടതായി കാണുന്നു.

അഡ്വാൻസ് തുക ക്രമീകരിച്ചതിനാൽ അതിനനുസൃതമായ മാറ്റങ്ങൾ തുടർവർഷങ്ങളിലെ വാർഷിക കണക്കുകളിൽ പ്രതിഫലിപ്പിക്കുന്ന വിധം കണക്കുകൾ കൃത്യമാക്കേണ്ടതാണ്.

## 1-3-22 വാല്യുവേഷൻ ക്യാമ്പ് നടത്തിപ്പിനായി ക്യാമ്പ് ഓഫീസർമാർക്ക് നൽകിയ മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ്, വാല്യം 1, ആർട്ടിക്കിൾ 99 പ്രകാരം മുൻകൂർ തുകകൾ നൽകിയ തിയ്യതി മുതൽ 3 മാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവ് (അ) 419 /2011/ധന തിയതി 4.10.2011 പ്രകാരം മുൻകൂർ കൈപ്പറ്റി 3 മാസത്തിനുള്ളിൽ ക്രമീകരണ ബില്ലുകൾ സമർപ്പിക്കാത്ത പക്ഷം മുഴുവൻ അഡ്വാൻസ് തുകയും തിരിച്ചു പിടിക്കേണ്ടതും, തിരിച്ചു പിടിക്കുമ്പോൾ തുക പിൻവലിച്ച തിയ്യതി മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% പലിശ കണക്കാക്കി ഒറ്റത്തവണയായി തിരികെ ഈടാക്കേണ്ടതുമാണ്. ഇക്കാര്യങ്ങൾ പരിഗണിക്കാതെയാണ് സർവ്വകലാശാല വാല്യുവേഷൻ ക്യാമ്പ് നടത്തിപ്പിനായി ക്യാമ്പ് ഓഫീസർമാർക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർനം., തിയ്യതി, തുക | പരീക്ഷ | അനുവദിച്ചത് | അക്കൗണ്ട് നം. | തുക | സെറ്റിൽ മെന്റ് വിശദാം ശങ്ങൾ | ക്രമീകരി ക്കുന്നതിന് വൈകിയ കാലയളവ് |
|---|---|---|---|---|---|---|---|
| 1. | P 196/ 29.07.2021, 102000/- | മൂന്നാംവർഷ എം.ബി.ബി.എസ് പാർട്ട്II റെഗുലർ/ സപ്ലി എക്സാം 5/21 | സുജിത്ത്.കെ.പി (തിരുവനന്തപുരം സോൺ) | 37297816708 | 34000.00 | P1040/ 18.11.2022 | 30.10.2021 മുതൽ 18.11.2022 വരെ |
| | | | അരുൺ.സി.വി (കോട്ടയംസോൺ) | 37364852244 | 34000.00 | | |
| | | | സൈനുദ്ധീൻ.ഐ (കോഴിക്കോട് സോൺ) | 20301205634 | 34000.00 | | |
| 2. | P 206/ 03.08.2021, 69500/- | നാലാംവർഷ ബി.എസ്.സി നഴ്സിംഗ് റെഗുലർ/ സപ്ലി എക്സാം 4/21 | അഖില എ. എസ് | 37260664711 | 35000.00 | P82/ 22.04.2022 | 4.11.21 മുതൽ 22.04.2022 വരെ |
| | | | ഹാരിസ് സോമൻ | 6738092325 | 34500.00 | | |
| 3. | P 324/ 31.08.2021, 78000/- | മൂന്നാംവർഷ എം.ബി.ബി.എസ് പാർട്ട്I റെഗുലർ/ സപ്ലി എക്സാം 5/21 | സുജിത്ത് കെ. പി | 37297816708 | 26000.00 | P 25/ 07.04.2022 | 01.12.2021 മുതൽ 07.04.2022 വരെ |
| | | | അരുൺ സി. വി | 37364852244 | 26000.00 | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | സൈനുദ്ധീൻ ഐ | 20301205634 | 26000.00 | | |
| 4. | P 425/ 15.09.2021, 21500/- | ഒന്നാംവർഷ എം.ബി.ബി.എസ് (എസ്)SAY എക്സാം 8/2021 | സിമിമോൾ എസ്. എ | 57054165184 | 12500.00 | P316/ 15.6.22 | 16.12.21 മുതൽ 15.6.22 വരെ |
| | | | അരുൺ സി. വി | 37364852244 | 9000.00 | | |
| 5. | P 472/ 22.09.2021, 68500/- | മൂന്നാംവർഷ ബി.എസ്.സി നഴ്സിംഗ്, റെഗുലർ/ സപ്ലി എക്സാം ജൂലൈ 21 | ഹാരിസ് സോമൻ | 6738092325 | 34500.00 | P 1084/ 02.12.2022 | 23.12.2021 മുതൽ 02.12.2022 വരെ |
| | | | സുജിത്ത് കെ. പി | 37297816708 | 34000.00 | | |
| 6. | P 525/ 04.10.2021, 16000/- | മൂന്നാംവർഷ ബി.ഡി.എസ് (എസ്)എക്സാം 8/21 | സൈനുദ്ധീൻ.ഐ (തിരുവനന്തപുരം സോൺ) | 20301205634 | 7000.00 | P 1044/ 19.11.2022 | 05.01.2022 മുതൽ 19.11.2022 വരെ |
| | | | സുജിത്ത്.കെ.പി (കോഴിക്കോട് സോൺ) | 37297816708 | 9000.00 | | |
| 7. | P 563/ 21.10.2021, 91000/- | രണ്ടാം വർഷ എം.ബി.ബി.എസ് റെഗുലർ/സപ്ലി എക്സാം 5/21 | രാജേഷ്.എസ് നായർ (തിരുവനന്തപുരം സോൺ) | -------- | 32000.00 | P 1045/ 19.11.2022 | 22.01.2022 മുതൽ 19.11.2022 വരെ |
| | | | അരുൺ.സി.വി (കോട്ടയംസോൺ) | 37364852244 | 32000.00 | | |
| | | | സൈനുദ്ധീൻ ഐ(കോഴിക്കോട് സോൺ) | 20301205634 | 27000.00 | | |
| 8. | P 595/ 28.10.2021, 9000/- | I, II, III & ഫൈനൽ പ്രൊഫ. ബി.എസ്.എം.എസ് റെഗുലർ/സപ്ലി എക്സാം 4/21 | സൈനുദ്ധീൻ ഐ | 20301205634 | 9000.00 | P 1037/ 17.11.2022 | 29.01.2022 മുതൽ 17.11.2022 വരെ |

| | | | | | | | |
|---|---|---|---|---|---|---|---|
| 9. | P 707/ 18.11.2021, 67000/- | രണ്ടാംവർഷ ബി.എസ്.സി നഴ്സിംഗ്, റെഗുലർ/ സപ്ലി എക്സാം 8/21 | സുജിത്ത്.കെ. പി | 37297816708 | 34000.00 | P304/ 20.06.2023 | 19.02.2022 മുതൽ 20.06.2023 വരെ |
| | | | ഹാരിസ് സോമൻ (കോഴിക്കോട് സോൺ) | 6738092325 | 33000.00 | | |
| 10. | P 843/ 21.12.2021, 133000/- | ഒന്നാം വർഷ ബി.എസ്.സി നഴ്സിംഗ്, റെഗുലർ/ സപ്ലി എക്സാം 8/21 | സുജിത്ത്.കെ. പി | 37297816708 | 66000.00 | P 364/ 01.07.2023 | 22.03.2022 മുതൽ 01.07.2023 വരെ |
| | | | പ്രജിൻ.പി | 20199178827 | 67000.00 | | |
| 11. | P 887/ 06.01.2022, 66000/- | മൂന്നാം വർഷ എം.ബി.ബി.എസ് പാർട്ട് II (എസ്) എക്സാം 11/21 | സുജിത്ത്.കെ. പി | 37297816708 | 22000.00 | P 319/ 22.06.2023 | 07.04.2022 മുതൽ 22.06.2023 വരെ |
| | | | അരുൺ .സി. വി | 37364852244 | 22000.00 | | |
| | | | ഹാരിസ് .എൻ | 67382846289 | 22000.00 | | |
| 12. | P 934/ 22.01.2022, 44000/- | മൂന്നാംവർഷ എം.ബി.ബി.എസ് പാർട്ട് I(എസ്) എക്സാം 12/21 | സുജിത്ത് .കെ.പി (തിരുവനന്തപുരം സോൺ) | 37297816708 | 22000.00 | J 2281/ 05.07.2023 | 23.04.2022 മുതൽ 05.07.2023 വരെ |
| | | | ഹാരിസ്.എൻ (കോഴിക്കോട് സോൺ) | 67382846289 | 22000.00 | | |
| 13. | P 978/ 09.02.2022, 66000/- | രണ്ടാം വർഷ എം.ബി.ബി.എസ് ഡിഗ്രി(എസ്) എക്സാം 12/21 | സിമി.മോൾ എസ്. എ | 57054165184 | 22000.00 | P 390/ 04.07.2023 | 10.05.2022 മുതൽ 04.07.2023 വരെ |
| | | | സുജിത്ത് കെ. പി | 37297816708 | 22000.00 | | |
| | | | ഹാരിസ് .എൻ | 67382846289 | 22000.00 | | |
| 14. | P 1128/ 08.03.2022, 141000/- | ഒന്നാംവർഷ എം.ബി.ബി.എസ് റെഗുലർ/ സപ്ലി എക്സാം 02/22 | സുജിത്ത്.കെ. പി | 37297816708 | 47000.00 | P 389/ 04.07.2023 | 09.06.2022 മുതൽ 04.07.2023 വരെ |
| | | | സച്ചിൻ ദേവ് പി. ആർ | 307679775868 | 47000.00 | | |
| | | | ഹാരിസ് .എൻ | 67382846289 | 47000.00 | | |
| | | | **ആകെ** | | **972500.00** | | |

മേൽപ്പറഞ്ഞ മുൻകൂറുകൾ ക്രമീകരിച്ചതുമായി ബന്ധപ്പെട്ട ഫയലുകൾ ഹാജരാക്കേണ്ടതാണ്. ആയതു വരെ ചെലവു തുക 972500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-3-23 പരീക്ഷാ നടത്തിപ്പിന് കോളേജുകൾക്ക് നൽകിയ മുൻകൂറുകൾ-കോളേജുകൾ സെറ്റിൽ മെന്റ് ബില്ലുകൾ സമർപ്പിച്ചിട്ടും മുൻകൂറുകൾ ക്രമീകരിക്കുന്നതിൽ കാലതാമസം

2021-2022 സാമ്പത്തിക വർഷം വിവിധ കോളേജുകളിലെ പരീക്ഷാ നടത്തിപ്പിനായി അനുവദിച്ചിട്ടുള്ള മുൻകൂറുകളിൽ അധികവും സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല. ജി.ഒ(പി)419/2011/ധനം തീയ്യതി 4/10/2011 പ്രകാരം അഡ്വാൻസുകൾ കൈപ്പറ്റി മൂന്നു മാസത്തിനകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിക്കാത്ത പക്ഷം മുഴുവൻ അഡ്വാൻസ് തുകയും തിരിച്ച് പിടിക്കേണ്ടതും, തിരിച്ച് പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ്. മേൽ പ്രകാരം സമയബന്ധിതമായി മുൻകൂറുകൾ ക്രമീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.17/13.7.23) യ്ക്ക് മറുപടിയായി കോളേജുകളിൽ നിന്നും സെറ്റിൽമെന്റ് ബില്ലുകൾ ലഭിച്ചതിന്റെ വിശദാംശം അറിയിച്ചിട്ടുണ്ട്. അപ്രകാരം കോളേജുകൾ ബില്ലുകൾ സമർപ്പിച്ചെങ്കിലും സർവ്വകലാശാല ആയവ യഥാസമയം ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | രജിസ്റ്റർ | കോളേജ് | പരീക്ഷ | മുൻകൂർ നൽകിയ വൗച്ചർ നം./ തീയതി<br>തുക | കോളേജു കളിൽ നിന്ന് സെറ്റിൽമെന്റ് ബില്ല് ലഭിച്ച തീയതി | ക്രമീകരിച്ച വൗച്ചർ നം./ തീയതി | ക്രമീകരിക്കാൻ വൈകിയ കാലയളവ് |
|---|---|---|---|---|---|---|---|
| 1. | ഫാർമസി 2021-22 | നെഹ്റു കോളേജ് ഓഫ് ഫാർമസി, തൃശ്ശൂർ | ബി. ഫാം, അഞ്ചാം സെമസ്റ്റർ നവംബർ 2021 | പി 784/2.12.21<br>36000/- | 17.12.2021 | പി 226/ 26.05.2022 | ഏകദേശം 5 മാസം |
| 2. | ഫാർമസി 2021-22 | പുഷ്പഗിരി കോളേജ് ഓഫ് ഫാർമസി, പത്തനംതിട്ട | ബി. ഫാം, മൂന്നാം സെമസ്റ്റർ ഒക്ടോബർ 2021 | പി 708/18.11.21<br>32000/- | 29.11.2021 | പി 65/ 19.04.2022 | ഏകദേശം 5 മാസം |
| 3. | ഹോമിയോ 2021-22 | ഡോ.പടിയാർ മെമ്മോറിയൽ ഹോമിയോ മെഡിക്കൽ കോളേജ്, എറണാകുളം | നാലാം വർഷ ബി.എച്ച്.എം.എസ് (റഗു)/(പി), ആഗസ്റ്റ് 2021 | പി 495/28.9.21<br>21000/- | 24.11.2021 | പി 1051/ 21.02.2022 | ഏകദേശം 3 മാസം |
| 4. | ആയുർവ്വേദ 2021-22 | ഗവൺമെന്റ് ആയുർവ്വേദ കോളേജ് , തിരുവനന്തപുരം | മൂന്നാം വർഷ ബി. എ.എം.എസ്, ജൂലൈ 2021 (2016 സ്കീം) | പി 114/9.7.21<br>10000 | 07.04.2022- | പി 70/ 20.04.2022 | ---- |
| 5. | ആയുർവ്വേദ 2021-22 | എം.വി.ആർ ആയുർവ്വേദ മെഡിക്കൽ കോളേജ്, കണ്ണൂർ | ഒന്നാം വർഷ ബി. എ.എം.എസ്, ജൂലൈ 2021 (2016 സ്കീം) | പി 131/13.7.21<br>9500 | 16.09.2021 | പി 1028/ 17.02.2022 | ഏകദേശം 5 മാസം |
| 6. | എം.ബി.ബി.എസ് 2021-22 | ഗവൺമെന്റ് മെഡിക്കൽ കോളേജ്, കണ്ണൂർ | രണ്ടാം വർഷ എം.ബി.ബി.എസ്, മെയ് 2021 | പി 304/24.8.21<br>79000/-- | 13.09.2021 | പി 1250/ 26.03.2022 | ഏകദേശം 6 മാസം |
| 7. | എം.ബി.ബി.എസ് 2021-22 | ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം | മൂന്നാം വർഷ എം.ബി.ബി.എസ്, പാർട്ട് II (റഗു) /(പി) മെയ് 2021 | പി 128/12.7.21<br>200000/- | 6.10.2021 | പി 45/ 13.04.2022 | ഏകദേശം 6 മാസം |
| 8. | ബി.എസ്.സി നഴ്സിംഗ് | കോളേജ് ഓഫ് നഴ്സിംഗ്, ഇരു | രണ്ടാം വർഷ ബി.എസ്.സി | പി 486/28.9.21 | 13.10.2021 | പി 205/ 20.05.2022 | ഏകദേശം 7 മാസം |

| | | | | | | | |
|---|---|---|---|---|---|---|---|
| | | എഡ്യൂക്കേഷൻ ട്രസ്റ്റ് | നഴ്സിംഗ്, ആഗസ്റ്റ് 2021 | 11000/- | | | |
| 9. | ബി.എസ്.സി നഴ്സിംഗ് | അസ്സീസി കോളേജ് ഓഫ് നഴ്സിംഗ് | രണ്ടാം വർഷ ബി.എസ്.സി നഴ്സിംഗ്, ആഗസ്റ്റ് 2021 | പി 526/4.10.21<br>11000/- | 22.10.2021 | പി 205/ 20.05.2022 | ഏകദേശം 7 മാസം |
| 10. | അലൈഡ് സയൻസ് | ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട് | രണ്ടാം വർഷ ബി.എസ്.സി എം.എൽ.റ്റി, മെയ് 2021 | പി 378/7.9.21<br>16000/- | 07.12.2021 | പി 145/ 06.05.2022 | ഏകദേശം 5 മാസം |

കോവിഡ് മഹാമാരി മൂലം പൊതുവിൽ ഓഫീസ് പ്രവർത്തനത്തിലുണ്ടായ നിയന്ത്രണങ്ങളാണ് സർവ്വകലാശാലയുടെ ഭാഗത്തു നിന്ന് മുൻകൂറുകൾ ക്രമീകരിക്കുന്നതിനും ,കോളേജുകളിൽ നിന്നും സെറ്റിൽമെന്റ് ബില്ലുകൾ ലഭിക്കുന്നതിനും വന്ന കാലതാമസത്തിന് കാരണമായി സർവ്വകലാശാല മറുപടിയായി അറിയിച്ചിട്ടുള്ളത്.എന്നാൽ ഈ മറുപടി തൃപ്തികരമായി കാണുന്നില്ല.കാരണം കോളേജുകൾ സെറ്റിൽമെന്റ് ബില്ലുകൾ (ക്രമനം.4 ഒഴികെ )യഥാസമയം തന്നെ സർവ്വകലാശാലയിൽ സമർപ്പിച്ചിട്ടുണ്ടെന്ന് പട്ടികയിൽ നിന്നും വ്യക്തമാണ്.

ക്രമ നം. 4 ൽ സൂചിപ്പിച്ച സ്ഥാപനം അഡ്വാൻസ് തുക കൈപ്പറ്റി സെറ്റിൽമെന്റ് ബിൽ യഥാസമയം ഹാജരാക്കുന്നതിന് വീഴ്ച്ച വരുത്തിയതിനാൽ ജി.ഒ. (പി) 419/2011/ധനം, തിയ്യതി 04.10.11 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

മുൻകൂറുകൾ യഥാസമയം ക്രമീകരിക്കാനാവശ്യമായ നടപടികൾ സർവ്വകലാശാല അധികാരികൾ സ്വീകരിക്കേണ്ടതാണ്.

## 1-3-24 സർവ്വകലാശാലയിലെ ഗവേഷണ പ്രൊജക്ടുകൾ- പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷം താഴെ പറയുന്ന പ്രൊജക്ടുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | | വൗച്ചർ നം./ തിയ്യതി | തുക | അക്കൗണ്ട് | ഇൻസ്റ്റാൾമെന്റ് നം. |
|---|---|---|---|---|---|
| 1. | Breast Feeding rates and determinants of lactation failure and innovative information sharing solutions for breast feeding promotion in kerala. | a) P 208/ 18.06.2021 | 250000.00 | Breast Feeding rates and determinants.<br>(A/c No. - 40052117294) | I |
| | " | b) 1058/ 08.02.2022 | 204420.00 | Breast Feeding rates and determinants.<br>(A/c No. - 40052117294) | II |
| 2. | Professional health work force for Kerala, determinants of supply and projected demands – a situation analysis. | P 1098/ 21.02.2022 | 300000.00 | Professional health work force for Kerala, determinants of supply and projected demands – a situation analysis. | I |

| | | | | | |
|---|---|---|---|---|---|
| | | | | (A/c No. - 4070076115-4) | |
| 3. | Capacity building for strenghthening management information system to capture mortality and to consolidate the mortality reduction Experience in Kerala. | 1212/ 16.03.2022 | 230000.00 | Capacity building for strenghthening management information system to capture mortality and to consolidate the mortality reduction Experience in Kerala.<br><br>(A/c No. - 4079994201-3) | I |
| 4. | Development and validation of a composite scale to asess health ageing and to develop an inter disciplinary guideline on health ageing in Kerala. | P1053/ 07.02.2022 | 432000.00 | Subhadra.K.T<br><br>Sopanam PRRA26,<br><br>Thiruvankulam<br><br>Eranakulam<br><br>(A/C No. 40598768176) | I |

മേൽ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട് ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഇൻട്രാമ്യൂറൽ റിസർച്ച് ഫിനാൻഷ്യൽ ഗൈഡ്‌ലൈൻസ് ക്രമ നം.2ലെ വ്യവസ്ഥ പ്രകാരം " The amount should be deposited in a separate bank account in the name of the project"എന്നുണ്ടെങ്കിലും ക്രമനം.4 ൽ സൂചിപ്പിച്ച പ്രൊജക്ടിന് വ്യക്തിഗത അക്കൗണ്ടാണ് ആരംഭിച്ചിട്ടുള്ളത്. ആയത് പ്രൊജക്ടിന്റെ പേരിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഇൻട്രാമ്യൂറൽ റിസർച്ച് ഫിനാൻഷ്യൽ ഗൈഡ്‌ലൈൻസ് ക്രമ നം.2 പ്രകാരം The interest accrued may be used for the project treating the same as additional grant. The unspent amount shall be kept in interest bearing account എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ഓഡിറ്റിൽ ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റിൽ മേൽപറഞ്ഞ കാലയളവിൽ ക്രമനം.4 ൽ സൂചിപ്പിച്ച അക്കൗണ്ടിൽ നിന്നും മാത്രമാണ് പലിശ ലഭിച്ചതായി കാണുന്നത്. കൂടാതെ അക്കൗണ്ട് കീപ്പിംഗ് ചാർജ്, MCC ചാർജ് എന്നീ ഇനങ്ങളിൽ അക്കൗണ്ടിൽ നിന്നും തുക ബാങ്ക് ഈടാക്കിയതായാണ് കാണുന്നത്.

അക്കൗണ്ടിൽ നിന്നും ബാങ്ക് ഈടാക്കിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| **പ്രൊജക്ട്** | **എം.സി.സി ഇഷ്യൂ** | | **അക്കൗണ്ട് കീപ്പിംഗ് ചാർജ്ജ്** | | **31.03.2022 ലെ നീക്കിയിരിപ്പ്** |
|---|---|---|---|---|---|
| | **തീയതി** | **തുക** | **തീയതി** | **തുക** | |
| Breast Feeding rates and determinants of lactation failure and innovative information sharing solutions for breast feeding promotion in kerala. | 7.7.21 | 59.50 | 12.03.2022 | 649.00 | 137305.17 |

| | | | | | |
|---|---|---|---|---|---|
| Professional health work force for Kerala, determinants of supply and projected demands – a situation analysis. | - | - | 12.03.2022 | 115.51 | 270029.49 |
| Capacity building for strenghthening management information system to capture mortality and to consolidate the mortality reduction Experience in Kerala. | 31.03.2022 | 59.00 | 12.03.2022 | 35.54 | 239905.00 |
| Subhadra.K.T, അസോ. പ്രൊഫസർ,<br>Sopanam, PRRA26,<br>Thiruvankulam<br>Eranakulam<br>(A/C No. 40598768176) | ----- | ---- | ---- | ----- | 289098.00 |

ഗവേണിംഗ് കൗൺസിൽ അംഗീകരിച്ച ഇൻട്രാമ്യൂറൽ റിസർച്ച് ഫിനാൻഷ്യൽ ഗൈഡ്‌ലൈൻസ് പ്രകാരം പലിശ ലഭിക്കുന്ന അക്കൗണ്ടിലേക്കാണ് തുക നിക്ഷേപിക്കേണ്ടത് എന്നു വ്യക്തമാണ്. എന്നാൽ ഇതിനു വിരുദ്ധമായി കറന്റ് അക്കൗണ്ട് ആരംഭിച്ചതു മൂലം പലിശ ലഭിക്കുന്നില്ലെന്നു മാത്രമല്ല മറ്റു രീതിയിലും തുക സർവ്വകലാശാലയ്ക്ക് നഷ്ടപ്പെടുന്നു. ഈ സാഹചര്യത്തിൽ ഗവേണിംഗ് കൗൺസിൽ തീരുമാനത്തിനനുസരിച്ച് പലിശ ലഭിക്കുന്ന അക്കൗണ്ടുകളിൽ നിക്ഷേപിക്കാൻ സർവ്വകലാശാല നടപടികൾ സ്വീകരിക്കേണ്ടതും നഷ്ടപ്പെട്ട തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-3-25 സർവ്വകലാശാല ഗവേഷണ പ്രവർത്തനങ്ങൾ- പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

സർവ്വകലാശാലയിൽ നിന്നും വിവിധ ഗവേഷണങ്ങൾക്കായി മുൻവർഷങ്ങളിൽ അഡ്വാൻസ് തുക അനുവദിച്ചതിൽ ചെലവഴിക്കാതെയുള്ള ബാക്കി തുക താഴെ പറയുന്ന രസീതികൾ പ്രകാരം തിരികെ അടവാക്കിയിട്ടുണ്ട്.

| ക്രമ നം. | രസീതി നം./ തിയ്യതി | തുക | പ്രൊജക്ട് |
|---|---|---|---|
| 1. | R2775/30.09.2021 | 158677.00<br>(155019 + Interest 3658) | Clinical study on Dosha based Combination in Essential Hypertension (A/c No. 855910110009879) – Principal Investigator KUHS Project |
| 2. | R3403/30.10.2021 | 93186.00 | Diabetic Management with OHA (A/c No. 37348508404) – Principal Investigator KUHS |
| 3. | R4864/30.12.2021 | 20394.74 | Changing Family Environment and its effect on physical,mental and social health of family members in kerala (A/c No. 38223672300) – KUHS Family Health Studies, KUHS |
| 4. | R5539/08.02.2022 | 28918.88 | Documentation of Samana sneha pana in Soola (A/c No. 855920110000142) – Principal Investigator KUHS Ayurveda |
| 5. | R6933/31.03.2022 | 102340.25 | Clinical evaluation of Ayurvedic formulation in Primary Hyper thyrodism with respect to Ayurveda sadya & |

| | | | |
|---|---|---|---|
| | | | Asadyata (A/c No. 82870100000917) – Principal Investigator – Dr. M .M .Abdul Shukkoor |

മേൽ പ്രൊജക്റ്റുകൾക്ക് തുക അനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രൊജക്റ്റ്/ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ | ഇൻസ്റ്റാൾമെന്റ് | | | ചെലവു തുക | | | | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|---|---|
| | | ഒന്നാം ഗഡു | രണ്ടാം ഗഡു | മൂന്നാം ഗഡു | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | |
| 1 | Clinical study on Dosha based Combination in Essential Hypertension 1) ഡോ. കെ. മുരളി (I<sup>st</sup> & II<sup>nd</sup> Installment) 2) ഡോ. എം. ജിതോഷ് (III<sup>rd</sup> Installment) | 415000 (2017) | 180000 (2019) | 250000+ 3658(പലിശ) (2021) | ----- | 343031 | 33369+ 60 (ബാങ്ക് ചാർജ്) | 94542+ 439 (ബാങ്ക് ചാർജ്) | - | 244065 (25525/- രൂപ പലിശ ഉൾപ്പെടെ) + 158677 |
| 2 | Diabetic Management with OHA ഡോ. കെ. അംബിക | 543000 (2018) | 101566 (2021) | ---- | --- | 397190.2 + 649 (ബാങ്ക് ചാർജ്) | 42867.36 + 1309.12 (ബാങ്ക് ചാർജ്) | 108709.52 + 654.8 (ബാങ്ക് ചാർജ്) | - | 93186 |
| 3 | Clinical evaluation of Ayurvedic formulation in Primary Hyper thyrodism with respect to Ayurveda sadya & Asadyata ഡോ. എം.എം. അബ്ദുൾ ഷുക്കൂർ | 275000+ 24299 (പലിശ)+ 1000 (ഡെപ്പോസിറ്റ്) (2018) | | | 125 (ബാങ്ക് ചാർജ്) | 140390+ 96.1 (ബാങ്ക് ചാർജ്) | 9200+ 53.55 (ബാങ്ക് ചാർജ്) | 13000+ 70.8 (ബാങ്ക് ചാർജ്) | 35000+ 23.3 (ബാങ്ക് ചാർജ്) | 102340.25 |
| 4 | Documentation of Samana sneha pana in Soola ഡോ. സുബിൻ വി. ആർ | 236660 (2017) | 30217 (2019) | --- | --- | 221377.14+ 488.16 (ബാങ്ക് ചാർജ്) | 488.16 (ബാങ്ക് ചാർജ്) | 14950.00 + 654.66 (ബാങ്ക് ചാർജ്) | ---- | 28918.88 |
| 5 | Changing Family Environment | 125000 | 274444 | --- | ---- | --- | 99444 | 276975.4 + | | 20394.74 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | and its effect on physical,mental and social health of family members in kerala | (2018) | (2020) | | | | | 2089.86<br><br>(ബാങ്ക് ചാർജ്) | | |

പ്രൊജക്ടുകൾ പൂർത്തീകരിച്ചതിനുശേഷം ഫൈനൽ റിപ്പോർട്ടുകൾ റിവ്യൂകമ്മറ്റി പരിശോധിച്ചതിന്റെ തുടർ നടപടികൾ അറിയിക്കേണ്ടതാണ്. സർവ്വകലാശാലയ്ക്കും പൊതുസമൂഹത്തിനും ഗുണകരമാകുന്ന വിധത്തിൽ ഗവേഷണ പ്രൊജക്ടുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.19/04.07.2023)

## 1-3-26 സർവ്വകലാശാല യാത്രാബത്ത വ്യവസ്ഥകൾ- സർവ്വീസ് ചട്ടങ്ങൾക്കു വിരുദ്ധമായി ഉത്തരവുകൾ പുറപ്പെടുവിച്ച് ബത്തകൾ അനുവദിക്കുന്നത്

സർവ്വകലാശാലയുടെ വൈവിധ്യമാർന്ന ജോലികൾക്കായി സർവ്വകലാശാലയിലും സംസ്ഥാനതലത്തിൽ വ്യാപിച്ചു കിടക്കുന്ന അഫിലിയേറ്റഡ് കോളേജുകളിലും നിയമിതരാകുന്ന അധ്യാപക അനധ്യാപക ജീവനക്കാർക്ക് യാത്രാബത്ത നൽകുന്നതുമായി ബന്ധപ്പെട്ട് സർവ്വകലാശാല ആക്ട്, സ്റ്റാറ്റ്യൂട്ട് എന്നിവയിലെ വ്യവസ്ഥകൾ ചുവടെ നൽകുന്നു.

| | |
|---|---|
| ആരോഗ്യസർവ്വകലാശാല ആക്ട് 2010 | Kerala Health University Act section 77(1) (iii) without prior approval of the Govt university shall not grant any special pay, allowance and other extra remuneration of any description whatsoever including exgratia payment or other benefit having financial implications to any of its teachers, officials or other employees. |
| ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 2019<br>(ജി.ഒ.<br>(പി)നം.3/2019/H&FWD<br>തി.06.02.2019) | Chapter IV,para 91, applicability of KSR etc to the non teaching staff.<br>(1) subject to the provision of the act, statutes, ordinance and regulations, the KSSSR-1958, KSR-1959, the kerala Govt servant conduct rules 1960 as amended from time to time in so far as may be applicable except to the extend expressly provided for in the statutes, ordinances and regulations shall apply in the matter of all the service conditions of the university employees. |

| | |
|---|---|
| ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 2019 (ജി.ഒ.(പി)നം.3/2019/H&FWD തി.06.02.2019) | Chapter IV, para 92- Travelling allowance-The university employee shall as regards travelling allowance be governed by the provision contained in KSR, as amended from time to time. |
| KSR Part II, Section VI | Daily Allowance is a uniform allowance for each day of absense from Head quarters, which is intended to cover the ordinary daily charge incurred by an officer in consequences of such absence. |

2021-22 സാമ്പത്തികവർഷം എക്സാം ഫിനാൻസ്, ജനറൽ ഫിനാൻസ് വൗച്ചറുകൾ പരിശോധിച്ചതിൽ യാത്രാബത്ത കണക്കാക്കുന്നതിൽ സർവ്വകലാശാല മേൽപ്പറഞ്ഞ വ്യവസ്ഥകൾക്കു വിരുദ്ധമായി തുക അനുവദിച്ചതിന് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

**എ)സർവ്വകലാശാല പരീക്ഷാ ഡ്യൂട്ടി - 8 കി.മീറ്ററിനുള്ളിലെ യാത്രകൾക്ക് സ്പെഷൽ ക്യാമ്പ് അലവൻസ് അനുവദിക്കുന്നു**

സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ (ഗവേണിംഗ് കൗൺസിൽ-6.12) തീരുമാനപ്രകാരം Staff attending duty at valuation camp are eligible for TA & Special Camp Allowance equivalent to one DA per day admissible at government rate എന്നതാണ്.

കെ.എസ്.ആർ. Vol.I Part II Rule 57 പ്രകാരം Daily allowance may not be drawn for any day in which a government servant does not reach a point outside a radius of 8 Km from the duty point at his head quarters or if return to its from a similar point.

സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ തീരുമാനപ്രകാരം സ്പെഷൽ ക്യാമ്പ് അലവൻസ് ഡി.എ യ്ക്ക് സമാനമാണെന്നിരിക്കെ മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി 8 കി.മീറ്ററിനുള്ളിലെ യാത്രകൾക്ക് പ്രതിദിനം 400/-രൂപ നിരക്കിൽ സ്പെഷൽ ക്യാമ്പ് അലവൻസ് (ഡി.എ) അനുവദിച്ചതിന്റെ ഏതാനും ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നം/ തിയതി | ഇവാല്യുവേറ്റർ | ക്യാമ്പ് | ക്യാമ്പ് നടന്ന സ്ഥലം | ക്യാമ്പ് തിയതി | സ്പെഷൽ ക്യാമ്പ് അലവൻസ് ഇനത്തിൽ അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1. | P669/ 10.11.21 | ഡോ.മുഹമ്മദ് അഷറഫ്.കെ., അസോ.പ്രൊഫസർ, ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട് | എം.ബി.ബി.എസ് | ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട് | 21/06/21, 22/06/21, 23/06/21, 24/06/21 | 4x400=1600 |
| 2. | P669/ 10.11.21 | ഡോ.സന്ദീപ് അപ്പുണ്ണി, അസി. | എം.ബി.ബി.എസ് | ഗവ.മെഡിക്കൽ കോളേജ്, | 26/04/21, 22/06/21, | 5x400=2000 |

| | | | | | | |
|---|---|---|---|---|---|---|
| | | പ്രൊഫസർ,<br>ഗവ.മെഡിക്കൽ കോളേജ്,<br>കോഴിക്കോട് | | കോഴിക്കോട് | 23/06/21,<br>25/06/21,<br>26/06/21,<br>29/06/21 | |
| 3. | P669/ 10.11.21 | ഡോ.രാജലക്ഷ്മി, പ്രൊഫസർ,<br>ഗവ.മെഡിക്കൽ കോളേജ്,<br>കോഴിക്കോട് | എം.ബി.ബി.എസ് | ഗവ.മെഡിക്കൽ കോളേജ്,<br>കോഴിക്കോട് | 26/04/21,<br>27/04/21,<br>28/04/21,<br>29/04/21,<br>23/06/21,<br>28/06/21, | 3.5x400=1400 |
| 4. | P669/ 10.11.21 | ഡോ.ജൗഹറ, അസി. പ്രൊഫസർ,<br>ഗവ.മെഡിക്കൽ കോളേജ്,<br>കോഴിക്കോട് | എം.ബി.ബി.എസ് | ഗവ.മെഡിക്കൽ കോളേജ്,<br>കോഴിക്കോട് | 27/04/21,<br>28/04/21,<br>29/04/21,<br>21/06/21,<br>22/06/21,<br>23/06/21,<br>29/06/21, | 4x400=1600 |
| 5. | P669/ 10.11.21 | ഡോ.അമ്പിളി.പി, അസോ. പ്രൊഫസർ,<br>ഗവ.മെഡിക്കൽ കോളേജ്,<br>കോഴിക്കോട് | എം.ബി.ബി.എസ് | ഗവ.മെഡിക്കൽ കോളേജ്,<br>കോഴിക്കോട് | 26/04/21<br>27/04/21,<br>28/04/21,<br>29/04/21,<br>30/04/21.<br>1/05/21,<br>03/05/21,<br>04/05/21,<br>21/06/21,<br>22/06/21,<br>23/06/21,<br>24/06/21,<br>25/06/21,<br>26/06/21,<br>28/06/21 | 15x400=6600 |
| 6. | P669/ 10.11.21 | ഡോ.അപ്സര.എം.പി, അഡീ. പ്രൊഫസർ, | എം.ബി.ബി.എസ് | ഗവ.മെഡിക്കൽ കോളേജ്, | 26/04/21 | 7.5x400=3000 |

| | | | | | | |
|---|---|---|---|---|---|---|
| | | ഗവ.മെഡിക്കൽ കോളേജ്,<br>കോഴിക്കോട് | | കോഴിക്കോട് | 27/04/21,<br>28/04/21,<br>03/05/21,<br>04/05/21,<br>23/06/21,<br>24/06/21,<br>28/06/21 | |
| 7. | P669/ 10.11.21 | ഡോ.ആശാലത. പി.ആർ, പ്രൊഫസർ,<br>ഗവ.മെഡിക്കൽ കോളേജ്,<br>കോഴിക്കോട് | എം.ബി.ബി.എസ് | ഗവ.മെഡിക്കൽ കോളേജ്,<br>കോഴിക്കോട് | 26/04/21<br>27/04/21,<br>28/04/21,<br>29/04/21,<br>30/04/21<br>,01/05/21,<br>26/06/21,<br>29/06/21, | 7.5x400=3000 |
| 8. | P669/ 10.11.21 | ഡോ.ജെസിറോസ് ജോർജ്,അസോ. പ്രൊഫസർ,<br>ഗവ.മെഡിക്കൽ കോളേജ്,<br>കോഴിക്കോട് | എം.ബി.ബി.എസ് | ഗവ.മെഡിക്കൽ കോളേജ്,<br>കോഴിക്കോട് | 26/04/21<br>27/04/21,<br>28/04/21,<br>29/04/21,<br>21/06/21.<br>03/06/21,<br>25/06/21<br>26/06/21, | 8x400=3200 |
| 9. | P669/ 10.11.21 | ഡോ.നമിത വിശ്വനാഥ്, അസോ. പ്രൊഫസർ,<br>ഗവ.മെഡിക്കൽ കോളേജ്,<br>കോഴിക്കോട് | എം.ബി.ബി.എസ് | ഗവ.മെഡിക്കൽ കോളേജ്,<br>കോഴിക്കോട് | 27/04/21,<br>28/04/21,<br>29/04/21,<br>23/06/21<br>24/06/21,<br>26/06/21, | 6x400=2400 |
| 10. | P669/ 10.11.21 | ഡോ.സൗമ്യ ഫിലിപ്പോസ്, അസി. പ്രൊഫസർ,<br>ഗവ.മെഡിക്കൽ കോളേജ്,<br>കോഴിക്കോട് | എം.ബി.ബി.എസ് | ഗവ.മെഡിക്കൽ കോളേജ്,<br>കോഴിക്കോട് | 26/4/21,<br>27/4/21,<br>28/4/21,<br>29/4/21,<br>30/4/21, | 6.5x400=2600 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 1/5/21, 4/5/21 , 25/06/21 26/06/21, 28/06/21, | |
| 11. | P669/ 10.11.21 | ഡോ.പി.വെങ്കടേഷ്, അസോ. പ്രൊഫസർ, ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട് | എം.ബി.ബി.എസ് | ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട് | 26/04/21, 27/04/21, 28/04/21, 29/04/21, 30/04/21 | 3x400=1200 |
| 12. | P669/ 10.11.21 | ഡോ.ബിഷാര.പി. പുഷ്ക്കർ, അസി. പ്രൊഫസർ, ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട് | എം.ബി.ബി.എസ് | ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട് | 29/04/21, 30/04/21, 01/05/21, ,23/06/21 24/06/21, 25/06/21, 29/06/21, 30/06/21 | 7x400=2800 |
| 13. | P669/ 10.11.21 | ഡോ.ഷാജി ശ്രീധർ.കെ.പി, അസി. പ്രൊഫസർ, ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട് | എം.ബി.ബി.എസ് | ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട് | 26/04/21, 27/04/21, 28/04/21, 29/04/21, 30/04/21, 01/05/21, 21/06/21 23/06/21, 25/06/21, 29/06/21, 30/06/21 | 7.5x400=3000 |

| | | | | | | |
|---|---|---|---|---|---|---|
| 14. | P669/10.11.21 | ഡോ.ഫസ്ന,കെ.എ, അസി. പ്രൊഫസർ, ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട് | എം.ബി.ബി.എസ് | ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട് | 29/04/21, 30/04/21, 03/05/21, 04/05/21, 23/06/21, 25/06/21, 28/06/21, 29/06/21 | 7.5x400=3000 |
| 15. | P669/ 10.11.21 | ഡോ.സ്മിത.എസ്. നായർ, അസി. പ്രൊഫസർ, ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം | എം.ബി.ബി.എസ് | ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 14/09/21, 15/09/21, 16/09/21, 17/09/21 | 3.5x400=1400 |
| 16. | P895/ 11.01.22 | ഡോ.മെറീന.ടി. ജോർജ്, അസി. പ്രൊഫസർ, ഗവ.മെഡിക്കൽ കോളേജ്, തൃശ്ശൂർ | എം.ബി.ബി.എസ് | കേരള ആരോഗ്യ സർവ്വകലാശാല | 22/06/21, 23/06/21, 24/06/21, 28/06/21, 30/06/21, 01/07/21, 26/08/21 | 7x400=2800 |
| 17. | P895/ 11.01.22 | ഡോ.ലക്ഷ്മിപ്രിയ, അസി. പ്രൊഫസർ, ഗവ.മെഡിക്കൽ കോളേജ്, തൃശ്ശൂർ | എം.ബി.ബി.എസ് | കേരള ആരോഗ്യ സർവ്വകലാശാല | 22/06/21, 23/06/21, 24/06/21, 25/06/21, 26/06/21, | 4.5x400=1800 |
| 18. | P895/ 11.01.22 | ഡോ.അമർജയന്തി, പ്രൊഫസർ, ഗവ.മെഡിക്കൽ കോളേജ്, | എം.ബി.ബി.എസ് | കേരള ആരോഗ്യ സർവ്വകലാശാല | 27/04/21, 28/04/21, 26/06/21, 28/06/21, | 5x400=2000 |

| | | | | | | |
|---|---|---|---|---|---|---|
| | | തൃശ്ശൂർ | | | 29/06/21, | |
| 19. | P895/ 11.01.22 | ഡോ.ജയമേരിജോർജ്, അസോ. പ്രൊഫസർ, ഗവ.മെഡിക്കൽ കോളേജ്, തൃശ്ശൂർ | എം.ബി.ബി.എസ് | കേരള ആരോഗ്യ സർവ്വകലാശാല | 22/06/21, 23/06/21, 24/06/21, 25/06/21, 26/06/21, 28/06/21, 29/06/21, | 4x400=1600 |
| 20. | P895/ 11.01.22 | ഡോ.ജിൽസ, അസോ. പ്രൊഫസർ, ഗവ.മെഡിക്കൽ കോളേജ്, തൃശ്ശൂർ | എം.ബി.ബി.എസ് | കേരള ആരോഗ്യ സർവ്വകലാശാല | 26/04/21, മുതൽ 03/07/21 വരെ | 20x400=8000 |
| 21. | P895/ 11.01.22 | ഡോ.ഷാജി.എസ്. നായർ, അസോ. പ്രൊഫസർ, ഗവ.മെഡിക്കൽ കോളേജ്, തൃശ്ശൂർ | എം.ബി.ബി.എസ് | കേരള ആരോഗ്യ സർവ്വകലാശാല | 22/06/21, 25/06/21, 26/06/21, 28/06/21, 29/06/21, 30/06/21, 01/07/21, | 5.5x400=2200 |
| 22. | P895/ 11.01.22 | ഡോ.ലൈസണ് ലോനപ്പൻ, അസോ. പ്രൊഫസർ, ഗവ.മെഡിക്കൽ കോളേജ്, തൃശ്ശൂർ | എം.ബി.ബി.എസ് | കേരള ആരോഗ്യ സർവ്വകലാശാല | 26/04/21, 27/04/21, 28/04/21, 29/04/21, 30/04/21, 17/06/21, 18/06/21, 22/06/21, 23/06/21, 25/06/21, 26/06/21, | 15x400=6000 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 28/06/21,<br>29/06/21,<br>01/07/21,<br>02/07/21 | |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 33/04.8.2023 ന് മറുപടിയായി 'No.292/Exam Fin.-Remuneration/ 2012 dated 01/08/2012 ഉത്തരവ് പ്രകാരം 50 കി.മീ. പരിധിയ്ക്കുള്ളിൽ വരുന്ന ഇവാല്യൂവേറ്റേഴ്സിന് സ്പെഷൽ ക്യാമ്പ് അലവൻസിന് അർഹതയുണ്ട്' എന്നാണ് സർവ്വകലാശാല അറിയിച്ചിട്ടുള്ളത്. എന്നാൽ മേൽപ്പറഞ്ഞ പട്ടികയിൽ ചൂണ്ടിക്കാണിച്ച ഉദാഹരണങ്ങളിൽ അതാത സ്ഥാപനങ്ങളിൽ തന്നെ ഇവാല്യൂവേഷന് നടത്തിയവർക്കും തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജിൽ നിന്നും 100 മീറ്റർ പോലും ദൂരമില്ലാത്ത ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിലെ ഇവാല്യൂവേഷൻ ക്യാമ്പിൽ പങ്കെടുത്തവർക്കും അലവൻസ് അനുവദിച്ചിട്ടുണ്ട്.എന്നാൽ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ആക്ട് വകുപ്പ് 77(1) (iii) പ്രകാരം സർക്കാറിന്റെ മുൻകൂർ അനുമതിയില്ലാതെ സർവ്വകലാശാല ഫിക്സ് ചെയ്ത സ്പെഷൽ ക്യാമ്പ് അലവൻസ് അനുവദിക്കാവുന്നതല്ല.

**ബി) 24 മണിക്കൂറിനുള്ളിലെ യാത്രകൾക്ക് മിനിമം ടി.എ.യോടൊപ്പം സ്പെഷൽ ക്യാമ്പ് അലവൻസ് അനുവദിക്കുന്നു.**

സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ (GC-6.12) തീരുമാന പ്രകാരം staff attending duty at valuation camp are eligible for TA & special camp allowance equivalent to one DA per day admissible at government rate എന്നതാണ്.

As per KSR, Part II, Rule 56, as the officer has returned to his Head Quarter with in 24 hours, it will be treated as a days journey. As the officer has claimed 1 DA for the journey alone, no claim for DA for halt will be admissible within a period of 24 hours. DA for journey + DA for halt shall not exceed 1 DA for journeys within 24 hours.

എന്നാൽ എക്സാം ഫിനാൻസ് വിഭാഗത്തിന്റെ യാത്രാബത്ത ബില്ലുകൾ പരിശോധിച്ചതിൽ കേരള സർവ്വീസ് റൂളിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി സർവ്വകലാശാല ഉത്തരവുകൾ പുറപ്പെടുവിച്ച് 24 മണിക്കൂറിനുള്ളിലെ യാത്രകൾക്ക് മിനിമം ടി.എ യോടൊപ്പം സ്പെഷൽ ക്യാമ്പ് അലവൻസ് അനുവദിച്ചതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം/ തിയതി | ഇവാല്യുവേറ്റർ | ക്യാമ്പ് | ക്യാമ്പ് നടന്ന സ്ഥലം | ക്യാമ്പ് തിയതി | അനുവദിച്ച തുക | അനർഹമായത് (സ്പെഷൽ ക്യാമ്പ് അലവൻസ് ) |
|---|---|---|---|---|---|---|---|
| 1. | P669/ 10.11.21 | ഡോ.റബേക്ക അബ്രഹാം, പ്രൊഫസർ,<br><br>മലബാർ മെഡിക്കൽ കോളേജ്, | എം.ബി.ബി.എസ് | ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട് | 29/04/21<br>30/04/21<br>01/05/21<br><br>22/06/21<br><br>23/06/21 | ടി.എ- 350x5=1750<br><br>spca - 4x400=1600 | spca - 4x400=1600 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | കോഴിക്കോട് | | | | | |
| 2. | P669/<br>10.11.21 | ഡോ. സ്നേഹ ഹെൻറി,<br>അസി. പ്രൊഫസർ,<br>മലബാർ മെഡിക്കൽ കോളേജ്,<br>കോഴിക്കോട് | എം.ബി.ബി.എസ് | ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട് | 26/04/21,<br>27/04/21,<br>,28/04/21<br>29/04/21,<br>30/04/21,<br>01/05/21 | ടി.എ-350x6=2100<br>spca - 6x400=2400 | spca - 6x400=2400 |
| 3. | P669/<br>10.11.21 | ഡോ. അരുൺ മാത്യൂ ചാക്കോ,<br>അസി. പ്രൊഫസർ,<br>കെ.എം.സി.റ്റി മെഡിക്കൽ കോളേജ്,<br>കോഴിക്കോട് | എം.ബി. ബി.എസ് | ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട് | 26/04/21,<br>27/04/21,<br>,28/04/21<br>29/04/21,<br>30/04/21,<br>01/05/21<br>03/05/21<br>04/05/21<br>21/06/21<br>22/06/21<br>23/06/21<br>24/06/21<br>25/06/21 | ടി.എ-350x13=4550<br>spca - 12x400=4800 | spca - 12x400=4800 |
| 4. | P669<br>/10.11.21 | ഡോ. കെ. എസ് കൃഷ്ണകുമാരി,<br>പ്രൊഫസർ,<br>കെ.എം.സി.റ്റി മെഡിക്കൽ കോളേജ്,<br>കോഴിക്കോട് | എം.ബി.ബി.എസ് | ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട് | 27/04/21,<br>,28/04/21<br>29/04/21,<br>30/04/21,<br>01/05/21<br>21/06/21<br>22/06/21<br>23/06/21<br>26/06/21 | ടി.എ- 350x9=3150<br>spca - 9x400=3600 | spca - 9x400=3600 |
| 5. | P669/<br>10.11.21 | ഡോ. സുബൈദ പി. എ,<br>പ്രൊഫസർ,<br>കെ.എം.സി.റ്റി മെഡിക്കൽ കോളേജ്,<br>കോഴിക്കോട് | എം.ബി.ബി.എസ് | ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട് | 26/04/21<br>27/04/21,<br>,28/04/21<br>29/04/21,<br>30/04/21,<br>04/05/21<br>21/06/21<br>22/06/21<br>23/06/21 | ടി.എ- 350x10=3500<br>spca - 9.5x400=3800 | spca - 9.5x400=3800 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | 25/06/21 | | |
| 6. | P895/ 11.01.22 | ഡോ. ബിന്ദു സി ബി, പ്രൊഫസർ, അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, തൃശ്ശൂർ | എം.ബി.ബി.എസ് | കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല | 26/04/21 27/04/21, ,28/04/21 29/04/21, 30/04/21, 18/06/21 21/06/21 23/06/21 26/06/21 28/06/21 29/06/21 | ടി.എ- 350x11=3850 spca - 11x400=4400 | spca - 11x400=4400 |
| 7. | P895/ 11.01.22 | ഡോ. ലില്ലി പുഷ്പം, പ്രൊഫസർ, അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, തൃശ്ശൂർ | എം.ബി.ബി.എസ് | കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല | 26/04/21 27/04/21, ,28/04/21 29/04/21, 30/04/21, 18/06/21 21/06/21 26/06/21 28/06/21 29/06/21 | ടി.എ- 350x10=3500 spca - 9.5x400=3800 | spca - 9.5x400=3800 |
| 8. | P895/ 11.01.22 | ഡോ. റോസ് ബാബു, അസി. പ്രൊഫസർ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ | എം.ബി.ബി.എസ് | കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല | 27/04/21, ,28/04/21 29/04/21, 21/06/21 22/06/21 24/06/21 29/06/21 | ടി.എ- 350x7=2450 spca – 7x400=2800 | spca - 7x400=2800 |
| 9. | P895/ 11.01.22 | ഡോ. ശിൽപ എ വി, അസോ. പ്രൊഫസർ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ | എം.ബി.ബി.എസ് | കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല | 18/06/21 21/06/21 23/06/21 24/06/21 25/06/21 28/06/21 29/06/21 30/06/21 | ടി.എ- 350x8=2800 spca - 8x400=3200 | spca - 8x400=3200 |

| | | | | | | | |
|---|---|---|---|---|---|---|---|
| 10. | P895/ 11.01.22 | ഡോ. സിന്ധു പി. സി, പ്രൊഫസർ, അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, തൃശ്ശൂർ | എം.ബി.ബി.എസ് | കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല | 26/04/21<br>27/04/21<br>18/06/21<br>23/06/21<br>28/06/21<br>29/06/21<br>30/06/21 | ടി.എ- 350x7=2450<br>spca - 6.5x400=2600 | spca - 6.5x400=2600 |
| 11. | P895/ 11.01.22 | ഡോ. പ്രീത എം ഷെണായി, അസോ. പ്രൊഫസർ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ | എം.ബി.ബി.എസ് | കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല | 26/04/21<br>27/04/21<br>29/04/21<br>30/04/21<br>17/06/21<br>18/06/21<br>21/06/21<br>23/06/21<br>25/06/21<br>26/06/21<br>28/06/21<br>29/06/21<br>01/07/21<br>03/07/21 | ടി.എ- 350x14=4900<br>spca - 13x400=5200 | spca - 13x400=5200 |

കെ.എസ്.ആറിലെ വ്യവസ്ഥ പ്രകാരം ജീവനക്കാരൻ ആസ്ഥാനകേന്ദ്രത്തിനു ചുറ്റും 8 കിലോമീറ്ററിനുള്ളിൽ യാത്രകൾ ചെയ്താൽ അതിനു സാധാരണഗതിയിൽ യാത്രാപ്പടിയോ, മറ്റേതെങ്കിലും പ്രതിഫലമോ ബത്തയോ ലഭിക്കുന്നതല്ല. കൂടാതെ മിനിമം ടി.എ എന്നത് ഒരു ഡി.എ ആണ്. കേരള സർവ്വീസ് ചട്ടങ്ങൾക്കു വിരുദ്ധമായി യാത്രാ ബത്ത അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച അനുമതി ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരം അനുവദിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/04.08.2023) സർവ്വകലാശാല ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

സർവ്വകലാശാല ഉത്തരവ് നം.292/Exam-fin/Remuneration/2012 തിയതി.1.8.12 ലെ – ക്രമ നം.2 പ്രകാരം special camp allowance equivalent to one DA admissible at Goverment rate payable to the evaluators, chairman/ co-ordinators and other staff attending Centralised valuation camp duty within 50km from their head quarters എന്നു പറയുന്നുണ്ട്. ക്രമനം.5 പ്രകാരമുള്ള “chairman/ co-ordinator and other officials attending centralised valuation camp duty within 50 kms are eligible for special camp allowance as per hours of halt " എന്നതിന്റെയും അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത് .

എന്നാൽ കെ.എസ്.ആറിലെ വ്യവസ്ഥ പ്രകാരം ജീവനക്കാരൻ ആസ്ഥാനകേന്ദ്രത്തിനു ചുറ്റും 8 കിലോമീറ്ററിനുള്ളിൽ യാത്രകൾ ചെയ്താൽ അതിനു സാധാരണഗതിയിൽ യാത്രാപ്പടിയോ, മറ്റേതെങ്കിലും പ്രതിഫലമോ ബത്തയോ ലഭിക്കുന്നതല്ല. കൂടാതെ മിനിമം ടി.എ എന്നത് ഒരു ഡി.എ ആണ്. മേൽപറഞ്ഞവ

പ്രകാരം കേരള സർവ്വീസ് ചട്ടങ്ങൾക്കു വിരുദ്ധമായി ഉത്തരവുകൾ പുറപ്പെടുവിച്ച് അനർഹമായി തുക അനുവദിക്കുന്നത് പുന: പരിശോധിക്കേണ്ടതാണ്.

## 1-3-27 പരീക്ഷാ ഡ്യൂട്ടിയ്ക്ക് നിയമിതരാകുന്ന സർവ്വകലാശാല ജീവനക്കാർക്ക് വിവിധ ബത്തകൾ അനുവദിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കിയില്ല

സർവ്വകലാശാല ജീവനക്കാർക്ക് അനുവദിക്കുന്ന ബത്തകളെ സംബന്ധിച്ച് സർവ്വകലാശാല നിയമം, സ്റ്റാറ്റ്യൂട്ട് എന്നിവയിലെ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

**1. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമം 2010 വകുപ്പ് 77 (I) (iii)**

സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരം കൂടാതെ സർവ്വകലാശാല അതിന്റെ ഏതെങ്കിലും അദ്ധ്യാപകർക്കോ ഉദ്യോഗസ്ഥർക്കോ മറ്റ് ജീവനക്കാർക്കോ എക്സ്ഗ്രേഷ്യാ പേയ്മെന്റോ സാമ്പത്തിക ബാദ്ധ്യതയുള്ള മറ്റ് ആനുകൂല്യങ്ങളോ ഉൾപ്പെടെ, ഏതെങ്കിലും പ്രത്യേക ശമ്പളമോ ബത്തകളോ ഏതെങ്കിലും തരത്തിലുള്ള മറ്റ് അധിക വേതനമോ അനുവദിക്കാൻ പാടുള്ളതല്ല.

**2. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമം 2010 വകുപ്പ് 12(5)**

സർവ്വകലാശാലയുടെ നടപടികൾ ഈ ഓർഡിനൻസിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും റഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി നടപ്പിലാക്കുന്നുണ്ടെന്നും, അധികാര സ്ഥാനങ്ങളുടെയും നികായങ്ങളുടെയും കമ്മിറ്റികളുടെയും തീരുമാനങ്ങൾ ഈ ഓർഡിനൻസിനോ റഗുലേഷനുകൾക്കോ വിരുദ്ധമല്ലെന്നും ഉറപ്പാക്കേണ്ടത് വൈസ് ചാൻസലറുടെ കർത്തവ്യമായിരിക്കുന്നതാണ്.

**3. കേരള ആരോഗ്യ സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 2019 ചാപ്റ്റർ IV, ഖണ്ഡിക 91, (1).**

**[ജി.ഒ.(പി) നം.3/2019/H&FWD dt 6.2.2019]**

**Applicability of the KSR etc. to the non teaching staff.**

“Subject to provisions of the Act, Statutes, Ordinances and Regulations, the Kerala State and Subordinate Service Rules, 1958 the Kerala Service Rules 1959, the Kerala Government Servants conduct Rules 1960, as amended from time to time, in so far as may be applicable except to the extend expressly provided for in the statutes, Ordinances and Regulations shall apply in the matter of all the services conditions of the University employees.

**4. ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 2019ചാപ്റ്റർ IV ഖണ്ഡിക 92.[ജി.ഒ.(പി) നം.3/2019/H&FWD dt 6.2.2019]**

The university employees shall as regards travelling allowances, be governed by the provisions contained in Kerala Service Rules, as ammended from time to time

മേൽപ്രകാരമുള്ള വ്യവസ്ഥകൾ നിലനിൽക്കെ വിവിധ മൂല്യനിർണ്ണയ കേന്ദ്രങ്ങളിൽ പരീക്ഷാ ഡ്യൂട്ടിയ്ക്ക് ക്യാമ്പ് ഓഫീസർമാരായി നിയോഗിക്കപ്പെടുന്ന സർവ്വകലാശാലയിലെ അധ്യാപകേതര ജീവനക്കാർക്ക് സർവ്വകലാശാല അനുവദിക്കുന്ന വിവിധ ബത്തകൾ ചുവടെ ചേർക്കുന്നു.

| ബത്ത | നിരക്ക് |
|---|---|
| Special Camp Allowance | ₹400/- per day |
| Accomadation Charge | ₹750/- per day for Assistant.<br>₹1000/-per day for Section Officer |
| Custodian Charge | ₹5/ - per answer book |

| ബത്ത | നിരക്ക് |
|---|---|
| Travelling Allowance | Train fare |

ഗവേണിംഗ് കൗൺസിലിന്റെ 29.12.2011ലെ തീരുമാനം 6.12 പ്രകാരം staff attending duty at valuation camp are eligible for TA & Special Camp Allowance equivalent to one DA per day admissible at government rate. കൂടാതെ 30.7.2016 ലെ ഗവേണിംഗ് കൗൺസിൽ തീരുമാന പ്രകാരം സ്പെഷൽ ക്യാമ്പ് അലവൻസിനു പുറമെ അക്കോമഡേഷൻ ചാർജ്ജ് കൂടി നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

മേൽപ്രകാരം കേരള സർവ്വീസ് റൂളിലെ ചട്ടങ്ങൾ ബാധകമായ സർവ്വകലാശാല അദ്ധ്യാപകേതര ജീവനക്കാർക്ക് കേരള സർവ്വീസ് റൂളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായും സർക്കാർ നിരക്കുകളിൽ നിന്ന് അധികമായും ബത്തകളും ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭ്യമായിട്ടില്ല. ജീവനക്കാർക്ക് ഇത്തരം പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട് സർവ്വകലാശാല പ്രത്യേകം സ്റ്റാറ്റ്യൂട്ടുകളോ, ഓർഡിനൻസുകളോ, റഗുലേഷനുകളോ പുറപ്പെടുവിച്ചിട്ടുമില്ല.

മേൽപ്രകാരം സർക്കാർ അംഗീകാരമില്ലാതെ 2021-22 വർഷം സർവ്വകലാശാലയ്ക്ക് പുറമേയുള്ള കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിൽ പങ്കെടുത്തതിന് ജീവനക്കാർക്ക് ബത്തകൾ അനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർനം./ തിയ്യതി | പരീക്ഷ | ക്യാമ്പ് ഓഫീസർ/ ക്യാമ്പ് നടന്ന തിയ്യതി | സ്പെഷൽ ക്യാമ്പ് അലവൻസ് 400/- day | ലോഡ്ജിംഗ് അലവൻസ് 750/- day | കസ്റ്റോഡിയൻ ചാർജ് 5/- answer book | ആകെ |
|---|---|---|---|---|---|---|---|
| 1 | P 305/ 24.8.21 | മൂന്നാം വർഷ എം.ബി.ബി.എസ്. ഡിഗ്രി പാർട്ട് II (എസ്) എക്സാം ഒക്ടോബർ 2020 | ശ്യാം .ജെ (തിരുവനന്തപുരം സോൺ) 21.12.20 മുതൽ 29.12.20 | 9x400= 3600 | 11x750= 8250 | 3090x5= 15450 | 27300/- |
| | | | അരുൺ സി. വി (കോഴിക്കോട് സോൺ) 21.12.20 മുതൽ 27.12.20 | 7x400= 2800 | 9x750= 6750 | 3285x5= 16425 | 25975/- |
| 2 | P 306/ 24.8.21 | ഫൈനൽ ബി.ഡി.എസ് പാർട്ട് I & II നവംബർ 2020 | ശ്യാം. ജെ (തിരുവനന്തപുരം സോൺ) 04.01.21 മുതൽ 11.01.21 | 7x400= 2800 | 10x750= 7500 | 1980x5= 9900 | 20200/- |
| | | | അരുൺ സി. വി (കോട്ടയം സോൺ) 04.01.21 മുതൽ 11.01.21 | 5x400= 2000 | 7x750= 5250 | 2145x5= 10725 | 17975/- |
| | | | സൈനുദ്ധീൻ ഐ (കോഴിക്കോട് | 6x400 | 8x750= 6000 | 3435x5= 17175 | 25575/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | സോൺ) 04.01.21 മുതൽ 09.01.21 | =2400 | | | |
| 3 | P 480/ 05.09.21 | മൂന്നാം വർഷ ബി.ഡി.എസ് ഡിഗ്രി (റഗുലർ/ സപ്ലി) എക്സാം ഡിസംബർ 2020 | ശ്യാം ജെ(തിരുവനന്തപുരം സോൺ) 18.01.21 മുതൽ 25.01.21 | 6x400= 2400 | 8x750= 6000 | 900x5= 4500 | 12900/- |
| | | | അരുൺ സി. വി (കോട്ടയം സോൺ) 18.01.21 മുതൽ 25.01.21 | 7x400= 2800 | 10x750= 7500 | 1125x5= 5625 | 15925/- |
| | | | സൈനുദ്ധീൻ. ഐ (കോഴിക്കോട് സോൺ) 18.01.21 മുതൽ | 8x400= 3200 | 10x750= 7500 | 1335x5= 6675 | 17375/- |
| 4 | P 481/ 25.09.21 | മൂന്നാം വർഷ എം.ബി.ബി.എസ് പാർട്ട് I (എസ്) ജനവരി 2021 | ആരതി സി. ആർ (തിരുവനന്തപുരം സോൺ) 01.02.21 മുതൽ 05.02.21 | 5x400= 2000 | 7x750= 5250 | 1080x5= 5400 | 12650/- |
| | | | വിനീത് ജി (കോഴിക്കോട് സോൺ) 01.02.21 മുതൽ 05.02.21 | 5x400= 2000 | 6x750= 4500 | 1140x5= 5700 | 12200/- |
| 5 | P 550/ 11.10.21 | രണ്ടാം വർഷ ബി.ഡി.എസ് ഡിഗ്രി (റഗുലർ/ സപ്ലി) ഡിസംബർ 2020 | ശ്യാം ജെ (തിരുവനന്തപുരം സോൺ) 01.02.21 മുതൽ 09.02.21 | 8x400= 3200 | 11x750= 8250 | 1755x5= 8775 | 20225/- |
| | | | അരുൺ സി. വി (കോട്ടയം സോൺ) 01.02.21 മുതൽ 06.02.21 | 6x400= 2400 | 8x750= 6000 | 2025x5= 10125 | 18525/- |
| | | | സൈനുദ്ധീൻ ഐ (കോഴിക്കോട് സോൺ) 03.02.21 മുതൽ 10.02.21 | 7x400= 2800 | 9x750= 6750 | 2715x5= 13575 | 23125/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6 | P 611/ 01.11.21 | ഒന്നാം വർഷ ബി.ഡി.എസ് (റഗുലർ/സപ്ലി) എക്സാം ജനവരി 2021 | ആരതി സി. ആർ. (തിരുവനന്തപുരം സോൺ) 22.02.21 മുതൽ 01.03.21 | 7x400= 2800 | 10x750= 7500 | 1800x5= 9000 | 19300/- |
| | | | അരുൺ സി. വി (കോട്ടയം സോൺ) 22.02.21 മുതൽ 03.03.21 | 9x400= 3600 | 12x750= 9000 | 2040x5= 10200 | 22800/- |
| | | | സൈനുദ്ധീൻ ഐ (കോഴിക്കോട് സോൺ) 22.02.21 മുതൽ 02.03.21 | 8x400= 3200 | 10x750= 7500 | 3300x5= 16500 | 27200/- |

ബി) കേരള സർവ്വീസ് ചട്ടം പാർട്ട് II, സെക്ഷൻ VI, Rule 37 പ്രകാരം A Daily allowance is a uniform allowance for each day of absence from head quarters, which is intented to cover the ordinary daily charge incurred by an officer in consequences of such absence.

Ordinary daily charge എന്നതിൽ cost of lodging and boarding and other incidental expenditure എന്നിവ ഉൾപ്പെടുന്നു.

20.1.2016 ലെ സ. ഉ. (അ) 7/2016/ധന. ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം 1.2.16 മുതൽ ഗ്രേഡ് II(a), ഗ്രേഡ് II(b) ഉദ്യോഗസ്ഥർക്ക് അനുവദനീയമായ ഡി.എ പ്രതിദിനം 320/- രൂപയാണ്. കൂടാതെ ജി.ഒ (പി) നം. 27/2021/ധന തിയ്യതി. 10.02.2021 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം 1.3.21 മുതൽ ഗ്രേഡ് II(a), ഗ്രേഡ് II(b) ഉദ്യോഗസ്ഥർക്ക് അനുവദനീയമായ ഡി.എ പ്രതിദിനം 500/- രൂപയാണ്.കെ.എസ്.ആറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സർവ്വകലാശാലയിലെ ഗ്രേഡ് IIa, IIb ജീവനക്കാർക്ക് ഡി.എ ആയി സ്പെഷൽ ക്യാമ്പ് അലവൻസ് എന്ന പേരിൽ പ്രതിദിനം 400/- രൂപയും അതോടൊപ്പം ലോഡ്ജിംഗ് അലവൻസ് 750/- രൂപയും കൂടി അനുവദിച്ചു വരുന്നു. ഡെയ് ലി അലവൻസ് എന്നതിൽ ലോഡ്ജിംഗ് ഉൾപ്പെടുമെന്നതിനാൽ സർവ്വകലാശാല ജീവനക്കാരുടെ പ്രാക്ടിക്കൽ ഇഷ്യൂസ് പരിഗണിച്ച് ലോഡ്ജിംഗ് അലവൻസ് എന്ന പേരിൽ ആനുകൂല്യം അനുവദിക്കുന്നത് ക്രമപ്രകാരമല്ല. കേരള സർവ്വീസ് റൂൾസ് പ്രകാരം ഡ്യൂട്ടിയുടെ ഭാഗമായി ഒരു സ്ഥലത്ത് 10 ദിവസത്തിൽ കൂടുതൽ താമസിച്ചാൽ 10 ദിവസത്തിൽ കൂടുതലുള്ള താമസത്തിന് ആദ്യ 10 ദിവസത്തിന് ദിനബത്ത പൂർണ്ണ നിരക്കിലും, അടുത്ത 20 ദിവസത്തിന് ¾ ദിനബത്തയും, തുടർന്ന് ½ ദിനബത്തയും അനുവദനീയമാണ്. ഇപ്രകാരം സർവ്വകലാശാലയ്ക്ക് ചുവടെയുള്ള പട്ടികയിൽ കോളം നമ്പർ 6ൽ രേഖപ്പെടുത്തിയ പ്രകാരം 103300/ -രൂപ അധികചെലവ് സംഭവിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| 1 | 2 | 3 | 4 | | | 5 | 6 | 7 |
|---|---|---|---|---|---|---|---|---|
| ക്രമനം | ക്യാമ്പ് ഓഫീസർ | തിയ്യതി | സർവ്വകലാശാല അനുവദിച്ച തുക | | | കെ.എസ്.ആർ ചട്ടപ്രകാരം അനുവദിക്കേണ്ടത് | വ്യത്യാസം | റിമാർക്ക്സ് |
| | | | സ്പെഷൽ ക്യാമ്പ് അലവൻസ് | ലോഡ്ജിംഗ് അലവൻസ് | ആകെ | പൂർണ്ണ ദിനബത്ത – 320/- | | |

| 1 | 2 | 3 | 4 | | | 5 | 6 | 7 |
|---|---|---|---|---|---|---|---|---|
| ക്രമ നം | ക്യാമ്പ് ഓഫീസർ | തിയ്യതി | സർവ്വകലാശാല അനുവദിച്ച തുക | | | കെ.എസ്.ആർ ചട്ടപ്രകാരം അനുവദിക്കേണ്ടത് | വ്യത്യാസം | റിമാർക്ക്സ് |
| | | | | | | ¾ ദിനബത്ത- 240/- | | |
| 1 | ശ്യാം ജെ | 21.12.20 to 29.12.20 | 9x400 =3600 | 11x750 =8250 | 11850 | 10x320+1x240 =3200+240 =3440 | 11850- 3440= 8410 | P305/ 24.08.2021 |
| | | 04.01.21 to 11.01.21 | 7x400 =2800 | 10x750 =7500 | 10300 | 10x320 =3200 | 10300- 3200 = 7100 | P306/ 24.08.2021 |
| | ശ്യാം ജെ | 18.01.21 to 25.01.21 | 6x400 = 2400 | 8x750 = 6000 | 8400 | 8x320 =2560 | 8400- 2560 = 5840 | P480/ 05.09.21 |
| | | 01.02.21 to 09.02.21 | 8x400 = 3200 | 11x750 = 8250 | 11450 | 10x320+1x240 =3200+240 =3440 | 11450- 3440 = 8010 | P550/ 11.10.21 |
| 2 | അരുൺ സി വി | 21.12.20 to 29.12.20 | 7x400 = 2800 | 9x750 = 6750 | 9550 | 9x320 = 2880 | 9550- 2880 = 6670 | P305/ 24.08.21 |
| | | 04.01.21 to 11.01.21 | 5x400 = 2000 | 7x750 = 5250 | 7250 | 7x320 = 2240 | 7250- 2240 = 5010 | P306/ 24.08.21 |
| | | 18.01.21 to 25.01.21 | 7x400 = 2800 | 10x750 = 7500 | 10300 | 10x320 = 3200 | 10300- 3200 = 7100 | P480/ 05.09.21 |
| | | 01.02.21 to 06.02.21 | 6x400 =2400 | 8x750 = 6000 | 8400 | 8x320 =2560 | 8400- 2560 = 5840 | P550/ 11.10.21 |
| | | 21.02.21 to 05.03.21 | 7x400 = 2800 | 10x750 = 7500 | 10300 | 5x320+ 5x500 1600+2500 =4100 | 10300- 4100 = 6200 | P611/ 01.11.21 |
| 3 | സൈനുദ്ധിൻ .ഐ | 04.01.21 to 09.01.21 | 6x400 = 2400 | 8x750 = 6000 | 8400 | 8x320 = 2560 | 8400- 2560 = 5840 | P306/ 24.08.21 |

| 1 | 2 | 3 | 4 | | | 5 | 6 | 7 |
|---|---|---|---|---|---|---|---|---|
| ക്രമ നം | ക്യാമ്പ് ഓഫീസർ | തിയ്യതി | സർവ്വകലാശാല അനുവദിച്ച തുക | | | കെ.എസ്.ആർ ചട്ടപ്രകാരം അനുവദിക്കേണ്ടത് | വ്യത്യാസം | റിമാർക്ക്സ് |
| | | | | | | | | |
| | | 18.01.21 Onwards | 8x400 =3200 | 10x750= 7500 | 10700 | 10x320 =3200 | 10700- 3200 = 7500 | P480/ 05.09.21 |
| | | 03.02.21 to 10.02.21 | 7x400 = 2800 | 9x750 = 6750 | 9550 | 9x320 = 2880 | 9550- 2880 = 6670 | P550/ 11.10.21 |
| | | 20.02.21 to 03.03.21 | 8x400 = 3200 | 10x750 = 7500 | 10700 | 7x320 + 3x500 =3740 | 10700- 3740 = 6960 | P611/ 01.11.21 |
| 4 | ആരതി സി. ആർ. | 01.02.21 to 05.02.21 | 5x400 = 2000 | 7x750 = 5250 | 7250 | 7x320 = 2240 | 7250- 2240 = 5010 | P481/ 25.09.21 |
| | | 22.02.21 to 03.03.21 | 7x400 = 2800 | 10x750 = 7500 | 10300 | 7x320+3x500 = 3740 | 10300- 3740 = 6560 | P611/ 01.11.21 |
| 5 | വിനീത് ജി | 01.02.21 to 05.02.21 | 5x400 = 2000 | 6x750 = 4500 | 6500 | 6x320 = 1920 | 6500- 1920 = 4580 | P481/ 25.09.21 |
| **ആകെ തുക** | | | | | | | **103300** | |

മേൽപ്രകാരം സർക്കാറിന്റെ മുൻകൂർ അനുമതി ഇല്ലാതെ സർവ്വകലാശാല അധിക ബത്തകൾ അനുവദിച്ചതിനും സർക്കാർ അനുവദിച്ചതിനേക്കാൾ അധികനിരക്കിൽ ബത്തകൾ അനുവദിച്ചതിനും മറുപടി നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി താഴെ ചേർക്കുന്ന കാരണങ്ങളാൽ പരിഗണനാർഹമല്ല.

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആക്ട് 2010 വകുപ്പ് 77(1) (III) പ്രകാരം സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരം കൂടാതെ സർവ്വകലാശാല അതിന്റെ ഏതെങ്കിലും അധ്യാപകർക്കോ ഉദ്യോഗസ്ഥർക്കോ മറ്റ് ജീവനക്കാർക്കോ എക്സ്ഗ്രേഷ്യ പേയ്മെന്റോ സാമ്പത്തിക ബാധ്യതയുള്ള മറ്റ് ആനുകൂല്യങ്ങളോ ഉൾപ്പടെ ഏതെങ്കിലും പ്രത്യേക ശമ്പളമോ ബത്തകളോ, ഏതെങ്കിലും തരത്തിലുള്ള മറ്റ് അധിക വേതനമോ അനുവദിക്കാൻ പാടുള്ളതല്ല. ആക്ടിലെ ഈ വ്യവസ്ഥ പ്രാബല്യത്തിൽ നിൽക്കുമ്പോൾ തന്നെ ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് ചാപ്റ്റർ IV, ഖണ്ഡിക 91(1), 92 എന്നിവയിൽ ജീവനക്കാർക്ക് യാത്രാ ബത്ത അനുവദിക്കുന്നതിന് കേരള സർവ്വീസ് റൂൾ ബാധകമാണെന്ന് പറയുന്നുണ്ട്. കൂടാതെ സ്റ്റാറ്റ്യൂട്ട് 2019 അധ്യായം 2, ഖണ്ഡിക 15c, ഉപഖണ്ഡിക XII പ്രകാരം ജീവനക്കാർക്കുള്ള യാത്രാ ബത്തയും പ്രതിഫലവും ഫിക്സ് ചെയ്യുന്നതിനുള്ള അധികാരം വൈസ് ചാൻസലറിൽ നിക്ഷിപ്തമാണെന്നും പറയുന്നു. ആക്ടിലെ വ്യവസ്ഥകൾക്കുപരിയായി സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾക്ക് മാത്രമായി നിലനിൽപ്പില്ലാത്തതിനാലും, ആക്ടിലെ വ്യവസ്ഥകൾ സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾകൊണ്ട് മറികടക്കാൻ സാധ്യമല്ലാത്തതിനാലും ഈ വിഷയത്തിൽ സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്.**(<u>ഓഡിറ്റ് എൻക്വയറി നം. 34/5.8.23</u>)**

## 1-3-28 പരീക്ഷ നടത്തിപ്പ് - യു.ജി.സി അദ്ധ്യാപകർക്ക് പരീക്ഷാ ജോലികൾക്ക് പ്രതിഫലം നൽകുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്.

2021-22 വാർഷിക കണക്കു പ്രകാരം പരീക്ഷ നടത്തിപ്പിനായി ചെലവഴിച്ച തുക താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | പരീക്ഷാ നടത്തിപ്പിനുള്ള പ്രതിഫലം (എല്ലാ സ്കീമും ഉൾപ്പെടെ) | 142560568.00 |
| 2 | വാല്യുവേഷൻ ചാർജ് | 64683287.00 |
| 3 | പരീക്ഷാ സെന്റർ | 6554750.00 |
| കോൺഫിഡൻഷ്യൽ ചാർജ് | | |
| 4 | Question Paper Setting | 1863850.00 |
| 5 | Question Paper Scrutiny | 169920.00 |

മേൽപ്പറഞ്ഞവയിൽ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകർക്കു നൽകുന്ന പ്രതിഫലം കൂടി ഉൾപ്പെടുന്നുണ്ട്.

ഭരണപരവും അക്കാദമികവുമായി ഗുണനിലവാരം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് യു.ജി.സി കാലാകാലങ്ങളിൽ വിവിധ മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. 1998 ലെ യു.ജി.സി നോട്ടിഫിക്കേഷൻ (F3-1/94(PS)/1998 dt. 24.12.1998) അനുസരണമായ പരിഷ്കരണങ്ങൾ കേരളത്തിലെ സർവ്വകലാശാലകൾക്ക് 1996 ജനുവരി 1 മുതൽ മുൻകാല പ്രാബല്യത്തോടെ ബാധകമാക്കിക്കൊണ്ട് കേരള സർക്കാർ ഉത്തരവിറക്കുകയുണ്ടായി. 2010 ലെ യു.ജി.സി റെഗുലേഷൻസിലെ കോഡ് ഓഫ് പ്രൊഫഷണൽ എത്തിക്സ് പ്രകാരം സർവ്വകലാശാലകളുടെയും അനുബന്ധ കോളേജുകളുടേയും പരീക്ഷാനടത്തിപ്പ്, മേൽനോട്ടം, ഇൻവിജിലേഷൻ, മൂല്യനിർണ്ണയം എന്നിവ അദ്ധ്യാപകരുടെ ഉത്തരവാദിത്തമാണ്.

എന്നാൽ സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ 33.06 തിയതി 30/07/2016, 36.06 തിയതി 07/01/2017 എന്നീ തീരുമാനങ്ങൾ പ്രകാരമാണ് അഫിലിയേറ്റഡ് കോളേജുകളിലെ അദ്ധ്യാപകർക്ക് പരീക്ഷാ മൂല്യനിർണ്ണയത്തിന് പ്രതിഫലം നൽകി വരുന്നത്. 31.10.2017 ലെ 367/B1/2017/ H&FWD നമ്പർ സർക്കാർ കത്തിൽ പരീക്ഷാമൂല്യനിർണ്ണയവും ബന്ധപ്പെട്ട പ്രവൃത്തികളും അദ്ധ്യാപകരുടെ ഔദ്യോഗിക ജോലിയുടെ ഭാഗമാണെന്ന യു.ജി.സി സ്കീമിലെ നിബന്ധനയനുസരിച്ച് സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിലും സ്പെഷൽ റൂൾസിലും ആവശ്യമായ മാറ്റങ്ങൾ വരുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. പരിഷ്കരിച്ച കരട് സ്റ്റാറ്റ്യൂട്ടിൽ ഇപ്രകാരം ഒരു ഭേദഗതി ഉൾപ്പെടുത്തി സ്റ്റാറ്റ്യൂട്ടിന് സർക്കാർ അംഗീകാരം ലഭിച്ചതിന്റെയോ, സർവ്വകലാശാല പിന്തുടരുന്ന നിലവിലെ രീതിക്ക് സർക്കാർ അനുമതി ലഭ്യമായതിന്റെയോ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 37/5.8.23 ന് സർവ്വകലാശാല നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

"കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുമായി ബന്ധപ്പെട്ട് 39 ഗവൺമെന്റ് കോളേജുകളും 5 എയ്ഡഡ് കോളേജുകളും മാത്രമല്ല നിലവിലുള്ളത്.ഏകദേശം 328 -ഓളം അഫിലിയേറ്റഡ് കോളേജുകൾ ഉള്ളതിൽ മേൽപറഞ്ഞവ കൂടാതെ സ്വാശ്രയ സ്ഥാപനങ്ങളുമുണ്ട്. ഭൂരിഭാഗം വരുന്ന സ്വാശ്രയ സ്ഥാപനങ്ങളെ കണക്കിലെടുത്തു കൊണ്ടാണ് സർവ്വകലാശാലയുടെ പരമോന്നത അധികാര സമിതിയായ ഗവേണിംഗ് കൗൺസിലിന്റെ അനുമതിയോടെ പുറത്തിറക്കിയ ഉത്തരവ് പ്രകാരം സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ അദ്ധ്യാപകർക്ക് പരീക്ഷ മൂല്യനിർണ്ണയത്തിന് പ്രതിഫലം നൽകി വരുന്നത് ".

യു.ജി.സി ശമ്പളം കൈപ്പറ്റുന്ന സ്ഥാപനങ്ങളിലെ അധ്യാപകരെ സംബന്ധിച്ച് യു.ജി.സി നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പിന്തുടരുന്നതിന് സർവ്വകലാശാല നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3-29 ഫാക്കൽറ്റി എൻറോൾമെന്റ് പ്രോഗ്രാം - വിവരശേഖരണത്തിൽ അപാകതകൾ

അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ സമഗ്രമായ വിവര ശേഖരണത്തിനായാണ് ഫാക്കൽറ്റി എൻറോൾമെന്റ് പ്രോഗ്രാം നടപ്പാക്കിയിട്ടുള്ളത് (FEP).

ഫാക്കൽറ്റി എൻറോൾമെന്റ് പ്രോഗ്രാം നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്റ്റെപ് 1 – സ്വന്തം അക്കാദമിക് വിവരങ്ങൾ അദ്ധ്യാപകൻ സർവ്വകലാശാല പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നു.

2. സ്റ്റെപ് 2 – പ്രിൻസിപ്പലിന് എത്തുന്ന ഈ വിവരങ്ങൾ പ്രിൻസിപ്പൽ പരിശോധിച്ച് സർവ്വകലാശാലയ്ക്ക് സമർപ്പിക്കുന്നു.

3. സ്റ്റെപ് 3 – ഈ വിവരങ്ങൾ ഒറ്റ തവണയായി സർവ്വകലാശാല ആസ്ഥാനത്തു വെച്ച് ഒറിജിനൽ രേഖകളുമായി രജിസ്ട്രാർ ഒത്തു നോക്കണം.
മേൽ പറഞ്ഞപ്രകാരം എല്ലാ സ്ഥാപനങ്ങളുടെയും FEP പൂർത്തീകരിച്ച് ഐഡന്റിറ്റി കാർഡ് വിതരണം നടത്തിയതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.. എന്നാൽ വിവരശേഖരണത്തിൽ ഫലപ്രദമായ മോണിറ്ററിങ് നടപ്പാക്കിയിട്ടില്ല എന്നു കാണുന്നു.വിശദാംശം ചുവടെ ചേർക്കുന്നു.

**(ഗവേണിംഗ് കൗൺസിൽ-65/17.08.2021, ബോർഡ് ഓഫ് എക്സാമിനേഷൻ-30/30.07.2021)**

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് സയൻസ് & റിസർച്ച്, മലബാർ കാൻസർ സെന്റർ, തലശ്ശേരി എന്ന സ്ഥാപനത്തിലെ ശ്രീമതി. റീന .സി, അസിസ്റ്റന്റ് പ്രൊഫസർ, എന്നവർ ഒന്നാംവർഷ ബി.എസ്.സി നഴ്സിംഗ് ഡിഗ്രി(റഗുലർ& സപ്ലി) 2010 & 2016 സ്കീം എക്സാം ഒക്ടോബർ 2019 ന്റെ ഇവാല്യുവേഷൻ ക്യാമ്പിലെ ഇവാല്യുവേറ്ററായുള്ള നിയമനം റദ്ദ് ചെയ്തത് അറിയാതെ 7 ദിവസം പ്രസ്തുത ക്യാമ്പിൽ ഇവാല്യുവേറ്ററായി പ്രവർത്തിച്ചു എന്ന വിഷയം 103-ാമത് മാൽ പ്രാക്ടീസസ് & ലാപ്സസ് എൻക്വയറി കമ്മിറ്റി(M&LEC) യിൽ ചർച്ച ചെയ്തതായി കാണുന്നു. അബദ്ധവശാൽ ഫാക്കൽറ്റിയായി രേഖപ്പെടുത്തിയതാണെന്നും, ഇവാല്യുവേറ്ററായി പ്രവർത്തിക്കാനുള്ള യോഗ്യതയില്ലെന്നും സ്ഥാപന ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇവാല്യുവേറ്ററായുള്ള പ്രസ്തുത നിയമനം സർവ്വകലാശാല റദ്ദു ചെയ്തത്. എന്നാൽ പ്രസ്തുത നിയമനം റദ്ദു ചെയ്തതായ അറിയിപ്പ് ലഭിക്കാത്തതിനാൽ ഇവർ 7 ദിവസം ക്യാമ്പിൽ പങ്കെടുത്തിട്ടുണ്ട്. M&LEC പ്രസ്തുത ഇവാല്യുവേഷൻ റദ്ദ് ചെയ്ത് പുതിയ ഇവാല്യുവേറ്ററെ നിയമിക്കാൻ ശുപാർശ ചെയ്തിരുന്നു.

മേൽ വിഷയം സംബന്ധിച്ച ചർച്ചകൾ ബോർഡ് ഓഫ് എക്സാമിനേഷൻ കമ്മിറ്റിയിൽ പരിഗണനയ്ക്ക് വരികയും താഴെ പറയുന്ന തീരുമാനത്തിൽ എത്തുകയും ചെയ്തു.

1. മലബാർ കാൻസർ സെന്ററിലെ Diatician തസ്തിക അക്കാദമികമല്ലാത്തതിനാൽ ശ്രീമതി. റീന . സി ഒരു ടീച്ചിങ് സ്റ്റാഫ് അല്ല.

2. ശ്രീമതി. റീന . സി, INSER ലെ ഫാക്കൽറ്റിയിലെ സ്ഥിരം അംഗമല്ലാത്തതിനാൽ അവരെ Examiner/Evaluator ആയി ഇനി മുതൽ പരിഗണിക്കില്ല.

ഇപ്രകാരം FEP യുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തിയിട്ടും ടീച്ചിംഗ് സ്റ്റാഫ് അല്ലാത്ത ഒരു ജീവനക്കാരൻ എപ്രകാരമാണ് സർവ്വകലാശാലയുടെ ഫാക്കൽറ്റികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടതെന്ന വിഷയം പരിശോധിക്കപ്പെടേണ്ടതാണ്. FEP യുടെ വിവിധ ഘട്ടങ്ങളിൽ ഉൾപ്പെട്ട സർവ്വകലാശാല ആസ്ഥാനത്തു വെച്ച്

നടത്തുന്ന ഒറിജിനൽ രേഖകളുടെ പരിശോധനയും, ഡാറ്റാ എൻട്രി നടത്തുന്ന വിശദാംശങ്ങളും മോണിറ്ററിംഗ് നടത്തേണ്ട സാഹചര്യത്തിലേക്കാണ് ഈ വിഷയം കൈചൂണ്ടുന്നത്.

സർവ്വകലാശാലയിൽ ഫാക്കൽറ്റിയായി എൻറോൾ ചെയ്ത മുഴുവൻ അധ്യാപകരുടേയും വിവരങ്ങൾ ഒരു തുടർ പരിശോധന നടത്തുന്നത് അഭികാമ്യമായിരിക്കും.ആയതിലേക്ക് സർവ്വകലാശാല അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.**(<u>ഓഡിറ്റ് എൻക്വയറി നം. 27/26.7.23</u>)**

## 1-3-30 എക്സാമിനേഷൻ സെന്റർ പദവി റദ്ദ് ചെയ്ത സ്ഥാപനത്തിൽ വീണ്ടും എക്സാം നടത്തി-ഗവേണിംഗ് കൗൺസിൽ തീരുമാനങ്ങളിൽ യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല

കൊല്ലം അസീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് എന്ന സ്ഥാപനത്തിൽ മൂന്നാംവർഷ എം.ബി.ബി.എസ് പാർട്ട് I ജനുവരി 2021 എന്ന പരീക്ഷയുടെ നടത്തിപ്പിനിടെ ഉണ്ടായ ഗുരുതരമായ ക്രമക്കേടുകൾ മാൽ പ്രാക്ടീസസ് & ലാപ്സസ് എൻക്വയറി കമ്മറ്റി (M&LEC), ബോർഡ് ഓഫ് എക്സാമിനേഷൻ (BOE) എന്നിവയിൽ ചർച്ച ചെയ്തത് തീരുമാനമെടുക്കുന്നതിനായി ഗവേണിംഗ് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. ഗവേണിംഗ് കൗൺസിലിന്റെ 28.4.21 ലെ 64.14, (ക്രമ നം. 7) ൽ 'The examination centre status of this college is suspended until further orders, as per the provision on the chapter XII, clause 1 (D) of examination manual' എന്ന് തീരുമാനിച്ചിരുന്നു.(സർവ്വകലാശാല ഉത്തരവ് നം.45/2021/Exam General dt. 10.05.21) .

എന്നാൽ ഗവേണിംഗ് കൗൺസിൽ തീരുമാനത്തിനു ശേഷവും 2021-22 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർക്കുന്ന പരീക്ഷകളുടെ നടത്തിപ്പിനായി 12.7.21, 23.7.21, 1.9.21 തീയതികളിൽ അഡ്വാൻസ് തുക അനുവദിച്ചതായും ആയത് ക്രമീകരിച്ചതായും കാണുന്നു. അഡ്വാൻസ് തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നമ്പർ/ തിയതി | പരീക്ഷ | അഡ്വാൻസ് അനുവദിച്ച തുക | സെറ്റിൽമെന്റ് വൗച്ചർ നമ്പർ/ തിയതി | തുക | പരീക്ഷാ നടത്തിപ്പിനായി ആകെ അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | P128/12.7.21 | മൂന്നാംവർഷ എം.ബി.ബി.എസ്.പാർട്ട് II,(റഗു) /(പി) മെയ് 2021 | 85000 | P751/23.11.21 | 39645.00 | 124645.00 |
| 2 | P182/23.7.21 | മൂന്നാംവർഷ എം.ബി.ബി.എസ്.പാർട്ട് I,(റഗു) /(പി) മെയ് 2021 | 56000 | P501/30.09.21 | 24203.00 | 80203.00 |
| 3 | P326/1.9.21 | രണ്ടാം വർഷ എം.ബി.ബി.എസ്. (റഗു) /(പി) മെയ്2021 | 110000 | P1001/14.2.22 | 16185.00 | 126185.00 |

ഗവേണിംഗ് കൗൺസിൽ തീരുമാനത്തിൽ നിന്നും വ്യതിചലിച്ച് പിന്നീട് ഈ കോളേജിൽ പരീക്ഷകൾ നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/14.7.23 ന് മറുപടിയായി അസീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സമർപ്പിച്ച എൻക്വയറി റിപ്പോർട്ട്, പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് കോളേജ് ഏർപ്പെടുത്തിയ സെക്യൂരിറ്റി സിസ്റ്റം എന്നിവ പരിഗണിച്ച് ബോർഡ് ഓഫ് എക്സാമിനേഷന്റെയും, ഗവേണിംഗ് കൗൺസിലിന്റെയും സാധൂകരണത്തിന് വിധേയമായി

എക്സാമിനേഷൻ സെന്റർ പദവി_താൽക്കാലികമായി അനുവദിച്ചു കൊണ്ട് സർവ്വകലാശാല ഉത്തരവ് (നം.18/2020/Exam /KUHS dt. 31.1.2022) പുറപ്പെടുവിച്ചിട്ടുണ്ട് എന്നറിയിക്കുകയുണ്ടായി.

സർവ്വകലാശാലയുടെ മുഖ്യ അധികാരസ്ഥാനമായ ഗവേണിംഗ് കൗൺസിലിന്റെ 28.04.21 ലെ തീരുമാനപ്രകാരം പരീക്ഷാസെന്റർ പദവി റദ്ദ് ചെയ്യപ്പെട്ട സ്ഥാപനത്തിന് സ്ഥാപനത്തിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ കേവലം ഉദ്യോഗസ്ഥതല തീരുമാനങ്ങളിലൂടെ പരീക്ഷാസെന്റർ പദവി പുനസ്ഥാപിച്ചു നൽകിയത് ഗുരുതരമായ അപാകമായി ഓഡിറ്റ് വിലയിരുത്തുന്നു. സർവ്വകലാശാല ഉത്തരവിൽ സൂചിപ്പിച്ച സാധൂകരണം ഹാജരാക്കേണ്ടതാണ്.

## 1-3-31 ഇയർമാർക്ക്ഡ് ഫണ്ട് - വിനിയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടില്ല

2021-22 സാമ്പത്തികവർഷത്തെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 3 പ്രകാരം ഇയർമാർക്ക്ഡ് ഫണ്ടിനത്തിൽ താഴെ പറയും പ്രകാരം തുകകൾ നീക്കിയിരിപ്പ് ഉണ്ട്.

| sl no | Funds | Amount |
|---|---|---|
| 1 | Research Fund | 5,00,00,000.00 |
| 2 | Schools & Centres Development Fund | 50,00,00,000.00 |
| 3 | Development and Programme Fund | 5,00,00,000.00 |
| | Development and Programme Fund-Interest | 30,42,190.00 |
| | **Total** | **60,30,42,190.00** |

ഇയർമാർക്ക്ഡ് ഫണ്ട് രൂപീകരണവുമായി ബന്ധപ്പെട്ട് സർവ്വകലാശാല ആക്റ്റിലെ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആക്റ്റ് 2010, സെക്ഷൻ 64 (9) (i) പ്രകാരം "The development and programme fund of the University shall consist of all infrastructure development grants received from the state government, all the contribution made by the UGC for development and research grants received from other funding agencies of the central government, United Nations, and its affiliates, other international agencies, industries, banks and financial institutions or person".

സെക്ഷൻ 64 (9) (iii) പ്രകാരം "The development and programme fund shall be utilised in manner consistant with the object of the programmes for which a suitable code will adopted to include the guidelines of the funding agency on expenditure and audit be granted and approved by the Governing council".

Section 64 (10) ൽ "The University shall maintain a separate fund for research activities. This may be the income from the GOI, GOK, Central autonomus institute, International Research agencies etc".

മേൽപട്ടികയിൽ രേഖപ്പെടുത്തിയതു പ്രകാരം 3 ഇനങ്ങളിൽ സർവ്വകലാശാല ഇയർമാർക്ക്ഡ് ഫണ്ട് സൂക്ഷിച്ചിട്ടുണ്ട്. ഈ തുകകൾ ടേം ഡെപ്പോസിറ്റ് ആയി സബ്.ട്രഷറി മെഡിക്കൽ കോളേജിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. ഇയർമാർക്ക്ഡ് ഫണ്ടിനത്തിൽ മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഫണ്ടുകൾ നാളിതുവരെ ലഭിച്ചിട്ടില്ല.

സർവ്വകലാശാല നിയമപ്രകാരം കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം മെഡിക്കൽ ഗവേഷണം പ്രോത്സാഹിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു കൊണ്ട് ആരോഗ്യശാസ്ത്രത്തിലും അനുബന്ധമേഖലകളിലും പഠനവും അറിവും മെച്ചപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുക എന്നതാണ്. 2014-15 സാമ്പത്തികവർഷം മുതൽ ഇയർമാർക്ക്ഡ് ഫണ്ടിനത്തിൽ സർവ്വകലാശാല തുകകൾ നീക്കിവെച്ചിട്ടുണ്ട്. സർവ്വകലാശാലയിൽ ഗവേഷണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും നീക്കിവെച്ച ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കാത്തത് ഫണ്ട് വിനിയോഗിക്കാതിരുന്നതിന് കാരണമായി.

ഓരോ ഫണ്ടിൽ നിന്നും നാളിതുവരെ തുക ചെലവഴിക്കാത്തതിന് കാരണമായി (ഓഡിറ്റ് എൻക്വയറി നം. 13 /27.6.23 ) സർവ്വകലാശാല യുടെ മറുപടി ചുവടെ ചേർക്കുന്നു.

" കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ കീഴിൽ സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത്, തിരുവനന്തപുരം, സ്കൂൾ ഓഫ് ഫണ്ടമെന്റൽ റിസർച്ച് ഇൻ ആയുർവേദ, തൃപ്പൂണിത്തറ,സ്കൂൾ ഓഫ് ഫാമിലി ഹെൽത്ത് സ്റ്റഡീസ്,കോഴിക്കോട് എന്നീ മൂന്ന് സ്കൂളുകളും, ഒരു അക്കാദമിക് സ്റ്റാഫ് കോളേജുമാണ് പ്രവർത്തിച്ചു വരുന്നത്,. സ്കൂളുകൾ/ വകുപ്പുകൾ എന്നിവയുടെ സ്ഥാപനവും പ്രവർത്തനവും സംബന്ധിച്ച സ്റ്റാറ്റ്യൂട്ടിന്റെയും റഗുലേഷൻസിന്റെയും ഡ്രാഫ്റ്റ് തയ്യാറാക്കി കൊണ്ടിരിക്കുകയുമാണ്.സർക്കാർ അംഗീകരിച്ച 16 ഫാക്കൽറ്റി തസ്തികകളിൽ നിലവിൽ 2 പ്രൊഫസർമാരുടേയും, 6 അസോസിയേറ്റ് പ്രോഫസർമാരുടെയും 1 അസിസ്റ്റന്റ് പ്രൊഫസറുടേയും നിയമനം കരാർ/ഡെപ്യൂട്ടേഷൻ/ പുനർ നിയമന വ്യവസ്ഥയിൽ ഇതിനകം നടത്തിയിട്ടുണ്ട്.ടീച്ചിംഗ് ഫാക്കൽറ്റിക്ക് വേണ്ടിയുള്ള സ്റ്റാറ്റ്യൂട്ടിന്റെയും റഗുലേഷൻസിന്റെയും ഡ്രാഫ്റ്റ് അന്തിമമാകുമ്പോൾ ടീച്ചിംഗ് ഫാക്കൽറ്റിയുടെ നിയമനം നടത്താൻ സാധിക്കുന്നതാണ്."

2021-22 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 1 ലെ corpus/capital fund ൽ നിന്നും 5,00,00,000 രൂപ development fund ലേക്ക് ട്രാൻസ്ഫർ ചെയ്താണ് ഇയർമാർക്ക്ഡ് ഫണ്ട് - Development and Programme Fund സർവ്വകലാശാല രൂപീകരിച്ചിട്ടുള്ളത്. സർവ്വകലാശാല ആക്ട് പ്രകാരവും 17.2.21 തീയതിയിലെ ഗവേണിംഗ് കൗൺസിൽ തീരുമാനം 63.13 ൽ അംഗീകരിച്ച 10.2.21 തീയതിയിലെ 0259/2020/C3/Fin-Gen /KUHS നമ്പർ ഗൈഡ് ലൈൻസ് പ്രകാരവും സർവ്വകലാശാലയുടെ വിവിധ വികസന പദ്ധതികൾക്കു വേണ്ടിയാണ് ഈ ഫണ്ട് രൂപീകരിച്ചിട്ടുള്ളതെന്ന് ഓഡിറ്റ് എൻക്വയറി നം. 13 /27.6.23 ന് മറുപടിയായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

Development and Programme Fund വിനിയോഗ മാർഗ്ഗനിർദ്ദേശങ്ങൾക്കൊപ്പം തന്നെ മറ്റ് ഇയർമാർക്ക്ഡ് ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ /ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതും ഫണ്ട് യഥാവിധി വിനിയോഗിക്കേണ്ടതുമാണ്.

## 1-3-32 SC/ST/OEC/EE/SEBC വിദ്യാർത്ഥികളുടെ പരീക്ഷാ ഫീസ് -വിശദാംശം ലഭ്യമാക്കിയില്ല

2021-22 സാമ്പത്തിക വർഷം ഗവൺമെന്റ് മെഡിക്കൽ കോളേജ്, പാലക്കാട് നിന്നും ഡി ഡി നം. 003408/18.9.21 പ്രകാരം 2,54,625/- രൂപ SC/ST/OEC/EE/SEBC വിദ്യാർത്ഥികളുടെ പരീക്ഷ ഫീസ് ഇനത്തിൽ സർവ്വകലാശാലയിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഈയിനത്തിൽ വരവ് ലഭിച്ചതായി കാണുന്നില്ല.

SC/ST/OEC/EE/SEBC വിദ്യാർത്ഥികളുടെ പരീക്ഷാഫീസ് ഇനത്തിൽ അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും കുടിശ്ശികയായി ലഭിക്കാനുള്ള തുകയുടെ വിശദാംശം ( കോളേജിന്റെ പേര്, വിദ്യാർത്ഥികളുടെ എണ്ണം, ആകെ ലഭിക്കാനുള്ള തുക, നാളിതുവരെ ലഭിച്ചത്, ബാലൻസ് ലഭിക്കാനുള്ളത്), 2021-22 സാമ്പത്തിക വർഷത്തിൽ മാത്രം ഓരോ കോളേജുകളിൽ നിന്നും ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശം, SC/ST വിദ്യാർത്ഥികൾക്ക് ഇ- ഗ്രാന്റ്സ് ഇനത്തിൽ ലഭിക്കുന്ന ഫീസ് സർക്കാറിൽ നിന്നും നേരിട്ട് സർവ്വകലാശാലയിൽ ലഭ്യമാക്കുകയാണോ അതോ കോളേജുകൾക്ക് ലഭിക്കുന്ന തുക കോളേജുകൾ സർവ്വകലാശാലയിൽ അടവാക്കുകയാണോ ചെയ്യുന്നത് എന്ന വിവരം, (ഗവ.മെഡിക്കൽ കോളേജ് പാലക്കാട് തുക സർവ്വകലാശാലയിൽ അടവാക്കിയതാണ് കാണുന്നത്), സർവ്വകലാശാലയിൽ നേരിട്ട് ലഭ്യമാക്കുകയാണെങ്കിൽ ഈ ഇനത്തിലെ വരവ് വാർഷിക കണക്കിൽ ഉൾക്കൊള്ളിക്കുന്നതിന്റെ വിശദാംശം, 2021-22 സാമ്പത്തികവർഷത്തെ ബാലൻസ്ഷീറ്റിൽ ഫീ റിസീവബിൾസിൽ എക്സാം ഫീ ഉൾപ്പെടുത്തിയിട്ടുണ്ടെന്നിരിക്കെ ആയതിൽ തൻവർഷത്തെ ഫീസ് ലഭിച്ചില്ലെങ്കിൽ ആയത് ഫീ റിസീവബിളിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന്റെ വിശദാംശം , കോളേജുകൾ പരീക്ഷാഫീസ് സർവ്വകലാശാലയിൽ നേരിട്ട് അടവാക്കുകയാണെങ്കിൽ യഥാർത്ഥത്തിൽ ലഭിച്ച തുക മുഴുവനായും അടവാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് സർവ്വകലാശാലയിൽ ഏർപ്പെടുത്തിയ സംവിധാനം എന്നിവയ്ക്ക് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 10 /21.6.23) നൽകിയെങ്കിലും തൃപ്തികരമായ മറുപടിയോ വിശദീകരണങ്ങളോ ലഭ്യമാക്കിയില്ല.

പരീക്ഷാ ഫീസ് അടവാക്കുന്നതുമായി ബന്ധപ്പെട്ട് മേൽപ്രകാരമുള്ള വിഷയങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3-33 ഡിഗ്രി സർട്ടിഫിക്കറ്റുകൾ- സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

**File No. 2021/3883/1**

എക്സാമിനേഷൻ (ജനറൽ) സെക്ഷനിൽ നിന്നുള്ള 04.02.2021 ലെ 3466/2018/A2 (confi)/Ex-gen/KUHS കത്തു പ്രകാരം പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് 25000 എണ്ണം അച്ചടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

2021 ഫെബ്രുവരി മുതൽ ഒരു വർഷത്തേക്ക് പ്രതീക്ഷിക്കുന്ന എണ്ണമാണ് അച്ചടിക്കുന്നതിന് ആവശ്യപ്പെട്ടിരിക്കുന്നത്. പ്രസ്തുത കത്തിൽ "It may be noted that, the Degree certificate required for next convocation (tentatively July 2021) are not in stock" , the existing design of degree certificate will not change എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ C-DIT , തിരുവനന്തപുരത്തിന് 03.03.2021 ലെ 3883/2021/A2/Admin-P/KUHS പ്രകാരം സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.

എന്നാൽ 20.03.2021 ലെ നോട്ട് ഫയൽ ക്രമ നമ്പർ 40 ൽ “The remaining Degree certificate Approximate 4000 Numbers have been got test by the technical staff on M/s. CDIT, Thiruvananthapuram on 19.03.2021 & 20.03.2021 എന്നും രേഖപ്പെടുത്തി കാണുന്നു. 20.03.2021 ലെ തന്നെ നോട്ട് ഫയൽ ക്രമ നമ്പർ 44ൽ 4000 ഡിഗ്രി സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതായും, ആയതിനാൽ 25000 ഡിഗ്രി സർട്ടിഫിക്കറ്റുകൾ അച്ചടിച്ചു നൽകുന്നതിന് വിതരണ ഉത്തരവ് നൽകുന്നതിനും തടസ്സമില്ല എന്നുമറിയിച്ചിരിക്കുന്നു.

മേൽപ്രകാരം നോട്ട് ഫയലിലും 04.02.2021 ലെ ജനറൽ സെക്ഷനിലെ കത്തിലും വ്യത്യസ്ത രീതിയിലാണ് സ്റ്റോക്ക് വിവരം രേഖപ്പെടുത്തിയിരിക്കുന്നത്. 2021 ഫെബ്രുവരിയിൽ സർവ്വകലാശാല ഡിഗ്രി സർട്ടിഫിക്കറ്റുകളുടെ (ഒറിജിനൽ/പ്രൊവിഷണൽ) സ്റ്റോക്ക് പരിശോധിക്കുന്നതിന് സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

ഒരു വർഷത്തിൽ അച്ചടിച്ച മുഴുവൻ സർട്ടിഫിക്കറ്റുകളും അതാത് വർഷം ഉപയോഗിച്ചില്ലെങ്കിൽ തൊട്ടടുത്ത വർഷം ആയത് ഉപയോഗിക്കുന്നതിന് സാധ്യമാണോ അഥവാ ഉപയോഗിച്ചില്ലെങ്കിൽ അതിന്റെ ഡിസ്പോസൽ

എപ്രകാരമാണ് എന്ന ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ആ വർഷം ഉപയോഗിച്ചതിനു ശേഷം ബാക്കിയുള്ളവ തുടർന്നുള്ള വർഷങ്ങളിൽ ഉപയോഗിച്ചു വരുന്നതായും. ആയതിനാൽ ഡിസ്പോസലിന്റെ ആവശ്യകത വരുന്നില്ല എന്നുമാണ് സർവ്വകലാശാല അറിയിച്ചത്. **(ഓഡിറ്റ് എൻക്വയറി നം. 11 /21.06.2023).**

കൂടാതെ ഒരു വർഷം സർട്ടിഫിക്കറ്റ് അനുവദിക്കേണ്ട വിദ്യാർത്ഥികളുടെ ഏകദേശ കണക്ക് സർവ്വകലാശാലയിൽ ലഭ്യമാകുന്ന സാഹചര്യത്തിൽ 4000 എണ്ണം ഡിഗ്രി സർട്ടിഫിക്കറ്റുകൾ ബാലൻസ് വരാനുണ്ടായ സാഹചര്യം വിശദീകരിച്ചിട്ടില്ല. ഓരോ അക്കാദമിക വർഷവും നടത്തുവാൻ സാധ്യതയുള്ള കോൺവേക്കേഷനിൽ ഉൾപ്പെടാൻ സാധ്യതയുള്ള വിദ്യാർത്ഥികളുടെ ഏകദേശം എണ്ണം കണക്കിലെടുത്തു കൊണ്ടാണ്സർട്ടിഫിക്കറ്റുകൾ പ്രിന്റ് ചെയ്യുന്നതെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ടെങ്കിലും ഏതെങ്കിലും സന്ദർഭത്തിൽ സർട്ടിഫിക്കറ്റുകളുടെ ഡിസൈൻ മാറ്റേണ്ടിവരുന്ന സാഹചര്യം സംജാതമാകുകയാണെങ്കിൽ ബാക്കിയാവുന്ന സർട്ടിഫിക്കറ്റുകൾ ഉപയോഗശൂന്യമായി തീരുവാൻ സാധ്യതയുണ്ട്.ആയതിനാൽ അതാതു വർഷത്തേക്ക് ആവശ്യമായ കൃത്യമായ എണ്ണം തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2 വരവിനങ്ങളിലെ വ്യക്തമായ നഷ്ടം

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്കൂൾ ഓഫ് ഫണ്ടമെന്റൽ റിസർച്ച് ഇൻ ആയുർവേദ- ഒന്നാം ഘട്ട കെട്ടിട നിർമ്മാണ പ്രവൃത്തി-നിർവ്വഹണത്തിലെ അപാകതകൾ

**ഫയൽ നം. 10663/Projects/SRA/KUHS/2014 School of Research in Ayurveda**

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ 18.03.2011 ലെ ഗവേണിംഗ് കൗൺസിൽ യോഗത്തിന്റെ തീരുമാനം 3.51 പ്രകാരം, സർവ്വകലാശാല "School of Fundamental Studies in Ayurveda" എന്ന സ്ഥാപനം തുടങ്ങുന്നതിന് തീരുമാനം എടുക്കുകയും വൈസ് ചാൻസലറെ തുടർനടപടികൾക്കായി ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. തുടർന്ന്, ഗവൺമെന്റ് ആയുർവ്വേദ കോളേജ്, തൃപ്പൂണിത്തുറ ക്യാംപസിൽ സർവ്വകലാശാലയുടെ "School of Research in Ayurveda" സെന്റർ സ്ഥാപിക്കുന്നതിനുള്ള ശിപാർശ സംസ്ഥാന സർക്കാർ 17.06.2013 ലെ നം. 20773/D3/2011/H&FWD കത്ത് പ്രകാരം അംഗീകരിക്കുകയുണ്ടായി. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ഉടമസ്ഥതതയിൽ ഉള്ളതും, എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്ക്, നടമേൽ വില്ലേജ്, സർവ്വേ നമ്പർ 1441/2 ൽ പെട്ടതും, ഗവൺമെന്റ് ആയുർവ്വേദ കോളേജ്, തൃപ്പൂണിത്തുറ ക്യാംപസിൽ സ്ഥിതി ചെയ്യുന്നതുമായ ഒരു ഏക്കർ ഭൂമിയും, പഴയ കെട്ടിടവും ഈ ആവശ്യത്തിനായി സംസ്ഥാന സർക്കാർ 02.12.2013 ലെ GO(MS) No.464/13/ H&FWD ഉത്തരവ് പ്രകാരം, ഉടമസ്ഥാവകാശം ആരോഗ്യ വകുപ്പിൽ തന്നെ നിക്ഷിപ്തമാക്കിക്കൊണ്ട് സർവ്വകലാശാലയ്ക്ക് വിട്ടുനൽകി.

സർവ്വകലാശാലയുടെ രജിസ്ട്രാർ 16.01.2014 ലെ നം. 297/Admn&Gen/KUHS/2014 കത്ത് പ്രകാരം Forest Industries (Travancore) Limited, Aluva (FIT, Aluva) എന്ന കേരള സർക്കാർ പൊതുമേഖലാ സ്ഥാപനത്തെ ഈ

പ്രവൃത്തിയുടെ കൺസൾട്ടൻസി സർവ്വീസിനായി തെരഞ്ഞെടുത്തതായി അറിയിച്ച് കത്ത് നൽകുകയും FIT, Aluva അന്നേ ദിവസത്തെ നം. FIT/MDO/04/2013-14/1359 – കത്ത് പ്രകാരം ഈ പ്രപ്പോസൽ അംഗീകരിയ്ക്കുകയും ചെയ്തു. FIT, Aluva എന്ന സ്ഥാപനത്തെ ഇപ്രകാരം ചുമതലപ്പെടുത്തിയത് 19.02.2014 ൽ നടന്ന ഗവേണിംഗ് കൗൺസിൽ യോഗത്തിന്റെ 17.11.4 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന്, FIT സർക്കാർ വിട്ടുനൽകിയ ഭൂമിയിൽ ആയുർവ്വേദ റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി 9 നിലകളുള്ള (G+8) ഒരു കെട്ടിടത്തിന്റെ പ്ലാനും, എസ്റ്റിമേറ്റും (31.69 കോടി) തയ്യാറാക്കി സർവ്വകലാശാലയുടെ അംഗീകാരത്തിനായി നൽകുകയും ചെയ്തു. എസ്റ്റിമേറ്റ് സർവ്വകലാശാലയുടെ പ്രോജക്ട് ഡയറക്ടർ പരിശോധിയ്ക്കുകയും 29.97 കോടി രൂപയുടെ അനുമതിയ്ക്കായി ശിപാർശ നൽകുകയും ചെയ്തു.

എന്നാൽ 9 നിലകളും ഒരുമിച്ച് നിർമ്മാണം നടത്തുന്നതിന് പകരം ആദ്യ പടി എന്ന നിലയിൽ 2 നിലകൾ (G+1) മാത്രം പണിയുന്നതിനാണ് സർവ്വകലാശാല തീരുമാനിച്ച് തുടർനടപടികൾ കൈകൊണ്ടത്. FIT 20-12-14 ലെ നം. FIT/PRN/04/2014-15/1497 കത്ത് പ്രകാരം 7,81,18,326 രൂപയുടെ (5% കൺസൾട്ടൻസി ചാർജ്ജ് + 12.36% സർവ്വീസ് ടാക്സ് അടക്കം) വിശദമായ എസ്റ്റിമേറ്റ് സർവ്വകലാശാല രജിസ്ട്രാർക്ക് അയച്ചു കൊടുക്കുകയും ആവശ്യമായ അനുമതി ഉത്തരവിന് അപേക്ഷിയ്ക്കുകയും ചെയ്തു. പ്രോജക്ട് ഡയറക്ടറുടെ സ്ക്രൂട്ടിനിയ്ക്ക് ശേഷം സർവ്വകലാശാല വൈസ് ചാൻസലർ (in exercise of his powers vested in first statutes 13C IV of Chapter II) 14.1.15 ലെ ഉത്തരവ് നം.10663/Projects/SRA/KUHS/2014 പ്രകാരം പ്രവൃത്തിയ്ക്കായി 7,46,13,343 രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി. സംസ്ഥാന സർക്കാരിന്റെ പ്ലാൻ വിഹിതത്തിൽ ഉൾപ്പെടുത്തി School of Research in Ayurveda നിർമ്മിയ്ക്കുന്നതിനായി സർവ്വകലാശാല നടപടി സ്വീകരിച്ചതിന്റെ ഭാഗമായി ഒന്നാം ഘട്ട നിർമ്മാണത്തിന് 746.13 ലക്ഷം രൂപ മുടക്കി പ്രവൃത്തി നിർവ്വഹിയ്ക്കുന്നതിന് 20.10.15 ലെ GO(RT) No. 3466/2015/H&FWD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതിയും നൽകി.

പ്രവൃത്തി ഇ-ടെണ്ടർ ചെയ്തു FIT ടെണ്ടർ വിശദാംശങ്ങൾ 31.3.16 ലെ നം. FIT/PRN/12/2015-16/2206 കത്ത് പ്രകാരം രജിസ്ട്രാറെ അറിയിച്ചതായാണ് കാണുന്നത്. (എന്നാൽ സർവ്വകലാശാല ഫയലിൽ ടെണ്ടർ നോട്ടിഫിക്കേഷൻ തുടങ്ങിയ രേഖകളൊന്നും ചേർത്ത് വെച്ചതായി കാണാൻ കഴിഞ്ഞില്ല). ഇതനുസരിച്ച്

M/S Creators constructions, Edappally, Kochi എന്ന സ്ഥാപനത്തിന്റെ 6,34,33,832 രൂപയുടെ ടെണ്ടർ അംഗീകരിയ്ക്കുന്നതിനാണ് FIT ശിപാർശ നൽകിയത്. 19.8.16 ലെ നം. 10663/works/SRA/KUHS/2015 ഉത്തരവ് പ്രകാരം സർവ്വകലാശാല M/S Creators constructions, Edappally, Kochi യുടെ ടെണ്ടർ അംഗീകരിച്ച് ആകെ 6,70,65,419 രൂപയ്ക്ക് പ്രവൃത്തി നിർവ്വഹിയ്ക്കുന്നതിന് (5% സെന്റേജ് ചാർജ്ജ് + 14.5% service tax അടക്കം) FIT- യ്ക്ക് അനുമതി നൽകി ഉത്തരവായി. ഇതേ തുടർന്ന് FIT യും M/S Creators constructions, Edappally, Kochi എന്ന സ്ഥാപനവും തമ്മിൽ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി CP.08/2014-15 നമ്പറായി 24.10.16 ന് കരാറിൽ ഏർപ്പെടുകയും ചെയ്തു.

പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന്, സംസ്ഥാന സർക്കാരിന്റെ പ്ലാൻ വിഹിതത്തിൽ നിന്നും പണം ലഭിയ്ക്കുന്നതിന് കാലതാമസം സംഭവിയ്ക്കും എന്നതിനാൽ, പ്രവൃത്തിയുടെ വിവിധ ബില്ലുകൾ പ്രകാരമുള്ള തുക ആദ്യം സർവ്വകലാശാല തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും തുടർന്ന് പ്രസ്തുത തുകകൾ സർവ്വകലാശാല ഫണ്ടിലേയ്ക്ക് പി.ഡബ്ല്യു ഡി വിഭാഗത്തിൽ നിന്നും മാറ്റി നൽകുന്നതിനും തീരുമാനമായതിനെ തുടർന്ന് അപ്രകാരം ആണ് ഒന്നാം ഘട്ട പ്രവൃത്തിയുടെ മൂല്യം 5 ബില്ലുകളിലായി കരാറുകാരന് പാസ്സാക്കി നൽകിയിട്ടുള്ളത്.

പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(I) <u>പുതുക്കിയ എസ്റ്റിമേറ്റും യഥാർത്ഥ അളവും തമ്മിൽ വ്യത്യാസം</u>

ഫയലിൽ ലഭ്യമായ ഒറിജിനൽ എസ്റ്റിമേറ്റ്, കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് മുഖേന തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ്, ഫൈനൽ ബിൽ എന്നിവയിലെ രേഖപ്പെടുത്തൽ പരിശോധിച്ചപ്പോൾ പുതുക്കിയ എസ്റ്റിമേറ്റ്

പ്രകാരം നിശ്ചയിച്ച വിവിധ ഇനങ്ങളിലെ ചെയ്യേണ്ടുന്ന അളവും, ഫൈനൽ ബിൽ പ്രകാരം ചെയ്ത അളവും തമ്മിൽ പ്രകടമായ വ്യത്യാസം നിലനിൽക്കുന്നതായി കാണുന്നു. ഈ വ്യത്യാസത്തിന് അനുസൃതമായ വർക്ക് സ്ലിപ്പ് തയ്യാറാക്കിയതായി ഫയലിൽ കാണുന്നില്ല. എക്സ്ട്രാ ഇനമായി ചെയ്ത പ്രവൃത്തി, പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി കാണുന്നില്ല. വിശദാംശം താഴെ പട്ടികപ്പെടുത്തുന്നു.

| പ്രവൃത്തിയിലെ ഇനം | ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട അളവ് | പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട അളവ് | ഫൈനൽ ബിൽ പ്രകാരം തുക അനുവദിച്ച അളവ് | അധികം ചെയ്ത അളവ് | നിരക്ക്/ യൂണിറ്റ് | അധികം ചെയ്ത പ്രവൃത്തിയുടെ മൂല്യം (രൂപയിൽ) |
|---|---|---|---|---|---|---|
| 4 | 79100 Kg | 86427.66 Kg | 89885.08 Kg | 3457.42Kg | 77/Kg | 266221.34 |
| 7 | 1404 $m^3$ | 366.17 $m^3$ | 412.61 $m^3$ | 46.44 $m^3$ | 175/$m^3$ | 8127.00 |
| 9 | 66 $m^3$ | 66.66 $m^3$ | 74.79 $m^3$ | 8.13 $m^3$ | 6335/$m^3$ | 51503.55 |
| 12 | 124 $m^3$ | 153.15 $m^3$ | 157.55 $m^3$ | 4.40 $m^3$ | 9436/$m^3$ | 41518.40 |
| 16 | 804 $m^2$ | 765.61 $m^2$ | 842.35 $m^2$ | 76.74 $m^2$ | 317/$m^2$ | 24326.58 |
| 18 | 3248 $m^2$ | 2015.44 $m^2$ | 2449.22 $m^2$ | 433.78 m | 512/$m^2$ | 222095.36 |
| 19 | 41 $m^2$ | 45.06 $m^2$ | 49.92 $m^2$ | 4.86 $m^2$ | 485/$m^2$ | 2357.10 |
| 43 | 3448 Kg | 1404.24 Kg | 2224.20 Kg | 819.96 Kg | 115/Kg | 94295.40 |
| Ex14 | - | - | 240 $m^2$ | 240 $m^2$ | 80.69/$m^2$ | 19365.60 |

(ii) <u>എക്സ്ട്രാ ഇനം പ്രവൃത്തിക്ക് അധിക നിരക്ക് നൽകി.</u>

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് DSR 2013 ഉം DAR 2013 ഉം വെച്ചാണ്. ഉദാഹരണത്തിന് പ്രവൃത്തിയുടെ ഇനം - 1, DAR 2013 Item 20.2.5 പ്രകാരമുള്ളതാണ്. Delhi Analysis of Rates 2013 പ്രകാരം പ്രസ്തുത ഇനത്തിന് (Item 20.2.5) ന് അർഹതപ്പെട്ട നിരക്ക് 3454.75/RMT. ഈ നിരക്ക് വച്ച് തന്നെയാണ് ഈ ഇനം പ്രവൃത്തിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ടെണ്ടർ ചെയ്ത പ്രവൃത്തി എസ്റ്റിമേറ്റ് തുകയേക്കാളും കുറഞ്ഞ നിരക്കിനാണ് കരാറുകാരൻ ഏറ്റെടുത്തിട്ടുള്ളത്.

പ്രവൃത്തിയുടെ നിർവ്വഹണഘട്ടത്തിൽ ചില ഇനങ്ങൾ ഒഴിവാക്കേണ്ടി വരികയും ചില ഇനം പ്രവൃത്തികൾ കൂട്ടി ചേർക്കേണ്ടി വരികയും ചെയ്തതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം കൂട്ടി ചേർക്കപ്പെട്ട എക്സ്ട്രാ ഇനം പ്രവൃത്തികൾക്ക് പരിഗണിയ്ക്കപ്പെട്ട നിരക്ക് എന്തടിസ്ഥാനത്തിലാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമല്ല. ഉദാഹരണത്തിന് ഫൈനൽ ബിൽ പ്രകാരം എക്സ്ട്രാ ഇനം 3 ആയി നിർവ്വഹിച്ചിട്ടുള്ളത് "Demolishing RCC work manually/by mechanical means including stacking of steel bars and disposal of unserviceable material within 50 metres lead as per direction of Engineer in-charge" എന്നതാണ്. ടി ഇനം പ്രവൃത്തിയ്ക്ക് ഫൈനൽ ബിൽ പ്രകാരം 15.51 $m^3$ നിർവ്വഹിച്ചതിന് 2124.81/ $m^3$ നിരക്കിൽ 32955.80 രൂപ അനുവദിച്ചിട്ടുണ്ട്. ഇതനുസരിച്ച് ടി. ഇനം പ്രവൃത്തിയ്ക്ക് അനുവദിച്ചിട്ടുള്ള നിരക്ക് 1 $m^3$ ന് 2124.81 രൂപ പ്രകാരമാണ്. എന്നാൽ DAR 2013 ലെ Item 15(3) പ്രകാരം ടി. ഇനം പ്രവൃത്തിയ്ക്ക് അർഹമായ എസ്റ്റിമേറ്റ് നിരക്ക് 1176.40/ $m^3$ ആണ്. അതായത് എക്സ്ട്രാ ഇനം പ്രവൃത്തിയ്ക്ക് അനുവദിച്ചിട്ടുള്ള നിരക്ക് എസ്റ്റിമേറ്റ് നിരക്കോ, കരാർ നിരക്കോ അല്ല.

(iii) <u>പൊളിച്ചെടുത്ത കരിങ്കല്ല് രേഖകളില്ലാതെ കൈമാറി.</u>

പ്രവൃത്തിയുടെ എക്സ്ട്രാ ഐറ്റം - 1 ആയി നിർവ്വഹിച്ചിട്ടുള്ളത് "Demolishing stone rubble masonry by mechanical means after removing top soil by doing earth work excavation by mechanical means including stacking of serviceable material and disposal of unserviceable material within 50 metres lead as per direction of Engineer in-charge" എന്നതാണ്. ഫൈനൽ ബിൽ പ്രകാരം ടി ഇനം പ്രവൃത്തി 259.20 $m^3$ നിർവ്വഹിച്ചതിന് 796/ $m^3$ നിരക്ക് പ്രകാരം 206323.20 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. കരാർ പ്രകാരമുള്ള പ്രവൃത്തി നിർവ്വഹിക്കുന്നതിലേയ്ക്കായി സൈറ്റിൽ നിലവിലുണ്ടായിരുന്ന പഴയ ബിൽഡിംഗിന്റെ Foundation നീക്കം ചെയ്യുന്നതിലേയ്ക്കായി ഈ എക്സ്ട്രാ ഐറ്റം പ്രവൃത്തി നിർവ്വഹിക്കേണ്ടതായി വന്നു എന്നാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ രേഖപ്പെടുത്തിയിട്ടുള്ളത്.

പ്രവൃത്തിയുടെ എക്സ്ട്രാ ഐറ്റം - 2 ആയി നിർവ്വഹിച്ചിട്ടുള്ളത് "Carriage of Rubble stone from site to proposed location including loading and unloading and all" എന്നതാണ് ഫൈനൽ ബിൽ പ്രകാരം ടി. ഇനം പ്രവൃത്തി 335.50 $m^3$ നിർവ്വഹിച്ചതിന് 799/ $m^3$ നിരക്ക് പ്രകാരം 2,68,064.50 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എക്സ്ട്രാ ഐറ്റം - 1 ആയി നിർവ്വഹിച്ച പ്രവൃത്തിയിൽ നിന്നും ലഭിച്ച Rubble (കരിങ്കല്ല്) ആയുർവ്വേദ കോളേജ് ക്യാംപസിലേയ്ക്ക് shift ചെയ്യുന്നതിനാണ് ടി. ഇനം പ്രവൃത്തി (എക്സ്ട്രാ ഐറ്റം - 2) നിർവ്വഹിച്ചിട്ടുള്ളതെന്നാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ രേഖപ്പെടുത്തിയിട്ടുള്ളത്.

സർക്കാർ അനുവദിച്ച നൽകിയ ഭൂമിയിൽ സർവ്വകലാശാല നടത്തുന്ന നിർമ്മാണ പ്രവൃത്തിയുടെ സമയത്ത് ലഭ്യമായതും എന്നാൽ സർവ്വകലാശാല അതിന്റെ നിർമ്മാണ പ്രവർത്തനത്തിനായി ഉപയോഗപ്പെടുത്താത്തതുമായ ഈ Rubble (335.50 $m^3$) ആയുർവ്വേദ കോളേജ് ക്യാംപസിലേയ്ക്ക് മാറ്റിയിട്ടുള്ളത് ഉത്തരവാദപ്പെട്ട ആരും തന്നെ ഏറ്റെടുത്തതായോ കൈപ്പറ്റിയതായോ ഫയലിൽ രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതാണ്.

(iv) <u>നടപടിക്രമം പാലിച്ചില്ല.</u>

സർവ്വകലാശാലയ്ക്ക് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രത്യേകം നിയമ വ്യവസ്ഥകൾ നിലവിൽ ഇല്ലാത്തതാണ്. അതിനാൽ ഒരു പൊതു സ്ഥാപനം എന്ന നിലയിൽ സർവ്വകലാശാല മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനായി സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ച് വരുന്ന നടപടിക്രമം തന്നെയാണ് പിൻതുടരുന്നത്.

01.02.2012 ലെ ജി ഒ(പി)നം. 13/12/പിഡബ്ല്യുഡി. ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ല്യുഡി മാന്വൽ സർക്കാർ അംഗീകരിച്ച് പ്രയോഗത്തിൽ വന്നിട്ടുള്ളതാണ്. 10.9.15 ലെ ജി ഒ(ആർ.റ്റി) നം. 1339/15/ പിഡബ്യ്യുഡി ഉത്തരവ് പ്രകാരം പിഡബ്യ്യുഡി ക്വാളിറ്റി കൺട്രോൾ മാന്വൽ സർക്കാർ അംഗീകരിയ്ക്കുകയുണ്ടായി. 2012 ലെ പിഡബ്യ്യുഡി മാന്വൽ സെക്ഷൻ 2214 അനുസരിച്ചും, 04/09/14 സർക്കുലർ നം.10434/C3/2014/PWD അനുസരിച്ചും 15 ലക്ഷത്തിന് മുകളിൽ എസ്റ്റിമേറ്റുള്ള കരാർ പ്രവൃത്തികളിൽ ഏതെല്ലാം അവസരങ്ങളിൽ കരാറുകാരൻ ബിൽ സമർപ്പിക്കുന്നുവോ പ്രസ്തുത സന്ദർഭങ്ങളിലെല്ലാം കരാറുകാരൻ സ്വന്തം ചെലവിൽ നടത്തിയ First tier QC testing സർട്ടിഫിക്കറ്റ് സഹിതം വേണം ബിൽ സമർപ്പിയ്ക്കുവാൻ. എന്നാൽ ഈ പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഇപ്രകാരമുള്ള നടപടിക്രമം പാലിച്ചതായി ഫയലിൽ രേഖയില്ലാത്തതാണ്.

(v) <u>കരാറുകാരന് അനർഹമായ സാമ്പത്തിക ലാഭം.</u>

ഈ പ്രവൃത്തി ടെണ്ടർ ചെയ്യുമ്പോൾ നിലനിൽക്കുന്ന ടെണ്ടർ നോട്ടിഫിക്കേഷൻ വ്യവസ്ഥകൾ പ്രകാരം, കരാറുകാർ പ്രവൃത്തിയ്ക്കായി ക്വാട്ട് (quote) ചെയ്യുന്ന നിരക്കുകൾ നികുതി തുക അടക്കം ചേർന്നതാണ്. അതിനാൽ തന്നെ ബിൽ തുക അനുവദിയ്ക്കുമ്പോൾ അതാത് സമയം നിലനിൽക്കുന്ന നികുതി വ്യവസ്ഥയ്ക്ക് അനുസരിച്ച് കരാറുകാരൻ നികുതികൾ അടവാക്കാൻ ബാധ്യസ്ഥനാണ്.

എന്നാൽ ഈ പ്രവൃത്തിയുടെ ബിൽ തുകകൾ അനുവദിക്കുമ്പോൾ പ്രവൃത്തി ഏറ്റെടുത്ത കരാർ സ്ഥാപനമായ M/s Creators constructions, Edappally, Kochi എന്ന സ്ഥാപനത്തിന് (കൺസൾട്ടൻസി സ്ഥാപനമായ FIT Aluva, തയ്യാറാക്കി സമർപ്പിച്ച മരാമത്ത് ബില്ലുകളിൽ നികുതി തുക ഉൾപ്പെടുത്താതെ തന്നെ) അവരുടെ അപേക്ഷ പ്രകാരം GST ഇനത്തിലെ തുക കൂടി പ്രവൃത്തിമൂല്യത്തിനൊപ്പം ചേർത്ത് സർവ്വകലാശാല അനുവദിച്ചതായാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്.

ഇപ്രകാരം GST തുക പ്രവൃത്തിയുടെ മൂല്യനിർണ്ണയ തുകയോടൊപ്പം ചേർത്ത് കരാറുകാരന് അനുവദിച്ചതിനാൽ കരാറുകാരന് അനർഹമായ സാമ്പത്തിക ലാഭം ലഭിയ്ക്കാൻ ഇടയായതിന്റെ വിശദാംശം താഴെ പട്ടികപ്പെടുത്തുന്നു.

| ക്രമ. നമ്പർ | പാർട്ട് ബില്ലിന്റെ വിവരം | പാർട്ട് ബില്ലിൽ ഉൾപ്പെട്ട പ്രവൃത്തിയുടെ മൂല്യം (രൂപയിൽ) | മൂല്യത്തിന് പുറമേ അനർഹമായി അനുവദിച്ച 12%GST തുക | തുക അനുവദിച്ച ഉത്തരവ് |
|---|---|---|---|---|
| 1. | ആദ്യ പാർട്ട് ബിൽ | 1,74,78,092 | 36,60,416 | U.O No. 528/19/Admn&Gen/KUHS Dated:10/05/2019 |
| 2. | രണ്ടാം പാർട്ട് ബിൽ | 1,30,25,374 | | |
| 3. | മൂന്നാം പാർട്ട് ബിൽ | 1,13,77,058 | 13,65,246 | U.O No. 66/19/Admn&Gen/KUHS Dated:21/01/2019 |
| 4. | നാലാം ഘട്ട പാർട്ട് ബിൽ | 1,98,44,175 | 23,81,302 | U.O No. 1055/2019/Admn&Gen/KUHS Dated:05/09/2019 |
| 5. | ഫൈനൽ ബിൽ | 47,58,050 | അനുവദിച്ചില്ല | U.O No. 845/21/Admn/KUHS Dated:11/08/2021 |
| ആകെ | | | **74,06,964** | |

(vi) <u>PWD യിൽ നിന്നും യഥാർത്ഥത്തിൽ ലഭിക്കാനുള്ള തുകയുടെ കൃത്യത സംബന്ധിച്ച്.</u>

സർവ്വകലാശാല രജിസ്ട്രാർ 12.01.2022 ലെ നം.10663/projects/SRA/KUHS/2014 കത്ത് പ്രകാരം PWD Buildings Division Edappally എക്സിക്യൂട്ടീവ് എഞ്ചിനീയറോട് 92,55,883 രൂപ EMLI software മുഖേന സർവ്വകലാശാലയ്ക്ക് ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ലഭിയ്ക്കാൻ നടപടി സ്വീകരിയ്ക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ സർവ്വകലാശാലയുടെ 2021-2022 വാർഷിക കണക്കിൽ ഷെഡ്യൂൾ - 9 പ്രകാരം PWD യിൽ നിന്നും ലഭിയ്ക്കാനായി ചേർത്തിട്ടുള്ള തുക 36,60,416 രൂപയാണ്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/21.3.23), സ്കൂൾ ഓഫ് ഫണ്ടമെന്റൽ റിസർച്ച് ഇൻ ആയുർവ്വേദ കെട്ടിടത്തിന്റെ കൺസൾട്ടന്റായ m/s FIT യോട് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതുമാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്.എന്നാൽ കരാറുകാർക്കുള്ള ബില്ലുകൾ തയ്യാറാക്കി തുകകൾ അനുവദിച്ചു നൽകിയത് സർവ്വകലാശാല ജീവനക്കാർ ആയതിനാൽ തന്നെ മേൽ വിഷയത്തിൽ സർവ്വകലാശാല നൽകിയ മറുപടി പരിഗണനാർഹമല്ല.

യഥാർത്ഥത്തിൽ PWD യിൽ നിന്നും ലഭിയ്ക്കാനുള്ള തുകയുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കി വരും വർഷങ്ങളിലെ വാർഷികകണക്കിലെ രേഖപ്പെടുത്തലുകളിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം നൽകുന്നതോടൊപ്പം തന്നെGST തുക പ്രവൃത്തിയുടെ മൂല്യനിർണ്ണയ

തുകയോടൊപ്പം ചേർത്ത് കരാറുകാരന് അനുവദിച്ചതിനാൽ കരാറുകാരന് അനർഹമായി നൽകിയ തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതാണ്.

## 3-2 സ്കൂൾ ഓഫ് ഫണ്ടമെന്റൽ റിസർച്ച് ഇൻ ആയുർവേദ- രണ്ടാം ഘട്ട കെട്ടിട നിർമ്മാണ പ്രവൃത്തി-നിർവ്വഹണത്തിലെ അപാകതകൾ

**ഫയൽ നം. 10087/(SFN-21414)/WORKS/SRA.2/KUHS/2016**

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ 18.03.2011 ലെ ഗവേണിംഗ് കൗൺസിൽ യോഗത്തിന്റെ തീരുമാനം 3.51 പ്രകാരം, സർവ്വകലാശാല "School of Fundamental Studies in Ayurveda” എന്ന സ്ഥാപനം തുടങ്ങുന്നതിന് തീരുമാനം എടുക്കുകയും വൈസ് ചാൻസലറെ തുടർനടപടികൾക്കായി ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. തുടർന്ന്, ഗവൺമെന്റ് ആയുർവ്വേദ കോളേജ്, തൃപ്പൂണിത്തുറ ക്യാംപസിൽ സർവ്വകലാശാലയുടെ "School of Research in Ayurveda” സെന്റർ സ്ഥാപിക്കുന്നതിനുള്ള ശിപാർശ സംസ്ഥാന സർക്കാർ 17.06.2013 ലെ നം. 20773/D3/2011/H&FWD കത്ത് പ്രകാരം അംഗീകരിയ്ക്കുകയുണ്ടായി. ഗവൺമെന്റ് ആയുർവ്വേദ കോളേജ്, തൃപ്പൂണിത്തുറ ക്യാംപസിൽ സ്ഥിതി ചെയ്യുന്ന ഒരു ഏക്കർ ഭൂമിയും, പഴയ കെട്ടിടവും ഈ ആവശ്യത്തിനായി സംസ്ഥാന സർക്കാർ 02.12.2013 ലെ GO(MS) No.464/13/ H&FWD ഉത്തരവ് പ്രകാരം, ഉടമസ്ഥാവകാശം ആരോഗ്യ വകുപ്പിൽ തന്നെ നിക്ഷിപ്തമാക്കിക്കൊണ്ട് സർവ്വകലാശാലയ്ക്ക് വിട്ടുനൽകി.

പ്രസ്തുത ഭൂമിയിൽ 9 നിലകളുള്ള (G+8) ഒരു കെട്ടിടം നിർമ്മിക്കുന്നതിനാണ് സർവ്വകലാശാല നിശ്ചയിച്ചത്. ഇതിന്റെ ആദ്യ ഘട്ടമായി 2 നിലകൾ (G+1) പണിയുന്നതിന് സർവ്വകലാശാല ഫയൽ നം. 10663/Projects/SRA/KUHS/2014 പ്രകാരം നടപടി സ്വീകരിയ്ക്കുകയുണ്ടായി. ശേഷിക്കുന്ന നിലകളുടെ നിർമ്മാണത്തിനായി സർവ്വകലാശാല ഈ ഫയലിലൂടെയാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം, രണ്ടാമത്തെ നില മുതൽ ഒൻപതാമത്തെ നില വരെയുള്ള structural work, brick masonry walls ന്റെ നിർമ്മാണം, അതിന്റെ 5-ാം നില വരെയുള്ള plastering, തേക്ക് മരത്തിന്റെ ഡോറുകൾ, അലുമിനിയം ജനലുകൾ, stainless steel hand rails, granite ഉം vitrified tiles ഉം ഉപയോഗിച്ചുള്ള flooring (5-ാം നില വരെ) എന്നിവയ്ക്കാണ് എസ്റ്റിമേറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടുള്ളത്. ആകെ 1360 ലക്ഷത്തിന്റെ (13.6 കോടി) എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്.

സർവ്വകലാശാല രജിസ്ട്രാർ 07.08.17 ലെ നം. 10087/works/SRA-2/KUHS/2015 കത്ത് പ്രകാരം സർക്കാരിനോട് പ്രവൃത്തിയുടെ ഭരണാനുമതിയ്ക്കായി (Administrative sanction) അപേക്ഷിച്ചപ്പോൾ പ്രസ്തുത തുക 2017-18 ലെ സംസ്ഥാന ബജറ്റിൽ സർവ്വകലാശാലയ്ക്ക് പ്ലാൻ ഇനത്തിൽ അനുവദിച്ച 2260 ലക്ഷത്തിൽ ഉൾപ്പെടുത്തി (Head of Account 2210-05-001-93) ചെലവഴിക്കുന്നതിനുള്ള അനുമതിയ്ക്കായും അപേക്ഷിയ്ക്കുകയുണ്ടായി.

സർക്കാർ 15.11.17 ലെ GO(Rt)No.3233/2017/H&FWD ഉത്തരവ് അനുസരിച്ച് സർവ്വകലാശാല ആവശ്യപ്പെട്ടത് പ്രകാരം പ്രവൃത്തിയുടെ ഭരണാനുമതി നൽകി.

പ്രവൃത്തിയുടെ നിർവ്വഹണം ആരെ ഏൽപ്പിയ്ക്കണം എന്ന വിഷയം 21.04.18 ലെ 45-ാമത് ജനറൽ കൗൺസിൽ യോഗത്തിന്റെ മുൻപാകെ അജണ്ട 45-20 ആയി പരിഗണനയ്ക്ക് സമർപ്പിച്ചതിനെ തുടർന്ന് ജനറൽ കൗൺസിൽ എടുത്ത തീരുമാനം താഴെ ചേർക്കുന്നു.

“The G.C decided to entrust the execution of phase-II of School of Research in Ayurveda with M/s FIT, Aluva, as they are already doing phase-1 work and have got Government accreditation for taking up such works”.

ഇപ്രകാരം പ്രവൃത്തിയുടെ നിർവ്വഹണത്തിനായി M/s FIT, Aluva യെ ചുമതലപ്പെടുത്താൻ നിശ്ചയിച്ച് സർവ്വകലാശാല തീരുമാനമെടുത്തു. ഈ ജനറൽ കൗൺസിൽ തീരുമാനം സർവ്വകലാശാല 01.06.18 ലെ U.O No.542/2018/Works/KUHS പ്രകാരം ഉത്തരവായി.

പ്രവൃത്തിയുടെ സാങ്കേതികാനുമതി M/s FIT, Aluva 05.03.19 ലെ TS No. FIT/TS-12/2018-19 പ്രകാരം 13.60 കോടി രൂപയ്ക്ക് നൽകി ഉത്തരവായി.

FIT, Aluva തങ്ങളുടെ 10.07.19 ലെ നം. FIT/PRN/04/2019-20/917 കത്ത് പ്രകാരം, M/s Sabani Engineers, 7/569A, Ponnamkulath, Near Balabhadra Temple, Edayapuram, Aluva എന്ന സ്ഥാപനത്തെ ഇ-ടെണ്ടർ മുഖേന ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിനായി തെരഞ്ഞെടുത്ത വിവരം കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല രജിസ്ട്രാറെ അറിയിച്ചു. പ്രവൃത്തിയ്ക്കായി FIT, Aluva യും M/s Sabani Engineers ഉം തമ്മിൽ 17.04.19 ന് നം. CP12/FIT/2019-20 പ്രകാരം കരാറിലും ഏർപ്പെട്ടു. 10,89,43,973 രൂപയാണ്(ജി.എസ്.ടി ഉൾപ്പെടാതെ) കരാർ തുക. കരാറുകാരന് 01.07.19 ന് വർക്ക് സൈറ്റ് കൈമാറുകയും ചെയ്തു.

പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന്, സംസ്ഥാന സർക്കാരിന്റെ പ്ലാൻ വിഹിതത്തിൽ നിന്നും പണം ലഭിയ്ക്കുന്നതിന് കാലതാമസം സംഭവിയ്ക്കും എന്നതിനാൽ പ്രവൃത്തിയുടെ വിവിധ ബില്ലുകൾ പ്രകാരമുള്ള തുക ആദ്യം സർവ്വകലാശാല തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും തുടർന്ന് പ്രസ്തുത തുകകൾ സർവ്വകലാശാല ഫണ്ടിലേയ്ക്ക് പി ഡബ്ല്യു ഡി വിഭാഗത്തിൽ നിന്നും മാറ്റി നൽകുന്നതിനും ഉത്തരവായതനുസരിച്ച് അപ്രകാരമാണ് രണ്ടാം ഘട്ട പ്രവൃത്തിയുടെ മൂല്യം കരാറുകാരന് അനുവദിച്ചു നൽകിയിട്ടുള്ളത്.

പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(i) School of Fundamental Research in Ayurveda എന്ന സ്ഥാപനത്തിന്റെ രണ്ടാം ഘട്ട നിർമ്മാണം PMC മുഖേന ആരെ ഏൽപ്പിയ്ക്കണം എന്ന വിഷയം 21.04.18 ലെ ജനറൽ കൗൺസിൽ അജണ്ട 45-20 പ്രകാരം പരിഗണനയ്ക്ക് സമർപ്പിച്ചപ്പോൾ M/s FIT, Aluva യ്ക്ക് 28.02.18 ലെ GO(P) No. 29/18/Fin ഉത്തരവ് പ്രകാരം സർക്കാർ Accreditation നൽകിയിട്ടുണ്ട് എന്ന് മാത്രമാണ് ചേർത്തിട്ടുള്ളത്. എന്നാൽ പ്രസ്തുത ഉത്തരവിലെ വ്യവസ്ഥപ്പെടുത്തൽ പ്രകാരം FIT Aluva എന്ന സ്ഥാപനത്തെ PMC ആയി അംഗീകരിച്ചിട്ടുള്ളത് രണ്ട് നിബന്ധനകൾ പ്രകാരമാണ്. ഒന്നാമത്തെ നിബന്ധന പ്രകാരം FIT Aluva യ്ക്ക് 5 കോടിയിൽ അധികം മൂല്യമുള്ള single work-കൾ ഏറ്റെടുക്കാൻ സാധ്യമല്ല. രണ്ടാമത്തെ നിബന്ധന പ്രകാരം ഇപ്രകാരം ഒരു സാമ്പത്തിക വർഷം ആകെ ഏറ്റെടുക്കാവുന്ന വിവിധ പ്രവൃത്തികളുടെ മൂല്യം 50 കോടി രൂപയിൽ അധികരിയ്ക്കാനും സാധ്യമല്ല. ഈ നിബന്ധന വ്യവസ്ഥകൾ അജണ്ടയിൽ ഉൾക്കൊള്ളിച്ച് വിശദാംശങ്ങൾ സഹിതം ഗവേണിംഗ് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചതായി കാണുന്നില്ല.

(ii) ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോഴും, സാങ്കേതികാനുമതി നൽകിയപ്പോഴും സംസ്ഥാനത്ത് പ്രയോഗത്തിലുള്ളത് 2016 ലെ DSR ഉം, 2016 ലെ DAR ഉം, 01.10.17 മുതൽ നിലവിലുള്ള കോസ്റ്റ് ഇൻഡക്സും ആണ്. തൃശ്ശൂർ ജില്ലയിൽ ഈ കോസ്റ്റ് ഇൻഡക്സ് 37.25% ഉം എറണാകുളം ജില്ലയിൽ കോസ്റ്റ് ഇൻഡക്സ് 46.08% ഉം ആണ്. എന്നാൽ തയ്യാറാക്കിയിട്ടുള്ള വിശദമായ എസ്റ്റിമേറ്റിൽ 2016-ലെ DAR – നൊപ്പം ചേർത്തിട്ടുള്ളത് എറണാകുളം ജില്ലയിലെ കോസ്റ്റ് ഇൻഡക്സോ, തൃശ്ശൂർ ജില്ലയിലെ കോസ്റ്റ് ഇൻഡക്സോ അല്ല. ഉദാഹരണത്തിന് സർവ്വകലാശാല തയ്യാറാക്കിയ ഒറിജിനൽ എസ്റ്റിമേറ്റിലെ ഇനം 18 എന്നത് DAR 13.4.1 പ്രകാരമുള്ള "Providing and applying 12mm thick cement plaster 1:4 on wall surface" എന്നതാണ്. ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം ടി. ഇനം പ്രവൃത്തിയ്ക്ക് 269.50 രൂപ/$m^2$ എന്ന നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ DAR 2016 പ്രകാരം ടി. ഇനം പ്രവൃത്തിയുടെ അംഗീകരിയ്ക്കപ്പെട്ട നിരക്ക് 180.85 രൂപ/$m^2$ ഉം, എറണാകുളം ജില്ലയിലെ Cost Index 46.08% ചേർത്ത് അർഹതപ്പെട്ട നിരക്ക് 264.18 രൂപ/$m^2$ ഉം ആണ്. അതിനാൽ തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് അംഗീകരിയ്ക്കപ്പെട്ട നിരക്കുകൾ പ്രകാരമല്ലാ എന്നാണ് കാണുന്നത്.

(iii) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ, അടിസ്ഥാന നിരക്കുകൾ GST ഒഴിവാക്കി പരിഗണിയ്ക്കുന്നതിനും അപ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റ് base value-നോട് GST പ്രത്യേകമായി അവസാനം ചേർക്കുന്നതിനും തീരുമാനിച്ച് 01.03.19 ലെ സർക്കുലർ നം. 18/19/ഫിൻ പ്രകാരം തീരുമാനവും ആയിരുന്നു. പ്രസ്തുത സർക്കുലറിൽ, പൊതുമരാമത്ത് വകുപ്പിനോട് ഇതനുസരിച്ച് വിവിധ പ്രദേശങ്ങളിലെ കോസ്റ്റ് ഇൻഡക്സ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്നതിനും ആയത് PRICE Software-ൽ ഉൾക്കൊള്ളിക്കുന്നതിനും ഉത്തരവായിരുന്നു.

പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ 06.03.19 ലെ CE /Admn /PLA/EMP/1014/(A)/05 നമ്പർ സർക്കുലർ പ്രകാരം 15.03.19 മുതൽ ഫിനാൻസ് വകുപ്പിന്റെ സർക്കുലർ നിർദ്ദേശം പ്രയോഗത്തിൽ വരുത്തി ഉത്തരവായി. എന്നാൽ PRICE Software-ൽ പുതിയ കോസ്റ്റ് ഇൻഡക്സ് 26.03.19 മുതൽക്കാണ് പ്രയോഗത്തിൽ വന്നത്. ഇതനുസരിച്ച് 26.03.19 മുതൽക്ക് സംസ്ഥാനത്ത് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ 2016-ലെ DSR നിരക്കും, 2016-ലെ DAR ഉം, 06.03.19 ലെ ചീഫ് എഞ്ചിനീയറുടെ സർക്കുലർ നിർദ്ദേശ പ്രകാരമുള്ള കോസ്റ്റ് ഇൻഡക്സിനും ആണ് അർഹത. ഇപ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റ് നിരക്കിനോട് ആണ് GST കരാറുകാർക്ക് പ്രത്യേകം അനുവദിയ്ക്കേണ്ടത്. 06.03.19 ലെ ചീഫ് എഞ്ചിനീയറുടെ സർക്കുലർ നിർദ്ദേശ പ്രകാരം തൃശ്ശൂർ ജില്ലയ്ക്ക് അർഹമായ കോസ്റ്റ് ഇൻഡക്സ് 31.06% ഉം എറണാകുളം ജില്ലയ്ക്ക് അർഹമായ കോസ്റ്റ് ഇൻഡക്സ് 39.89% ആണ്.

എന്നാൽ 05.03.19 ൽ തന്നെ സാങ്കേതികാനുമതി ലഭിച്ച ഈ പ്രവൃത്തിയുടെ ബിൽ തുകകൾ അനുവദിയ്ക്കുമ്പോൾ പ്രവൃത്തി ഏറ്റെടുത്ത M/s Sabani Engineers, Aluva എന്ന സ്ഥാപനത്തിന് GST ഇനത്തിലെ തുക കൂടി പ്രവൃത്തി മൂല്യത്തിനൊപ്പം ചേർത്ത് സർവ്വകലാശാല അനുവദിച്ചതായാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്.

ഇപ്രകാരം GST തുക പ്രവൃത്തിയുടെ മൂല്യനിർണ്ണയ തുകയോടൊപ്പം ചേർത്ത് കരാറുകാരന് അനുവദിച്ചതിനാൽ കരാറുകാരന് അനർഹമായ സാമ്പത്തിക ലാഭം ലഭിയ്ക്കാൻ ഇടയായതിന്റെ വിശദാംശം താഴെ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | പാർട്ട് ബില്ലിന്റെ വിവരം | പാർട്ട് ബില്ലിൽ ഉൾപ്പെട്ട പ്രവൃത്തിയുടെ മൂല്യം (രൂപയിൽ) | മൂല്യത്തിന് പുറമേ അനർഹമായി അനുവദിച്ച 12% GST തുക (രൂപയിൽ) | GST തുക അനുവദിച്ച ഉത്തരവ് |
|---|---|---|---|---|
| 1. | ഒന്നാം പാർട്ട് ബിൽ | 1,24,43,472.00 | 14,93,216.00 | No. 210/2020/Admn&Gen/KUHS Dated: 13.02.20 |
| 2. | രണ്ടാം പാർട്ട് ബിൽ | 66,85,235.00 | 8,02,228.00 | No. 393/2020/Admn&Gen/KUHS Dated: 01.04.20 |
| 3. | മൂന്നാം പാർട്ട് ബിൽ | 1,08,34,624.00 | 9,59,338.00 (13,00,155.00 രൂപ 9,59,338.00 രൂപയിൽ നിജപ്പെടുത്തി) | No. 472/2020/Admn&Gen/KUHS Dated: 20.05.20 |

| | | | | |
|---|---|---|---|---|
| | | | | |
| 4. | നാലാം പാർട്ട്ബിൽ | 1,23,08,899.00 | 14,77,068.00 | No. 1058/2020/Admn&Gen/KUHS Dated: 16.11.20 |
| 5. | അഞ്ചാം പാർട്ട്ബിൽ | 2,43,43,002.00 | 29,21,160.00 | No. 1243/2020/Admn&Gen/KUHS Dated: 31.12.20 |
| 6. | ആറാം പാർട്ട് ബിൽ | 1,98,00,110.00 | 23,76,013.00 | No. 284/2021/Admn/KUHS Dated: 24.02.21 |
| 7. | ഏഴാം പാർട്ട് ബിൽ | 3,28,45,306.00 | 39,41,436.00 | No. 797/2021/Admn/KUHS Dated: 25.07.21 |
| **ആകെ** | | **11,92,60,648.00** | **1,39,70,459.00** | |

(iv) സർവ്വകലാശാലയ്ക്ക് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രത്യേകം നിയമ വ്യവസ്ഥകൾ നിലവിൽ ഇല്ലാത്തതാണ്. അതിനാൽ ഒരു പൊതു സ്ഥാപനം എന്ന നിലയിൽ സർവ്വകലാശാല മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനായി സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ച വരുന്ന നടപടിക്രമം തന്നെയാണ് പിൻതുടരുന്നത്.

01.02.2012 ലെ ജി.ഒ(പി).നം. 13/12/പി.ഡബ്ല്യു.ഡി ഉത്തരവ് പ്രകാരം പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ സർക്കാർ അംഗീകരിച്ച് പ്രയോഗത്തിൽ വന്നിട്ടുള്ളതാണ്. 10.09.15 ലെ ജി.ഒ(ആർ.റ്റി) നം. 1339/15/ പി.ഡബ്ല്യു.ഡി ഉത്തരവ് പ്രകാരം പി.ഡബ്ല്യു.ഡി ക്വാളിറ്റി കൺട്രോൾ മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 2012 ലെ പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2214 അനുസരിച്ചും 04.09.14 ലെ സർക്കുലർ നം. 10434/C3/2014/PWD അനുസരിച്ചും 15 ലക്ഷത്തിന് മുകളിൽ എസ്റ്റിമേറ്റുള്ള കരാർ പ്രവൃത്തികളിൽ ഏതെല്ലാം അവസരങ്ങളിൽ കരാറുകാരൻ ബിൽ സമർപ്പിക്കുന്നുവോ പ്രസ്തുത സന്ദർഭങ്ങളിലെല്ലാം കരാറുകാരൻ സ്വന്തം ചെലവിൽ നടത്തിയ First Tier QC Testing സർട്ടിഫിക്കറ്റ് സഹിതം വേണം ബിൽ സമർപ്പിക്കുവാൻ. എന്നാൽ ഈ പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഇപ്രകാരമുള്ള നടപടിക്രമം പാലിച്ചതായി ഫയലിൽ രേഖയില്ലാത്തതാണ്.

(v) ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ (CC VIII$^{th}$ & Final) 05.01.22 ലെ Lr. No. FIT /PRN /04/2021-22/1473 കത്ത് പ്രകാരം FIT സർവ്വകലാശാലയ്ക്ക് നൽകിയതായാണ് ഫയലിൽ കാണുന്നത്. എന്നാൽ ഈ ഫൈനൽ ബിൽ എത്ര തുകയ്ക്കുള്ളതാണെന്നോ മറ്റ് വിശദാംശങ്ങളോ ഒന്നും തന്നെ ഫയലിൽ നിന്നും ലഭ്യമായിട്ടില്ല. ആയത് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

(vi) സർവ്വകലാശാല രജിസ്ട്രാർ 31.05.22 ലെ നം. 10087/ CSFN-21414) /Works/ SRA.2/ KUHS/2016 കത്ത് പ്രകാരം ഈ പ്രവൃത്തിയ്ക്കായി ഫൈനൽ ബില്ലടക്കം എട്ട് റണ്ണിംഗ് ബില്ലുകളിലും GST റീഇമ്പേഴ്സ്മെന്റിലും പദ്ധതിയുടെ കൺസൾട്ടന്റായ M/s FIT യ്ക്കുള്ള കൺസൾട്ടൻസി ചാർജ്ജ് ഇനത്തിലുമായി മൊത്തം 13,96,94,787 രൂപ ആവശ്യമായി വരുന്നുണ്ടെന്ന് കാണിച്ച് സംസ്ഥാന സർക്കാരിനോട് പുതുക്കിയ ഭരണാനുമതിയ്ക്ക് അപേക്ഷിച്ചു. സംസ്ഥാന സർക്കാർ 02.10.22 തീയതിയിലെ സ.ഉ(സാധാ) നം. 2413/2022/H&FWD ഉത്തരവ് പ്രകാരം 13,96,94,787 രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തു.

എന്നാൽ മേൽ പട്ടികയിൽ വിവരിച്ച ഏഴ് പാർട്ട് ബില്ലുകളിലായി മാത്രം സർവ്വകലാശാല 11,92,60,648 രൂപ പ്രവൃത്തിയുടെ നിർവ്വഹണമൂല്യം ഇനത്തിലും, 1,39,70,459 രൂപ GST റീഇമ്പേഴ്സ്മെന്റ് ഇനത്തിലും ചെലവഴിച്ചിട്ടുണ്ട്. ഈ ഏഴ് പാർട്ട് ബില്ലുകളിലെ പ്രവൃത്തി മൂല്യത്തിന്റെ കൺസൾട്ടൻസി ചാർജ്ജ് ആയി 59,63,032 രൂപയും (@ 5% of 11,92,60,648) ആയതിന്റെ 12 % GST തുകയായി 7,15,564 രൂപയും ഏറ്റവും ചുരുങ്ങിയത് സർവ്വകലാശാല ചെലവഴിക്കേണ്ടിയും വരും. ഇതനുസരിച്ച് മാത്രം (CC VIII$^{th}$ & Final bill പരിഗണിക്കാതെ) ഈ പ്രവൃത്തിക്കായി സർവ്വകലാശാലയ്ക്ക് ഏറ്റവും ചുരുങ്ങിയത് 13,99,09,703 രൂപ (11,92,60,648 + 1,39,70,459 + 59,63,032 + 7,15,564) ചെലവഴിക്കേണ്ടതായി വരും. എന്നാൽ സർവ്വകലാശാല പ്രവൃത്തിക്കായി ആകെ ചെലവഴിക്കേണ്ട തുകയായി പരിഗണിച്ച് പുതുക്കിയ ഭരണാനുമതി തേടിയിട്ടുള്ളത് 13,96,94,787 രൂപയ്ക്കാണ്. ഈ വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

(vii) 25.08.20 ലെ ജി.ഒ(ആർ.റ്റി) നം. 1574/2020/H&FWD ഉത്തരവ് പ്രകാരം, ഈ പ്രവൃത്തിയുടെ ചെലവ് ആദ്യം സർവ്വകലാശാലയുടെ തനത് ഫണ്ടിൽ നിന്നും നിർവ്വഹിക്കുന്നതിനും ആയത് സർക്കാരിൽ നിന്നും പിന്നീട് recoup ചെയ്യുന്നതിനും അനുമതി നൽകിയിരുന്നു. ആയതിനാൽ ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സർവ്വകലാശാലയുടെ തനത് ഫണ്ടിലേയ്ക്ക് നാളിതുവരെയായി സർക്കാരിൽ നിന്നും എത്ര തുക recoup ചെയ്തു ലഭിച്ചു എന്നത് തുക അനുവദിച്ച സർക്കാർ ഉത്തരവ് നമ്പർ, തീയതി, ക്രെഡിറ്റ് വന്ന തീയതി, ക്രെഡിറ്റ് വന്ന അക്കൗണ്ട് നമ്പർ സഹിതം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/23.5.23), സ്കൂൾ ഓഫ് ഫണ്ടമെന്റൽ റിസർച്ച് ഇൻ ആയുർവേദ കെട്ടിടത്തിന്റെ കൺസൾട്ടന്റായ m/s FIT -നോട് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതുമാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്.എന്നാൽ കരാറുകാർക്കുള്ള ബില്ലുകൾ തയ്യാറാക്കി തുകകൾ അനുവദിച്ചു നൽകിയത് സർവ്വകലാശാല ജീവനക്കാർ ആയതിനാൽ തന്നെ മേൽ വിഷയത്തിൽ സർവ്വകലാശാല നൽകിയ മറുപടി പരിഗണനാർഹമല്ല.

അപാകതകൾക്ക് വിശദീകരണം നൽകുന്നതോടൊപ്പം തന്നെGST തുക പ്രവൃത്തിയുടെ മൂല്യനിർണ്ണയ തുകയോടൊപ്പം ചേർത്ത് കരാറുകാരന് അനുവദിച്ചതിനാൽ കരാറുകാരന് അനർഹമായി നൽകിയ തുക 139,70,459/- രൂപ തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതാണ്.

## 3-3 യാത്രാബത്ത ബില്ലുകളിൽ മൈലേജ് അലവൻസിനു പുറമെ ഇൻസിഡന്റൽ എക്സ്പെൻസസ് നൽകി - അനർഹമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

**As per KSR, Part II, Rule 20(a) as mileage allowance contains an element of charges for incidental expenses also, no incidental charges will be admissible in addition to the mileage allowance. എന്നാൽ സർവ്വകലാശാലയിലെ യാത്രാ ബില്ലുകൾ പരിശോധിച്ചതിൽ മൈലേജ് അലവൻസിനൊപ്പം ഇൻസിഡന്റൽ എക്സ്പെൻസസ് അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

1. Voucher No. P263/dtd. 05-07-21

TA For Inspection duty in connection with COPA

| ക്രമ നം. | പേര്, കോളേജ് | ഇൻസ്പെക്ഷൻ നടത്തിയ കോളേജ് | തീയതി, ദൂരം (in KM) | അനുവദിച്ച മൈലേജ് അലവൻസ് Rs. 2/- Per KM | അനുവദിച്ച ഇൻസിഡന്റൽ എക്സ്പെൻസ് | ആകെ | അധികമായി നൽകിയത് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | ഷാജു വി. എസ്, അസി. പ്രൊഫസർ, (Radiation, Physics, RCC, MC Campus, Thiruvananthapuram) | എസ്.എം.ഇ, ഗാന്ധിനഗർ, കോട്ടയം | 25-02-20, 150 KM | 300+300 =600 | 200+200 =400 | 1000 | 400 |
| 2. | പ്രീത .ബി, ഗവ. ഹോമിയോ മെഡിക്കൽ കോളേജ്,തിരുവനന്തപുരം | NHRIMH, കോട്ടയം | 20-12-2019, 147 KM | 294+294 =588 | 200+200 =400 | 988 | 400 |
| 3. | റെനി പി പോൾ, ഗവ. ടി.ഡി മെഡിക്കൽ കോളേജ്, ആലപ്പുഴ | ഹോളി ഗ്രേസ് അക്കാദമി ഓഫ് ഫാർമസി, മാള | 15-02-2021, 103 KM | 206+206 =412 | 200+200 =400 | 812 | 400 |
| 4. | ഡോ. കിരൺ എസ് .എസ്, പ്രൊഫസർ, സി.പി.എസ് ഗവ. മെഡിക്കൽ കോളേജ്, കണ്ണൂർ | മൗലാന കോളേജ് ഓഫ് ഫാർമസി, പെരിന്തൽമണ്ണ | 25-01-2021, 184 KM | 368+368 =736 | 200+200 =400 | 1136 | 400 |
| 5. | ഡോ. ഡെയ്സി പി.എ, പ്രിൻസിപ്പൽ, സെന്റ് ജോസഫ് കോളേജ് ഓഫ് ഫാർമസി, ചേർത്തല | എം.ജി.എം സിൽവർ ജൂബിലി കോളേജ് ഓഫ് പോളിടെക്നിക്ക് ആന്റ് ഫാർമസ്യൂട്ടിക്കൽ സയൻസസ്, പാമ്പാക്കട, എറണാകുളം | 17-02-2021, 55 KM | 110+110 =220 | 200+200 =400 | 620 | 400 |
| 6. | ഡോ. രാജശ്രീ ആർ.എസ്, അസോ. പ്രൊഫ, ഗവ. ടി.ഡി മെഡിക്കൽ കോളേജ്, ആലപ്പുഴ | എം.ജി.എം സിൽവർ ജൂബിലി കോളേജ് ഓഫ് പോളിടെക്നിക്ക് ആന്റ് ഫാർമസ്യൂട്ടിക്കൽ സയൻസസ് പാമ്പാക്കട, എറണാകുളം | 17-02-2021, 81 KM | 162+162 =324 | 200+200 =400 | 724 | 400 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
